പെരിന്തൽമണ്ണ നഗരസഭ

# 14-ാം പഞ്ചവത്സര പദ്ധതി
# 2022 - 2027

അധികാരം ജനങ്ങളിലേക്ക്

## 2022 – 2027
# വികസനരേഖ

പെരിന്തൽമണ്ണ നഗരസഭ

# 14-ാം പഞ്ചവത്സര പദ്ധതി
# ആസൂത്രണ സമിതി

## അംഗങ്ങൾ


എം.എം.സക്കീർ ഹുസൈൻ


ഫാറൂഖ് പച്ചീരി


പത്തത്ത് ജാഫർ


കിനാതിയിൽ സാലിഹ്


കെ.പി.ജയേന്ദ്രൻ


പങ്കജാക്ഷൻ മാസ്റ്റർ


ശങ്കരൻകുട്ടി.എം



MASTER PLAN FOR PERINTHALMANNA TOWN
EXISTING LAND USE-2013
N
S
E
W
SCALE 1:10000
VETTATHOOR PANCHAYAT
THAZHEKODE PANCHAYAT
PULAMANTHOLE PANCHAYAT
ELAMKULAM PANCHAYAT
ALIPARAMBA PANCHAYAT
LEGEND
Residential
Commercial
Industry
Granite Quarry
Dry Cultivation
Wet Cultivation
Roads
Transport & Communication
Park & Open Space
Vacant
Waterbody
DEPARTMENT OF TOWN AND COUNTRY PLANNING
PERINTHALMANNA MUNICIPALITY
Office of the Town Planner, Malappuram
Draftsman
Assistant Town Planner
Deputy Town Planner
Deputy Town Planner (incharge)
Municipal Chairman
Office of the Chief Town Planner, Thiruvananthapuram
Asst. Town Planner
Dy.Town Planner
Town Planner
Sr.Town Planner
Chief Town Planner (Planning)
Secretary
LOCAL SELF GOVERNMENT DEPARTMENT
Principal Secretary to Government

# ആമുഖം

14-ാം പഞ്ചവത്സര പദ്ധതി ജനകീയമായി രൂപവൽക്കരിക്കുക എന്ന ദൗത്യമാണ് നമ്മുടെ മുന്നിലുള്ളത്. 9-ാം പഞ്ചവത്സര പദ്ധതി മുതൽ 4 പഞ്ചവത്സര പദ്ധതികൾ ജനകീയമായി രൂപീകരിച്ചതിന്റെ അനുഭവ പശ്ചാത്തലം നമുക്കുണ്ട്. നാം നേടിയതൊന്നും നിസ്സാരമായിരുന്നില്ല. മനുഷ്യ വികാസത്തിന്റെ ചരിത്രത്തിൽ പ്രസന്ന ശോഭയോടെ അടയാളപ്പെടുത്തപ്പെടുന്ന വികസനമുന്നേറ്റത്തിന്റെ രണ്ടു പതിറ്റാണ്ടാണ് പിന്നിട്ടത്. ലോകത്തിന്റെ രാഷ്ട്രീയ ഭൂപടത്തിൽ കേരള മാതൃക തിളങ്ങി നിന്ന കാലം.

മനുഷ്യ വികാസത്തിന്റെ ചരിത്രം അനുസ്യൂതമായ മാറ്റത്തിന്റേതാണ്. പുതിയ കാലത്തിനനുസൃതമായി നാടിനെമാറ്റേണ്ട കടമ നമുക്കുണ്ട്. പഴയ നേട്ടങ്ങൾ നിലനിർത്തിയും കോട്ടങ്ങൾ പരിഹരിച്ചും പുതിയ വികസനമുന്നേറ്റം സൃഷ്ടിക്കാനാവണം. എല്ലാം മൂലധനശക്തികൾക്ക് കീഴ്പ്പെടുത്തുകയും പഞ്ചവത്സര പദ്ധതിതന്നെ വേണ്ടെന്നു വെക്കുകയും ചെയ്യുന്ന കാലത്ത് ജനകീയ വികസനമാതൃകകൾ കെട്ടിപ്പടുക്കുകക സാഹസം തന്നെയാണ്. എങ്കിലും ഈ സാഹസം ഏറ്റെടുക്കുകയാണിവിടെ. നിസ്സഹായനും, പാർശ്വവൽക്കരിക്കപ്പെട്ടവനുമായ അവസാനമനുഷ്യനും സാമൂഹ്യനീതി ലഭ്യമാകുംവരെ നാം പോരാടും. പോരാട്ടങ്ങൾ നിലയ്ക്കുന്നില്ല.

14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിമതിക്കകത്ത് നിന്ന് പരമാവതി മേൽ പറഞ്ഞ ലക്ഷ്യത്തിലേക്കുള്ള പ്രവർത്തനരേഖയാണ് ഈ വികസനരേഖയിലുള്ളത്. ഇത് ബഹുജനസമക്ഷം സമർപ്പിക്കുന്നു.

പി.ഷാജി
ചെയർമാൻ
പെരിന്തൽമണ്ണ നഗരസഭ

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| നഗരസഭയുടെ പേര് | : | പെരിന്തൽമണ്ണ |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | പെരിന്തൽമണ്ണ, പാതായ്ക്കര |
| അസംബ്ലി മണ്ഡലം | : | പെരിന്തൽമണ്ണ |
| ലോകസഭാ മണ്ഡലം | : | മലപ്പുറം |
| ജില്ല | : | മലപ്പുറം |
| വിസ്തീർണ്ണം | : | 34.41 ച.കി.മീ |

### അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | അങ്ങാടിപ്പുറം, വെട്ടത്തൂർ ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | : | താഴെക്കോട്, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകൾ |
| തെക്ക്- | : | ഏലംകുളം, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ്- | : | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് |
| ജനസംഖ്യ | : | 49723 |
| പുരുഷൻമാർ | : | 23542 |
| സ്ത്രീകൾ | : | 26181 |
| ജനസാന്ദ്രത | : | 1445 (ജ/സാ²) |
| വാർഡുകൾ | : | 34 |

PERINTALMANNA MUNICIPALITY
PLAN OF PROPOSED MUNICIPAL WARD.



# പെരിന്തൽമണ്ണ നഗരസഭ

ചെയർമാൻ

**ശ്രീ.പി.ഷാജി**

വൈസ് ചെയർപേഴ്സൺ

**ശ്രീമതി.എ.നസീറ ടീച്ചർ**

## സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

**ശ്രീമതി. അമ്പിളി മനോജ്**
(വികസനസ്റ്റാന്റിങ് കമ്മിറ്റി)

**ശ്രീ.മുഹമ്മദ് ഹനീഫ**
(ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി)

**ശ്രീമതി.അഡ്വ.ഷാൻസി**
(ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി)

**ശ്രീ. ഉണ്ണികൃഷ്ണൻ മാസ്റ്റർ**
(മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി)

**ശ്രീ.സന്തോഷ് കുമാർ.പി.എസ്**
(വിദ്യാഭ്യാസ-കലാ-കായികകാര്യസ്റ്റാന്റിങ് കമ്മിറ്റി)

# പെരിന്തൽമണ്ണ നഗരസഭ

മുനിസിപ്പൽ സെക്രട്ടറി ഇൻചാർജ്

**ശ്രീ.നിഷാന്ത് കാവുങ്ങപ്പറമ്പിൽ**

മുനിസിപ്പൽ എഞ്ചിനീയർ

**ശ്രീ.നിഷാന്ത് കാവുങ്ങപ്പറമ്പിൽ**

ഓഫീസ് നിർവ്വഹണം

**ശ്രീമതി.സി.പി.ഷീജ**

(സൂപ്രണ്ട്-റവന്യൂ വിഭാഗം)

**ശ്രീ.പി.എം.സുനിൽ**

(സൂപ്രണ്ട്-ജനറൽ വിഭാഗം)

ഹെൽത്ത് ഇൻസ്പെക്ടർ (ഫസ്റ്റ് ഗ്രേഡ്)

**ശ്രീ.ദിലീപ്കുമാർ.കെ**

റവന്യൂ ഇൻസ്പെക്ടർ

**ശ്രീ.എസ്.സുനിൽ**

പെരിന്തൽമണ്ണ നഗരസഭ

# സ്റ്റാന്റിംഗ് കമ്മിറ്റികൾ

## ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

*ചെയർപേഴ്സൺ*
ശ്രീമതി. നസീറ ടീച്ചർ
(ഡെപ്യൂട്ടി ചെയർപേഴ്സൺ)

ഹുസൈൻ

*അംഗങ്ങൾ*
ശ്രീമതി.സീനത്ത്.പി
ശ്രീമതി.സജിന
ശ്രീമതി.തസ്നി അക്ബർ
ശ്രീ.എം.എം.സക്കീർ

ശ്രീ.ഫാറൂഖ് പച്ചീരി

## വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

*ചെയർപേഴ്സൺ*

ശ്രീമതി.അമ്പിളി മനോജ്

*അംഗങ്ങൾ*

ശ്രീ.കെ.സുബ്രഹ്മണ്യൻ

ശ്രീ.സുനിൽ കുമാർ.എ

ശ്രീ.ഷാഹുൽ ഹമീദ്

ശ്രീ.മുഹമ്മദ് സലീം

ശ്രീമതി.തസ്നീമ

പെരിന്തൽമണ്ണ നഗരസഭ

# സ്റ്റാന്റിംഗ് കമ്മിറ്റികൾ

## ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

*ചെയർപേഴ്സൺ*

ശ്രീ.എം.മുഹമ്മദ് ഹനീഫ

*അംഗങ്ങൾ*

ശ്രീമതി.ഷെർലിജ

ശ്രീമതി.സാറാസലീം

ശ്രീമതി.സരോജ

ശ്രീമതി.ശ്രീജിഷ

ശ്രീ.ഹുസൈൻ റിയാസ്

## ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി

*ചെയർപേഴ്സൺ*

ശ്രീമതി.അഡ്വ.ഷാൻസി

*അംഗങ്ങൾ*

ശ്രീ.മൻസൂർ നെച്ചിയിൽ

ശ്രീ.പത്തത്ത് ആരിഫ്

ശ്രീമതി.കൃഷ്ണപ്രിയ

ശ്രീമതി.നിഷാ സുബൈർ

## പെരിന്തൽമണ്ണ നഗരസഭ

# സ്റ്റാന്റിംഗ് കമ്മിറ്റികൾ

## മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

*ചെയർപേഴ്സൺ*

ശ്രീ.ഉണ്ണികൃഷ്ണൻ.കെ

*അംഗങ്ങൾ*

ശ്രീമതി.അജിത.എൻ

ശ്രീ.അഡ്വ.എ.പ്രവീൺ

ശ്രീ.പത്തത്ത് ജാഫർ

ശ്രീമതി.ഹുസൈനനാസർ

## വിദ്യാഭ്യാസ-കലാ-കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

*ചെയർമാൻ*

ശ്രീ.സന്തോഷ്കുമാർ പി.എസ്

*അംഗങ്ങൾ*

ശ്രീമതി.സക്കീന

ശ്രീമതി.കെ.സി.ഹസീന

ശ്രീ.ജിതേഷ്

ശ്രീ.മുഹമ്മദ് സുനിൽ

# പതിമൂന്നാം പഞ്ചവത്സര പദ്ധതി

## വർക്കിംഗ് ഗ്രൂപ്പുകൾ

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | ചെയർമാൻ | കൺവീനർ |
|---|---|---|---|
| 1 | പൊതുഭരണവും, ധനകാര്യവും | സീനത്ത്.പി (കൗൺസിലർ) | നിഷാന്ത് കാവുങ്ങപ്പറമ്പിൽ) (സെക്രട്ടറി-ഇൻചാർജ്) |
| 2 | കൃഷിയും, അന്യബന്ധ മേഖലകളും | ഷാഹുൽഹമീദ്.കെ.സി (കൗൺസിലർ) | കെ.മാരിയത്ത് ഖിബ്ത്തിയ (കൃഷി ഓഫീസർ) |
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | താമരത്ത് സലീം (കൗൺസിലർ) | ഡോ.ശിവകുമാർ (സീനിയർ വെറ്റിനറി സർജ്ജൻ ) |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | കെ.സുബ്രഹ്മണ്യൻ (കൗൺസിലർ) | വരുൺ (വ്യവസായ വികസന ഓഫീസർ) |
| 5. | ദാരിദ്ര ലഘൂകരണം, ചേരി പരിഷ്കരണം | സരോജ.എം.കെ (കൗൺസിലർ) | ഗോപകുമാർ (പ്രോജക്ട് ഓഫീസർ) |
| 6. | സാമൂഹ്യനീതി | ഇസൈൻ റിയാസ് ( കൗൺസിലർ ) | സൈനബ ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 7. | വനിതാ വികസനം | ഹസീന.കെ.സി (കൗൺസിലർ), | സൈനബ ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 8. | പട്ടികജാതി/പട്ടിക വർഗ്ഗ വികസനം | സുനിൽകുമാർ (കൗൺസിലർ) | ഗിരിജ (എസ്.സി.ഡി.ഒ) |
| 9. | ആരോഗ്യം | പത്തത്ത് ആരിഫ് (കൗൺസിലർ) | ഡോ.മനോജ്കുമാർ (മെഡിക്കൽ ഓഫീസർ) |
| 10. | ശുചിത്വം, മാലിന്യ സംസ്കരണം | മൻസൂർ നെച്ചിയിൽ ( കൗൺസിലർ ) | ദിലീപ്കുമാർ ഹെൽത്ത് ഇൻസ്പെക്ടർ |
| 11 | .വിദ്യാഭ്യാസം, കലാ സംസ്കാരം, കായികം യുവജന ക്ഷേമം | സക്കീന (കൗൺസിലർ) | രാജീവ് ബോസ് പ്രിൻസിപ്പാൾ (വി.എച്ച്.എസ്.ഇ) |
| 12. | പാർപ്പിടം | ഷെർളിജ (കൗൺസിലർ) | ഗോപകുമാർ (പ്രോജക്ട് ഓഫീസർ) |
| 13. | കുടിവെള്ളം | ഹുസൈന നാസർ (കൗൺസിലർ) | നിഷാന്ത് കാവുങ്ങൽപ്പറമ്പ് (മുനിസിപ്പൽ എഞ്ചിനിയർ) |
| 14. | പൊതുമരാമത്ത്, ഊർജ്ജം | അഡ്വ.എ.പ്രവീൺ (കൗൺസിലർ) | നിഷാന്ത് കാവുങ്ങൽപ്പറമ്പ് (മുനിസിപ്പൽ എഞ്ചിനിയർ) |
| 15. | നഗരാസൂത്രണം | നിഷ സുബൈർ (കൗൺസിലർ) | നിഷാന്ത് കാവുങ്ങൽപ്പറമ്പ് (മുനിസിപ്പൽ എഞ്ചിനിയർ) |
| 16. | ദുരന്ത നിവാരണം, പരിസ്ഥിതി ജൈവവൈവിധ്യം, കാലാവസ്ഥ വ്യതിയാനം ഉൾപ്പെടെ | പി.ഷാജി (നഗരസഭ ചെയർമാൻ) | നിഷാന്ത് കാവുങ്ങൽപ്പറമ്പ് (സെക്രട്ടറി-ഇൻചാർജ്) |



# ഭൂപ്രകൃതി

വടക്കുഭാഗത്ത് നീണ്ടുകിടക്കുന്ന അമ്മിനിക്കാടൻ മലയുടെ താഴ്‌വരയിലുള്ള നഗരമാണ് പെരിന്തൽമണ്ണ. ഉയരമുള്ള തെക്കു കിഴക്ക് വടക്ക് ഭാഗങ്ങളിൽ നിന്നും പടിഞ്ഞാറു ഭാഗത്തേക്ക് ചെരിഞ്ഞുകിടക്കുന്ന സമതലമാണ് നഗരത്തിന്റെ ഹൃദയഭാഗം. സമുദ്രനിരപ്പിൽ നിന്നും സുമാർ 500 മീറ്റർ ഉയരമുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് ഭൂപ്രദേശം. പടിഞ്ഞാറ് ഭാഗം അങ്ങാടിപ്പുറം ഗ്രാമപഞ്ചാത്തും വടക്ക് വെട്ടത്തൂർ ഗ്രാമപഞ്ചായത്തും കിഴക്ക് താഴെക്കോട് ഗ്രാമപഞ്ചായത്തും, തെക്ക് ആലിപ്പറമ്പ്, ഏലംകുളം ഗ്രാമപഞ്ചായത്തുകളും സ്ഥിതിചെയ്യുന്നു. പാലക്കാട് ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലേക്കുള്ള പ്രധാനകവാടമാണ് പെരിന്തൽമണ്ണ.

മലബാറിലെ പ്രധാനനഗരങ്ങളായ കോഴിക്കോട്, പാലക്കാട് നഗരങ്ങൾക്കിടയിലെ പ്രധാനനഗരവുമാണ്. ഈ രണ്ടു നഗരങ്ങളിലേക്കും മറ്റൊരു പ്രധാനനഗരമായ തൃശൂരിലേക്കും ഇവിടെ നിന്നും തുല്യ ദൂരമാണ്. 70 കിലോമീറ്റർ. ഉയർന്ന സമതലം, കുത്തനെയും ചെറിയ ചെരിവുമുള്ള പ്രദേശം, സമതല താഴ്‌വര പ്രദേശം എന്നീ സ്വഭാവങ്ങളുള്ള ഭൂപ്രദേശങ്ങളാണ് നഗരാതിർത്തിക്കുള്ളിലുള്ളത്. വെള്ളം കയറുന്ന ചതപ്പു പ്രദേശങ്ങൾ പൊതുവെ കുറവാണ്. വനഭൂമിയില്ല. കടലിൽ നിന്നും ഏകദേശം 50 കി.മീ ദൂരെ സ്ഥിതിചെയ്യുന്ന പ്രദേശം.

## പരിസ്ഥിതി സവിശേഷതകൾ

വടക്കുകിഴക്കുഭാഗത്ത് നീണ്ടുകിടക്കുന്ന അമ്മിനിക്കാടൻ മല മറ്റു പ്രദേശങ്ങളേക്കാൾ താരതമ്യേനഉയർന്ന മഴലഭ്യതക്ക് കാരണമാണ്. അമ്മിനിക്കാടൻ മലയിൽ നിന്നുത്ഭവിക്കുന്ന തോടും പാതായ്ക്കരയിലെ കോരക്കുളത്തിൽനിന്നാരംഭിക്കുന്ന തോടും നഗരത്തിന്റെ ഹൃദയഭാഗത്തെ ചുറ്റുന്ന പ്രധാനതോടുകളാണ്. ഇതുകൂടാതെ എരവിമംഗലം, കുന്നപ്പള്ളി പ്രദേശങ്ങളിൽകൂടി ഒഴുകുന്ന ചെറിയ തോടുകളുമുണ്ട്. നഗരപ്രദേശത്തുകൂടി ഒഴുകുന്ന പുഴകളില്ല. നഗരത്തിൽ നിന്നും ഏഴെട്ടു കിലോമീറ്റർ ചുറ്റളവിലാണ് കുന്തിപ്പുഴ ഒഴുകുന്നത്. കടലിൽ നിന്നുള്ള അകലം ഏതാണ്ട് 50 കി.മീ ആണ്.

ക്ഷേത്രകുളങ്ങൾ കൂടാതെ വലുതും ഇടത്തരവുമായ പന്ത്രണ്ടു കുളങ്ങൾ നഗരസഭയ്ക്കകത്തുണ്ട്. ചെറുതും വലുതുമായ പതിനഞ്ചിലേറെ ക്വാറികളും അവയോടുചേർന്ന് ജലാശയങ്ങളും ഉണ്ട്.

ചെങ്കൽമണ്ണും എക്കൽമണ്ണുമാണ് പ്രധാനമായി കണ്ടുവരുന്നത്. മൊത്തം നഗരപ്രദേശത്തിന്റെ നാലിലൊന്നു ഭാഗത്തിനാണ് നഗരസ്വഭാവമുള്ളത്. ബാക്കി ഭാഗങ്ങളെല്ലാം പ്രാന്തപ്രദേശങ്ങളാണ്. ഇത് പ്രധാനമായും വടക്ക് കിഴക്ക് തെക്ക്ഭാഗങ്ങളിലായി നീണ്ടുകിടക്കുന്നു.

അതിവേഗതയിലുള്ള നഗരവൽക്കരണം പ്രധാനരണ്ടു തോടുകളെ വേനൽക്കാലങ്ങളിൽ മലിനജല വാഹികളാക്കിമാറ്റിയിട്ടുണ്ട്. അതിവേഗതയിലുള്ള നഗരവൽക്കരണവും ജനസംഖ്യാ വർദ്ധനവും കൃഷിഭൂമിയുടെ അളവ് കുറച്ചുകൊണ്ടുവരുന്നു. തരിശുവൽ ക്കരണത്തിന്റെയും, തുണ്ടുവൽക്കരണ ത്തിന്റെയും വേഗത കാർഷികരംഗത്തും പരിസ്ഥിതി രംഗത്തും പ്രതിസന്ധികളുണ്ടാകുന്നു. വൻകിട വ്യവസായശാലകളുടെ അഭാവം ഗൗരവമായ പാരിസ്ഥിതി പ്രശ്നങ്ങളുടെ കുറവിനും കാരണമാണ്.

## ചരിത്ര പശ്ചാത്തലം

പെരിന്തൽമണ്ണക്ക് പൗരാണികതയുടെയും, സാംസ്കാരിക-ചരിത്ര പ്രധാന്യത്തിന്റേയും ഒരു പശ്ചാത്തലമുണ്ട്. വള്ളുവനാട് പണ്ടൊരു സ്വതന്ത്ര രാജ്യമായിരുന്നു, 14-ാം നൂറ്റാണ്ടുമുതൽ ഇന്നത്തെ ഒറ്റപ്പാലം, പട്ടാമ്പി, മണ്ണാർക്കാട് താലൂക്കുകളുടെ പ്രധാനഭാഗങ്ങൾകൂടി ഉൾകൊള്ളുന്നതായിരുന്നു വള്ളുവനാട്. 1980ലാണ് വള്ളുവനാട് താലൂക്ക് രൂപീകരിക്കപ്പെട്ടത്. 118 അംശങ്ങളും 317 ദേശങ്ങളും ഉൾപ്പെട്ടതായിരുന്നു വള്ളുവനാട്. ആസ്ഥാനം പെരിന്തൽമണ്ണയായിരുന്നു.14-ാം നൂറ്റാണ്ടിൽ ചേരമാൻ പെരുമാളുടെ കാലശേഷം തിരുവിതാംകൂർ, കൊച്ചി, കോലോത്തുനാട്, കുമ്പനാട്,

വള്ളുവനാട് എന്നിങ്ങനെയാണ് വിഭജിച്ചിരുന്നത്. ഭരണാധികാരി സ്ഥാനത്തിന് വള്ളുവക്കോനാതിരി എന്നായിരുന്നു പേര്. ആയിരാഴ്-കടന്നമണ്ണ-അരിപ്ര കോവിലകത്തെ ഏറ്റവും മൂത്ത കാരണവരായിരുന്നു വള്ളുവകോനാതിരി. ആദ്യകാലത്ത് അങ്ങാടിപ്പുറവും പിന്നീട് പെരിന്തൽമണ്ണയായിരുന്നു ആസ്ഥാനം. രണ്ടും ചേർത്ത് അങ്ങാടിപ്പുറമെന്നാ യിരുന്നു ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത്.

വള്ളുവക്കോനാതിരിയുടെ കായികസേനാനിമാർ കക്കൂത്ത് നായകന്മാരായിരുന്നു. അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ഭഗവതിക്കുമുമ്പിൽ നടത്തിയിരുന്ന കായികാഭ്യാസം -തല്ല്-പെരുംതല്ല്-ഏറെ പ്രസിദ്ധമായിരുന്നുവെന്നും പെരുംതല്ലു നടക്കുന്ന മണ്ണിന് പെരിന്തൽമണ്ണയെന്ന പേരും വന്നുവെന്നാണ് കരുതുന്നത്. വലിയ ബുദ്ധിയുള്ളവരെ പഴയകാലത്തെ പെരും തലയുള്ളവൻ എന്ന് വിശേഷിപ്പിച്ചിരുന്നു. ഇത്തരത്തിൽ ഒരുപാടുള്ളവരുടെ മണ്ണ് എന്നർത്ഥത്തിൽ പെരും തലയുള്ളവരുടെ മണ്ണ് പിന്നീട് ലോഭിച്ച് പെരിന്തൽമണ്ണയായി എന്നും പറയപ്പെടുന്നു.

ടിപ്പുവിന്റെ മൈസൂർ ആക്രമണകാലത്ത് അന്നത്തെ വള്ളുവ കോനാതിരി തിരുവിതാംകൂർ രാജാവിൽ അഭയം തേടിയെന്നും ടിപ്പുവിനു ശേഷം മലബാറിനെബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമാക്കിയപ്പോൾ അവരുമായി ഒരു ഉടമ്പടിയുണ്ടാക്കി കേവലം ഒരു പെൻഷൻകാരനായിമാറിയെന്നുമാണ് ചരിത്രം. ടിപ്പുവിന്റെയും ബ്രിട്ടീഷ് കാലഘട്ടത്തിലും പെരിന്തൽമണ്ണയിൽ ഒരു മിലിട്ടറി കണ്ടോൺമെന്റ് ഉണ്ടായിരുന്നു.

19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് ഭരണത്തിനെതിരെയും കർഷകർക്ക് നേരെയുള്ള അനീതികൾക്കെതിരെയും വള്ളുവനാട്ടിലും ഏറനാട്ടിലും നടന്ന പ്രക്ഷോഭങ്ങൾ ചരിത്ര പ്രാധാന്യമുള്ളവയാണ്. ലഹളകൾ, ലാത്തിചാർജുകൾ, വെടിവെപ്പുകൾ, ജനങ്ങളുടെ പാലായനം, സംഘർഷങ്ങൾ, പെരിന്തൽമണ്ണ ട്രഷറിതീവെപ്പ്, കൊള്ളയടിക്കൽ തുടങ്ങി ഒട്ടേറെ സംഭവ ബഹുലമായ ഓർമ്മകൾ പെരിന്തൽമണ്ണയ്ക്കുണ്ട്. എന്നിട്ടും സംഘർഷരഹിതമായ ഒരന്തരീക്ഷത്തിനു വേണ്ടി ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്ത ഒരു ജനസമൂഹമാണ് പെരിന്തൽമണ്ണയ്ക്കുണ്ടായിരുന്നതെന്നത് യാഥാർത്ഥ്യം. സമ്പന്നമായ സാമൂഹ്യ സാംസ്കാരിക അടിത്തറയുള്ള ഒരു ജനവിഭാഗമെന്ന നിലപാട് പെരിന്തൽമണ്ണ എന്നും കാത്തുസൂക്ഷിച്ചിട്ടുണ്ട്.

ഈസ്റ്റിന്ത്യാ കമ്പനി അവരുടെ ആദ്യത്തെ ഹൈസ്കൂൾ, കോടതി, താലൂക്ക് ഓഫീസ് എന്നിവ സ്ഥാപിച്ചത് പെരിന്തൽമണ്ണയിലായിരുന്നു. പെരിന്തൽമണ്ണയിൽ 19-ാം നൂറ്റാണ്ടിൽ തന്നെ ജില്ലാകോടതിയുണ്ടായിരുന്നു. ഇന്നത്തെ കോടതിവളപ്പുതന്നെയായിരുന്നു ജില്ലാ ജഡ്ജിയുടെ ആസ്ഥാനം. ആദ്യത്തെ ജില്ലാ ജഡ്ജി ഏണ ഹില്ലോ ആയിരുന്നു.



പെരിന്തൽമണ്ണയുടെ കിഴക്കുഭാഗത്തുള്ള പാതാക്കര ദേശത്തെ പാതാക്കരമന കേരളപ്പഴമയുടെ നിലവറയാണ്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യ ശേഖരത്തിലും വി.ടി.ഭട്ടതിരിപ്പാടിന്റെ ആത്മകഥാ സമാഹരത്തിലും പാതാക്കര മനയ്ക്കുള്ള പ്രാധാന്യം ഏറെയാണ്. ഐതിഹ്യങ്ങളുടെയും ചരിത്രത്തിന്റെയും നിഴലുകൾ വീണുറങ്ങുന്ന വിശാലമായ ഇല്ല വളപ്പും അതിലെ പത്തായപ്പുര മാളികയും നാലുകെട്ടും തെക്കിനി അറയിലെ തിരുമാന്ധാം കുന്നിലമ്മയുടെ ശ്രീകോവിലും എല്ലാ വള്ളുവനാടിന്റെ സാംസ്കാരിക അടിവേരുകളുടെ ഉറവിടമാണ്. പാതാക്കര മനയുടെ പൂർവ്വികർ കൊച്ചി രാജ്യത്തിലെ തലപ്പിള്ളി താലൂക്കിലായിരുന്നുവെന്നു അറുനൂറ് കൊല്ലങ്ങൾക്കുമുമ്പ് വള്ളുവ കോനാതിരി അവിടെനിന്നും കൊണ്ടുവന്നു പാർപ്പിച്ചതാണെന്നുമാണ് കേൾവി. സാമൂതിരിയുമായി നീണ്ടുനിന്ന സംഘർഷങ്ങളാണ് വള്ളുവ കോനാതിരിയുടെ തകർച്ചക്കു കാരണമെന്നു വിശ്വസിക്കപ്പെടുന്നു. കൊച്ചിരാജാവിന്റെ അനുവാദത്തോടെ പ്രധാനപ്പെട്ട കുടുംബങ്ങളെ ഒന്ന് പാതാക്കരയിലും മറ്റേത് ഏലംകുളത്തും കൂടിയിരുത്തിയെന്നാണ് പറയപ്പെടുന്നത്. വള്ളുവക്കോനാതിരിയുടെ അരിയിട്ടുവാഴ്ചക്കുള്ള അവകാശം പാതായ്ക്കര നമ്പൂതിരിമാർക്കായിരുന്നുവെന്നും മനയ്ക്കലെ തുപ്പൻ പ്രമത്തൻ എന്ന സ്ഥാനപ്പേരും ഉണ്ടായിരുന്നുവെന്നത് യാഥാർത്ഥ്യം.

വള്ളുവനാടിനെപിടിച്ചുകുലുക്കിയ സംഭവമാണ് മലബാർ കലാപം. ജന്മിമാരുടെ അനീതികളോടും തട്ടിപ്പറിയോടുമുള്ള മുസ്ലീം കർഷകരുടെ പ്രതിഷേധമാണ് കലാപമായി വളർന്നത്. വള്ളുവനാടിന്റെ പലഭാഗങ്ങളിലും ചെറുതും വലുതുമായ ലഹളകളുണ്ടായി. അനേകം ഹിന്ദുക്കളും, മുസ്ലീങ്ങളും കലാപത്തിൽ മരണമടഞ്ഞു. ഒട്ടേറെ കുടുംബങ്ങൾ പാലായനം ചെയ്തു. കൃഷിക്കാരുടെ പ്രതിഷേധത്തിന് ചെവികൊടുക്കാതെ അന്വേഷണം നടത്തിയ കലക്ടർ ലോഗൻ സായിപ്പും, ജില്ലാ ജഡ്ജി വൈഗ്രാമും ബ്രിട്ടീഷ് ഗവൺമെന്റിന് നൽകിയ റിപ്പോർട്ടിൽ വസ്തുതകൾ പലതും മറച്ചുവെച്ചു. മനുഷ്യത്ത്വമില്ലാത്ത ജന്മിമാരെയും അവരെ സഹായിക്കുന്ന ഭരണകൂടത്തിനെതിരെയും ആയുധമെടുക്കാൻ പ്രേരിപ്പിച്ച സമൂഹത്തെ മാപ്ല കലാപമാക്കി മുദ്രകുത്താനാണ് ശ്രമിച്ചത്. അനുനയത്തിൽ ലഹളക്കാരെകൊണ്ട് ആയുധം വെപ്പിച്ചുവെങ്കിലും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ബ്രിട്ടീഷ് ഭരണാധികാരികൾക്ക് കഴിഞ്ഞില്ല. കലാപത്തിന്റെ ഒരു ഘട്ടത്തിലാണ് പെരിന്തൽമണ്ണ ട്രഷറി കൊള്ളയടിക്കപ്പെടുന്നത്.

ടിപ്പുവിന്റെ കാലത്ത് മാറുമറക്കാത്ത വള്ളുവനാടൻ സ്ത്രീകളുടെ മാറുമറക്കാൻ ചേല (വസ്ത്രം) നിർബന്ധമാക്കിയതും, അന്യമത പരിവർത്തനത്തിനുള്ള ചടങ്ങായി വ്യാഖ്യാനിക്കപ്പെടുകയും തുടർന്ന് ഇതിനെതിരെ ചേലാകലാപം ഉണ്ടായതായും ചരിത്രമുണ്ട്. ഇതിനെതുടർന്ന് വള്ളുവനാട്ടിലെ പല ഹിന്ദു കുടുംബങ്ങളും തിരുവിതാംകൂറിലേക്ക് കുടിയേറിപ്പാർത്തുവെന്നും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ദേശീയ സ്വാതന്ത്ര്യ സമര കാലഘട്ടങ്ങളിൽ വള്ളുവനാട് അഭിമാനകരമായ ചരിത്രം രചിച്ചിട്ടുണ്ട്. ആയിരത്തിതൊള്ളായിരത്തി ഇരുപതുകളിൽ ശ്രീ.എം.പി.ഗോവിന്ദമേനോൻ, പിന്നീട് ശ്രീ.എം.പി.നാരായണമേനോനും ബ്രിട്ടീഷ് ഭരണത്തിനെതിരെ ധീരമായി സമരം നയിച്ചവരാണ്. സ്വതന്ത്ര സമര കാലത്ത് തന്റെ സമ്പാദ്യം മുഴുവൻ കോൺഗ്രസ്സ് പ്രവർത്തനങ്ങൾക്ക് നൽകുകയും വക്കീൽ ആപ്പീസ് കോൺഗ്രസ്സ് ആപ്പീസാക്കി മാറ്റുകയും ചെയ്ത മഹാനാണ് എം.പി.നാരായണമേനോൻ. കമ്മ്യൂണിസ്റ്റ് പാർട്ടി ആചാര്യനും, സാഹിത്യക്കാരനും, പത്രപ്രവർത്തകനും, വാഗ്മിയും, കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയുമായ ശ്രീ.ഇ.എം.എസിന്റെ ഹൈസ്ക്കൂൾ വിദ്യാഭ്യാസവും, പ്രധാനരാഷ്ട്രീയ പ്രവർത്തനകേന്ദ്രവും പെരിന്തൽമണ്ണയായിരുന്നു. ദേശീയ പ്രസ്ഥാനത്തോടൊപ്പം നിന്നുപ്രവർത്തിച്ച മലയാളത്തിന്റെ വിപ്ലവ സാഹിത്യക്കാരൻ ചെറുകാടും പെരിന്തൽമണ്ണയിലാണ് പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. രാഷ്ട്രീയ രംഗത്തെ അധികായകനായിരുന്ന ഇ.പി.ഗോപാലൻ, കല്ലിങ്ങൽ കമ്മുസാഹിബ്, വള്ളാഞ്ചോല കുഞ്ഞയമു, നെച്ചിയിൽ മൊയ്തീൻകുട്ടി സാഹിബ്, ചങ്ങര മാധവതരകൻ, തേവർതരകൻ, സി.പി.മാധവതരകൻ, ഡോ:എം.എസ്.നായർ, അഡ്വ:മുഹമ്മദ് ഷാഫി തുടങ്ങിയ നീണ്ട നിരതന്നെ പെരിന്തൽമണ്ണയിലുണ്ട്.

സൈമൺ കമ്മീഷൻ ഇന്ത്യയിൽ എത്തുമ്പോൾ 1928 ഫെബ്രുവരി 3ന് പെരിന്തൽമണ്ണ ഗവൺമെന്റ് ഹൈസ്കൂളിൽ ഒരദ്ധ്യാപകനും, എഴ് വിദ്യാർത്ഥികളും ക്ലാസ് ബഹിഷ്കരിച്ച് പ്രകടനം നടത്തിയ സംഭവം ആവേശകരമാണ്. എം.കെ.രാമൻനായരാണ് ആ അദ്ധ്യാപകൻ. 1942ൽ കോൺഗ്രസ്സ് നേതാക്കളെ കൂട്ടത്തോടെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് വിദ്യാർത്ഥികൾ ക്ലാസ്സ് ബഹിഷ്കരിച്ച് പ്രകടനം നടത്തി ദേശീയപ്രസ്ഥാനത്തിന്റെ ഭാഗഭാക്കായി.

ദേശീയപ്രസ്ഥാനത്തിന്റെയും, നവോത്ഥാനപ്രസ്ഥാനത്തിന്റെയും ഭാഗമായി നടന്ന ക്ഷേത്രപ്രവേശനസമരങ്ങളിലും പെരിന്തൽമണ്ണയിൽ അനുരണനങ്ങളുണ്ടായിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രപ്രവേശനസത്യാഗ്രഹത്തിന്റെ ആവേശങ്ങളുൾക്കൊണ്ട് പാലോളി വാസുദേവൻ നമ്പൂതിരി തന്റെ ഇല്ലത്തെ വകയായ എരവിമംഗലം ചക്കുവറ ക്ഷേത്രം നാനാജാതിക്കാർക്കുമായി തുറന്നുകൊടുത്തതും മിശ്രഭോജനം നടത്തിയതും ഏറെ ആവേശകരമായ സംഭവങ്ങളായിരുന്നു. ഭ്രഷ്ട് കൽപ്പിക്കപ്പെട്ട വാസുദേവൻ നമ്പൂതിരി പിന്നീട് വി.ടിയുടെ നേതൃത്വത്തിൽ നടന്ന സാമൂഹിക പരിഷ്ക്കരണ പരിപാടികളിൽ സജീവമാകുകയായിരുന്നു.

# പഞ്ചായത്തിന്റെയും നഗരസഭയുടെയും ചരിത്രം

ആദ്യം മലപ്പുറം താലൂക്ക് ബോർഡിന് കീഴിലും പിന്നീട് വള്ളുവനാട് താലൂക്ക് ബോർഡിന് കീഴിലുമായിരുന്നു പെരിന്തൽമണ്ണ പ്രദേശം. 1933ലാണ് പഞ്ചായത്ത് രൂപീകരിക്കപ്പെടുന്നത്. 1920ലെ ലോക്കൽ ബോഡീസ് ആക്റ്റ് അനുസരിച്ച് കക്കൂത്ത്, പെരിന്തൽമണ്ണ വില്ലേജുകൾ ഉൾപ്പെടുന്നതായിരുന്നു പഞ്ചായത്ത്. പൊതുയോഗം വിളിച്ചുകൂട്ടിയായിരുന്നു പ്രസിഡന്റിനെതെരഞ്ഞെടുത്തിരുന്നത്. എക്സിക്യൂട്ടീവ് അധികാരങ്ങൾ പ്രസിഡന്റിന് ഉണ്ടായിരുന്നു. ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ:പി.അച്യുതമേനോൻ (1937), 1939ൽ കിഴിശ്ശേരി ചേക്കു റെയ്ഞ്ചർ പ്രസിഡന്റായി. 1949ൽ ബോർഡ് പിരിച്ചുവിട്ടു. ഈശ്വരയ്യർ സ്പെഷ്യൽ ഓഫീസറായി ചാർജെടുത്തു. 1942ലെ തെരഞ്ഞെടുപ്പിൽ ഒതുക്കുംപുറത്ത് ഉണ്ണ്യാലി സാഹിബ് പ്രസിഡന്റായി തുടർച്ചയായി 10 വർഷം ഭരണം നടത്തി. 1953ൽ വീണ്ടും തെരഞ്ഞെടുപ്പ്. ആദ്യമായി ബാലറ്റ് പേപ്പർ ഉപയോഗിച്ച തെരഞ്ഞെടുപ്പുകൂടിയായിരുന്നു അത്. തെരഞ്ഞെടുപ്പിൽ സ:ഗോവിൻൻനമ്പ്യാർ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. നെച്ചിയിൽ മൊയ്തീൻകുട്ടി സാഹിബ്, കിഴിശ്ശേരി മുഹമ്മദ്, കിഴിശ്ശേരി ഉണ്ണീൻകുട്ടി, പി.വി.എസ് മുസ്തഫ പൂക്കോയ തങ്ങൾ, നാണാസാമി, പി.ടി.അഹമ്മദ്കുട്ടി സാഹിബ്, ഒ.മരക്കാർ എന്നിവർ അംഗങ്ങൾ. അന്ന് ഹരിജൻ സംവരണമില്ലായിരുന്നു. 1954 മുതൽ പെരിന്തൽമണ്ണ മേജർ പഞ്ചായത്തായി. അതിന്റെ ഫലമായി എക്സിക്യൂട്ടീവ് ഓഫീസർ നിലവിൽ വന്നു,




1953ൽ പ്രസിഡന്റായ ഗോവിന്ദൻനമ്പ്യാർ പെരിന്തൽമണ്ണയുടെ സമഗ്രമായ വികസന ത്തിന് തുടക്കമിട്ടു. ജനകീയ പ്രശ്നങ്ങ ളേറ്റെടുത്തു സമരം നടത്തി നേതാവായി മാറിയ സ:നമ്പ്യാർ ജനകീയ വികസനനയം നട പ്പാക്കാൻ ശ്രമിച്ചു. പൊതുജനവായനശാലകൾ, പൊതുകി ണറുകൾ, പൊതുകുളങ്ങൾ, പൊതു വഴികൾ തുടങ്ങി പ്രദേശത്തിന്റെ മുക്കിലും മൂലയിലും വികസനം എത്തിക്കുന്നതിൽ ജാഗരൂക നായി. ആദ്യത്തെ പഞ്ചായത്ത് ബസ്റ്റാന്റ് പണിതത് അന്നായിരുന്നു. തുടർന്ന് 1957ൽ സംസ്ഥാനനിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ അദ്ദേഹം നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1962ൽ ഡിസ്ട്രിക്റ്റ് ബോർഡ് പിരിച്ചുവിട്ടതിനെതുടർന്ന് പഞ്ചായത്തിന്റെ ഘടനയിൽ മാറ്റംവരുത്തി. എരവിമംഗലം, പാതാക്കര ദേശം എന്നിവകൂടി കൂട്ടിച്ചേർത്ത് പഞ്ചായത്ത് വിപുലമാക്കി. 1963ൽ വീണ്ടും തെരഞ്ഞെടുപ്പ് നടന്നു. അഡ്വ:ഉമ്മർഖാൻ പ്രസിഡന്റ്, അയ്യപ്പുണ്ണി, ഇ.കെ.കമ്മ, കുഞ്ചുരാമൻനായർ, നാരായണമേനോൻ, പി.എൻ.എരവിമംഗലം, പി.മുഹമ്മദ്, ടി.മൊയ്തുണ്ണി, പരിയാണി, മറിയാമ ജോൺ എന്നിവർ അംഗങ്ങളായിരുന്നു. ഈ ബോർഡ് 1979 വരെ ഭരണത്തിലിരുന്നു. സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടന്നിരുന്നില്ല. 1975ൽ പെരിന്തൽമണ്ണ സ്പെഷ്യൽ

ഗ്രേഡ് പഞ്ചായത്തായി. 1979ലെ തെരഞ്ഞെടുപ്പിൽ ആലിക്കൽ കുഞ്ഞാൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. 1984ൽ ബോർഡ് പിരിച്ചുവിട്ടതിനെതുടർന്ന് 84 മുതൽ 88 വരെ താലൂക്ക് പഞ്ചായത്ത് ഓഫീസർ സ്പെഷ്യൽ ഓഫീസറായി ഭരണംനടത്തി. 1988ലെ തെരഞ്ഞെടുപ്പിൽ ആർ.എൻ.മനഴി പ്രസിഡന്റും ടി.മൂസ്സക്കുട്ടി വൈസ് പ്രസിഡന്റുമായി തെരഞ്ഞെടുക്കപ്പെട്ടു. 1990 ഫെബ്രുവരി 10ന് ഏതാനും പഞ്ചായത്തുകളോടൊപ്പം പെരിന്തൽമണ്ണയും നഗരസഭയായി ഉയർത്തപ്പെട്ടു. ആദ്യത്തെ അഡ്വൈസറി ബോർഡ് ചെയർമാനായി ആർ.എൻ.മനഴി ചുമതലയേറ്റു. 1991ൽ അഡ്വൈസറി ബോർഡ് പിരിച്ചുവിടുകയും സ്പെഷ്യൽ ഓഫീസർ ചാർജെടുക്കുകയും ചെയ്തു. പിന്നീട് തെരഞ്ഞെടുപ്പ്, 1995 ഒക്ടോബർ 26ന് പുതിയ ഭരണസമിതി-പെരിന്തൽമണ്ണ നഗരസഭയുടെ പ്രഥമ ഭരണസമിതി അധികാരത്തിൽ വന്നു. കെ.ടി.പ്രേമലത ചെയർപേഴ്സനും, ആർ.എൻ.മനഴി വൈസ് ചെയർമാൻ (ആർ.എൻ.മനഴിയുടെ നിര്യാണത്തെ തുടർന്ന് കെ.പി.അയ്യപ്പൻ വൈസ് ചെയർമാനായി) 2000ൽ കെ.ടി.നാരായണൻ ചെയർമാനും, എ.വേണുഗോപാൽ വൈസ് ചെയർമാനും, 2005ൽ സി.ദിവാകരൻ ചെയർമാനും, എ.ടി.നൂർജഹാൻ വൈസ് ചെയർപേഴ്സനും, 2010ൽ നിഷി അനിൽരാജ് ചെയർപേഴ്സനും, കെ.പി.രവി വൈസ് ചെയർമാനും. കെ.പി.രവിയുടെ നിര്യാണത്തെ തുടർന്ന് എം.മുഹമ്മദ് സലിം വൈസ് ചെയർമാനും, 2015ൽ എം.മുഹമ്മദ് സലിം ചെയർമാനും നിഷി അനിൽരാജ് വൈസ് ചെയർപേഴ്സനും 2020ൽ പി.ഷാജി ചെയർമാനും നസീറ ടീച്ചർ വൈസ് പ്രസിഡന്റുമായി നഗരസഭ ഭരണം തുടകരുന്നു.

## രജത ജൂബിലിയുടെ നിറവിൽ

പെരിന്തൽമണ്ണ നഗരസഭ ജനകീയ കൗൺസിലിന്റെ രജത ജൂബിലി ആഘോഷത്തിനു തുടക്കം കുറിക്കുകയാണ്. മൂന്നു വർഷം നീണ്ടു നിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങൾക്കാണ് 2017 ഡിസംബർ 23ന് വൈകീട്ട് 3 മണിക്ക് പടിപ്പുര സ്റ്റേഡിയത്തിൽ തുടക്കം കുറിച്ചു. 1933 ൽ പഞ്ചായത്തായി രൂപം കൊണ്ട് പെരിന്തൽമണ്ണ 1990 ഫെബ്രുവരി 10നാണ് നഗരസഭയായി ഉയർത്തി. 1995 ഒക്ടോബർ 26ന് കെ.ടി.പ്രേമലതയുടെ നേതൃത്വത്തിൽ ആദ്യ ജനകീയ കൗൺസിൽ അധികാരത്തിൽ വന്നു. തുടർന്ന് 2000ൽ കെ.ടി.നാരായണന്റെ നേതൃത്വത്തിലും 2005ൽ സി.ദിവാകരന്റെ നേതൃത്വത്തിലും 2010ലെ നാലാം കൗൺസിലിന് ഒരു വർഷം കെ.സുധാകുമാരിയും തുടർന്ന് നിഷി അനിൽരാജും നേതൃത്വം നൽകി. നിലവിലുള്ള അഞ്ചാമത്തെ ജനകീയ കൗൺസിലിന്റെ കാലാവധി അവസാനിക്കുന്ന 2020 ഓടെ തിരഞ്ഞെടുക്കപ്പെട്ട ജനകീയ കൗൺസിലുകൾ 25 വർഷം പൂർത്തിയാവുകയാണ്. ഇടതുപക്ഷ കൗൺസിലിന്റെ തുടർച്ചയായ 22 വർഷത്തെ ഭരണത്തിന് കീഴിൽ നഗരം അഭൂതപൂർവ്വമായ വളർച്ച കൈവരിക്കാനായി. വികസനത്തിലും, വരുമാനത്തിലും മലപ്പുറം ജില്ലയിൽ മുന്നിൽ നിൽക്കുന്ന പട്ടണമായി നഗരത്തെ മാറ്റാൻ സാധിച്ചു. റോഡ്-പാലം-വീട്-കുടിവെള്ളം-വൈദ്യുതി എന്നീ പശ്ചാത്തല വികസന മേഖലയിൽ കാലത്തിനതീതമായ മുന്നേറ്റം ഉണ്ടായി. ആരോഗ്യ-വിദ്യഭ്യാസ രംഗത്ത് സംസ്ഥാനത്തു തന്നെ മാതൃകയാകുന്ന തരത്തിൽ

ഇ.എം.എസ് വിദ്യഭാസ കോംപ്ലക്സു പോലുള്ള സ്ഥാപനങ്ങളെ മുന്നോട്ടു കൊണ്ടുവരാൻ സാധിച്ചു. നഗരസഭകളുടെ ഏറ്റവും പ്രഥമ കർത്തവ്യമായ ശുചിത്വത്തിൽ സംസ്ഥാന അംഗീകാരം നേടുന്ന തരത്തിൽ 14 ഏക്കർ സ്ഥലത്ത് അത്യാധുനിക മാലിന്യ സംസ്ക്കരണ പ്ലാന്റും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കാനായി. നഗരസ പ്രദേശമായിട്ടും കാർഷിക മേഖലയെ വൻതോതിൽ പരിപോഷിപ്പിക്കാനും സാധിച്ചു. ജീവ കാരുണ്യ-സാന്ത്വന-ക്ഷേമ പ്രവർത്തന രംഗത്ത് തദ്ദേശ സ്ഥാപനങ്ങൾ മാതൃകയാവുന്ന പദ്ധതികൾ ഏറ്റെടുക്കാനായി. മാർക്കറ്റ്-ഷോപ്പിംഗ് കോംപ്ലക്സ്-ബസ്റ്റാന്റ് തുടങ്ങി ആധുനികമായി നിരവധി ആസ്തികളും 70 ഏക്കറോളം സ്ഥലവും 7.5കോടി വാർഷിക വരുമാനവും നേടിയെടുത്ത സുപ്രധാന നേട്ടങ്ങളാണ്.

ഈ നേട്ടങ്ങൽ നിലനിർത്തി കൊണ്ടും വികസനാനുഭവങ്ങൾ സ്വായത്തമാക്കിയും പുതിയ കാലത്തിനനുസൃതമായി നഗരത്തെ മുന്നോട്ടു കൊണ്ടു പോവാനാണ് നിലവിലുള്ള കൗൺസിൽ പരിശ്രമിക്കുന്നത്. ആ പരിശ്രമത്തിന്റെ ഭാഗമായാണ് ആധികാരത്തിലെത്തിയ ഉടൻ ഒരു സുസ്ഥിര വികസന പദ്ധതിക്ക് രൂപം നൽകുകയും കഴിഞ്ഞ 2 വർഷംകൊണ്ട് ആ പദ്ധതിക്ക് അസ്ഥിവാരമിട്ട് ഈ രണ്ടാം വാർഷിക വേളയിൽ ഒരു രജത ജൂബിലി മിഷൻ പദ്ധതി എന്ന പേരിൽ ഒരു പ്രത്യേക മിഷന് രൂപം നൽകി സുസ്ഥിര വികസന പദ്ധതികളിലൂടെ ഉരുത്തിരിഞ്ഞു വന്ന നഗരത്തിന്റെ ആധുനിക വൽക്കരണത്തിന് ഉതകുന്ന 35 നവീന പദ്ധതികൾ ഇവിടെ തുടക്കം കുറിക്കുന്നത്.

രജത ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്ന വേദിയിൽ വെച്ചു തന്നെ രജതജൂബിലിയുടെ ഉപഹാരമായി കോടിക്കണക്കിന് രൂപ ചിലവ് പ്രതീക്ഷിക്കുന്ന 35 ഇന രജതജൂബിലി പദ്ധതികൾ പെരിന്തൽമണ്ണയുടെ പൊതുസമൂഹത്തിന് സമർപ്പിക്കുകയാണ്.



പെരിന്തൽമണ്ണ നഗരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ നാഴിക കല്ലാവുന്ന 35 പ്രധാന പദ്ധതികൾ രജതജൂബിലി മിഷൻ പദ്ധതി പൂർത്തീകരിക്കാനാണ് നഗരസഭ ലക്ഷ്യമിടുന്നത്. കഴിഞ്ഞ മുൻസിപ്പൽ തിരഞ്ഞെടുപ്പ് വേളയിൽ പ്രകടന പത്രികയിൽ പ്രക്യാപിക്കുകയും കൗൺസിൽ നിലവിൽ വന്ന ശേഷം ആദ്യ പദ്ധതികളിൽ സുസ്ഥിര വികസന പദ്ധതി എന്ന രൂപത്തിൽ വിവിധ തലങ്ങളിൽ ചർച്ച നടത്തി പൂർണ്ണരൂപം വരുത്തി വികസന രേഖയിൽ ഉൾപ്പെടുത്തുകയും ചെയ്ത പദ്ധതികളാണിവ കഴിഞ്ഞ് രണ്ട് വർഷത്തിനുള്ളിൽ ഈ പദ്ധതികൾ 80% പദ്ധതികൾക്കും ഡി.പി.ആർ തയ്യാറാക്കാനും വിവിധ സർക്കാർ ഏജൻസികളുടെ അനുമതിയും ധനസഹായവും നേടിയെടുക്കാനും കഴിഞ്ഞു. ബാംഗ്ലൂർ ആസ്ഥാനമായ എ.യു.എസ് കൺസോർഷ്യമാണ് ഇവക്ക് ഡി.പി.ആർ പ്രവർത്തി തുടരുകയാണ്. ഈ പദ്ധതികൾ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തുകയും വരുന്ന നാലു വാർഷിക പദ്ധതിയിലൂടെ പൂർത്തീകരിക്കുകയും ചെയ്യുകയാണ്. ലക്ഷ്യം.

രജതജൂബിലി മിഷൻ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നഗരസഭയിൽ ഈ പദ്ധതികളുടെ നിർവ്വഹണത്തിന് മാത്രമായി ഒരു പ്രൊജക്ട് സെൽ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നഗരസഭയുടെ ആസൂത്രണ സമിതി ഉപാധ്യക്ഷൻ എം.കെ.ശ്രീധരൻ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയറായി വിരമിച്ച എം.ശങ്കരൻ കുട്ടി എന്നിവരുടെ നേതൃത്വത്തിൽ മൂന്ന് ക്ലാർക്ക്മാരും മൂന്ന് എഞ്ചിനീയർമാരും ഒരു സഹായിയും അടങ്ങുന്നതാണ്. പ്രൊജക്ട് സെൽ.

## രജതജൂബിലി മിഷൻ പദ്ധതികൾ




**അത്യാധുനിക ക്രിമറ്റോറിയം – അഞ്ജലി**


മിനി ഫ്ളാറ്റ് സമുച്ചയം
12 ഭൂരഹിത–ഭവനരഹിത കുടുംബങ്ങൾക്ക്
ഫ്ളാറ്റ് നൽകുന്നു


1296 പേർക്ക് സ്നേഹഭവനം
പൂർത്തീകരിച്ച വീടിന്റെ കൈമാറ്റം


ടാക്സി സ്റ്റാന്റ്–കം–ഫ്രെഷിംഗ് സെന്റർ


ആധുനിക
ഇൻഡോർ മാർക്കറ്റ്


ബസ് ടെർമിനൽ
കോംപ്ലക്സ്


സാന്ത്വന പുനരധിവാസ
കേന്ദ്രം


500 പേർക്ക് ഭവന സമുച്ചയം


ലേഡീസ് ഹോസ്റ്റൽ


നഗരസഭ ജനസൗഹൃദ കേന്ദ്രം


ഇ.എം.എസ്. വിദ്യാഭ്യാസ
കോംപ്ലക്സ് ആധുനീകരണം


ആയുർവേദ–ഹോമിയോ
ഹോസ്പിറ്റൽ


വിനോദ പാർക്ക്



എരവിമംഗലം കലാഗ്രാമം



15 എൽ.പി., യു.പി സ്കൂളിലെ
167 ക്ലാസ്മുറികൾ സ്മാർട്ടാക്കൽ



രാമൻചാടി കുടിവെള്ള
പദ്ധതി നിലവിലുള്ള
കുടിവെള്ളപദ്ധതി നവീകരണം



എസ്.സി.കോളനി വികസന
പദ്ധതി



ആധുനിക അറവുശാല



മോഡേൺ മാലിന്യ സംസ്കരണ
പ്ലാന്റ് & ബയോ പാർക്ക്



ഷീ സ്റ്റേ



നഗര സൗന്ദര്യ വൽക്കരണം



സീനിയേഴ്സ് റിട്ടയറിംഗ്
സെന്റർ & ഹെൽപ്പ് ഡസ്ക്



തോട്- കുളങ്ങൾ ജലാശയ
സംരക്ഷണം



15 മോഡേൺ
അംഗനവാടികൾ



7 മേഖലയിൽ വയോ
സൗഹൃദ കേന്ദ്രങ്ങൾ



7 മേഖലാ സിമിംഗ് ഫൂൾ



ഇൻഡോർ സ്റ്റേഡിയം



മൾട്ടിപ്ലസ് തിയ്യേറ്റർ



7 മേഖലാ കളിസ്ഥലങ്ങൾ



ആധുനിക ടൗൺഹാൾ



എരവിമംഗലം സാംസ്കാരിക സമുച്ചയം



5 വായനശാല കെട്ടിടങ്ങൾ



സ്റ്റുഡന്റ്സ് ഫെസിലിറ്റേഷൻ സെന്റർ



ആധുനിക വ്യവസായ സമുച്ചയം



ഹൈടെക്–മനഴി–ബൈപാസ് ബസ്സ്റ്റാന്റുകളുടെ നവീകരണം

## തനത് വിഭവങ്ങൾ

നെല്ലു കൂടാതെ തെങ്ങ്, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, റബ്ബർ, കവുങ്ങ്, പച്ചക്കറി, കുരുമുളക്, കശുമാവ് എന്നിവയാണ് പ്രധാനകൃഷിയിനങ്ങൾ. നെൽകൃഷി കുറഞ്ഞുവരുന്ന പ്രവണതയാണുള്ളത്. അടുത്തകാലത്തായി ഒരു വീണ്ടെടുപ്പിനുള്ള ശ്രമം പ്രകടമാണ്. പതിനഞ്ചിലേറെ ക്വാറികളും ജലാശയങ്ങളുമുള്ള പ്രദേശത്ത് അടുത്തക്കാലത്തായി മത്സ്യകൃഷിക്കുള്ള താൽപര്യം കണ്ടുതുടങ്ങിയിട്ടുണ്ട്. പാൽ, മുട്ട ഉൽപ്പാദനത്തിൽ അടുത്ത കാലത്തായി പുരോഗതി ദൃശ്യമാണ്. ഇറച്ചി കോഴികളുടെയും മുട്ട കോഴികളുടെയും ഫാമുകൾ വർദ്ധിച്ചുവരുന്നുണ്ട്.

മലബാറിലെ ഒരു പ്രധാനമത്സ്യവിപണനകേന്ദ്രമാണ് പെരിന്തൽമണ്ണ, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നും സമീപ കടൽ പ്രദേശങ്ങളിൽ നിന്നുള്ള മത്സ്യ ഇറക്കുമതി സമീപ പ്രദേശങ്ങളിലേക്കുള്ള വിതരണത്തിനുള്ള പ്രധാനകേന്ദ്രമായി പെരിന്തൽമണ്ണ മാറിയിട്ടുണ്ട്. ചെറുതും വലുതുമായ അനേകം ആശുപത്രികളുടെ സാന്നിധ്യം വിവിധ മേഖലകളിലെ വ്യാപാര വർദ്ധനവിന് കാരണമാക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടെയും വ്യാപാര സ്ഥാപനങ്ങളുടെയും വർദ്ധനവ് നഗരസഭയുടെ തനത് വരുമാനത്തെ ശക്തിപ്പെടുത്താൻ സഹായകമായിട്ടുണ്ട്.

# നഗരസഭയുടെ പൊതു ആസ്തികൾ

| ക്രമ നമ്പർ | ആസ്തി | ഏക്ര | കെട്ടിടങ്ങൾ (ച.മീറ്റർ) |
|---|---|---|---|
| 1 | മാർക്കറ്റ് | 3.10 | 2230.86 |
| 2 | മത്സ്യ മാർക്കറ്റ് | 0.92 | BOT കെട്ടിടം |
| 3 | ഷോപ്പിംഗ് സെന്റർ | 0.73 | 5064.15 |
| 4 | ആർ.എൻ.മനഴി ബസ്റ്റാന്റ് | 1.35 | 3879.32 |
| 5 | ബൈപ്പാസ് സ്റ്റാന്റ് | 1.35 | 1919.68 |
| 6 | ടൗൺഹാൾ | 0.58 | 0264.55 |
| 7 | മുനിസിപ്പൽ ഓഫീസ് | 0.47 | 1901.00 |
| 8 | ടാക്സി സ്റ്റാന്റ് | 0.05 | 240.00 |
| 9 | വ്യവസായ എസ്റ്റേറ്റ് | 6.95 | |
| 10 | ആയുർവ്വേദ ആശുപത്രി | 0.30 | 451.46 |
| 11 | വെറ്റിനറി പോളിക്ലീനിക്ക് (റവന്യൂ വകുപ്പ്) | | 170.21 |
| 12 | ഖരമാലിന്യ പ്ലാന്റ് | 14.10 | 572.00 |
| 13 | ട്രഞ്ചിങ് ഗ്രൗണ്ട് | 0.52 | — |
| 14 | ഇ.എം.എസ് വിദ്യാഭ്യാസ കോംപ്ലക്സ് | 7.10 | 6475.79 |
| 15 | ജി.എൽ.പി.എസ് ഈസ്റ്റ് | 0.60 | 711.58 |
| 16 | ജി.എൽ.പി.എസ് വെസ്റ്റ് | 0.12 | 426.85 |
| 17 | ജി.എൽ.പി.എസ് കക്കൂത്ത് | 0.10 | 370.15 |
| 18 | അംഗനവാടികൾ ( 12 ) | 0.45 | 2238.14 (28 എണ്ണം) |
| 19 | ഹെൽത്ത് സെന്റർ ( 4 ) | 0.28 | 339.40 |
| 20 | പുതിയ ബസ്റ്റാന്റ് | 2.98 | — |
| 21 | മേലേപറമ്പ് | 0.41 | |
| 22 | കാഞ്ഞിരക്കുന്ന് | 1.05 | — |
| 23 | ഏണിപ്പാറ തൊഴിൽ പരിശീലന കേന്ദ്രം | 0.39 | 90.10 |
| 24 | പുറമ്പോക്ക് സ്ഥലങ്ങൾ | 0.82 | |
| | ആകെ | 45.76 | |

# റോഡുകൾ

| | | |
|---|---|---|
| 1. | റോഡുകൾ - കോൺക്രീറ്റ് | 101 കി.മീറ്റർ |
| 2. | ടാർ ചെയ്തത് | 298 കി.മീറ്റർ |
| 3 | മെറ്റൽ റോഡുകൾ | 16 കി.മീറ്റർ |
| | ആകെ | 415 കി.മീറ്റർ |
| 4. | പ്രധാന കുളങ്ങൾ ( 11 എണ്ണം ) | 2.15 (ഏക്ര വിസ്തീർണ്ണം) |
| 5. | ശുദ്ധജല പദ്ധതി കിണറുകൾ 16 (എണ്ണം) | 0.08 (ഏക്ര വിസ്തീർണ്ണം) |



# ജനസംഖ്യ

2011ലെ സെൻസസ് അനുസരിച്ച് നഗരസഭയിലെ ജനസംഖ്യ 49723 ആണ്. ഇത് ജില്ലയിലെ ജനസംഖ്യയുടെ 1.21% ആണ്. ജില്ലയിലെ നഗര ജനസംഖ്യയുടെ 2.74%വുമാണ്. സമീപ ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യാ വളർച്ചാ നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ പെരിന്തൽമണ്ണ നഗരം ഏറ്റവും കുറവുള്ള പ്രദേശമാണ്. ജില്ലയിലെ മറ്റു നഗരസഭകളെ അപേക്ഷിച്ച് ജനസാന്ദ്രതയിൽ പെരിന്തൽമണ്ണ മുൻനിരയിലാണ്. സംസ്ഥാനജസസാന്ദ്രതയുള്ള നഗരങ്ങളുടെ കൂട്ടത്തിലും പെരിന്തൽമണ്ണയുണ്ട്. 1971ൽ ഒരു ചതുരശ്ര കിലോമീറ്ററിൽ 880 പേരാണ് ഉണ്ടായിരുന്നത്, 2011ൽ 1445 ആയി വർദ്ധിച്ചു. നഗരസഭയിലെ 34 വാർഡുകളിൽ ഏറ്റവും ജനസാന്ദ്രതയുള്ളത് 4-ാം വാർഡിലാണ്. അത് കഴിഞ്ഞാൽ 34-ാം വാർഡും 24-ാം വാർഡാണ് ഏറ്റവും കുറഞ്ഞ ജനസാന്ദ്രതയുള്ളത്.

ജനസംഖ്യയിലെ ആൺ-പെൺ അനുപാതം ആ പ്രദേശത്തെ സാമൂഹ്യ-സാമ്പത്തിക അവസ്ഥയുടെയും സ്ത്രീകളുടെ സാമൂഹ്യാവസ്ഥയുടെയും പ്രതിഫലനമാണ്. പെരിന്തൽമണ്ണയുടെ ലിംഗ അനുപാതം 1112 ആണ്. 2001ൽ ഇത് 1076 ആയിരുന്നു. ജില്ലയിലെ ലിംഗ അനുപാതം ഇപ്പോൾ 1098 ആണ്.

2011ലെ സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ് അനുസരിച്ച് നഗരസഭയിലെ ഏറ്റവും കൂടുതൽ ജനസംഖ്യ 20-25 വയസ്സിന്റെ മേഖലയിൽ വരുന്നവരാണ് (10%). ഇത് മെച്ചപ്പെട്ട ആരോഗ്യസൂചകമാണ്. 60 വയസ്സിനുമേലുള്ളവരുടെ ശതമാനം 11 ആണ്. 20 വയ്സുമുതൽ 60 വയസ്സുവരെയുള്ളവരുടെത് 52 ശതമാനം വരും. 20 വയസ്സുവരെയുള്ളവർ 27%വും ആണ്.



# സാമൂഹ്യ – സാംസ്കാരിക – സാമ്പത്തിക സ്ഥിതി

മലപ്പുറം ജില്ലക്ക് തന്നെ തനതായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. ക്ഷേത്ര ങ്ങളും പള്ളികളുമായി ചേർന്നുള്ള ആചാരാനുഷ്ഠാനങ്ങളും ഉത്സവങ്ങളും ഈ സാംസ്കാരിക മാഹാത്മ്യത്തെ വിളിച്ചോതുന്നവയാണ്.

ദേശീയ പ്രസ്ഥാനത്തിൽ പെരിന്തൽ മണ്ണക്കുള്ള സ്ഥാനം അദ്വിതീയമാണ്. നിരവധി ദേശീയ നേതാക്കളെ സംഭവനചെയ്ത മണ്ണ്. സ്വാതന്ത്ര്യ സമര സേനാനി കളായിരുന്ന എം.പി.നാരായണ മേനോൻ, ഇ.എം.എസ്, ഗോവിന്ദ മേനോൻ, ഇ.പി.ഗോപാലൻ, ചെറുകാട്, തുടങ്ങിയ വരും നിരവധി സാമൂഹ്യ സാംസ്കാരിക നായകരും ഉഴുതുമറിച്ച മണ്ണാണ് പെരിന്തൽമണ്ണയുടേത്. കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രി സഖാവ് ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ വിദ്യാഭ്യാസവും, സാമൂഹ്യ പ്രവർത്തനവുംകൊണ്ട് ധന്യമാണ് പെരിന്തൽമണ്ണ. ഭക്ത കവി പൂന്താനത്തിന്റെ ജന്മംകൊണ്ട് അനുഗ്രഹീതമായ കീഴാറ്റൂർ പെരിന്തൽമണ്ണക്ക് തൊട്ടടുത്ത്. ഏറ്റവും പഴക്കമുള്ള ക്ഷേത്രങ്ങളും പള്ളികളും അവയുടെ ചരിത്ര സ്മരണകളും പെരിന്തൽമണ്ണയ്ക്കുണ്ട്. മതസൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും വളക്കൂറുള്ള മണ്ണാണ് പെരിന്തൽമണ്ണയുടേത്.

പുരാതനകാലം മുതൽക്കേ മലബാറിലെ പ്രമുഖ വാണിജ്യകേന്ദ്രമാണ് പെരിന്തൽമണ്ണ. ഏറ്റവും പഴക്കമുള്ളതും വലുതുമായിരുന്ന ആഴ്ചചന്ത പെരിന്തൽമണ്ണയിലേതായിരുന്നു. വിശാലമായികിടക്കുന്ന രണ്ടേക്കർ സ്ഥലത്ത് എല്ലാ കാർഷിക വിഭാഗങ്ങളുടെയും വിൽപനകേന്ദ്രമായിരുന്നു. മലഞ്ചരക്കുകളുടെയും മത്സ്യ-മാംസാദികളുടെയും ഉയർന്ന വിൽപനയുള്ള കേന്ദ്രമാണ് പെരിന്തൽമണ്ണ. കാർഷികരംഗത്തെ മാന്ദ്യവും സമീപപ്രദേശങ്ങളിലെ നഗരവളർച്ചയും ഈ വ്യാപാരകേന്ദ്രത്തെ ബാധിച്ചു തുടങ്ങി. അടുത്തകാലത്തായി ഉയർന്നുവന്ന വൻകിട, ചെറുകിട ആശുപത്രികൾ പെരിന്തൽമണ്ണയെ ആശുപത്രി നഗരമാക്കി മാറ്റി. നഗരത്തിൽ വന്നുപോകുന്ന ആയിരക്കണക്കിന് ജനങ്ങളുടെയും സ്ഥിരതാമസക്കാരായ ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെയും അനുബന്ധ സ്ഥാപനങ്ങളുടെയുമെല്ലാം പ്രാധാന്യമുള്ള നഗരമായി പെരിന്തൽമണ്ണ വളർന്ന്കൊണ്ടിരിക്കുകയാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ കെട്ടിട നിർമ്മാണം നടക്കുന്ന നഗരം പെരിന്തൽമണ്ണയാണ്. കെട്ടിട-വ്യാപാര മേഖലയുടെ വളർച്ച നഗരസഭയുടെ സാമ്പത്തിക അടിത്തറയ്ക്ക് ശക്തിപകരുന്ന പ്രധാനഘടകമാണ്.

## അദ്ധ്യായം 2

# പ്രകൃതി ദുരന്തങ്ങളും അതിജീവനവും

കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പ്രകൃതി ദുരന്തങ്ങളും, പ്രളയങ്ങളും ജില്ലയിൽ പലയിടങ്ങളിലും നാശം വിതച്ചിട്ടുണ്ടെങ്കിലും പെരിന്തൽമണ്ണ നഗരസഭ പ്രദേശങ്ങളിൽ കാര്യമായ പ്രശ്നങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. കോവിഡ് മഹാമാരി ജില്ലയിലാകെ പടർന്ന് പിടിച്ച സമയത്തും പെരിന്തൽമണ്ണ നഗരസഭയിൽ കാര്യമായി ബാധിക്കാതിരുന്നിട്ടുണ്ട്. ആയതിന് നഗരസഭ കൃത്യമായ പ്ലാനുകൾ ഉണ്ടാക്കി ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി കാലത്തിന്റെ അവസാന വാർഷികപദ്ധതിയിൽ ഇത്തരം പ്രകൃതി ദുരന്തങ്ങളും മറ്റും നേരിടുന്നതിന് ദുരന്തനിവാരണ പദ്ധതിയിൽ പ്രത്യേകം ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 14-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതിയോടൊപ്പം ദുരന്തനിവാരണ പദ്ധതി രേഖ പരിഷ്കരിച്ച് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

# വികസനതന്ത്രം

മനുഷ്യന്റെ ശക്തിയും കഴിവുമാണ് പ്രകൃതി വിഭവങ്ങളെ ജീവിതോൽപ്പന്നങ്ങളായും അതിലൂടെ വികസനമായും പരിവർത്തനപ്പെടുത്തുന്നത്. തുടർന്ന് ഈ വികസനം മനുഷ്യ ജീവിതത്തെ ഗുണകരമായി മാറ്റി തീർക്കുന്നു. അതിലൂടെ വീണ്ടും കൂടുതൽ ഉൽപന്നവും വികസനവുമുണ്ടാകുന്നു. പരസ്പര ബന്ധിതമായ ഈ പ്രവർത്തനത്തെ സർഗാത്കമയി വിളക്കിചേർക്കുകയും അതിന് സാമൂഹ്യ പ്രതിബദ്ധതയുടെ ഉള്ളടക്കം നൽകുകയുമാണ് ആസൂത്രണ പ്രക്രിയയുടെ ധർമ്മം.

വികസനമെന്നാൽ ജനങ്ങളുടെ സർവതോന്മുഖമായ പുരോഗതിയാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, ക്ഷേമം തുടങ്ങി ജീവിത സാഹചര്യങ്ങൾ എല്ലാവരുടെയും മെച്ചപ്പെടണം, അത്തരം മെച്ചപ്പെടലുകൾക്കായി ജീവിതോപാധികൾ കൂടുതൽ ഉൽപാദിപ്പിക്കണം. ഉൽപാദനവളർച്ചയാണ് സാമ്പത്തിക വളർച്ചയുടെ നിദാനം. സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണം സാധ്യമാവുകയും വേണം. ഇങ്ങനെവികസനമെന്നത് നീതി പൂർവ്വകവും സ്ഥായിയുമായ സാമ്പത്തിക വളർച്ചയാണെന്ന് നമുക്ക് മനസിലാക്കാം.

കഴിഞ്ഞകാലത്തെ നമ്മുടെ നാടിന്റെ വികസനാനുഭവങ്ങൾ ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ നീതിപൂർവ്വമായ ഒരു വികസനം ഏറെക്കുറെ നമുക്ക് സാധ്യമാക്കാനായി എന്ന് കാണാൻ കഴിയും. കുറവുകളും പരിമിതികളുണ്ടെങ്കിലും കേരള വികസനമാതൃക എന്ന പേരിൽ ഈ വികസനനേട്ടങ്ങൾ ഇന്നറിയപ്പെടുന്നു. കേരളത്തിന്റെ ഈ പൊതുനേട്ടങ്ങൾ തന്നെയാണ് പെരിന്തൽമണ്ണ നഗരസഭാ പ്രദേശത്തിന്റെ വികസനാനുഭവങ്ങൾ. ആഗോളവൽക്കരണത്തിന്റെ പുതിയ കാലത്ത് ഈ വികസനമാതൃക ഒട്ടനവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. നമ്മുടെ വികസനനേട്ടങ്ങൾ നിലനിർത്താനും കോട്ടങ്ങൾ പരിഹരിച്ച് മുന്നോട്ട് പോകാനുമാണ് 14-ാം പഞ്ചവത്സര പദ്ധതിയിൽ നാം ലക്ഷ്യമിടുന്നത്.

## നേട്ടങ്ങളുടെ രണ്ടര പതിറ്റാണ്ട്

ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിന്റെ രണ്ട് പതിറ്റാണ്ടിന്റെ അനുഭവസമ്പത്തുമായാണ് 14-ാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിന് നാം തയ്യാറെടുക്കുന്നത്. അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണമെന്നത് സ്വാതന്ത്ര്യ സമര കാലഘട്ടം മുതലെ ദേശീയ പ്രസ്ഥാനം മുന്നോട്ടുവെച്ച കാഴ്ചപ്പാടായിരുന്നു. കേരളം 1957 മുതൽ ഇത് നടപ്പാക്കാൻ തുടങ്ങിയെങ്കിലും രാജ്യത്തിത് നിയമമായി മാറ്റാൻ 1992 വരെ കാത്തിരിക്കേണ്ടി വന്നു. 1992ലെ 73,74 ഭരണഘടനാ ഭേദഗതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭരണഘടനാ സ്ഥാപനമാവുകയും രാഷ്ട്രീയ അധികാര വികേന്ദ്രീകരണം ഏറെക്കുറെ സാധ്യമാവുകയും ചെയ്തു. എന്നാൽ ഈ ഭരണഘടനാ ഭേദഗതിയിലും മനപൂർവ്വം തദ്ദേശ സ്ഥാപനങ്ങളുടെ അധികാരവും, സമ്പത്തും കൃത്യമായി നിർവചിക്കാൻ ശ്രദ്ധിച്ചിട്ടില്ല.

1996ലെ എൽ.ഡി.എഫ് ഗവൺമെന്റ് ഇതിനെസർഗാത്മകമായി സമീപിച്ച് അധികാര വികേന്ദ്രീകരണ പ്രക്രിയക്ക് സംഭാവനചെയ്ത മഹത്തായ പ്രസ്ഥാനമാണ് ജനകീയാസൂത്രണം. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കേവലം പൗരധർമ്മം മാത്രം നിർവഹിച്ചിരുന്ന തദ്ദേശ സ്ഥാപനങ്ങൾ ലക്ഷണമൊത്ത ഭരണകൂട സ്ഥാപനങ്ങളായി ശക്തിപ്പെടുത്താൻ നമുക്കായി. മൂന്നു തലത്തിലുള്ള വികേന്ദ്രീകരണം ഇതിലൂടെ സാധ്യമാക്കി. ഒന്നാമതായി ആസൂത്രണ വികേന്ദ്രീകരണമാണ്. ആസൂത്രണം മുകൾത്തട്ടിലെ ഉദ്യോഗസ്ഥരുടെ മാത്രമല്ല താഴെതലം വരെയുള്ള സാധാരണക്കാരും ബഹുജനങ്ങളും, വിദഗ്ദ്ധരും, എല്ലാം അണിനിരക്കുന്ന സമഗ്രമായ ജനകീയ ജനാധിപത്യ പ്രക്രിയയാക്കി മാറ്റാനായി. രണ്ടാമത്, ധനവികേന്ദ്രീകരണമാണ്. പദ്ധതി പണത്തിന്റെ നിശ്ചിത ശതമാനം രാഷ്ട്രീയ വിവേചനമില്ലാതെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ജനകീയാസൂത്രണ പ്രസ്ഥാനത്താനം കൈമാറി. ഇത് മറ്റു സംസ്ഥാനങ്ങളിലൊന്നും കേട്ടുകേൾവിപോലുമില്ലാത്ത അനുഭവമായിരുന്നു. ഇത് തദ്ദേശഭരണത്തിനും ജനകീയ ഇടപെടലിനും എന്തെന്നില്ലാത്ത ഊർജം പകർന്നു.

മൂന്നാമതായി മനുഷ്യൻ വിഹരിക്കുന്ന സുപ്രധാനമേഖലയിലെല്ലാം ഇടപെടാനുള്ള മേൽതട്ടിൽ കേന്ദ്രീകരിച്ചു നിന്നിരുന്ന നിരവധി അധികാരങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയത് സാമൂഹ്യ വികസനത്തിന്റെ ഗതിവേഗവും സുതാര്യതയും വർദ്ധിപ്പിച്ചു എന്നതാണ്.

ഇങ്ങനെകേരളത്തിന്റെ ഈ മഹത്തായ മാതൃക കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനകം എന്തെല്ലാം പരിമിതികളുണ്ടെങ്കിലും നാടിന്റെ സേവനം, പശ്ചാത്തല, വികസനമേഖലയിൽ കൈവരിക്കാനായ നേട്ടങ്ങൾ മുമ്പത്തെ നാല് ദശകങ്ങളിലേതിനേക്കാൾ പലമടങ്ങ് കൂടുതലാണ്. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, പാർപ്പിടം, കുട്ടികൾ, സ്ത്രീകൾ പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ഗതാഗതം തുടങ്ങി സമഗ്ര മേഖലകളിലും വൻ കുതിപ്പുണ്ടാക്കാൻ ജനകീയാസൂത്രണത്തിന് സാധിച്ചു എന്ന് നിസംശയം പറയാം.

1992ൽ നഗരസഭയായി ഉയർത്തപ്പെടുമ്പോൾ പെരിന്തൽമണ്ണ ജില്ലയിലെ ഏറ്റവും

അവികസിതമായ ഒരു പ്രദേശമായിരുന്നു. 1997ൽ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിക്കുന്നതുവരെയുള്ള അഞ്ചുവർഷക്കാലവും സ്ഥിതിയിൽ മാറ്റമൊന്നും ഉണ്ടായില്ല. നഗരസഭയുടെ മിക്ക മേഖലയിലേക്കും ഗതാഗത സൗകര്യങ്ങൾ അന്ന് ഇല്ലായിരുന്നു. ആരോഗ്യ-വിദ്യാഭ്യാസരംഗം ശോചനീയാവസ്ഥയിലായിരുന്നു. മറ്റു സാമൂഹ്യ മേഖലയിലും എടുത്തുപറയാവുന്ന നേട്ടങ്ങൾ ഒന്നും തന്നെയില്ല. ടാർ ചെയ്ത റോഡുകളുടെ എണ്ണം പരിമിതമായിരുന്നു.

1995ലെ ആദ്യത്തെ ജനകീയ കൗൺസിൽ അധികാരത്തിലെത്തുകയും 1997ഓടെ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിക്കുകയും ചെയ്താണ് നഗരത്തിന്റെ വികസനത്തിൽ നാഴികക്കല്ലായത്. തുടർന്ന് കഴിഞ്ഞ നാല് ജനകീയ കൗൺസിലുകളുടെ നേതൃത്വത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തെ ഉപയോഗിച്ചുള്ള ക്രിയാത്മകമായ ഇടപെടലുകൾ മലപ്പുറം ജില്ലയിലേയും കേരളത്തിലേയും മുൻനിര നഗരമാക്കി പെരിന്തൽമണ്ണയെ മാറ്റാനായി. ഇന്ന് നഗരസഭയിലെ 34 വാർഡിലും വീടുകളെ ബന്ധിപ്പിക്കുന്ന അതി ബൃഹത്തായ ഗതാഗത ശൃംഖല മെച്ചപ്പെട്ട രൂപത്തിൽ വന്നു കഴിഞ്ഞു. കുടിവെള്ളത്തിന് പ്രാദേശിക തലത്തിലും നഗരസഭാ തലത്തിലും ബൃഹത്തായ പദ്ധതികൾ നടപ്പാക്കി, ഓലമേഞ്ഞ വീടുകളില്ലാത്ത ഏറെകുറെ മെച്ചപ്പെട്ട പാർപ്പിട സൗകര്യം എത്തിക്കാനും നമുക്കായി. സാമൂഹ്യ ക്ഷേമപെൻഷനുകൾ പകുതിയിലേറെ വീടുകളിലെത്തിച്ചു. പട്ടികജാതി കോളനികൾ അടിസ്ഥാനസൗകര്യത്തിലും മാനവ വികസനത്തിലും ഏറെ മുന്നിലെത്തി. സ്കൂളുകളും-ആരോഗ്യ സേവനസംവിധാനവും മെച്ചപ്പെട്ടു. ജില്ലയിൽ ദ്രുതഗതിയിൽ വളരുന്ന പട്ടണമാണിത്. 1 ലക്ഷത്തിൽപരം ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കെത്തുന്ന മലപ്പുറം ജില്ലയിലെ മികച്ച പട്ടണമായി പെരിന്തൽമണ്ണ മാറി. മികച്ച മാലിന്യ സംസ്കരണ സംവിധാനം ഉണ്ടാക്കാൻ സാധിച്ചു. ഇങ്ങനെഎണ്ണമറ്റ നേട്ടങ്ങൾ ഒരു തദ്ദേശ സ്ഥാപനത്തിന്റെ പരിമതിക്കകത്ത് നിന്ന് നമുക്ക് നേടാനായത് കഴിഞ്ഞ 5 പഞ്ചവത്സര പദ്ധതികളിലൂടെ ജനകീയാസൂത്രണ പ്രസ്ഥാനം തുറന്നിട്ട സാധ്യതകൾ ഉപയോഗിച്ചാണെന്ന് അഭിമാനത്തോടെ പറയാനാകും...

## പരിമിതികൾ വെല്ലുവിളികൾ

കഴിഞ്ഞ 5 പദ്ധതിക്കാലത്തെ നേട്ടങ്ങളോടൊപ്പം പുതിയ കാലത്തിന്റെ വെല്ലുവിളികളും, വികസനപ്രക്രിയയിലെ പോരായ്മകളും, പരിമിതികളും ചർച്ചക്ക് വിധേയമാക്കണം, കേന്ദ്രഗവൺമെന്റ് പഞ്ചവത്സര പദ്ധതി തന്നെ അവസാനിപ്പിച്ച രാഷ്ട്രീയ സാഹചര്യത്തിലാണ് 14-ാം പഞ്ചവത്സര പദ്ധതിയുമായി നാം മുന്നോട്ട് പോകുന്നത്. 25 വർഷത്തിനുശേഷം നമ്മുടെ നാടും സമൂഹവും നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്ഥ സ്വഭാവമുള്ളതും സങ്കീർണ്ണവുമാണ്. മേൽസൂചിപ്പിച്ച എണ്ണമറ്റ നേട്ടങ്ങൾക്കിടയിലും നമ്മുടെ കുറവുകളും, പരിമിതിയും നാം കണ്ടെത്തുകയും നേട്ടങ്ങൾ നിലനിർത്തുന്നതോടൊപ്പം കുറവുകൾ പരിഹരിക്കുകയും പരിമിതികൾ മുറിച്ചുകടക്കുകയും വെല്ലുവിളികൾ അതിജീവിക്കുക വേണം. ഈ പശ്ചാത്തലത്തിൽ നാം നേരിടുന്ന കുറവുകളും-പരിമിതികളും വെല്ലുവിളികളും താഴെ പറയും പ്രകാരം സംക്ഷേപിക്കാം.

1. ഉൽപാദനമേഖലയുടെ മുരടിപ്പ് : ഉൽപ്പാദനരംഗത്തെ സ്ഥായിയായ വളർച്ചയാണ് ഒരു സമൂഹത്തിന്റെ നിലനിൽപ്പിന് ആധാരം. സംസ്ഥാനത്ത് ഉൽപ്പാദനരംഗത്ത് നമുക്ക് കാര്യമായി മുന്നേറാനായില്ല. ഈ പ്രവണത തന്നെയാണ് പെരിന്തൽമണ്ണ നഗരസഭയിലും ഉള്ളത്. നെല്ല്-പഴവർഗ്ഗങ്ങൾ-പച്ചക്കറി എന്നിവയുടെ ഉൽപ്പാദനത്തിനും-വിപണനത്തിനും നിരവധി ഇടപെടലുകൾ നഗരസഭ നടത്തിയെങ്കിലും കാര്യമായ മുന്നേറ്റമുണ്ടായിട്ടില്ല. എടുത്തു പറയാവുന്ന വ്യവസായങ്ങളില്ലാത്തത് പ്രധാനപോരായ്മയാണ്. കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുക, വിപണനമാർഗ്ഗങ്ങൾ ഉറപ്പാക്കുക, ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക എന്നിവക്കായി എന്തുചെയ്യാനാവും? മുട്ട-പാൽ-ഇറച്ചി-മത്സ്യം ഉൽപാദനത്തിലുണ്ടായ കുറവ് പരിഹരിക്കാൻ എന്തുചെയ്യാനാവും?

2. ജലസ്രോതസുകളും ജലസമ്പത്തും ഭീകരമായ വിനാശത്തിലാണ്. ശുദ്ധജല ലഭ്യത വലിയതോതിൽ കുറയുകയാണ്. ജലാശയങ്ങളും-തണ്ണീർതടങ്ങളും-കുളങ്ങളും മലിനമാക്കപ്പെടുകയും തർക്കപ്പെടുകപോലും ചെയ്യുന്നു. നെൽ കൃഷിയിടങ്ങൾ തരിശിട്ടതും മഴവെള്ളം സംഭരിക്കാതെ ഒഴുക്കികളയുന്നതും ജലസംരക്ഷണ പ്രവർത്തനങ്ങളിലെ പ്രധാനവെല്ലുവിളിയായും നിൽക്കുന്നു. ജലസംരക്ഷണവും ജലാശയങ്ങളുടെ സംരക്ഷണവും എങ്ങിനെസാധ്യമാക്കാം?

3 പ്രകൃതി വിഭവങ്ങളായ മണ്ണ്-ഭൂമി-ജലം- വായു ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണവും നിലനിൽപ്പും അപകടകരമായ ഭീഷണി നേരിടുന്നു. ഇത് നാടിന്റെ ആവാസ വ്യവസ്ഥയെ സാരമായി ബാധിക്കുന്നു. ഇതെങ്ങിനെപരിഹരിക്കാം.?

4. പുതിയ ജീവിതരീതികളും ഉപഭോഗ സംസ്കാരവും സൃഷ്ടിച്ച ഖര-ദ്രാവ മാലിന്യം ഇന്ന് നമ്മുടെ തലമുറയേയും വരുന്ന തലമുറയുടേയും ആരോഗ്യത്തിനും ജീവനും ഭീഷണിയുയർത്തുന്നു. ഇതെങ്ങിനെതരണം ചെയ്യണം?

5. ആരോഗ്യ-വിദ്യാഭ്യാസ-സേവനസംവിധാനങ്ങളുടെ വിപുലമായ ശൃംഖല നമുക്കുണ്ട്. എന്നാൽ കാലത്തിനനുയോജ്യമായ രൂപത്തിൽ ഇവയുടെ ഗുണനിലവാരം ഉറപ്പാക്കാനും സേവനം മെച്ചപ്പെടുത്താനും പൂർണ്ണ അർത്ഥത്തിൽ സാധ്യമായിട്ടില്ല. ഇത് എങ്ങിനെപരിഹരിക്കും.?

6. ജീവിത നിലവാരം പൊതുവെ ഉയർത്താൻ നമുക്കായിട്ടുണ്ടെങ്കിലും പട്ടികജാതി വിഭാഗങ്ങൾ, പിന്നോക്കക്കാർ, നിത്യരോഗികൾ, ഭിന്നശേഷിക്കാർ, കൂലിതൊഴിലാളികൾ, എന്നിങ്ങനെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ജീവിത അവസ്ഥ ഇപ്പോഴും പരിതാപകരമാണ്. ആഗോളവൽക്കരണ കാലഘട്ടം ഈ അസമത്വത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. ഈ വിഭാഗത്തിന്റെ ജീവിതനിലവാരമുയർത്തി മുഖ്യധാരയിലേ ക്കെത്തിക്കാൻ എന്തുചെയ്യാനാവും?

7. പുരുഷൻമാരെ പോലെയോ അതിൽ കൂടുതലൊ വിദ്യാഭ്യാസവും ആരോഗ്യവുമുള്ള ജനസംഖ്യയിലെ പകുതിവരുന്ന സ്ത്രീകളുടെ അവസ്ഥ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. സമ്പത്ത് കൈകാര്യം ചെയ്യുന്നതിൽ സാമൂഹ്യ പദവിയിലും തൊഴിൽരംഗത്തും കേരളം

വളർന്ന തോതിൽ ഇന്നും സ്ത്രീകൾക്കെത്താനാവുന്നില്ല. ഇത് എങ്ങിനെ മറികടക്കാനാവും?

8. വാണിജ്യം-സേവനരംഗങ്ങളിലാണ് ഇന്ന് നമ്മുടെ പുരോഗതി കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ മേഖല കൂടുതൽ കരുത്താർജിക്കണമെങ്കിൽ നഗരത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഇനിയും വികസിക്കേണ്ടതുണ്ട്. ഇതോടൊപ്പം ദ്രുതഗതിയിലുള്ള നഗരവൽക്കരണവും വാഹനപൊരുപ്പവും വലിയ വെല്ലുവിളിയാണ്. മെച്ചപ്പെട്ടതും കാലാനുസൃതമായ വിതിയോടുകൂടിയതുമായ പൊതു ഉൾ റോഡുകളും, ലിങ്ക് റോഡുകളും വേണ്ടത്ര വികസിച്ചിട്ടില്ല. വിനോദ സംവിധാനങ്ങളും-കാൽനടയാത്രക്കാർക്കുള്ള സൗകര്യങ്ങളും മെച്ചപ്പെട്ടില്ല. പാർക്കിംഗ് സംവിധാനങ്ങളും-ബസ്റ്റാന്റുകളും, ബസ്ബകളും-തെരുവ് വിളക്കും കാലാനുസൃതമായ മാറ്റം വരുത്തേണ്ടതുണ്ട്. സാംസ്കാരിക കേന്ദ്രങ്ങളെ വികസിപ്പിക്കേണ്ടതുണ്ട്. ഇതെങ്ങിനെസാധ്യമാവും?

9. സാമൂഹ്യ വികനത്തിന്റെ അതി ബൃഹത്തായ മേഖലകളെ വികസിപ്പിക്കുന്നതിന് അത്യന്താപേക്ഷിത മായിട്ടുള്ളത് പണത്തിന്റെ ലഭ്യതയാണ്. പുതിയ കാലത്തിനനുസൃതമായി വികസനപ്രക്രിയയിൽ ഇടപെടാനുള്ള വിഭവത്തിന്റെ കുറവ് എങ്ങിനെ പരിഹരിക്കാനാകും?

**വെല്ലുവിളികൾ നേരിടാവുന്ന രൂപത്തിൽ 14–ാം പദ്ധതി കാലത്തെ വികസനപരിപ്രേക്ഷ്യവും പൊതുലക്ഷ്യങ്ങളും ഇവയായിരിക്കും.**

എ) ഉൽപാദനമേഖലയുടെ സ്ഥായിയായ വളർച്ചക്ക് ഉതകുന്ന രൂപത്തിൽ ഭക്ഷ്യവിളകൾ, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉൽപാദനവും-സംസ്കരണവും-വിപണനവും മെച്ചപ്പെടുത്തുകയും ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.

ബി) പരിസ്ഥിതി-പ്രകൃതി-ആവാസവ്യവസ്ഥ പ്രകൃതിവിഭവങ്ങൾ-ജൈവവൈവിധ്യങ്ങൾ -ജലം എന്നിവ സംരക്ഷിക്കുന്നതിനും മാലിന്യസംസ്കരണത്തിനും ഊന്നൽ നൽകുക.

സി) മാനവ വിഭവ ശേഷിയുടെയും മനുഷ്യസംസ്കാരത്തിന്റെയും സമ്പൂർണ്ണ വികസനം ലക്ഷ്യം വെച്ച് ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, സംസ്കാരം എന്നിവ വികസിപ്പി ക്കുകയും ഈ സേവനസംവിധാനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുകയും ചെയ്യുക.

ഡി) പാർശ്വവൽക്കരിക്കപ്പെട്ട നഗരത്തിലെ പട്ടിണി പാവങ്ങൾ, പട്ടികജാതിക്കാർ, സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, നിത്യരോഗികൾ, ഭിന്നശേഷിക്കാർ, വിധവകൾ , ഭിന്നലിംഗക്കാർതുടങ്ങിയവർക്ക് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക.

ഇ) ജീവിത ഗുണനിലവാരം ഉയർത്തുന്നതിന് അടിസ്ഥാനസൗകര്യങ്ങളായ എല്ലാവർക്കും വീട്, കുടിവെള്ളം, വൈദ്യുതി, തെരുവുവിളക്കുകൾ, ശുചിത്വമുള്ള പരിസരം, മെച്ചപ്പെട്ട നടപ്പാതകൾ, ഗതാഗത സൗകര്യങ്ങൾ, ഉല്ലാസ കേന്ദ്രങ്ങൾ, പൊതു സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുക. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് താഴെ പറയും പ്രകാരം ഹ്രസ്വകാല-ദീർഘകാല ലക്ഷ്യങ്ങൾ 13-ാം പദ്ധതിക്കാലത്ത് നിറവേറ്റാനാണ് നഗരസഭ ശ്രമിക്കുക.

## എ) ഉൽപാദനമേഖല

| ദീർഘകാല ലക്ഷ്യം | ഹ്രസ്വകാല ലക്ഷ്യം |
|---|---|
| * കാർഷിക വസ്തുക്കളുടെ സംഭരണം സംസ്കര ണം വിപണനം എന്നിവക്ക് സംവിധാ നമുണ്ടാക്കൽ. | * നെൽകൃഷി, പച്ചക്കറി, കിഴങ്ങ് കൃഷി എന്നിവക്ക് പ്രോത്സാഹനം നൽകാൻ കർഷകർക്ക് ധനസഹാ യം നൽകൽ. |
| * മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കു ന്നതിന് പരിശീലനകേന്ദ്രവും നിർമ്മാ ണ യൂണിറ്റും ആരംഭിക്കൽ. | * തരിശുനിലങ്ങൾ കൃഷിയോഗ്യ മാക്കാൻ ഭൂ ബാങ്ക് രൂപീക രിക്കൽ. |
| * ഔഷധ സസ്യകൃഷി, ജൈവസമ്പ ത്തും ഉൽപ്പാദിപ്പിക്കും, കൃഷിക്ക് നേതൃ ത്വം നൽകൽ. | * തരിശുനിലകൃഷിക്കായി പാടശേഖര സമിതികൾ രൂപീകരിച്ച് ആവശ്യമായ സഹായം ലഭ്യമാക്കൽ. |
| * നഗരസഭയിലെ തരിശായി കിടക്കുന്ന മുഴുവൻ കൃഷി സ്ഥലങ്ങളും 5 വർഷ ത്തിനുള്ളിൽ കൃഷി യോഗ്യമാക്കൽ | * പച്ചക്കറി കൃഷി വ്യാപകമാക്കാനായി വിത്ത്, വളം, തൈ എന്നിവ വിതരണം ചെയ്യൽ. |
| * കാർഷിക സംസ്കൃതി തിരിച്ചു പിടിപ്പിക്കും.. | * ടെറസ് വീട്ടുമുറ്റ പച്ചക്കറി കൃഷിക്ക് പ്രത്യേകം പ്രാധാന്യം നൽകൽ. |
| * പച്ചക്കറി കൃഷിയിൽ ആധുനിക കൃഷിരീതികൾ 5 വർഷത്തിനകം നഗരസഭയിലാകെ നടപ്പാക്കൽ. | * കാർഷിക യന്ത്രവൽക്കരണം നടപ്പാ ക്കൽ |
| * വാഴപ്പഴത്തിന്റെ മാർക്കറ്റിംഗിനും മൂല്യ വർദ്ധിത ഉൽപന്ന നിർമാണത്തിനും പ്രത്യേകം യൂണിറ്റുകൾ ആരംഭിക്കൽ. | * സമഗ്ര വാഴപ്പഴ വികസനപദ്ധതി നടപ്പാ ക്കൽ. |
| * നഗരസഭയിലെ എല്ലാവീട്ടിലും നഗര സഭയിൽ ഉൽപ്പാദിപ്പിച്ച പാൽ വിപണനം ചെയ്യൽ. | * എല്ലാ വീടുകളിലും നാടൻ പോഷകാ ഹാരം വ്യാപിപ്പിക്കാൻ പ്രത്യേക പദ്ധതിയുണ്ടാക്കൽ. |
| * നല്ലയിനം കോഴികളെ ഉൽപാദിപ്പി ക്കുന്ന ഹാച്ചറികൾ നിർമിക്കൽ. നാടൻ കോഴിമുട്ട വിപണനയൂണിറ്റു ണ്ടാക്കൽ. | * പാൽ കർഷകരുടെ കൂട്ടായ്മകൾ ശ ക്തിപ്പെടുത്തി ഉൽപാദനവിപണനവും ശക്തിപ്പെടുത്തൽ |
| * ചെറുകിട വ്യവസായങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ. | * കോഴിമുട്ട ഉൽപാദനത്തിന് പ്രത്യേക പദ്ധതി രൂപീകരിക്കൽ. |
| | * മത്സ്യകൃഷി പ്രോത്സാഹിപ്പിക്കൽ |
| | * ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സംരംഭകത്വ പരിശീലനം വായ്പ- ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവ സംഘടിപ്പിക്കൽ. |

## ബി) പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം

| ദീർഘകാല ലക്ഷ്യം | ഹ്രസ്വകാല ലക്ഷ്യം |
|---|---|
| * നഗരസഭയിലെ തോടുകൾ, കുളങ്ങൾ എന്നിവ സമ്പൂർണ്ണമായി ബിത്തി കെട്ടി സംരക്ഷിക്കൽ. | * ജൈവ വൈവിധ്യ റജിസ്റ്റർ ഉണ്ടാക്കൽ. |
| * മഴവെള്ളം സംഭരിക്കാനായി നഗരസഭ യിലെ ബാക്കിവരുന്ന എല്ലാ കിണറുക ൾ റീചാർജ് ചെയ്യൽ. | * ജലാശയങ്ങളുടെയും കുടിവെള്ള പദ്ധതികളു ടെയും അടിയന്തിര അറ്റകുറ്റപണി നടത്തൽ. |
| * ജലാശയങ്ങളുടെ ആഴം വർദ്ധിപ്പിച്ചും പാടശേഖരണ ങ്ങളിലും തോടുകളിലും ചിറകളും, തടയണയും കെട്ടിജലം സംരക്ഷിക്കൽ. | * ജലസംരക്ഷണ ബോധവൽക്കരണ പരിപാടി നടപ്പാക്കൽ. |
| * മലിനജല ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭി ക്കൽ. | * എല്ലാവർക്കും അർബ്ബൺ കുടിവെള്ള കണക്ഷൻ നൽകൽ |
| * കക്കൂസ് കുഴികൾ ഒഴിവാക്കി ടൗൺ പ്ര ദേശത്തെ സെപ്റ്റിക് ടാങ്ക് സംവിധാ നം നടപ്പാക്കൽ. | * പ്രകൃതി വിഭവ ചൂഷണത്തിനെതിരെ നിയന്ത്ര നടപടി സ്വീകരിക്കൽ. |
| * നൂതനരീതിയിൽ നഗരസഭയിലാകെ വെള്ളമെത്തിക്കാൻ പുതിയ പദ്ധതി ആരംഭിക്കും. | * കിണർ റീചാർജ് ചെയ്യൽ. |
| * മാലിന്യസംസ്കരണ പ്ലാന്റിനോടൊപ്പം വിനോദ പാർക്ക് നിർമ്മിക്കൽ. | * മലിനജലം പുറത്തേക്ക് ഒഴുകുന്നത് തടയൽ. |
| | * എല്ലാ വീടുകളെയും വാണിജ്യ സ്ഥാപ നങ്ങളെയും ശുചിത്വ പദ്ധതിയുമായി ബന്ധിപ്പിക്കൽ. |
| | * മാലിന്യം ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങ ൾ കണ്ടെത്തി നടപടി സ്വീകരിക്കൽ. |
| | * 50 മൈക്രോൺ താഴെയുള്ള പ്ലാസ്റ്റിക്ക് കാരി ബാഗുകൾ നിരോധിക്കുൽ പകരം സംവിധാ നമൊരുക്കൽ |
| | * വിവാഹം, സൽക്കാരം, പൊതുപരി പാടികൾ എന്നിവയിൽ ഡിസ്പോസി ബിൾ ഐറ്റംസ് ഒഴിവാക്കി ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കൽ |
| | * സമ്പൂർണ്ണ ശുചിത്വത്തിനായുള്ള ബോധവൽ ക്കരണപരിപാടികൾ ആവിഷ്ക്കരിക്കൽ |

## സി) മാനവ വിഭവശേഷി വികസനം

| ദീർഘകാല ലക്ഷ്യം | ഹ്രസ്വകാല ലക്ഷ്യം |
|---|---|
| * ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റിയാക്കു ന്നതിന് പരിശ്രമിക്കൽ. | * നഗരസഭയിലെ സബ്ബ്സെന്ററുകൾ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഡോക്ടർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും സേവനം ഉറപ്പാക്കൽ. |
| * മെച്ചപ്പെട്ട ആരോഗ്യ സേവനം പാവപ്പെട്ടവർക്ക് ലഭ്യമാക്കാൻ പ്രത്യേക മെഡിക്കൽ ഫണ്ട് രൂപീകരിക്കൽ. | * സഞ്ചരിക്കുന്ന മെഡിക്കൽ പരിചരണ വിഭാഗം ഉണ്ടാക്കും, സൗജന്യ നിരക്കിൽ മരുന്ന് വിതരണ പദ്ധതി ആരംഭിക്കൽ. |
| * നഗരസഭയിലെ എല്ലാ പൊതു സ്കൂളുകളെയും മികവിന്റെ കേന്ദ്രമായി ഉയർത്തി ഹൈടെക്ക് വിദ്യാലയമാക്കൽ. | * ജീവിതശൈലി രോഗങ്ങൾക്കെതിരെ പ്രചരണം ശക്തമാക്കൽ. |
| * പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ പ്രവേശനം മെച്ചപ്പെടുത്തൽ. | * വിദ്യാലയങ്ങളുടെ അക്കാദമിക്ക് അന്തരീക്ഷം മെച്ച പ്പെടുത്താൻ പദ്ധതികൾ ആവിഷ്ക്കരി ക്കൽ. |
| * രക്ഷിതാക്കൾക്ക് തങ്ങളുടെ കുട്ടികളുടെ പഠനം സമയാസമയം അസസ് ചെയ്യുന്ന ഓൺലൈൻ സംവിധാനം നടപ്പാക്കൽ. | * സ്കൂളിനെഭൗതിക സൗകര്യങ്ങൾ വികസിപ്പിച്ച് മികവിന്റെ കേന്ദ്രമാക്കി മാറ്റൽ. |
| * നഗരസഭയിൽ കലാഗ്രാമം ആരംഭിക്കൽ. | * അംഗനവാടികളുടെ സൗകര്യം മെച്ചപ്പെടുത്തൽ. |
| * സ്ഥമലുള്ള ക്ലബ്ബുകൾക്ക മുൻഗണനാടിസ്ഥാനത്തിൽ കെട്ടിടം നിർമ്മിക്കൽ. | * എല്ലാ സ്കൂളുകൾക്കും അക്കാദമിക നിലവാരം ഉയർത്താൻ ആവശ്യമായ സഹായം നൽകൽ. |
| * ഇന്റോർ സ്റ്റേഡിയവും മൾട്ടിഫ്ളക്സ് തീയ്യറ്ററും നിർമ്മിക്കൽ. | * ക്ലബ്ബുകൾക്കും, വായനശാലകൾക്കും അടിയന്തിര സഹായം നൽകൽ. |
| | * തൊഴിൽ നൈപുണ്യ വികസനപദ്ധതി നടപ്പാക്കൽ. |
| | * പ്രത്യേക കായിക പരിശീലനപദ്ധതി നടപ്പാക്കൽ. |

## ഡി) പാർശ്വവൽകൃതരുടെ സമ്പൂർണ്ണ ക്ഷേമം

| ദീർഘകാല ലക്ഷ്യം | ഹ്രസ്വകാല ലക്ഷ്യം |
|---|---|
| * വയോജനങ്ങൾക്ക് മേഖലാടിസ്ഥാനത്തിൽ പകൽ വീടുകളും സമ്പൂർണ്ണ പുനരധിവാസ കേന്ദ്രവും ആരംഭിക്കൽ. | * അർഹരായ എല്ലാവർക്കും സാമൂഹ്യ ക്ഷേമ പെൻഷൻ നൽകൽ. |
| * ഡയാലിസിസ് യൂണിറ്റ് ആരംഭിക്കലും, കാൻസർ സഹായനിധി രൂപീകരിക്കലും. | * പ്രത്യേക വയോജനക്ഷേമ പദ്ധതി രൂപീകരിച്ച് നടപ്പാക്കൽ. |
| * ഹോംകെയറിന് സംവിധാനവും വിപുലവും കാര്യക്ഷമമാക്കൽ. | * നിത്യരോഗികൾക്കുള്ള ഗൃഹപരിചരണം കൂടുതൽ കാര്യക്ഷമമാക്കൽ. |
| * കുട്ടികൾക്കായി സിമിംഗ്പൂൾ നിർമ്മിക്കൽ. | * നിത്യരോഗികൾക്ക് സൗജന്യ മരുന്ന് വിതരണം ചെയ്യൽ. |
| * വനിതകൾക്കായി ടൗണിൽ ഷീ സ്റ്റേയും വനിത റിട്ടയറിംഗ് സെന്ററും ആരംഭിക്കൽ. | * കുട്ടികൾക്കായി പ്രത്യേകം ക്ഷേമ പദ്ധതിയും കായിക- നീന്തൽ പരിശീലനവും നൽകൽ. |
| * സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകളും പ്രത്യേക ഇടങ്ങളും നിർമ്മിക്കൽ. | * വനിതകൾക്കായി തൊഴിൽ പരിശീലനം- തൊഴിൽ യൂണിറ്റുകൾ, കായിക പരിശീലന ങ്ങൾ എന്നിവ നൽകൽ. |
| * പട്ടികജാതി കോളനി നവീകരണ പദ്ധതി നടപ്പാക്കൽ.. | * നിയമ സഹായ പദ്ധതി കാര്യക്ഷമമാക്കൽ |
| * ഭിന്നശേഷിക്കാർക്കും- ഭിന്നലിംഗക്കാർക്കും പ്രത്യേക തൊഴിൽ യൂണിറ്റുകൾ ആരംഭിക്കൽ. | * വിധവകൾക്ക് പ്രത്യേകം പുനരധിവാസ പദ്ധതി നടപ്പാക്കൽ. |
| * ഭിന്നശേഷിക്കാർക്കായി ഷെൽട്ടർ ഹോം പണിയൽ. | * ഭിന്നശേഷിക്കാർക്ക് പ്രതിമാസ ബത്തയും തൊഴിൽ പദ്ധതിയും നടപ്പാക്കൽ. |
| | * പട്ടികജാതിക്കാരുടെ വികസനത്തിനായി ആരോഗ്യം-വിദ്യാഭ്യാസം-ക്ഷേമ മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക സഹായ പദ്ധതി ആവിഷ്ക്കരിക്കൽ. |

### ഇ) പശ്ചാത്തല സൗകര്യ വികസനം

| ദീർഘകാല ലക്ഷ്യം | ഹ്രസ്വകാല ലക്ഷ്യം |
|---|---|
| * നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി ഉടൻ പൂർത്തീകരിക്കൽ. | * പുതിയ ലിങ്ക് റോഡുകൾ നിർമ്മിക്കൽ. |
| * നഗര സൗന്ദര്യവൽക്കരണം നടപ്പാക്കൽ | * ഒരാടംപോലം-മാനത്തുമംഗലം ബൈപാസ് യാഥാർത്ഥ്യമാക്കാൻ ശ്രമിക്കൽ. |
| * നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ കാര്യക്ഷമമാക്കൽ. | * ടൗണിലെ മുനിസിപ്പൽ റോഡുകൾ വീതികൂട്ടൽ. |
| * ടൗണിലെ നടപ്പാതകൾ നവീകരിക്കൽ. | * എല്ലാ സ്ട്രീറ്റ് ലൈറ്റുകളും എൽ.ഇ. ഡിാക്കൽ. |
| * ബസ്സ്റ്റാന്റ് -ബസീബ നവീകരിക്കൽ. | * പുതിയ ബസ്റ്റാന്റ് നിർമ്മിക്കൽ. |
| * എല്ലാവർക്കും വീട് പദ്ധതി നടപ്പാക്കൽ. | * ആധുനിക മാർക്കറ്റ് കോംപ്ലക്സ് പണിയൽ |
| * ഭൂരഹിതരായവർക്ക് ആശ്രയവില്ലേജ് നിർമ്മിക്കൽ. | * ഉല്ലാസപാർക്ക് നിർമ്മിക്കൽ. |
| | * സോളാർ പ്ലാന്റ് സ്ഥാപിക്കൽ |

ഇവിടെ വിവരിച്ച ലക്ഷ്യങ്ങൾ ഓരോ വികസനമേഖലയിലും നടപ്പാക്കാനുതകുന്ന വികസനനയ സമീപനം ഉപസംഹാരമായി ഇവിടെ കുറിക്കുന്നു.

## 1– കൃഷി

2000ത്തിൽ കാർഷിക മേഖലയിൽ നഗരസഭ-5 ലക്ഷം രൂപ ധനസഹായമാണ് നൽകിയിരുന്നത്. എന്നാൽ 2016 ഒരു കോടിയോളം രൂപ കാർഷിക മേഖലക്ക് നീക്കിവെച്ചത് ആ മേഖലയിലെ ഉണർവിനു കാരണമായിട്ടുണ്ട്. പെരിന്തൽമണ്ണ നഗരസഭ പ്രദേശമാണെങ്കിലും ഭൂരിഭാഗം മേഖലയും ഇന്നും കൃഷിയോഗ്യമാണ്. കൃഷിഭൂമിയുടെ 60 ശതമാനവും നെൽകൃഷിക്ക് യോജ്യമാണ്. എന്നാൽ ഇതിൽ അധികവും ഇപ്പോൾ തരിശായി കിടക്കുന്നു. ഈ തരിശുനിലങ്ങളിൽ മുഴുവനായും നെൽകൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കണം. വാഴ, കപ്പ, ചേമ്പ്, ചേനമറ്റു പച്ചക്കറികൾ, കുരുമുളക് എന്നിവയാണ് നഗരസഭാ പ്രദേശത്തെ മറ്റു കൃഷികൾ ഈ കൃഷികളുടെ വ്യാപ്തിയും വർദ്ധിപ്പിക്കണം.

കാർഷിക ഉൽപന്നങ്ങൾക്ക് വേണ്ടത്ര വില ലഭിക്കാത്തതും ഉൽപാദനചിലവിന്റെ വർദ്ധനവുമാണ് കാർഷിക മേഖല നേരിടുന്ന പ്രധാനപ്രതിസന്ധി. ഇതു പരിഹരിക്കാനായി കാർഷിക സംഭരണം-സംസ്കരണം-വിപണനം എന്നിവ നടത്തുന്നതിന് പ്രത്യേക സംവിധാനം ഈ പദ്ധതികാലത്ത് കൊണ്ടുവരണം. യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കും. പ്രത്യേക കാർഷിക

കർമ്മസേനരൂപീകരിച്ച തൊഴിലാളികളുടെ ലഭ്യതയും ആധുനിക യന്ത്ര സംവിധാനവും കർഷകർക്ക് ലഭ്യമാക്കും. നഗരസഭ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന ജീവനം പദ്ധതിയുമായും- സംസ്ഥാനഗവൺമെന്റിന്റെ ഹരിതകേരളം പദ്ധതിയുടെ യോജിപ്പ് ഈ പദ്ധതികൾ കാര്യക്ഷമമാക്കും.

## 2 – മൃഗപരിപാലനം

മൃഗപരിപാലനരംഗത്ത് സംയോജനസമീപനം ഇന്ന് നഗരസഭയിലില്ല. പശു-കോഴി-ആട്-എന്നിവ വളർത്തുന്നത് നഗരപ്രാന്തത്തിലെ സാധാരണക്കാരും പാവപ്പെട്ടവരുമാണ്. ഇത് സാമ്പ്രദായികമായ ഒരു തൊഴിൽ സംസ്കാരത്തിന്റെ ഭാഗം മാത്രമാണ്. ഓരോ വർഷവും ഈ രംഗത്ത് സംരംഭകരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

ക്ഷീര-കോഴി കർഷകരെയാകെ സംയോജിപ്പിച്ച് സമഗ്രമായ ഒരു പദ്ധതി 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിക്കേണ്ടതുണ്ട്. നഗരസഭയുടെ നല്ലൊരു പ്രദേശം ക്ഷീരോൽപാദനത്തിനും കോഴിമുട്ട ഉൽപാദനത്തിനും അനുയോജ്യമാണ്. നിലവിലുള്ള ക്ഷീരകർഷകർക്കു പുറമെ 500 കുടുംബങ്ങളെകൂടി ഈ രംഗത്തേക്ക് എത്തിച്ച് നഗരസഭയിൽ വേണ്ട പാലിന്റെ മുഴുവൻ ഭാഗവും ഇവിടെ ഉൽപാദിപ്പിച്ച് വിപണനം ചെയ്യുന്ന പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണം. കോഴിമുട്ട ഉൽപാദനവും കുടുംബശ്രീ യൂണിറ്റുകളെ സംയോജിപ്പിച്ച് പ്രത്യേക പദ്ധതിയായി തുടങ്ങും. മത്സ്യ വളർത്തലിന് അനുയോജ്യമായ നിരവതി ജലാശയങ്ങൾ നഗരസഭയിലുണ്ട്. ഇവയിൽ 100 എണ്ണം തിരഞ്ഞെടുത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം. പാൽ-മുട്ട-മാംസം എന്നിവയുടെ വിപണനത്തിന് പ്രത്യേക സംവിധാനത്തോടെ ഫലപ്രദമായ ഒരു മാർക്കറ്റിംഗ് ശൃംഖല പടുത്തുയർത്തണം. നഗരസഭയുടെ ജീവനം പദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കണം.

## 3 – ജലസംരക്ഷണം

നഗരസഭയിൽ വൻതോതിൽ ജലവിഭവം നൽകുന്ന വലിയ പുഴകളൊ തടാകങ്ങളൊ ഇല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരിമിതമായ ജലാശയങ്ങളാണ്. ശുദ്ധജലത്തിനായി കട്ടുപ്പാറയിലെ തടയണയെയാണ് നാം ആശ്രയിക്കുന്നത്. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി പ്രാവർത്തികമാക്കണം..

നഗരസഭയിലെ മൂന്ന് തോടുകൾ സർവ്വെ ചെയ്ത് വശങ്ങൾ കെട്ടി ആഴംകൂട്ടി ആവശ്യമായിടത്തെല്ലാം തടയണ നിർമ്മിച്ച് സംരക്ഷിക്കണം. 20ലേറെ പൊതു കുളങ്ങളുടെയും 70ഓളം സ്വകാര്യ കുളങ്ങളുടെയും സംരക്ഷണം പരമപ്രധാനമാണ്. തോടുകളിൽ കക്കൂസ് മാലിന്യങ്ങൾ കലരുന്ന സാഹചര്യം ഇല്ലാതാക്കണം. നഗരസഭ പ്രദേശത്ത് സെപ്റ്റിക് ടാങ്കുകൾ നിർബന്ധമാക്കണം. മലിനജലം ജലാശയത്തിലേക്ക് ഒഴുക്കിവിടുന്നത് കർശനമായി തടയണം. എല്ലാ കിണറുകളും റീചാർജ് ചെയ്ത് മഴവെള്ളം സംഭരിക്കണം. ഇതിനായി ജീവനം പദ്ധതിയും സർക്കാരിന്റെ ശുജലം-സുഫലം പദ്ധതി -തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കും.

## 4 – ചെറുകിട സംരംഭങ്ങൾ

നഗരസഭയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ നാമമാത്രമാണ്. കാർഷിക മേഖലയുമായും ആധുനിക ഉപകരണ നിർമാണവുമായി ബന്ധിപ്പിച്ചും നിരവധി സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ സൗകര്യമൊരുക്കണം. ടെക്സ്റ്റൈൽസ്-മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമാണം, ആശുപത്രികൾ കേന്ദ്രീകരിച്ചുള്ള ടെക്സ്റ്റൈൽസ് നിർമ്മാണം എന്നീ മേഖലകളിൽ ചെറുകിട സംരംഭങ്ങൾ ഉയർത്തികൊണ്ടുവരാൻ നഗരസഭയുടെ പ്രത്യേക ശ്രദ്ധയുണ്ടാകും. 25 വ്യവസായ യൂണിറ്റുകളുണ്ടെങ്കിലും ഒരു വർഷത്തിനകം സ്ഥാപിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉണ്ടാവും.

## 5 – ദാരിദ്ര്യ ലഘൂകരണം – ചേരി പരിഷ്ക്കരണം

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിനായി ദാരിദ്ര്യ ലഘൂകരണ ഉപ പദ്ധതി തയ്യാറാക്കും. നഗരസഭയിൽ 10 ശതമാനം കുടുംബങ്ങൾ സമ്പൂർണ്ണ ദരിദ്രരാണ്. ഇവർക്കാവശ്യമായ പാർപ്പിടം, കുടിവെള്ളം, വൈദ്യുതി മറ്റു പശ്ചാത്തല സൗകര്യങ്ങൾ എന്നിവ ഒരുക്കികൊടുക്കുക, ഭൂരഹിതരാണെങ്കിൽ ഭൂമിയും വീടും നൽകുക, ജീർണ്ണിച്ച വീട്ടിൽ താമസിക്കുന്നവരുടെ വീട് പുനരുദ്ധാരണത്തിന് സഹായം നൽകുക. തൊഴിൽ പദ്ധതിയും, തൊഴിൽ പരിശീലനവും നൽകുക. ചെറുകിട തൊഴിലുകളിലേക്ക് റിക്രൂട്ടിംഗ് സെന്റർ തുടങ്ങുക. നഗരത്തിലെ പ്രധാനസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ഇവരുടെ തൊഴിൽ ഉറപ്പാക്കുക എന്നിവയാണീ പദ്ധതിക്കാലത്തെ പ്രധാനസമീപനങ്ങൾ.

## 6 – സാമൂഹ്യനീതി

**എ – കുട്ടികൾ**

കുട്ടികളുടെ ആരോഗ്യം, പോഷകാഹാരം, പ്രീപ്രൈമറി വിദ്യാഭ്യാസം, അംഗനവാടികളുടെ ഗുണമേന്മ വർദ്ധിപ്പിക്കൽ എന്നിവക്ക് ഊന്നൽ നൽകികൊണ്ട് ബാലസൗഹൃദ നഗരസഭയാക്കാൻ പദ്ധതിക്കാലത്ത് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കും. കുട്ടികളുടെ കല-കായിക-സർഗാത്മക വികസനത്തിനുതകുന്ന ഗ്രൗണ്ടുകൾ, നീന്തൽകുളങ്ങൾ, പരിശീലനകേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കും. ബാലസഭകൾ, സജീവമാക്കും. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കും. അംഗനവാടികളുടെ ആധുനികവൽക്കരണം സമയബന്ധിതമായി നടപ്പാക്കും.

### ബി–വൃദ്ധർ

വയോജനങ്ങളുടെ സമ്പൂർണ്ണ ക്ഷേമം ലക്ഷ്യം വെച്ച് നഗരസഭ രൂപീകരിച്ച സൂര്യസീനിയർ സിറ്റിസൺ ഫോറത്തിന്റെ നേതൃത്വത്തിൽ വയോജനങ്ങൾക്കായി സർഗാത്മക കൂട്ടായ്മകൾ ഉണ്ടാകണം. വയോജനങ്ങൾക്ക് ഒത്തുചേരാനുള്ള പൊതു ഇടങ്ങൾ ഇന്ന് കുറവാണ്. ഇത് പരിഹരിക്കാനായി 6 മേഖലകളിൽ പകൽ വീടുകൾ തുടങ്ങും. കാഞ്ഞിരക്കുന്നിൽ വയോജനപുനരധിവാസകേന്ദ്രം ആരംഭിക്കും. വയോജനആരോഗ്യം-വിനോദം-എന്നിവക്കായി പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കും. 60 വയസിനു മുകളിലുള്ള വയോജനങ്ങളെ ചികിത്സിക്കാനായി സഞ്ചരിക്കുന്ന ക്ലീനിക്ക് വാർഡ്സേവാകേന്ദ്രങ്ങളിൽ എത്തും. സമ്പൂർണ്ണ വയോജനക്ഷേമം ഉറപ്പാക്കാൻ ഇളംതലമുറയിൽ ബോധവൽക്കരണമുൾപ്പെടെ പദ്ധതികൾക്ക് രൂപം നൽകും.

### സി–ഭിന്നശേഷിയുള്ളവർ

ശാരീരിക-മാനസിക ഭിന്നശേഷിയുള്ളവർക്കായി നഗരസഭ ആവിഷ്ക്കരിച്ച സാന്ത്വനം പദ്ധതി കൂടുതൽ കാര്യക്ഷമമാക്കും. ശാരീരിക-മാനസിക ഭിന്നശേഷിക്കാരുടെ നഗരസഭാതല പട്ടിക തയ്യാറാക്കി പ്രത്യേക ഘടക പദ്ധതി രൂപീകരിക്കും. പ്രത്യേക തൊഴിൽ പദ്ധതി, പ്രതിമാസ അലവൻസ് കാര്യക്ഷമമാക്കൽ, കാഞ്ഞിരക്കുന്നിൽ ഭിന്നശേഷിക്കാർക്കായി സമഗ്ര ആരോഗ്യ-മാനസിക പുനരധിവാസകേന്ദ്രവും ബഡ്സ് സ്കൂളും നിർമിക്കുന്നതിന് പ്രത്യേക പരിഗണനനൽകും. ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കും.

### ഡി–ഭിന്നലിംഗക്കാർ

നഗരസഭ പ്രദേശത്ത് 20ൽ താഴെ ഭിന്നലിംഗക്കാരാണുള്ളത്. ഇവരെ സമൂഹം അവജ്ഞ യോടെ കാണുന്നു എന്നതാണ് പ്രധാനപ്രശ്നം. ഇത് പരിഹരിക്കാനായുള്ള പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കും. നഗരസഭാ പരിപാടികളിൽ ഭിന്നലിംഗക്കാർക്ക് പ്രത്യേകം പരിഗണനനൽകും. ഭിന്നലിംഗക്കാരുടെ പ്രത്യേകതകളെ കുറിച്ച് സമൂഹത്തെ ബോധവൽ ക്കരിക്കും. ഭിന്നലിംഗക്കാർക്കായി പ്രത്യേക തൊഴിൽ–പുനരധിവാസ പദ്ധതി നടപ്പാക്കും.

## 7 – വനിതാ വികസനം

നഗരസഭയിലെ ജനസംഖ്യയിൽ പകുതിയിലതികവും വനിതകളാണ്. വിദ്യാഭ്യാസ-സാമൂഹ്യരംഗത്ത് സ്ത്രീ പങ്കാളിത്തം കഴിഞ്ഞകാലത്ത് മികച്ച തോതിൽ ഉയർത്താനായി. എന്നാൽ തൊഴിൽ രംഗത്തും, സമ്പത്ത് കൈകാര്യം ചെയ്യുന്നതിലും ഇന്നും 70 ശതമാനം സ്ത്രീകളും പങ്കാളികളല്ല. ഇത് പരിഹരിക്കാനായി നഗരസഭ നടത്തുന്ന ജാഗ്രത പദ്ധതി വിപുലീകരിക്കും. സമ്പൂർണ്ണ സ്ത്രീ ശാക്തീകരണത്തിനുതകുന്ന തൊഴിൽ പരിശീലനം, തൊഴിൽ പദ്ധതി, കായിക പരിശീലനം എന്നിവക്കായി പ്രത്യേകം പദ്ധതികൾ ആവഷ്ക്കരിക്കും. സ്ത്രീകൾക്കായുള്ള പ്രത്യേക വിശ്രമ കേന്ദ്രങ്ങൾ, താമസ സൗകര്യം, സ്ത്രീ സൗഹൃദ ടോയ്ലറ്റുകൾ, മുലയൂട്ടുന്ന അമ്മമാർക്കായുള്ള സൗകര്യങ്ങൾ എന്നിവ ഒരുക്കും. പൊതു ഇടങ്ങളെ സ്ത്രീ സൗഹൃദമാക്കാൻ പ്രത്യേകം പദ്ധതി ആവിഷ്ക്കരിക്കും.

## 8 – പട്ടികജാതി വികസനം

609 പട്ടികജാതി വീടുകളിലായി 5000 ഓളം പട്ടികജാതിക്കാർ അധിവസിക്കുന്ന നഗരസഭയിൽ 10% പട്ടികജാതിക്കാരാണ്. കോളനികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ആരോഗ്യം, വിദ്യാഭ്യാസം, ഉൽപാദനപ്രവർത്തനങ്ങൾ എന്നിവയിൽ പട്ടികജാതിക്കാരെ ഉൾകൊള്ളിച്ച് പ്രത്യേക പദ്ധതി രൂപീകരിക്കും. പട്ടികജാതി വീടുകളുടെ ശോചനീയാവസ്ഥതയും കോളനികളുടെ അടിസ്ഥാനസൗകര്യവും വികസിപ്പിക്കാനായി പ്രത്യേകം കോളനി നവീകരണ പദ്ധതിക്ക് രൂപം നൽകും.

## 9 – ആരോഗ്യം

ആരോഗ്യരംഗത്ത് നിരവധി സംവിധാനങ്ങൾ നിലവിലുള്ള പട്ടണമാണ് പെരിന്തൽമണ്ണ. 4 സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലടക്കം 12 ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. അതോടൊപ്പം ജില്ലാ ആശുപത്രി, 6 സബ്സെന്ററുകൾ ഒരു അർബ്ബൺ ഹെൽത്ത് സെന്റർ എന്നിവ പൊതുരംഗത്തുമുണ്ട്. ഈ സംവിധാനങ്ങളെയെല്ലാം ഏകോപിപ്പിച്ച് മികച്ച ആരോഗ്യസേവനം ജനങ്ങൾക്ക് ലഭ്യമാക്കാനായുള്ള പ്രത്യേക പദ്ധതിക്ക് രൂപം നൽകും. സബ്സെന്ററുകളുടെ സൗകര്യം മെച്ചപ്പെടുത്തി ആഴ്ചയിൽ രണ്ടുദിവസം ഡോക്ടറുടെ സേവനം ലഭ്യമാക്കും. അർബ്ബൺ ഹെൽത്ത് സെന്ററിന് സ്ഥിരം കെട്ടിടം പണിയും. പാലിയേറ്റീവ് പരിചരണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കി നിത്യരോഗി പരിചരണം ഉറപ്പാക്കും. ഹോമിയോ-ആയുർവേദ-നഗരാരോഗ്യ കേന്ദ്രത്തിന് പ്രത്യേകം കെട്ടിടം പണിത് ചികിത്സാ മേഖലകളെ ഏകോപിപ്പിക്കും. ഹോമിയോ-ആയുർവേദ മെഡിക്കൽ ക്യാമ്പുകൾ സാർവത്രികമാക്കുവാൻ സർക്കാർ നടപ്പാക്കുന്ന ആർദ്രം മിഷനുമായി സംയോജിപ്പിക്കും.

## 10 – ശുചിത്വം – മാലിന്യസംസ്കരണം

ശുചിത്വ പദ്ധതിക്കായി നഗരസഭ പ്രത്യേകം ആവിഷ്ക്കരിച്ച ജീവനം പദ്ധതിയും സർക്കാറിന്റെ ഹരിതകേരളമിഷനും സംയോജിപ്പിച്ച് നഗരത്തിന്റെ സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കാനുള്ള നടപടികൾക്ക് മുൻതൂക്കം നൽകും. തോടുകൾ-ജലാശയങ്ങൾ, പൊടുഇടങ്ങൾ, വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവ പൂർണ്ണമായും മാലിന്യമുക്തമാക്കാനായി തുടർച്ചയുള്ളതും സ്ഥായിയായതുമായ പദ്ധതികൾ ആവിഷ്ക്കരിക്കും. എല്ലാ വീടുകളെയും വാണിജ്യ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന സമഗ്രമാലിന്യ ശേഖരണ-ശുചിത്വ പദ്ധതി നടപ്പാക്കും. ശുചിത്വപാലനത്തിൽ ജനകീയ അവബോധമുണ്ടാക്കാൻ മൂന്നുമാസം കുടുമ്പോൾ പ്രചരണ പരിപാടികൾ സംഘടിപ്പിക്കും. ജനകീയ ശുചിത്വ വിദ്യാഭ്യാസ ക്യാമ്പയിൻ സംഘടിപ്പിക്കും. ഖരമാലിന്യ പ്ലാന്റ് പ്രവർത്തനം കാര്യക്ഷമമാക്കി സമീപത്ത് നോളേജ് എന്റർടൈമെന്റ് പാർക്കുകൂടി സ്ഥാപിക്കും. ദ്രവമാലിന്യ സംസ്കരണത്തിന് സമഗ്ര പദ്ധതി തയ്യാറാക്കും.

## 11 – വിദ്യാഭ്യാസം, കലാസംസ്കാരം, കായികം, യുവജനക്ഷേമം

വിദ്യാഭ്യാസരംഗത്ത് 17 പൊതുവിദ്യാലയങ്ങളാണ് നഗരസഭയിലുള്ളത്. ഇതിൽ 6 എണ്ണം സർക്കാർ വിദ്യാലയങ്ങളും ബാക്കി 11 എയ്ഡഡ് വിദ്യാലയങ്ങളുമാണ്, വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ മികവുറ്റതാക്കുന്നതിന് മുൻഗണനനൽകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കും. ഇ.എം.എസ് വിദ്യാഭ്യാസ കോംപ്ലക്സിനെമികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാൻ പ്രത്യേകം പദ്ധതി തയ്യാറാക്കും. ഇതിന് സർക്കാർ നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും നഗരസഭയുടെ വിജയപഥം പദ്ധതിയേയും സംയോജിപ്പിക്കും. അക്കാഡമിക്ക് നിലവാരം ഉയർത്താൻ പ്രത്യേകം പദ്ധതിയായി വിജയപഥത്തെ ഉയർത്തും.

കലാ-സാംസ്കാരിക-കായിക-യുവജനരംഗത്തെ പ്രവർത്തനങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകും. വള്ളുവനാടിന്റെ സാംസ്കാരിക പൈതൃകം കൂടുതൽ അനാവരണം ചെയ്യുന്ന വള്ളുവനാട് മഹോത്സവം സംഘടിപ്പിക്കും. മഹാനായ സാഹിത്യകാരൻ ചെറുകാടിന്റെ പേരിൽ വള്ളുവനാട് കലാഗ്രാമം അഞ്ച് ഏക്കർ സ്ഥലത്ത് യാഥാർത്ഥ്യമാക്കും. ക്ലബ്ബുകൾക്കും- വായനശാലകൾക്കും അവയുടെ പ്രവർത്തനമികവ് പരിശോധിച്ച് ആവശ്യമായ സഹായങ്ങൾ നൽകും. സമൂഹത്തിലെ കലാ-കായിക-യുവജനക്ഷേമ പ്രവർത്തനങ്ങളുടെ പരിശീലനകേന്ദ്രമാക്കി ക്ലബ്ബുകളെയും വായനശാലകളെയും മാറ്റും. കലാ-കായികരംഗത്ത് പ്രതിഭകളെ വാർത്തെടുക്കാൻ പ്രത്യേക പരിശീലനപദ്ധതി ആരംഭിക്കും.

## 12 – കുടിവെള്ളം

കുടിവെള്ള വിതരണം കാര്യക്ഷമമാക്കാൻ അർബ്ബൺ കുടിവെള്ള പദ്ധതി നവീകരിക്കും. നഗരത്തിലെ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തിനായി സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്കായി ഡി.പി.ആർ തയ്യാറാക്കും. നിലവിൽ 3.5 എം.എൽ.ഡി വെള്ളമാണ് നഗരത്തിലേക്ക് കട്ടുപ്പാറയിൽ നിന്നും പമ്പ്ചെയ്യുന്നത്. ഇത് എല്ലാ വീട്ടിലും വെള്ളമെത്തി ക്കാനായി 10 എം.എൽ.ഡിയാക്കി ഉയർത്തും. നിലവിലെ കാലപഴക്കം ചെന്ന മുഴുവൻ എ.സി പൈപ്പുകളും മാറ്റി ജി.ഐ പൈപ്പുകളാക്കും. നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക എന്ന പ്രത്യേക ലക്ഷ്യംവെച്ച് രാമൻചാടി പുഴയിൽ നിന്നും അലിഗഢ് ക്യാമ്പസ് വഴി വെള്ളമെത്തിക്കുന്ന പുതിയ പമ്പ് ഹൗസിന് പദ്ധതി തയ്യാറാക്കും. കിഫ്ബിയുടെ സഹായത്തോടെ പദ്ധതി നടപ്പാക്കും. ഉൾനാടൻ കുടിവെള്ള പദ്ധതികൾ ശക്തിപ്പെടുത്തും.

## 13 – പാർപ്പിടം

നഗരത്തിലെ മുഴുവൻ പേരുടെയും പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി എല്ലാവർക്കും വീട് എന്ന പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കും. പ്രധാനമന്ത്രി ആവാസ്

യോജനലൈഫ് പദ്ധതികളുമായി സംയോജിപ്പിക്കും. ഗുണഭോക്താക്കളുടെ ഡാറ്റാ ബാങ്ക് പ്രത്യേകം തയ്യാറാക്കും. ഭൂരഹിതരായവർക്ക് വീടുവെക്കുന്നതിനായി പ്രത്യേക ആശ്രയ വില്ലേജ് ഉണ്ടാക്കും. ഇതര സംസ്ഥാനതൊഴിലാളികളുടെ പാർപ്പിടം കാര്യക്ഷമമാക്കും.

## 14 – പൊതുമരാമത്ത് – ഊർജ്ജം

പൊതുമരാമത്ത് പ്രവർത്തികളുടെ നിലവാരം ഉയർത്തുന്നതിന് പ്രത്യേകം ശ്രദ്ധയൂന്നും. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഗതാഗതം സുഗമമാക്കും. ടൗൺ കേന്ദ്രീകരിച്ചുള്ള മുനിസിപ്പൽ റോഡുകൾ വീതികൂട്ടുന്നതിന് പദ്ധതി തയ്യാറാക്കും. ജനങ്ങൾക്ക് ഉപകാരപ്രദവും അത്യാവശ്യവുമായ റോഡുകൾ പുതുതായി നിർമ്മിക്കും.

തെരുവുവിളക്കുകൾ എല്ലായിടത്തും സമഗ്രമാക്കും. നഗരസഭയിലെ സംസ്ഥാന ദേശീയപാതയിലെ തെരുവ് വിളക്കിന്റെ നിലവാരം മെച്ചപ്പെടുത്തുകയും സമഗ്രമാക്കുകയും ചെയ്യും. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തി വൈദ്യുത ബിൽ ക്രമീകരിക്കും. എല്ലാ തെരുവ് വിളക്കുകളും എൽ.ഇ.ഡി ആക്കുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കും. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കും. സോളാർ സംവിധാനം ഏർപ്പെടുത്തും.

## 15 – നഗരാസൂത്രണം

നിലവിലുള്ള സമഗ്ര മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പാക്കും. ദ്രുതഗതിയിൽ വളരുന്ന പട്ടണമെന്ന നിലയിലും ദിവസേനഒരു ലക്ഷത്തിൽപരം ജനങ്ങൾ ആശ്രയിക്കുന്ന പട്ടണമെന്ന നിലയിലും നഗരത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ പ്രത്യേകം പദ്ധതി തയ്യാറാക്കി 13-ാം പദ്ധതികാലത്ത് നടപ്പാക്കും. നടപ്പാതകളുടെ നവീകരണം, ആധുനിക മാർക്കറ്റിംഗ് കോംപ്ലക്സ്, ബസ്റ്റാന്റ്, വിനോദപാർക്ക്, ടോയ്ലറ്റ്-പാർക്കിംഗ് സൗകര്യങ്ങ എന്നിവക്കായി ഡി.പി.ആർ തയ്യാറാക്കും. കിഫ്ബിയുമായി സഹകരിച്ച് പദ്ധതികൾ നടപ്പാക്കും.

## അദ്ധ്യായം – 3

# വിഭവ സമാഹരണം

പ്രാദേശിക വികസനത്തിന്റെ പ്രധാനമേഖലകളിലെല്ലാം ഇടപെടാനുള്ള അധികാരം ജനകീയാസൂത്രണ പ്രസ്ഥാനം വഴി കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇവ അത്രയും നിർവഹിക്കണമെങ്കിൽ ആവശ്യമായ വിഭവം വേണം. തങ്ങളിൽ അർപ്പിതമായ സേവനങ്ങൾ ജനങ്ങൾക്കും നാടിനും തൃപ്തികരമായ രൂപത്തിൽ വിനിയോഗിക്കാൻ പാകത്തിൽ ഫണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ പക്കലില്ല എന്നത് ഒരു സുപ്രധാനവെല്ലുവിളിയാണ്.

2006ൽ കേന്ദ്രഗവൺമെന്റ് നിയോഗിച്ച ഷ&ഷ, കമ്മിറ്റി റിപ്പോർട്ട് പ്രകാരം വികസ്വര രാജ്യങ്ങളിൽ മൊത്തം സർക്കാർ ചിലവിന്റെ 28% പ്രാദേശിക സർക്കാരുകൾ നിർവഹിക്കുമ്പോൾ ഇന്ത്യയിലിത് കേവലം 4.39% മാത്രമാണ്. കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം പദ്ധതി വിഹിതത്തിന്റെ 20 ശതമാനം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയത് ഈ സാഹചര്യത്തിൽ നോക്കുമ്പോൾ വലിയ നേട്ടം തന്നെയാണ്. കേന്ദ്രഗവൺമെന്റ് തദ്ദേശ ഭരണകൂടങ്ങൾക്ക് കാര്യമായ നികുതി വിഹിതമോ ഫണ്ടോ നൽകുന്നില്ലെന്ന പോരായ്മ നിലനിൽക്കുന്നു. സ്വന്തം നിലയിൽ വിഭവസമാഹരണം നടത്തുന്നതിന് നിരവതി പ്രയാസങ്ങൾ നിലനിൽക്കുന്നു. ഇങ്ങനെയുള്ള വെല്ലുവിളികളും പരിമിതികളും നിലവിലുണ്ടെന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടുതന്നെ ഇവയെല്ലാം മുറിച്ചുകടന്ന് സാധ്യതകൾ പരമാവതി പ്രയോജനപ്പെടുത്താനാണ് 14-ാം പദ്ധതികാലത്ത് നഗരസഭ ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് നഗരസഭയിൽ അർപ്പിതമായ കടമ നിർവഹിക്കുന്നതിന് സാധ്യമായ മാർഗ്ഗങ്ങൾ അവലംഭിക്കേണ്ടതുണ്ട്. 5 വർഷത്തെ പദ്ധതി ലക്ഷ്യങ്ങൾ മുഴുവനായി പ്രാവർത്തികമാക്കണമെങ്കിൽ ഏതാണ്ട് 900 കോടിയോളം രൂപ ആവശ്യമായി വും. ഇത്രയും വിഭവം സമാഹരിക്കുന്നതിനായി സമയബന്ധിതവും കാര്യക്ഷമവുമായ ഒരു വിഭവ സമാഹരണ യജ്ഞവും ധനമാനേജ്മെന്റ് തന്ത്രവും നഗരസഭ ആവിഷ്ക്കരിക്കും. അവയുടെ ക്രമം താഴെ വിവരിക്കുന്നതാണ്.

# 1- തനത് ഫണ്ട്

നഗരസഭയുടെ തനതായ വരുമാനമാർഗങ്ങൾ ശാസ്ത്രീയവും ഫലപ്രദമായും ഘട്ടഘട്ടമായി വർദ്ധിപ്പിക്കണം. 2012ൽ മുതൽ നഗരസഭയുടെ വരുമാനത്തിൽ ഈ വർദ്ധനവ് നമുക്ക് കാണാവുന്നതാണ്. ഇന്ന് മലപ്പുറം ജില്ലയിൽ ഏറ്റവും വരുമാനമുള്ള നഗരസഭയായി പെരിന്തൽമണ്ണ മാറി. നഗരസഭക്ക് ലഭിക്കാനുള്ള നികുതികളും, ഫീസുകളും, വാടകയും കൃത്യമായി പിരിച്ചെടുക്കുന്നതിലും ആനുപാതികമായ വാർഷിക വളർച്ച അതിൽ ഉണ്ടാക്കുന്നതിനും ലക്ഷ്യംവെച്ച പ്രവർത്തനം നഗരസഭ സംഘടിപ്പിക്കും. പരമ്പരാഗതമായ വരുമാനസ്രോതസുകൾക്കു പുറമെ പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് വികസിപ്പിക്കുന്നതിനും പ്രയത്നിക്കും. അതോടൊപ്പം ചിലവുകൾ ക്രമീകരിച്ചും പാഴ്ചിലവുകൾ ഒഴിവാക്കിയും ധനധുർവ്യായം ഒഴിവാക്കും. ഇത്തരത്തിൽ നഗരസഭ സ്വന്തം നിലയിൽ കണ്ടെത്താൻ ഉദ്ദേശിക്കുന്ന വരുമാനസ്രോതസ്സ് നിലവിലുള്ളതും വരുന്ന അഞ്ചുവർഷം പ്രതീക്ഷിക്കുന്ന വരുമാനവും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വരുമാന മാർഗ്ഗം വിവരണം | നിലവിലുള്ളത് | 14-ാം പഞ്ചവത്സര പദ്ധതിക്കാലത്തെ പ്രതീക്ഷ | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | | 21-22 | 22-23 | 23-24 | 24-25 | 25-26 | 26-27 | |
| 1 | **വസ്തുനികുതി-** വസ്തുനികുതി പുതുക്കിയത് പുതിയ കെട്ടിടങ്ങൾക്ക് ബാധകമാക്കിയെങ്കിലും, പഴയ കെട്ടിടങ്ങൾക്ക് പഴയ നിരക്കാണ് ഇപ്പോഴും നൽകുന്നത്. ഇത് പുതിയ നിരക്കിലേക്ക് മാറ്റിയും വാണിജ്യ സ്ഥാപനങ്ങളുടെ നികുതി കൃത്യമായി പിരിച്ചും നികുതി വരുമാനം വർദ്ധി പ്പിക്കും. | **4.00 കോടി** | **5.00 കോടി** | **5.50 കോടി** | **6.00 കോടി** | **6.50 കോടി** | **7.00 കോടി** | **34 കോടി** |
| 2 | **തൊഴിൽനികുതി-** ഗവൺമെന്റ് ജീവനക്കാരിൽ നിന്നുള്ളതും സ്ഥാപനങ്ങളുടേയും തൊഴിൽ നികുതിയാണ് ഇപ്പോൾ പ്രധാനമായു ള്ളത്. നഗരസഭയിലെ ഇതര തൊഴിൽ മേഖലയേകൂടി കൃത്യമായി കണ്ടുപിടിച്ച് തൊഴിൽ നികുതി കാര്യക്ഷമമാക്കണം. | **1.50 കോടി** | **1.75 കോടി** | **2.00 കോടി** | **2.50 കോടി** | **3.00 കോടി** | **3.50 കോടി** | **12.75 കോടി** |
| 3 | **വിനോദ നികുതി-** വിനോദ നികുതി പിരിവ് കാര്യക്ഷമമാക്കുകയും നഗരസഭയിൽ വെച്ചുനടക്കുന്ന എല്ലാ വിനോദ പരിപാടികൾക്കും നികുതി നിർബന്ധമാക്കുകയും ചെയ്യും. പുതിയ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 4 തിയ്യേറ്ററുകൾ പുതുതായി വരുന്നത് സാധ്യതയാണ് | **2.50 കോടി** | **3.00 കോടി** | **3.50 കോടി** | **4.00 കോടി** | **4.50 കോടി** | **5.00 കോടി** | **22.50 കോടി** |

| ക്രമ നമ്പർ | വരുമാന മാർഗ്ഗം വിവരണം | നിലവിലുള്ളത് | 14-ാം പഞ്ചവത്സര പദ്ധതിക്കാലത്തെ പ്രതീക്ഷ | | | | | |
|---|---|---|---|---|---|---|---|---|
| | | 21-22 | 22-23 | 23-24 | 24-25 | 25-26 | 26-27 | ആകെ |
| 4 | **ഫീസുകൾ- ഫൈനുകൾ പലവക വരുമാനങ്ങൾ**: - കാര്യക്ഷമമായി മുനിസിപ്പൽ ഡിപ്പാർട്ട്മെന്റുകൾ പ്രവർത്തിച്ചാൽ ഈ ഇനത്തിൽ നല്ല വരുമാനം ഉണ്ടാക്കാം. മാലിന്യം തള്ളുന്നതിന് കൂടുതൽ ഫൈൻ ഈടാക്കാവുന്നതാണ്. | **1.00 കോടി** | **1.50 കോടി** | **2.00 കോടി** | **2.50 കോടി** | **3.00 കോടി** | **3.50 കോടി** | **13.5 കോടി** |
| 5 | **മുനിസിപ്പൽ വസ്തുക്കളിൽ നിന്നുള്ള വരവ്**: -പുതിയ കെട്ടിടങ്ങളടക്കമുള്ളവയുടെ വാടകയും മറ്റും വർദ്ധനവ് പ്രതീക്ഷിക്കുന്നു. | **2.75 കോടി** | **3.00 കോടി** | **3.50 കോടി** | **4.00 കോടി** | **4.50 കോടി** | **5.00 കോടി** | **22.75 കോടി** |
| 6 | **ഡെപ്പോസിറ്റ് & ഇൻവെസ്റ്റ്മെന്റ്** നഗരസഭയുടെ വാണിജ്യ കെട്ടിടങ്ങൾക്കുള്ള ഡെപ്പോസിറ്റും, അതിന്റെ ലേലസംഖ്യ മുൻകൂർ ആയി പിരിക്കുന്നതിലൂടെ വരുന്ന ഇൻവെസ്റ്റ്മെന്റ്. | **2.00 കോടി** | **3.00 കോടി** | **3.50 കോടി** | **4.00 കോടി** | **4.50 കോടി** | **5.00 കോടി** | **22 കോടി** |
| | | **13.75 കോടി** | **16.25 കോടി** | **18 കോടി** | **23 കോടി** | **26 കോടി** | **29 കോടി** | **126 കോടി** |

## അദ്ധ്യായം – 4

# വികസനമേഖലകൾ

## 1– പൊതുഭരണവും, ധനകാര്യവും

(കണക്കുകൾ, രേഖകൾ തയ്യാറാക്കൽ സൽഭരണം–സേവനകാര്യക്ഷമത)



നഗരസഭയുടെ ഭരണവും, ജനസേവനവും കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് 13-ാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേകം ഊന്നൽ നൽകും. നഗരസഭയുടെ സേവനം, കാര്യക്ഷമത വർദ്ധിപ്പിച്ച് ധനസ്രോതസ്സും ധനാഗമനമാർഗ്ഗങ്ങളും ശക്തിപ്പെടുത്തേണ്ടതുണ്ട്. ആയതിനുള്ള പരിശ്രമങ്ങൾക്കാണ് പദ്ധതിക്കാലത്ത് മുൻഗണന.

**കഴിഞ്ഞ പദ്ധതി കാലയളവിലെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.**

**നിലവിലുള്ള സംവിധാനങ്ങൾ**

1. ജനന/മരണ/വിവാഹ സർട്ടിഫിക്കറ്റുകൾ – നിലവിൽ 1970 മുതൽ ഇന്നേ വരെയുള്ള എല്ലാ റെക്കോർഡുകളും ഡിജിറ്റലൈസ് ചെയ്ത വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പൊതുജനങ്ങൾക്ക് ലോകത്ത് എവിടെ നിന്നും www.perinthalmannamunicipalilty.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ആകെ 340891 റെക്കോർഡുകൾ ഇതുവഴി കൈകാര്യം ചെയ്തിട്ടുണ്ട്.

**2.തദ്ദേശ പദ്ധതി വിവരങ്ങൾ** – പൂർണ്ണമായും വെബ് അധിഷ്ഠിതമായി ചെയ്തുവരുന്നു. വിശദ മായ പ്രൊജക്ട് റിപ്പോർട്ട് ഉൾപ്പെടെ ചെലവ് വിവരങ്ങളും പൊതുജനങ്ങൾക്ക് വെബ് സൈറ്റിലൂടെയോ മൊബൈൽ ആപ്ലിക്കേഷനിൽ (സമഗ്ര) നിന്നോ അറിയാവുന്നതാണ്.

**3.സാമൂഹ്യ സുരക്ഷാ പെൻഷനുകൾ** – പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ചു. പെൻഷൻ വിതരണ സ്റ്റാറ്റസ് ഉൾപ്പെടെയുള്ളവ വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്. ആകെ 5460 പെൻഷണർമാരുടെയും വിവരങ്ങൾ ഇതുവഴിയാണ് കൈകാര്യം ചെയ്യുന്നത്.

**4.ബിൽഡിംഗ് പെർമിറ്റ്** – ഓൺലൈനിലൂടെ നിലവിൽ അപേക്ഷിക്കാവുന്നതാണ്. അതതു സമയത്തെ സ്റ്റാറ്റസുകൾ മൊബൈൽ ആപ്ലിക്കേഷനിൽ ലഭ്യമാണ്. ഡിജിറ്റൽ സിഗ്നേച്ചറോടുകൂടിയ പെർമിറ്റ് അപേക്ഷിച്ചവർക്ക് അവരുടെ ലോഗിനിൽ നിന്നും പ്രിന്റ് എടുത്തു ഉപയോഗിക്കാവുന്നതാണ്. കംപ്ലിഷൻ സർട്ടിഫിക്കറ്റും, ഒക്കുപ്പെൻസി സർട്ടിഫിക്കറ്റും ഓൺലൈനായിത്തന്നെ നൽകാൻ സാധിക്കും.

**5.ഫയൽട്രാക്കിംഗ്** - ഫയലുകളുടെയും, അപേക്ഷകളുടെയും തത്സമയ സ്ഥിതി വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഫയൽട്രാക്കിംഗ് സോഫ്റ്റ് വെയർ ഓഫീസിൽ കൃത്യമായി ഉപയോഗിക്കുന്ന പക്ഷം സ്റ്റാറ്റസ് കൃത്യതയോടെ പൊതുജനങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്.

**6. നഗരസഭയുടെ വെബ്സൈറ്റിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടാതെ താഴെ കാണിച്ചിരിക്കുന്നവയും നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്നു.**

* പദ്ധതി വിവരങ്ങൾ
* ജനനമരണ വിവാഹ സർട്ടിഫിക്കറ്റ്
* സർക്കാർ ഉത്തരവുകൾ
* ടെണ്ടറുകൾ

* സാമൂഹ്യ സുരക്ഷാ പെൻഷൻ വിവരങ്ങൾ
* പ്രൊവിഡന്റ് ഫണ്ട് വിവരങ്ങൾ
* ഫയൽ ട്രാക്കിംഗ്ന
* ബിൽഡിംഗ് പെർമിറ്റ്
* ബജറ്റ്
* പൗരാവകാശ രേഖ
* വിവാഹ രജിസ്ട്രേഷൻ ഇ–ഫയലിംഗ്
* വിവിധ അപേക്ഷാ ഫോറങ്ങൾ
* കൗൺസിൽ തീരുമാനങ്ങൾ
* ജീവനക്കാര്യവും, എസ്റ്റാബ്ലിഷ്മെന്റുമായി ബന്ധപ്പെട്ടവ

7. **ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ്** – ജീവനക്കാരുടെ ശമ്പളവും മറ്റു അലവൻസുകളും സോഫ്റ്റ്‌വെയർ മുഖേനനടപ്പിലാക്കിവരുന്നു.

8. **മുനിസിപ്പൽ അക്കൗണ്ടസ്** – അക്രൂവൽ ബേസ്ഡ് ഡബിൾ എൻട്രി അക്കൗണ്ട് പൂർണ്ണമായും സോഫ്റ്റ് വെയർ മുഖേനനടപ്പിലാക്കിവരുന്നു.

9. **ആസ്തി റജിസ്റ്ററുകൾ** – സോഫ്റ്റ് വെയർ നിലവിലുണ്ട്. എന്നാൽ പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല.

10. വസ്തുനികുതി, തൊഴിൽ നികുതി, റെന്റ് ഓൺ ലാന്റ്, എ.ആർ.വി പ്രകാരമുള്ളവ 23000ത്തോളം ഡാറ്റകൾ നിലവിൽ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. ആയതിന്റെ ഇ–പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | സോഫ്റ്റ് വെയറിന്റ് പേര് | പ്രവർത്തന രീതി | പരിമിതികൾ | സാധ്യതകൾ |
|---|---|---|---|---|
| 1 | **സേവന (സിവിൽ റജിസ്ട്രേഷൻ)** | ജനന/മരണ/വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട എല്ലാതരം പ്രവർത്തികളും, സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെ ഈ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. ആശുപത്രികളിൽ വെച്ച് നടക്കുന്ന ജനന/ മരണങ്ങൾ യഥാസമയം കുറ്റമരീതിയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതിനും, 24 മണിക്കൂറിനകം സർട്ടിഫിക്കറ്റുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഹോസ്പിറ്റൽ കിയോസ് സംവിധാനം നഗരസഭയിലെ 8 ഹോസ്പിറ്റലുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പൊതുവിവാഹ രജിസ്ട്രേഷനുകൾക്ക് ഇ–ഫയലിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്. 1970 മുതൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജനന മരണ | 1.ഹോസ്പിറ്റൽ കിയോസ്ക് സംവിധാനത്തിന്റെ ഉദ്ദേശ്യം 24 മണിക്കൂറിനകം സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുകഎന്നതാണ്. എന്നാൽ പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ നഗര സഭയ്ക്ക് സാധിച്ചിട്ടില്ല.<br>2. അത് പോലെ തന്നെ കോമൺമര്യേജ് സർട്ടിഫിക്കറ്റുകൾ ഈ ഫയലിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടെങ്കിലും സർട്ടിഫിക്കറ്റുകൾ | 1.ഹോസ്പിറ്റൽ കിയോസ്ക് ജീവനക്കാരുടെ മീറ്റിംഗ് മാസത്തിലൊരിക്കൽ സംഘടിപ്പിച്ച് ജനന-മരണ എൻട്രിയിൽ വരുന്ന തിരുത്തൽ കുറക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടുന്നതിനും , സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ ലഭ്യമാക്കുന്നതിനുള്ള നടപടികളെക്കുറിച്ചും അവബോധം നൽകാവുന്നതാണ്.<br>2. ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം |

| ക്രമ നമ്പർ | സോഫ്റ്റ് വെയറിന്റ് പേര് | പ്രവർത്തന രീതി | പരിമിതികൾ | സാധ്യതകൾ |
|---|---|---|---|---|
| | | വിവാഹ റെക്കോർഡുകൾ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയാക്കി www.cr.lsgkerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ( 202/2012/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വെബ്സൈറ്റിൽ നിന്നുമുള്ള ഈ സർട്ടിഫിക്കറ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. NAC സർട്ടിഫിക്കറ്റുകളുടെ തിരച്ചിൽ സുഗമമാക്കുന്നതിനും, പ്രതിമാസ, വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ഈ സോഫ്റ്റ് വെയർ വഴി സാധിക്കുന്നുണ്ട്. സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റാ ജനറേറ്റ് ചെയ്ത് വകുപ്പിന് കൈമാറുന്നതും, വാർഷിക റിപ്പോർട്ട് ചീഫ് റജിസ്ട്രാർക്ക് കൈമാ റുന്നതും ഇതുവഴി ഓൺ ലൈനാണ്. | അതാത് ദിവസം തന്നെ നൽകാൻ സാധിക്കുന്നില്ല, അത് പോലെ സർട്ടിഫിക്കറ്റിലുള്ള തിരുത്തലുകൾ, പേര് ചേർക്കൽ മുതലായവയും അതിവേഗം നൽകാൻ കഴിയുന്നില്ല. | ഫലപ്രദമായ രീതിയിൽ ഉപയോഗിച്ച് സർട്ടിഫിക്കറ്റുകൾ 24 മണിക്കൂറിനകം നൽകാനുള്ള സംവിധാനം നഗര സഭയിൽ ഒരുക്കാവുന്നതാണ്.<br>3. കോമൺ മാര്യേജ് സർട്ടിഫിക്കറ്റുകൾ ജനന സർട്ടിഫിക്കറ്റുകളിലെ പേര് മുതലായവ പരമാവധി വേഗത്തിൽ നൽകാനുള്ള സംവിധാനം ഒരുക്കാവുന്നതാണ്.<br>4. ജനസൗഹാർദ്ദ കേന്ദ്രങ്ങൾ സ്ഥാപിച്ച് സർട്ടിഫിക്കറ്റുകൾ, മറ്റ് അപേക്ഷാഫോറങ്ങൾ മുതലായവ പൊതുജനങ്ങൾക്ക് ലഭ്യമാക്കാവുന്നതാണ്. |
| 2 | **സുലേഖ (പദ്ധതി പ്രവർത്തനങ്ങൾ)** | പദ്ധതി രൂപീകരണം, അംഗീകാരം, പദ്ധതി നിർവ്വഹണം, പദ്ധതി പുരോഗതി രേഖപ്പെടുത്തൽ എന്നിവ ഈ സോഫ്റ്റ് വെയർ വഴി നടപ്പിലാക്കി വരുന്നു. വിഭാഗം, മേഖല, പ്രത്യേക വകയിരുത്തൽ ആവശ്യമായ മേഖലകൾ, എന്നിവ തരം തിരിക്കുന്നതിനും അതിനനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സഹായകരമാംവിധം വാലിഡേഷനുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. സമയാസമയങ്ങളിൽ ആവശ്യമായി വരുന്ന നിരവധി റിപ്പോർട്ടുകൾ ഇതുവഴി ലഭ്യമാണ്. ഇംപ്ലിമെന്റിംഗ് ഓഫീസ്ഴേസ് തിരിച്ചുള്ള പ്രവർത്തനങ്ങളാണ് എന്നതിനാൽ ആസൂത്രണവും, അവലോകനവും എളുപ്പത്തിലാക്കുന്നു. | | 1.പഞ്ചവത്സര പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ, മുൻ കാല വാർഷിക പദ്ധതികളുടെ വാർഷിക ചെലവ് വിവരങ്ങൾ സൈറ്റിൽ ലഭ്യമാണ്.<br>2.ഗുണഭോക്തൃ വിവരങ്ങൾ സുലേഖ സോഫ്റ്റ് വെയറിൽ തന്നെ ഉൾക്കൊള്ളിക്കു ന്നതിനുള്ള സംവിധാനം സോഫ്റ്റ് വെയറിൽ ഒരുക്കാ വുന്നതാണ്. |

| ക്രമ നമ്പർ | സോഫ്റ്റ് വെയറിന്റ് പേര് | പ്രവർത്തന രീതി | പരിമിതികൾ | സാധ്യതകൾ |
|---|---|---|---|---|
| 3 | **സേവന പെൻഷൻ (സാമൂഹ്യ സുരക്ഷാ പെൻഷനുകൾ)** | വിവിധ സാമൂഹ്യസുരക്ഷാ പദ്ധതികൾ വഴി അവശ വിഭാഗത്തിനു സഹായം എത്തിക്കുന്നത് സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനുള്ള സോഫ്റ്റ് വെയർ : ഇതുവരെ കൗൺസിൽ അംഗീകരിച്ച മുഴുവൻ ഗുണഭോക്താ ക്കളുടെയും വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തി പൂർണ്ണമായും കമ്പ്യൂട്ടർ വത്ക്കരിച്ചു. ഇപ്പോൾ സംവിധാനം വഴി വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. | 1. എൻക്വയറി ഉദ്യോഗസ്ഥർ അപേക്ഷ അന്വേഷിച്ച് തിരികെ നൽകാനെടുക്കുന്ന കാലതാമസം | പുതിയ പെൻഷനേഴ്സിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി ഐഡന്റിറ്റി കാർഡ് നൽകാവുന്നതാണ്. |
| 4 | **സാംഖ്യ** | അക്രൂവൽ ബേഡ്സ് ഡബിൾ എൻട്രി അക്കൗണ്ടിംഗ്. വരവു ചെലവ് കണക്കുകൾ. അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നു. ക്യാഷ് കൗണ്ടറിൽ സുഗമമായി ധനപരമായ ഇടപാടുകൾ നടത്തുവാനും ഓഫീസിലെ വരവ് ചെലവ് വിവരയനങ്ങൾ കൃത്യമായി രേഖപ്പെടുത്തുവാനും, സാംഖ്യ സഞ്ചയ, സുലേഖ ഇന്റഗ്രേഷൻ കൊണ്ട് സാധിച്ചു വരുന്നു. | 1. മാന്വൽ സംവിധാനത്തിലൂടെയാണ് ഇംപ്ലിമെന്റിംഗ് ഓഫീസർമാർ റിക്വസിഷനു വേണ്ടി അപേക്ഷ സമർപ്പിക്കുന്നത്. | 1. സാംഖ്യ വെബ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതോട്കൂടി ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് ഓൺലൈനിൽ തന്നെ റിക്വിസിഷൻ അയക്കാനും, ട്രഷറിയുമായുള്ള സോഫ്റ്റ് വെയർ ലിങ്കിംഗ് വരുത്താവുന്നതുമാണ്. എഎഫ്എസ് ഓൺ ലൈനായി തന്നെ ലഭ്യ മാകുന്നതും അവ ഓൺ ലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനവും വരുന്നതാണ്.<br><br>2. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കമ്പ്യൂട്ടർ സ്ഥാപിച്ച് നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തുകയും വഴി മാസംതോറുമുള്ള നഗരസഭയിലെ ധനപരമായ റിപ്പോർട്ടുകൾ എടുക്കുവാനും കണക്കുകൾ പരിശോധിച്ച് അംഗീകരിക്കാവുന്നതാണ് |

| ക്രമ നമ്പർ | സോഫ്റ്റ് വെയറിന്റ് പേര് | പ്രവർത്തന രീതി | പരിമിതികൾ | സാധ്യതകൾ |
|---|---|---|---|---|
| 5. | **സഞ്ചയ (വസ്തുനികുതി സംവിധാനം)** | വസ്തുനികുതി, ഡി&ഒ.പി.എഫ്എ ലൈസൻസ്, റെന്റ് ഓൺ ലാന്റ് & ബിൽഡിംഗ് തുടങ്ങിയ റവന്യു സംവിധാം കൈകാര്യം ചെയ്യുന്നതിനുള്ള സോഫ്ട് വെയർ ആണ് സഞ്ചയ. പെരിന്തൽമണ്ണ നഗരസഭയിൽ 23006 കെട്ടിടങ്ങളുടെ എആർവി പ്രകാരമുള്ള വസ്തുനികുതി വിവരങ്ങളും,നഗരസഭാ പരിധിക്കു ള്ളിലുള്ള സ്ഥാപനങ്ങളുടെ 500ഓളം സ്ഥാപനങ്ങളുടെ റെന്റ് വിവരങ്ങളും 2500 ഓളം കെട്ടിടങ്ങളുടെ പ്രൊഫഷണ് ടാക്സ് വിവരങ്ങളും ഉൾപ്പെടുത്തി ഡാറ്റ ആബേസ് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉപയോഗി ച്ചാണ് നിലവിൽ നഗരസഭയുടെ റെന്റ് പ്രൊഫഷണ് ടാക്സ് മുതലായവ ശേഖരിക്കുന്നത്. വസ്തുനികുതി ഇ-പേമെന്റ് വഴി അടക്കാനുള്ള സംവിധാ നം ഇപ്പോൾ ലഭ്യമാണ്. | 1. Plinth Area പ്രകാരം 2015-16 മുതൽ അസ്സെസ് ചെയ്ത പുതിയ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ യിൽ രേഖപ്പെ ടുത്തി യിട്ടില്ല. ആയ തിനാൽ ഈ കെട്ടിടങ്ങ ളുടെ നികുതി സഞ്ചയ വഴി സ്വീകരി ക്കാൻ സാധി ക്കുന്നില്ല.<br>2. നിലവിൽ നഗരസ ഭയിൽ പഴയ കെട്ടി ടങ്ങളുടെ എആർവി പ്രകാരമുള്ള ടാക്സ് ആണ് നിലവിൽ ശേഖ രിക്കുന്നത്. പ്ലിന്ത് ഏരിയ രീതിയിലേക്ക് മാറ്റി പുതിയ നികുതി വാങ്ങുന്നതിന് വേ ണ്ടിയുള്ള വിവരങ്ങൾ ( ഫോറം 6 ) ഡാറ്റാ എൻട്രി , വെരി ഫിക്കേ ഷൻ തുട ങ്ങിയവ പൂർ ത്തീകര ിക്കേണ്ടതുണ്ട്.<br>2. ഡാറ്റാ എൻട്രി നടത്തുന്ന മുറക്ക് തന്നെ വെരി ഫിക്കേ ഷൻ, അപ്പ്രൂവൽ എന്നി വ നടത്താനുള്ള ക മ്പ്യൂട്ടറുകളുടെ അപ ര്യാപ്തത. | 1. പ്ലിന്ത് ഏരിയ രീതിയി ലേക്ക് മാറുന്നത് വഴി നഗരസഭയുടെ വരു മാനം വർദ്ധിപ്പിക്കാൻ സാധിക്കും.<br>2. വസ്തുനികുതി വെബ് ആപ്ലിക്കേഷനിലേക്ക് മാറ്റുന്നത് വഴി ഓൺ ലൈനായി ജനങ്ങൾക്ക് വിവരങ്ങൾ കാണാൻ സാധിക്കുകയും, നില വിലെ ഇ-പെയ്മെന്റ് സംവിധാനം ഉപയോ ഗിച്ച് ജനങ്ങൾക്ക് അവ രുടെ നികുതി നഗര സഭയിൽ അടക്കാവു ന്നതാണ്.<br>3. POS സംവിധാനം വഴി frontoffice tax കളക്ഷൻ ഏർപ്പെടു ത്താൻ സാധിക്കും. വിവിധ ആവശ്യ ങ്ങൾ ക്കുള്ള ownership സർ ട്ടിഫിക്കറ്റ് നഗരസഭയിൽ വരാതെ തന്നെ പൊതു ജനങ്ങൾക്ക് എടുക്കാൻ സാധിക്കും. ഡിമാന്റ് രജിസ്റ്റർ, അരിയർ രജി സ്റ്റർ, അസ്സെസ്മെന്റ് രജിസ്റ്റർ, കെട്ടിടങ്ങളുടെ കാലപ്പഴക്കം. |
| 5 | **സങ്കേതം (കെട്ടിട നിർമ്മാണ പെർമിറ്റുകൾ )** | കെട്ടിട നിർമ്മാണ പെർമിറ്റ്, റെഗുലറൈ സേഷൻ, കംപ്ലിഷൻ, ഒക്കുപ്പെൻസി എന്നിവക്കുള്ള അപേക്ഷകൾ പ്ലാനുകൾ ഉൾപ്പെടുത്തി ഓൺലൈനിലൂടെ ഇ-ഫയ ൽ ചെയ്യാവുന്നതാണ്. ഗുണഭോക്താവിന് അതതു സമയത്തെ സ്റ്റാറ്റസുകൾ വെബ് സൈറ്റിലോ മൊബൈലിലോ അറിയാൻ സാധിക്കും. സ്ഥലപരിശോധന, പെർമിറ്റ് അനുവദിക്കാവുന്നതാണങ്കിൽ അടവാ ക്കേണ്ട തുക എന്നിവയെക്കുറിച്ച് ഗുണ ഭോക്താവിന് SMS അയക്കാവുന്നതാണ്. DTP/CTP എന്നിവരുടെ അനുമതി ആവശ്യമുള്ളവയും ഓൺലൈനായി | ബിൽഡിംഗ് പെർമിറ്റു കൾ എൽബിഎസ് സ്റ്റാ ഫുകൾ അറിവി ല്ലായ്മ മൂലം തെറ്റ് രേഖപ്പെ ടുത്തി അയക്കുന്നത് കണ്ട് അപേക്ഷകൾ വീണ്ടും തിരിച്ച് വിടേ ണ്ടി വരുന്നു. അത് കൊണ്ട് ജനങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് കാല താമസം നേരിടുന്നു. | 1.. എൽബിഎസുമാർക്ക് ട്രൈയിനിങ്ങ് നൽകാ വുന്നതാണ്.<br>2.ബിൽഡിംഗ് പെർമിറ്റും സോഫ്റ്റ് വെയറും സം യോജിപ്പിച്ച് ഉപയോഗി ക്കുന്നതിലൂടെ ബിൽ ഡിംഗിന്റെ കൃത്യമായ വിവരം അറിയാവുന്ന താണ്. |

| ക്രമ നമ്പർ | സോഫ്റ്റ് വെയറിന്റ് പേര് | പ്രവർത്തന രീതി | പരിമിതികൾ | സാധ്യതകൾ |
|---|---|---|---|---|
| | | ത്തന്നെ പ്രൊസസ്സ് ചെയ്യുന്നു. കെട്ടിട ങ്ങളുടെ തരത്തിനനുസരിച്ച് KMBR പ്രകാരമുള്ള വാലിഡേഷനുകൾ ഉൾപ്പെടു ത്തിയിരിക്കുന്നു. അപേക്ഷകന് സ്ഥാപന ത്തിൽ വരാതെത്തന്നെ ME/Secretaary യുടെ ഡിജിറ്റൽ സിഗ്നേച്ചറോ ടുകൂടിയ പെർമിറ്റ്, പ്ലാൻ എന്നിവ അവരുടെ ലോഗിനിൽ നിന്നും പ്രിന്റ് എടുത്തു ഉപയോഗിക്കാവുന്നതാണ്. കംപ്ലീഷൻ സർട്ടിഫിക്കറ്റും, ഒക്കുപ്പെൻസി സർട്ടിഫി ക്കറ്റും ഓൺലൈനായിത്തന്നെ നൽകാൻ സാധിക്കും. | | |
| | **സചിത്ര (മാപ്പ് സ്യൂട്ട് )** | ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ, സാമൂഹ്യ സാമ്പത്തികസ്ഥിതി വിവരങ്ങൾ, വിളവിസ്തൃതി, തരിശുനിലങ്ങളെ സംബ ന്ധിച്ച വിശദാംശങ്ങൾ, ഊർജ്ജിത രണ ശൃംഖലയെ കുറിച്ചുള്ള വിശദാംശ ങ്ങൾ, റോഡ് ശൃംഖല, കെട്ടിടങ്ങൾ മുതലായവ രേഖപ്പെടുത്തി ഭൂപടം തയ്യാറാക്കി യിരിക്കുന്നു. | 2010 വരെയുള്ള ഡാറ്റ യാണ് നിലവിലുള്ളത്. | കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി സോഫ്റ്റ് വെയർ നഗര സഭയുടെ പുരോഗതി ക്കായി വിനിയോഗിക്കാ വുന്നതാണ്. സഞ്ചയ വസ്തുനികുതി സോ ഫ്റ്റ്വെയറുമായി സം യോജിപ്പിച്ച് ഉപയോ ഗിക്കാവുന്നതാണ്. |
| 6 | **സ്ഥാപന (എസ്റ്റാബ്ലി ഷ്മെന്റ് )** | ജീവനക്കാരുടെ ശമ്പളവും മറ്റു അലവൻസുകളും സോഫ്റ്റ് വെയർ മുഖേന നടപ്പിലാക്കിവരുന്നു. | 2010 വരെയുള്ള ഡാറ്റ യാണ് നിലവി ലുള്ളത്. | |
| 7 | **സചിത്ര (അസെറ്റ് മാനേജ്മെന്റ് )** | നഗരസഭയിലേയും, അനുബന്ധ സ്ഥാപന ങ്ങളുടെയും ആസ്തിവിവരങ്ങൾ ഡിജി റ്റൈസ് ചെയ്തിരിക്കുന്നു. ഓരോ ആസ്തി ക്കും ഒരു യൂണിക് നമ്പർ നൽകി സംസ്ഥാ നതലത്തിൽ ഏകീകരിച്ചിരിക്കുന്നു. | ഡാറ്റയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതു ണ്ട്. യഥാസമയം അപ് ഡേഷനുകൾ നടക്കു ന്നില്ല. | 1.. എൽബിഎസുമാർക്ക് ട്രൈയിനിങ്ങ് നൽകാ വുന്നതാണ്.<br>2.ബിൽഡിംഗ് പെർമിറ്റും സോഫ്റ്റ് വെയറും സം യോജിപ്പിച്ച് ഉപയോഗി ക്കുന്നതിലൂടെ ബിൽ ഡിംഗിന്റെ കൃത്യമായ വിവരം അറിയാവുന്ന താണ്. |

| ക്രമ നമ്പർ | സോഫ്റ്റ് വെയറിന്റ് പേര് | പ്രവർത്തന രീതി | പരിമിതികൾ | സാധ്യതകൾ |
|---|---|---|---|---|
| 8 | **സംവേദിത** | www.perinthalmannamunicipality.in. നഗരസഭാ വെബ്സൈറ്റ് | കൃത്യമായി അപ്ഡേറ്റ് ചെയ്യപ്പെടേണ്ടതുണ്ട്. | വാർത്തകൾ, അറിയിപ്പുകൾ എന്നിവ അപ്ഡേറ്റ് ആയി നൽകാവുന്നതാണ്. പരാതി പരിഹാരസെൽ സ്ഥാപിക്കാവുന്നതാണ്. അത് വഴി പൊതുജനങ്ങൾക്ക് അവരുടെ പരാതി റിപ്പോർട്ട് ചെയ്യാൻ സാധിക്കുന്നതാണ്. |
| 9 | **സകർമ്മ** | യോഗ നടപടികുറിപ്പുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിലൂടെ കൗൺസിൽ അറ്റന്റൻസ് തീരുമാന റജിസ്റ്റർ, മിനുട്ട്സ് എന്നിവ പൂർണ്ണമായും ഓൺലൈനായി വെബ് അധിഷ്ടിത സോഫ്റ്റ് വെയറിലൂടെ തയ്യാറാക്കൽ സോഫ്റ്റ് വെയറിൽ ഒരുക്കിയിട്ടുണ്ട്. | ചെയർമാൻ സെക്ഷനിൽ കമ്പ്യൂട്ടറിന്റെ അപര്യാപ്തത | 1. മീറ്റിംഗ് നോട്ടീസ്, മീറ്റിംഗ് മിനുട്ട്സ്, തീരുമാന രജിസ്റ്റർ എന്നിവ സോഫ്റ്റ് വെയറിൽ ലഭിക്കും.<br>2. ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് അജണ്ട ഓൺലൈനായി തയ്യാറാക്കി അയക്കാവുന്നതാണ്.<br>3. മുനിസിപ്പാലിറ്റിയിലെ കൗൺസിൽ തീരുമാനങ്ങൾ പൊതുജനങ്ങൾക്ക് കാണുവാൻ സാധിക്കും.<br>4. ഓൺലൈൻ ആയ ശേഷമുള്ള മീറ്റിംഗ് വിവരങ്ങൾ, അജണ്ട മുതലായവ എളുപ്പത്തിൽ തന്നെ സെർച്ച് ചെയ്യാവുന്നതാണ്. |
| 10 | **സഞ്ചയ (പ്രൊഫഷൺ ടാക്സ് )** | നിലവിൽ നഗരസഭയിൽ 2500 ഓളം കെട്ടിടങ്ങളുടെ വിവരങ്ങൾ സോഫ്റ്റ് വെയറിലുണ്ട്. വെബ് ആപ്ലിക്കേഷനിലേക്ക് മാറ്റി ഓൺലൈൻ ആക്കേണ്ടതുണ്ട്. | | പ്രൊഫഷൺ ടാക്സ് ഓൺലൈനായി പെയ്മെന്റ് സംവിധാനം ഏർപ്പെടുത്താവുന്നതാണ്. |

| ക്രമ നമ്പർ | സോഫ്റ്റ് വെയറിന്റ് പേര് | പ്രവർത്തന രീതി | പരിമിതികൾ | സാധ്യതകൾ |
|---|---|---|---|---|
| 11 | **സഞ്ചയ (ഡി ആൻ ഒ ലൈസൻസ്)** | സഞ്ചയ ഡി ആന്റ് ഒ ലൈസൻസ് സോഫ്റ്റ്‌വെയർ ഷെഡ്യൂൾ ഡാറ്റാ എൻട്രി പൂർത്തിയായിരിക്കുകയാണ്. | | സഞ്ചയ ഡി ആന്റ് ഒ ലൈസൻസ് പ്രവർത്തികൾ പൂർത്തീകരിക്കുന്നതിലൂടെ ഓൺ ലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ഇ-പെയ്മെന്റ് സംവിധാനത്തിലൂടെ തന്നെ നഗരസഭയിൽ വരാതെ ജനങ്ങൾക്ക് ലൈസൻസ് ഫീസ് അടക്കാവുന്നതാണ്. |
| 12 | **സൂചിക ( ഫയൽ ട്രാക്കിംഗ് ആപ്ലിക്കേഷൻ)** | നഗരസഭയിലേക്കുള്ള അപേക്ഷകളും, പരാതികളും ഫ്രണ്ട് ഓഫീസ് വഴി സ്വീകരിച്ച് നമ്പറിട്ട് കൈപ്പറ്റ് രസീത് നൽകുന്നതിനും, സ്വീകരിക്കുന്ന അപേക്ഷകൾ അതത് സെക്ഷനുകളിലേക്ക് ഫോർവേഡ് ചെയ്യുന്നതിനും ഉപയോഗിക്കുന്നു. ബാക്ക് ഓഫീസിൽ ഫയൽ ട്രാക്കിംഗ് മൊഡ്യൂൾ ഉപയോഗിച്ച് അപേക്ഷകൾ കൈകാര്യം ചെയ്യാവുന്നതും, മുൻഗണനാക്രമം അനുസരിച്ച് ശുപാർശകൾ രേഖപ്പെടുത്തി മേൽ സീറ്റുകളിലേക്ക് ഫോർവേർഡ് ചെയ്യാവുന്നതുമാണ്. ഇത്തരത്തിൽ ഫയൽ സ്വീകരണം, ഫോർവേർഡിംഗ്, നോട്ട് രേഖപ്പെടുത്തൽ, അപ്രൂവൽ എന്നീ വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തികൾ കൈകാര്യം ചെയ്യുന്നത് ഇതുവഴി നടപ്പിലാക്കുന്നു. ഓരോ ഘട്ടങ്ങളിലും ഗുണഭോക്താവിന് SMS മുഖേന സ്റ്റാറ്റസ് അറിയിക്കുന്നതിനുള്ള സൗകര്യവും ഉണ്ട്. താമസ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ളവ ഇതുവഴി ജനറേറ്റ് ചെയ്ത് ഉപയോഗിക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. ഫ്രണ്ട് ഓഫീസ് ഡയറി, വിതരണ രജിസ്റ്റർ, പേർസൺ രജിസ്റ്റർ തുടങ്ങി അത്യാവശ്യമായ റിപ്പോർട്ടുകൾ ലഭ്യമാണ്. ഫയൽ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ പൊതുജനങ്ങൾക്ക് വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ അറിയാവുന്നതാണ്. | എല്ലാ സീറ്റിലും കമ്പ്യൂട്ടറിന്റെ അപര്യാപ്തത | 1. എല്ലാ സീറ്റിലും കമ്പ്യൂട്ടർ വരുന്നതോട് കൂടി സൂചിക ഫയൽ ട്രാക്കിംഗ് ആപ്ലിക്കേഷൻ ഇംപലിമെന്റ് ചെയ്യാൻ സാധിക്കും.<br>2. ടച്ച് സ്ക്രീൻ സംവിധാനം ഏർപ്പെടു ത്തുന്നതോട്കൂടി ഫയൽ വിവരങ്ങൾ പൊതു ജനങ്ങൾക്ക് കൃത്യമായി അറിയാൻ സാധിക്കുന്നതാണ്.<br>3. പ്രസ്തുത വിവരങ്ങൾ നഗരസഭയുടെ വെബ് സൈറ്റിൽ നൽകുന്നതാണ്. ജനങ്ങൾക്ക് എവിടെ നിന്നും ഫയൽ സ്റ്റാറ്റസ് ആയതിലൂടെ കാണാൻ സാധിക്കുന്നതാണ്. |
| 13 | **സമഗ്ര ( മൊബൈൽ ആപ്ലിക്കേഷൻ)** | ആൻഡ്രോയിഡ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ, തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ സോഫ്റ്റ് വെയറുകളുടെ സ്റ്റാറ്റസ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | | സമഗ്ര ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിലൂടെ ജനന മരണ വിവാഹ സർട്ടിഫിക്കറ്റ് തെരച്ചിൽ, ഫയൽ ട്രാക്കിംഗ്, പ്രോപ്പർട്ടി ടാക്സ് വിവരങ്ങൾ, |

| ക്രമ നമ്പർ | സോഫ്റ്റ് വെയറിന്റ് പേര് | പ്രവർത്തന രീതി | പരിമിതികൾ | സാധ്യതകൾ |
|---|---|---|---|---|
| | | | | ബിൽഡിംഗ് പെർമിറ്റ് വിവരങ്ങൾ,സാമൂഹ്യക്ഷേമ പെൻഷൻ വിവരങ്ങൾ മുതലായവ അറിയുന്നതിന് സാധിക്കും. |
| 14 | **സിറ്റിസൺ ഡാറ്റാ ബാങ്ക്** | വിവിധ വാർഡ് സഭകളിലെ ഗുണഭോക്താക്കളുടെ ഡാറ്റ കളക്ട് ചെയ്ത് അവ സോഫ്റ്റ് വെയറുമായി സംയോജിപ്പിച്ച് ഉപയോഗിക്കാവുന്നതാണ്. | | വാർഡുകളിൽ വിവിധ ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാൻ സാധിക്കും. അതുവഴി ഗുണഭോക്തൃലിസ്റ്റ് പൊതുജനങ്ങൾക്ക് പരിശോധനക്ക് വിധേയമാക്കാൻ സാധിക്കും. |
| 15 | **ഓഡിറ്റ് സെക്ഷൻ സോഫ്റ്റ്വെയർ കമ്പ്യൂട്ടർവൽക്കരണം.** | ഓഡിറ്റിംഗ് സൗകര്യത്തിനായി നിലവിലുള്ള ഓഡിറ്റിംഗ് രേഖകൾ കമ്പ്യൂട്ടർവൽക്കരിച്ച് വെബ്ബേസ്ഡ് ആപ്ലിക്കേഷനായി ഉപയോഗിക്കാവുന്നതാണ്. | | |
| 16 | **ജനസൗഹാർദ്ദ കേന്ദ്രങ്ങൾ** | നിലവിൽ വാർഡ് കൗൺസിലറുമായി ബന്ധപ്പെട്ട പ്രവർത്തനം മാത്രം നടക്കുന്നു. | | ജനസൗഹാർദ്ദ കേന്ദ്രങ്ങളിൽ പൊതു ജനങ്ങൾക്കാവശ്യമായ അപേക്ഷാ ഫോറങ്ങൾ ഇ-സേവനങ്ങളായ ഓൺലൈൻ വസ്തു നികുതി, പ്രൊഫഷൺ ടാക്സ് ലൈസൻസ് മുതലായവ സൗജന്യമായി ഒടുക്കുന്നതിനുള്ള സംവി ധാനം ഏർപ്പെടുത്താവുന്നതാണ്. |

**14–ാം പദ്ധതി പ്രൊജക്റ്റ് ആശയങ്ങൾ**

1. നഗരസഭ ഓഫീസിൽ ആധുനിക സൗകര്യം ലഭ്യമാക്കും.
2. ജനസൗഹൃദ കേന്ദ്രം – പൊതുജനങ്ങൾക്ക് ആവശ്യമായ ഇരിപ്പിടം കമ്പ്യൂട്ടർ, ഓപ്പൺ സിസ്റ്റം, കുടിവെള്ളം, പത്രം, ടി.വി, വൈ ഫൈ, എ.സി എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തി ജനസൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തും.
3. ഹെൽപ്പ് ഡെസ്ക് കാര്യക്ഷമമാക്കും.
4. 100 ശതമാനം കമ്പ്യൂട്ടർ വൽക്കരണവും എസ്.എം.എസ് അലർട്ടും വഴി പേപ്പർ ഉപയോഗിക്കാത്ത നഗരസഭയാക്കും.
5. എല്ലാ വാർഡിലും നഗരസഭ സേവനകേന്ദ്രങ്ങൾ തുറന്ന് സേവനങ്ങൾ ലഭ്യമാക്കും, വാർഡ് സേവാ കേന്ദ്രങ്ങൾ കമ്പ്യൂട്ടർ വത്ക്കരിച്ച് നഗരസഭാ സേവനങ്ങൾ അവിടങ്ങളിൽ ലഭ്യമാക്കും.
6. നികുതിധായതർക്കിടയിൽ ജനകീയ ബോധവൽക്കരണത്തിലൂടെ വരുമാനം വർദ്ധിപ്പിക്കും. എല്ലാ വരുമാനമേഖലകളും കാര്യക്ഷമമാക്കും.
7. നഗരസഭ പൊതുജനങ്ങളെ ഉൾച്ചേർത്ത് ഡാറ്റാ ബാങ്ക് ഉണ്ടാക്കും.
8. ഫയൽ അദാലത്തുകളിലൂടെ പരാതി രഹിത നഗരസഭയാക്കും.
9. പൗരാവകാശ രേഖ, നഗര ബുള്ളറ്റിൻ, വിഷ്വൽ മീഡിയ ബുള്ളറ്റിൻ എന്നിയിലൂടെ നഗരസഭ പദ്ധതികൾ പൊതുജനങ്ങളിൽ എത്തിക്കും.
10. വിഭവങ്ങൾ ഏകോപിപ്പിച്ച് വരുമാനവർദ്ധനവിലൂടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കും.
11. മാസ്റ്റർ പ്ലാൻ ഉടൻ അംഗീകരിച്ച് പ്രവർത്തനങ്ങളാരംഭിക്കും.
12. **സേവനനങ്ങളുടെ ഓൺലൈനാക്കൽ** – കമ്പ്യൂട്ടറൈസ് ചെയ്യുന്നതിലൂടെ പൊതുജനങ്ങൾക്ക് നികുതി വിവരങ്ങൾഓഫീസിൽ വരാതെ തന്നെ അറിയാവുന്നതും, ഓൺലൈൻ ഇ–പേയ്മെന്റ് സംവിധാനത്തിലൂടെ നികുതി അടക്കാവുന്നതും, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഉൾപ്പടെയുള്ളവ വെബ്സൈറ്റില് നിന്നും ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. ഡി.&ഒ ലൈസൻസ്, വാടക തുടങ്ങിയവയും ഇതുപോലെ കമ്പ്യൂട്ടറൈസ് ചെയ്യും. (ഈ സംവിധാനങ്ങൾ മൊബൈല് ആപ്ലിക്കേഷനിലൂടെയും ലഭ്യമാക്കും.)
13. **സ്റ്റുഡന്റ്സ് മോണിറ്റിംഗ് സിസ്റ്റം** – സ്കൂളിൽ വിദ്യാർത്ഥികളുടെ ഹാജർ നില രേഖപ്പെടുത്തുന്ന സമയത്ത് ഹാജരാകാത്ത വിദ്യാർത്ഥികളുടെ വിവരം അവരുടെ മാതാപിതാക്കളുടെ മൊബൈൽ ഫോണിലേക്ക് SMS വഴി അറിയിക്കുന്നതിനുള്ള സംവിധാനം തയ്യാറാക്കും. പ്രാരംഭത്തിൽ അറ്റന്റൻസിൽ തുടങ്ങി പിന്നീട് പഠനനിലവാരത്തെ കുറിച്ചുള്ള റിപ്പോർട്ടുകൾ അടക്കം വിവിധ അറിയിപ്പുകൾ മാതാപിതാക്കൾക് നൽകാൻസാധിക്കുന്ന സഹായ പേരുപോലെത്തന്നെ എല്ലാവർക്കും ഉപകാരപ്രദമായ സംവിധാനമാണ്.

14. യോഗ നടപടിക്കുറിപ്പുകൾ - കൗൺസിൽ അജണ്ടക്കുറിപ്പുകൾ തയ്യാറാക്കുന്നതു മുതൽ കൗൺസിൽ അറ്റന്റൻസ് തീരുമാനരജിസ്റ്റർ, മിനുട്ട്സ് എന്നിവ പൂർണ്ണമായും ഓൺലൈനായി വെബ് അധിഷ്ഠിത സോഫ്റ്റ് വെയറിലൂടെ തയ്യാറാക്കും, വെബ്സൈറ്റിലും, മൊബൈൽ ആപ്ലിക്കേഷനിലും പബ്ലിഷ് ചെയ്യും.
15. ജനനറെക്കോർഡുകൾ പേര് ഉൾപ്പെടുത്തൽ/തെറ്റ് തിരുത്തൽ - നിലവിൽ നഗരസഭയിൽ വരുന്ന അപേക്ഷകളിൽ ഭൂരിഭാഗവും ഈ വിഭാഗത്തിലാണുള്ളത്. രജിസ്ട്രേഷനുകൾക്ക് ഹോസ്പിറ്റൽ കിയോസ്ക്കും, വിവാഹം ഇ-ഫയലിഗും ഏർപ്പെടുത്തിയ രീതിയിൽ പേര് ഉൾപ്പെടുത്തൽ/തെറ്റ് തിരുത്തൽ എന്നിവയ്ക്കും ഓൺലൈന് അപേക്ഷാ രീതി ഏർപ്പെടുത്തും.
16. പൊതുജനങ്ങൾക്ക് പൊതുപരാതികൾ ഓൺലൈനായി നഗരസഭയുടെ വെബ്സൈറ്റ് മുഖേനപരാതിപ്പെടുന്നതിനുള്ള സംവിധാനം ഉണ്ടാക്കും.
17. മൊബൈൽ ആപ്ലിക്കേഷൻ- നിലവിൽ തദ്ദേശ സ്ഥാപനങ്ങൾക്കായുള്ള "സമഗ്ര" മൊബൈൽ ആപ്ലിക്കേഷന് പ്രചാരണം നൽകി കാര്യക്ഷമമായി ഉപയോഗിക്കും. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള എല്ലാ ഫെസിലിറ്റികളും ഇതിലൂടെ ലഭ്യമാക്കും.
18. ടച്ച് സ്ക്രീൻ - ഫ്രണ്ട് ഓഫീസിൽ ടച്ച് സ്ക്രീനും പ്രിന്ററും സ്ഥാപിക്കും പൊതുജനങ്ങൾക്ക് ഫയൽ തൽസ്ഥിതി വിവരങ്ങൾ മനസ്സിലാക്കാനും, ജനന/മരണ/വിവാഹ സർട്ടിഫിക്കറ്റുകൾ പ്രിന്റ് എടുക്കാൻ ഇതിലൂടെ സാധിക്കുന്നതാണ്.

**ഈ ലക്ഷ്യങ്ങൾക്കായി താഴെ പറയുന്ന ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.**

1. എല്ലാ സെക്ഷനുകളിലും എല്ലാ സീറ്റുകളിലും കമ്പ്യൂട്ടർ സ്ഥാപിക്കും.
2. ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിംഗ് എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തും. നിലവിൽ നെറ്റ് വർക്കിംഗ് സംവിധാനം തകരാറിലായതിനാൽ നെറ്റ് വർക്ക് ഹാങ്ങായി സെക്ഷനുകളിൽ പ്രവർത്തനം തടസ്സപ്പെടുന്നുണ്ട്.
3. കെ ഫോണുമായി ബന്ധപ്പെട്ട് കണക്ടിവിറ്റി (വാൻ, ലാൻ, ഇന്റർനെറ്റ്) പ്രശ്നങ്ങൾ പരിഹരിക്കും, കണക്ടിവിറ്റി സ്പീഡ് കിട്ടും.

# 2– കൃഷിയും അനുബന്ധമേഖലകളും



**ആമുഖം**

മറ്റ് ഏതെല്ലാം മേഖലകളിൽ വികാസരശ്മികൾ കടന്നുചെന്നാലും കൃഷി മേഖലയുടെ പുരോഗതി ഉറപ്പാക്കാത്ത ഒരു വികസന പ്രവർത്തനത്തിനും ശാശ്വത നിലനിൽപ്പില്ല. വർത്തമാനകാലത്ത് ഏറ്റവുമധികം കാലോചിത മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖല കൂടിയാണ് കാർഷിക മേഖല. ഈ മാറ്റങ്ങളെയെല്ലാം ഉൾക്കൊണ്ടുകൊണ്ട് കഠിനാധ്വാനത്തിന്റെ ഏടുകൾ രചിച്ച് ജീവിതവിജയം നേടുന്ന കർഷകരാണ് ഈ മേഖലയുടെ നട്ടെല്ല്. നമ്മുടെ ജീവസന്ധാരണത്തിന്റെയും നിലനിൽപ്പിന്റെയും അടിസ്ഥാനശിലയാണ് കാർഷികമേഖല. നമ്മുടെ പ്രധാനഭക്ഷ്യധാന്യം എന്നതിലുപരി കേരളീയ കർഷകന്റെയും കർഷക തൊഴിലാളിയുടെയും സംഘബോധത്തിന്റെയും സാഹോദര്യത്തിന്റെയും പ്രതീകമാണ് നെല്ല്.

അറുപതു വർഷങ്ങൾക്കു മുമ്പ് കേരളത്തിന്റെ കൃഷിഭൂമിയുടെ 40% ഭക്ഷ്യവിളകളായിരുന്നുവെങ്കിൽ ഇന്നത് വെറും 10%മായി കുറഞ്ഞു. മലയാളികൾക്ക് ഒരു വർഷം ആവശ്യമായ അരി 40 ലക്ഷം ടൺ ആണെന്നിരിക്കെ ഇവിടെ ഉദ്പ്പാദിപ്പിക്കുന്നത് വെറും ആറ് ലക്ഷം ടൺ മാത്രമാണ്. വിത്തും, വളവും, രൃഷിരീതികളും എല്ലാം മാറുകയും ശാസ്ത്രീയരീതികൾ അവലംബിക്കപ്പെട്ടിട്ടും കാർഷികവൃത്തിയിൽ നിന്നുള്ള ഒഴിഞ്ഞുപോക്കാണ് നമുക്ക് ദൃശ്യമാണ്. പുതിയ തലമുറ കൃഷിയിൽ നിന്നകലകുയാണ്. മലയാളിയുടെ ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്വാധീനിച്ചിട്ടുള്ള കാർഷിക സംസ്കാരത്തെ തിരികെ പിടിക്കാനുള്ള ശ്രമമാണ് വേണ്ടത്.

അടുത്തകാലത്തായി ഈ രംഗത്ത് ശ്രദ്ധേയമായ ചലനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷ, ജലസുരക്ഷ, നെൽപ്പാടങ്ങൾ നികത്തുന്നതു കൊണ്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവയെല്ലാം പൊതുസമൂഹത്തിൽ ചർച്ചാവിഷയ മാകുന്നുണ്ട്. സംസ്ഥാനസർക്കാരിന്റെ ഭക്ഷ്യസുരക്ഷാ പദ്ധതി, നെൽവയൽ സംരക്ഷണ നിയമം,

കൃഷിവകുപ്പ് നടപ്പാക്കികൊണ്ടിരിക്കുന്ന തരിശു നിലങ്ങളിൽ കൃഷിയിറക്കൽ, എന്നിവ കുറേശ്ശേ ഫലം കാണാൻ തുടങ്ങിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി പ്രാദേശിക പ്രശ്നങ്ങളെ അപഗ്രഥിക്കാനും പ്രായോഗിക പരിഹാരം കാണാനും ശ്രമിച്ച നിരവധി മാതൃകകൾ നമുക്കുചുറ്റുമുണ്ട്.

പെരിന്തൽമണ്ണ നഗരസഭയിലെ കാർഷിക മേഖലയെ മുകളിൽ സൂചിപ്പിച്ച പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം നിരീക്ഷിക്കാൻ. നഗരസഭാ പ്രദേശത്തിന്റെ മുന്നിൽ രണ്ടു ഭാഗത്താണ് കൃഷി വിന്യസിച്ചിട്ടുള്ളത്. ഈർപ്പമുള്ളതും അല്ലാത്തതു മായ കൃഷിഭൂമി മൊത്തം ഭൂമിയുടെ 64.97%മാണ്. അതായത് 2240 ഹെക്ടർ ഭൂമി. ഇതിൽ കൃഷിചെയ്യുന്നത് 1855 ഹെക്ടറിലാണ്. കൃഷിയോഗ്യ മല്ലാത്ത ഭൂമിയെ മാറ്റിനിർത്തിയാൽ തരിശായി കിടക്കുന്നത് 265 ഹെക്ടർ ഭൂമിയാണ്. ഇതധികവും നെൽപാടങ്ങളുമാണ്. കൃഷിയോഗ്യമാണെങ്കിലും കൃഷിചെയ്യാത്ത 220 ഹെക്ടർ ഭൂമി പെരിന്തൽമണ്ണ നഗരസയഭയ്ക്കകത്തുണ്ട്. കൃഷിഭൂമിയെ വ്യാപാര വാസ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണത വർദ്ധിക്കുകയാണ്. ഈർപ്പമില്ലാത്ത കൃഷിഭൂമി നഗരസഭയിൽ വ്യാപിച്ചു കിടക്കുകയാണ്. പ്രധാനവിള തെങ്ങാണ്. പിന്നെ റബ്ബർ. കശുമാവ്, മരച്ചീനി ഉൾപ്പെടെയുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയും. ഈർപ്പമില്ലാത്ത മണ്ണിലെ കൃഷി നഗരസഭയുടെ മൊത്തം വിസ്തീർണത്തിന്റെ 54.59%മാണ്.



## നഗരസഭയിലെ 13–ാം പദ്ധതിയിൽ കാർഷികമേഖലക്ക് അനുവദിക്കപ്പെട്ട തുക




## 13–ാം പദ്ധതിയിൽ കാർഷികമേഖലയുടെ വിഭജനം

എ-നെൽകൃഷി
ബി-കിഴങ്ങ് കൃഷി
സി-തെങ്ങ് കൃഷി
ഡി-വാഴകൃഷി
ഇ-പച്ചക്കറി കൃഷി
എഫ്-പലവക ജലസേചനം, സുഗന്ധവ്യഞ്ജനങ്ങൾ, യന്ത്രവൽക്കരണം, കമ്പ്യൂട്ടർ



നെൽകൃഷി രംഗത്തുനിന്നുള്ള പിന്മാറ്റത്തിന് പ്രധാനകാരണങ്ങൾ ജലദൗർലഭ്യം, കർഷക തൊഴിലാളി ക്ഷാമം, ലോണുകൾക്കും സബ്സീഡികൾക്കുമുള്ള തടസ്സങ്ങൾ, യന്ത്ര സാമഗ്രികളുടെ ലഭ്യതക്കുറവ്, ഭൂമിയുടെ തുണ്ടുവൽക്കരണം, വിപണനരംഗത്തുള്ള പ്രശ്നങ്ങൾ, പാടശേഖര സമിതികളുടെ സജീവത കുറവ് എന്നിവയാണ്.

നിലവിലുള്ള പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ 13-ാം പദ്ധതികാലത്ത് കൃഷിവകുപ്പും, നഗരസഭയും, കർഷകരും ചേർന്നു നടത്തിയ തീവ്രമായ ശ്രമങ്ങൾക്ക് നല്ല ഫലം കണ്ടിട്ടുണ്ട്. നഗരസഭയിലെ വിവിധ സംഘടനകളും വ്യക്തികളുടെ കൂട്ടായ്മയും, നഗരസഭാ കൗൺസിലർമാരും, ഉദ്യോഗസ്ഥരും നൽകിയ കൂട്ടായ്മകളും കൃഷിരംഗത്ത് പുതിയ അനുഭവങ്ങൾ ഉണ്ടാക്കി.

## ഭൂവിനിയോഗം

| | | |
|---|---|---|
| 1. | ആകെ വിസ്തൃതി | 3441 ഹെക്ടർ |
| 2. | കൃഷിക്ക് അനുയോജ്യമായത് | 2253 ഹെക്ടർ |
| 3. | കൃഷി ചെയ്യുന്നത് | 1853 ഹെക്ടർ |
| 4. | വന വിസ്തൃതി | ഇല്ല |
| 5. | തരിശ്ഭൂമി | 265 ഹെക്ടർ |
| 6. എ | കൃഷിയോഗ്യമായത് | 210 ഹെക്ടർ |
| ബി | കൃഷിയോഗ്യമല്ലാത്തത് | 50 ഹെക്ടർ |
| 7. | കാർഷികേതര ഭൂമി | 1188 ഹെക്ടർ |
| 8. | നെൽവയലുകൾ | 350 ഹെക്ടർ |
| 9. എ | കൃഷി ചെയ്യുന്നത് | 85 ഹെക്ടർ |
| ബി | ചെയ്യാത്തത് | 215 ഹെക്ടർ |
| സി | കൃഷിയോഗ്യമല്ലാത്തത് | 50 ഹെക്ടർ |

## കർഷകരുടെയും കർഷക തൊഴിലാളികളുടെയും വിവരങ്ങൾ

| | | |
|---|---|---|
| 1. | കർഷകർ | 3581 |
| 2. | കർഷകതൊഴിലാളികൾ | 1750 |
| 3. | സ്വന്തം ഭൂമിയുള്ള കർഷകർ | 1220 |
| 4. | പാട്ടത്തിന് കൃഷിചെയ്യുന്നവർ | 2361 |

## ജലസ്രോതസ്സ്

| | | |
|---|---|---|
| 1. | പൊതുകുളം | 12 |
| 2 | സ്വകാര്യകുളം | 89 |
| 3. | സ്വകാര്യ കിണർ | 6584 |
| 4. | കുഴൽകിണർ | 530 |
| 5. | തോടുകൾ | 3 |

## നഗരസഭയിലെ പ്രധാനവിളകൾ

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടർ) | ഉദ്പാദനം (പ്രതിവർഷം) |
|---|---|---|---|
| 1 | നാളികേരം | 650 | 3 ലക്ഷം (എണ്ണം) |
| 2. | അടയ്ക്ക | 150 | 75 ടൺ |
| 3. | വാഴപ്പഴം | 175 | 4263 ടൺ |
| 4. | നെല്ല് | 130 | 252 ടൺ |
| 5. | പച്ചക്കറി | 25 | 386 ടൺ |
| 6. | മരച്ചീനി | 200 | 5000 ടൺ |
| 7. | കുരുമുളക് | 25 | 03 ടൺ |
| 8. | കശുവണ്ടി | 40 | 40 ടൺ |
| 9. | പഴങ്ങൾ | 190 | 3800 ടൺ |
| 10. | റബ്ബർ | 350 | |
| 11. | പയറ് | 10 | 75 ടൺ |
| 12. | കിഴങ്ങ് | 100 | |
| 13. | മഞ്ഞൾ | 5 | 38 ടൺ |
| 14. | ഇഞ്ചി | 5 | 45 ടൺ |

## 13-ാം പദ്ധതിക്കാലത്തെ വിലയിരുത്തൽ

9-ാം പദ്ധതിക്കാലത്ത് നഗരസഭയിൽ കാർഷികമേഖലക്ക് ഏതാണ്ട് 20% തുക നീക്കിവെക്കപ്പെടുകയും 16% ചെലവഴിക്കപ്പെടുകയും ചെയ്തു. എന്നാൽ 10,11 പദ്ധതിക്കാലത്ത് ഈ വിഹിതം ഗണ്യമായി കുറയുകയാണ് ചെയ്തത്. ഇതിൽ നിന്നും വ്യത്യസ്തമായി 12-ാം പദ്ധതിക്കാലത്ത് കാർഷികമേഖലയിൽ നല്ല പുരോഗതി മേഖലാ വിഭജനത്തിൽ ഉണ്ടായതായി കാണാൻ കഴിയും. നടപ്പുപദ്ധതിക്കാലത്ത് മൊത്തം 1 കോടി 69 ലക്ഷം രൂപ കാർഷികമേഖലയിൽ ചെലവിട്ടുകൊണ്ട് റെക്കോർഡ്

സൃഷ്ടിച്ചിരിക്കുകയാണ്. ഇത് മൊത്തം പദ്ധതിയുടെ 21% മാണ്. 2012–13ൽ ചെലവിട്ടതിന്റെ 6 1/2 ഇരട്ടിയോളം തുക 2016–17ലെത്തിയപ്പോൾ കാർഷികമേഖലയിൽ ചെലവിട്ടതായി കാണാം.

13–ാം പദ്ധതിക്കാലത്ത് ഓരോ വർഷവും ക്രമാനുസൃതമായി കാർഷികമേഖലയ്ക്ക് തു വർദ്ധിപ്പിക്കുന്ന സമീപനം ഇതര മേഖലകളിൽ നിന്നും വ്യത്യസ്തമാണ്. കാർഷികവൃതിയിലേക്ക് പുതിയ വിഭാഗത്തെ ആകർഷിക്കാനും വിശ്വാസ്യത നിലനിർത്താനും കഴിഞ്ഞു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. 13–ാം പദ്ധതിയിലേക്കുള്ള ഒരു ചൂണ്ടു പലകയുമാണിത്.

ഇനി പദ്ധതിക്കാലത്ത് ചെലവഴിക്കപ്പെട്ട തുകയുടെ മേഖലാ വിഹിതം പരിശോധിക്കുമ്പോൾ 33% വാഴകൃഷിക്കും 29% നെൽകൃഷിക്കും 16% പച്ചക്കറിക്കും 14%തെങ്ങിനും 6% കിഴങ്ങുവർഗ്ഗങ്ങൾക്കുമാണെന്നു കാണാൻ കഴിയും. 2% ജലസേചനം, സുഗന്ധവ്യഞ്ജനങ്ങൾ പ്രധാനമായും കുരുമുളക്, യന്ത്രവൽക്കരണം, കമ്പ്യൂട്ടർ വൽക്കരണം എന്നിവയ്ക്കാണ്.

ഒന്നാം പരിഗണനവാഴയും, രണ്ടാം പരിഗണനനെല്ലിനും, മൂന്നാമത് പച്ചക്കറിക്കും, നാലാമത് തെങ്ങിനും. വാഴകൃഷി നൽകിയ ഒന്നാം പരിഗണനനെൽകൃഷിയുടെ വ്യാപ്തിയെ ബാധിച്ചിട്ടുണ്ടെന്നു കാണാം. പുന:പരിശോധനആവശ്യമായ വിഷയമാണിത്. പച്ചക്കറി കൃഷിക്കും മെച്ചപ്പെട്ട പരിഗണനആവശ്യമാണ്.



പദ്ധതിക്കാലത്തെ പ്രധാനന്യൂനത ജലസംരക്ഷണത്തിനും ജലസേചനത്തിനും സ്രോതസുകളുടെ മെച്ചപ്പെടുത്തലിനും വേണ്ട പ്രാധാന്യം കൈവന്നില്ല എന്നതാണ്. ഇത് നെൽകൃഷിയെ ബാധിച്ചിട്ടുണ്ട്. അതുപോലെ യന്ത്രവൽക്കര ണത്തിനും തൊഴിൽ ലഭ്യതയും കുറച്ചുകൂടി പ്രാധാന്യം കണ്ടെത്തേണ്ടതായിരുന്നു. മറ്റൊരു പ്രധാനന്യൂനത തൊഴിലുറപ്പു പദ്ധതി കാർഷികമേഖലയിൽ ദൃശ്യമായില്ല എന്നതാണ്. ദേശീയതലത്തിലുള്ള നിയന്ത്രണങ്ങളാണ് ഇതിനുകാരണം.

കാർഷികമേഖലയിലെ സങ്കീർണ്ണമായ പ്രശ്നങ്ങൾ സംസ്ഥാനത്തും നഗരസഭയിലും നിലനിൽക്കുമ്പോഴും അതിനെമറികടക്കാനുള്ള ബോധപൂർവ്വമായ ശ്രമം 13–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ദൃശ്യമാണ്. കൃഷിഭവന്റെ പരിമിതികൾ ഏറെയുണ്ടെന്നതുകൂടി കണക്കിലെടുക്കുമ്പോൾ ശ്രദ്ധേയമായ മുന്നേറ്റമാണ് കാർഷികമേഖലയിൽ നഗരസഭ കൈവരിച്ചുള്ളതെന്ന് കാണാൻ കഴിയും.

## കാർഷികമേഖലയുടെ ദീർഘകാല പരിപ്രേക്ഷ്യം

നമുക്കന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കാരത്തെ തിരിച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമകരമായ പ്രവർത്തനങ്ങളാണ് ഈ മേഖലയുടെ ഭാവിക്ക് അനിവാര്യമായിട്ടുള്ളത്. നഗരസഭയിലെ 265 ഹെക്ടറോളം തരിശായികിടക്കുന്ന ഭൂമിയെ കൃഷിയോഗ്യമാക്കണം .നഗരപ്രദേശത്തിനു പുറത്തുള്ള പ്രാന്ത പ്രദേശത്തെ ഹരിതാഭമാക്കണം. ഇന്ന് നെൽ കൃഷി ചെയ്യുന്ന 130 ഹെക്ടർ സ്ഥലം നിലനിർത്തുകയും കൃഷിയോഗ്യമായ 200 ഹെക്ടർ സ്ഥലത്തുകൂടി കൃഷിചെയ്യുകയുമാണ് ലക്ഷ്യം. നഗരസഭയിലെ നെല്ലുൽപ്പാദനം ഇന്നുള്ള 250 ടണ്ണിൽ നിന്നും 600 ടണ്ണാക്കിമാറ്റാൻ നമുക്കാകണം. നാളികേരത്തിന്റെ ഉൽപാദനം ഇന്ന് ഉള്ളതിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിക്കണം. സമഗ്രവും സംയോജിതവുമായ വാഴകൃഷി പദ്ധതിയിലൂടെ വാഴപ്പഴത്തിന്റെ ഉൽപ്പാദനം 4000 ടണ്ണിൽ നിന്ന് 7000 ടണ്ണാക്കി വർദ്ധിപ്പിക്കാൻ കഴിയണം. മറ്റു വിളകളും ഗണ്യമായി വർദ്ധിപ്പിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുകയാണ് ലക്ഷ്യം.

1. നഗരസഭാ പ്രദേശത്തെ തരിശുഭൂമി മുഴുവൻ കൃഷിയോഗ്യമാക്കുക.
2. നഗരസഭാ പ്രദേശത്തെ മൂന്നു തോടുകളും സർവ്വെ ചെയ്ത് പാരശ്വഭിത്തി കെട്ടി ശുദ്ധജല സ്രോതസ്സുകളാക്കി മാറ്റുക.
3. അനുയോജ്യമായ സ്ഥലങ്ങളിൽ തടയണകൾ കെട്ടി ജലസേചനയോഗ്യമാക്കുക.
4. 11 പൊതുകുളങ്ങളും സംരക്ഷിച്ച് കൃഷിക്ക് സഹായകമാക്കുക.
5. നഗരസഭാ പ്രദേശത്തെ നെല്ലുൽപ്പാദനം പ്രതിവർഷം 600 ടണ്ണാക്കി വർദ്ധിപ്പിക്കുക.
7. സമഗ്ര വാഴപ്പഴ കൃഷി പദ്ധതിയിലൂടെ വാഴപ്പഴ ഉൽപ്പാദനം പ്രതിവർഷം 7000 ടണ്ണാക്കി വർദ്ധിപ്പിക്കുക.
8. നഗരസഭാ പ്രദേശത്തെ പച്ചക്കറി ഉദ്പ്പാദനം 400 ടണ്ണിൽ നിന്ന് പ്രതിവർഷം 700 ടണ്ണാക്കി വർദ്ധിപ്പിക്കുക.
9. മറ്റു കാർഷികോൽപ്പന്നങ്ങളുടെ ഉദ്പ്പാദനം ഇരട്ടിയാക്കി വർദ്ധിപ്പിക്കുക.
10. നഗരസഭാ പ്രദേശത്തെ 75% വീടുകളിലും ടെറസ് പച്ചക്കറി കൃഷി നടപ്പാക്കുക.
11. എല്ലാ സ്കൂളുകളിലും പച്ചക്കറി തോട്ടങ്ങൾ ആരംഭിക്കുക.
12. നാളികേര സംരക്ഷണത്തിനും ഉൽപ്പാദനവർദ്ധനവിനും വേണ്ടി മുഴുവൻ വാർഡുകളിലും കേരമിത്ര പദ്ധതി നടപ്പിലാക്കുക.
13. പഴം-പച്ചക്കറി ശീതികരണത്തിനും, സംഭരണത്തിനും സംവിധാനമുണ്ടാക്കുക.
14. നഗരസഭാ പ്രദേശത്തെ ഊർജ്ജിത നെൽകൃഷി വ്യാപനത്തിനാവശ്യമായ എല്ലാ യന്ത്ര സംവിധാനങ്ങളും ലഭ്യമാക്കുക.
15. ഓപ്പൺ പ്രസിഷൻ ഫാമിലിങ്ങ്, മഴമറ, തിരിനന, തുള്ളിനനതുടങ്ങി പുതിയ കൃഷി രീതികൾ സാധ്യമായ എല്ലാ സ്ഥലത്തും പ്രാവർത്തികമാക്കുക.
16. ജൈവ-സുരക്ഷിത പച്ചക്കറി, ധാന്യ മാർക്കറ്റ് സ്ഥാപിക്കുക.

17. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, സംസ്കരണം, വിപണനം എന്നിവക്ക് സംവിധാനമുണ്ടാക്കുക. ബ്രാൻഡഡ് ഇനങ്ങൾ പുറത്തിറക്കുക.
18. വാർഡടിസ്ഥാനത്തിൽ കാർഷികോൽപ്പന്ന വിപണനശൃംഖല കുടുംബശ്രീ നേതൃത്വത്തിൽ ആരംഭിക്കുക.
19. എല്ലാ കൃഷിഭൂമി പ്ലോട്ടുകളും പുരയിടങ്ങളും സോയിൽ ടെസ്റ്റ് നടത്തുക.
20. സ്ഥലം ലഭ്യമായ പൊതു ഇടങ്ങളിൽ ഔഷധോദ്യാനവും പാതയോരങ്ങളിൽ മരംവെച്ചുപിടിപ്പിക്കലും.
21. നഗരസഭയിലെ എല്ലാ പുരയിടങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സോയിൽ ടെസ്റ്റ രജിസ്റ്റർ തയ്യാറാക്കുക, ഓരോ പുരയിട ഉടമക്കും കാർഡ് നൽകുക.
22. മണ്ണിന്റെ ന്യൂനതയറിഞ്ഞ് പരിഹരിച്ചുള്ള കൃഷിസമ്പ്രദായം നടപ്പിലാക്കുക.

## 14 – ാം പഞ്ചവത്സര പദ്ധതി ലക്ഷ്യങ്ങൾ

നേരത്തെ സൂചിപ്പിച്ച ദീർഘകാല പരിപ്രേക്ഷ്യതിലെ 50% ലക്ഷ്യങ്ങളും നടപ്പു പദ്ധതിക്കാലത്ത് കൈവരിക്കാൻ കഴിയുന്ന തരത്തിലാണ് നിർണ്ണയിച്ചിരിക്കുന്നത്. കാർഷികരംഗത്തെ ഉണർവ്വിനും വ്യാപനത്തിനും സഹായകരമായ പദ്ധതികൾക്കാണ് മുൻതൂക്കം നൽകാനുദ്ദേശിക്കുന്നത്. നഗരസഭ നല്ല രീതിയിൽ നടപ്പാക്കികൊണ്ടിരിക്കുന്ന ജീവനം പദ്ധതിയുടെ ചുവടു പിടിച്ചുകൊണ്ട് ജൈവവളത്തിന്റെ ഉദ്പാദനവും വിപണനവും ഫലപ്രദമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഹരിതകേരളം പദ്ധതി നഗരസഭക്ക് അനുയോജ്യമായ വിധത്തിൽ നടപ്പാക്കുകയും തോട്, കുളം, മറ്റു ജലാശയങ്ങൾ എന്നിവ സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യും. സ്കൂൾ പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി കൃഷിയുടെ പ്രായോഗികതയും അഭിരുചിയും കുട്ടികളിൽ പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് പ്രാധാന്യം നൽകും. പദ്ധതിക്കാലത്ത് കൈവരിക്കാൻ കഴിയുന്ന ലക്ഷ്യങ്ങളെ താഴെപറയുന്ന വിധത്തിൽ നിർണ്ണയിക്കുന്നു.

## 14 – ാം പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ ഭൂമി, ഉത്പാദനം

| ക്രമ നമ്പർ | വിള | ഇപ്പോഴത്തെ അവസ്ഥ | | 2022 - 23 | | 2023 - 24 | | 2024 - 25 | | 2025 - 26 | | 2026 - 27 | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഭൂമി | ഉത്പാദനം (ടൺ) | ഭൂമി | ഉത്പാദനം (ടൺ) | ഭൂമി | ഉത്പാദനം (ടൺ) | ഭൂമി | ഉത്പാദനം (ടൺ) | ഭൂമി | ഉത്പാദനം (ടൺ) | ഭൂമി | ഉത്പാദനം (ടൺ) |
| 1 | നെല്ല് | 85 | 340 | 110 | 400 | 135 | 440 | 150 | 500 | 180 | 550 | 200 | 600 |
| 2 | തെങ്ങ് | 650 | 30ലക്ഷം | 660 | 32 | 670 | 35 | 680 | 38 | 690 | 41 | 700 | 45 |
| 3 | വാഴ | 275 | 4400 | 280 | 4700 | 285 | 5000 | 290 | 5300 | 295 | 5700 | 300 | 6000 |
| 4 | പച്ചക്കറി | 40 | 800 | 45 | 850 | 50 | 950 | 55 | 1025 | 60 | 1100 | 70 | 1200 |
| 5 | മരച്ചീനി | 200 | 5000 | 210 | 5500 | 220 | 6000 | 230 | 6600 | 240 | 7200 | 250 | 8000 |
| 6 | മറ്റു കിഴങ്ങു വർഗ്ഗങ്ങൾ | 100 | 2500 | 105 | 2600 | 110 | 2750 | 115 | 2850 | 120 | 3000 | 125 | 3200 |
| 7 | സുഗന്ധ വ്യഞ്ജനങ്ങൾ | 40 | 400 | 42 | 425 | 44 | 450 | 46 | 475 | 48 | 500 | 50 | 525 |
| 8 | റബ്ബർ | 350 | | 350 | | 350 | | 350 | | 350 | | 350 | |
| 9 | ഔഷധ സസ്യം | 5 | | 5.5 | | 6.0 | | 6.5 | | 7.0 | | 7.5 | |

# 14 – ാം പഞ്ചവത്സര പദ്ധതിക്കാലത്തെ വിളലക്ഷ്യങ്ങൾക്ക് അനുസൃതമായി കൈവരിക്കാൻ കഴിയുന്ന മറ്റ് നേട്ടങ്ങൾ

| ക്രമ നമ്പർ | വർഷം | കർഷകർ * | കർഷക തൊഴിലാളികൾ * | ഉപകരണങ്ങൾ * | | | കുളങ്ങൾ | | കിണർ സ്വകാര്യം | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | | | ട്രാക്റ്റർ മിനി ട്രാക്റ്റർ | ട്രില്ലർ | സ്പ്രെയർ | പൊതു | സ്വകാര്യം | | |
| 1 | ഇപ്പോൾ | 3581 | 1750 | 1 | 1 | 2 | 12 | 89 | 6584 | *കർഷകരുടെ വർദ്ധനവ് ആക്റ്റിവിറ്റി ഗ്രൂപ്പ് |
| 2 | 2022 - 23 | 3650 | 1800 | 1 | | | | 11 | 66 | രൂപീകരണം വഴി |
| 3 | 2023 - 24 | 3750 | 1900 | | 1 | | | 10 | 50 | *കർഷകതൊഴിലാളി വർദ്ധനവ് |
| 4 | 2024 - 25 | 3800 | 2000 | | | 2 | | 10 | 50 | കർമ്മസേന രൂപീകരണം വഴി |
| 5 | 2025 - 26 | 3900 | 2100 | | | 2 | | 10 | 50 | *ഉപകരണങ്ങൾ പെരിന്തൽമണ്ണ |
| 6 | 2026 - 27 | 4000 | 2200 | | | 2 | | 10 | 50 | കാർഷിക വിവിധോദ്ദേശ സഹകരണസംഘം |
| | | | ആകെ | 2 | 2 | 8 | 12 | 140 | 6850 | |

## 14 – ാം പദ്ധതി ലക്ഷ്യങ്ങൾ

**എ – ജലസ്രോതസ്സ്, ജലാശയ സംരക്ഷണം, ജലസംരക്ഷണം**

1. നഗരസഭയിലെ 3 തോടുകളും ഉപയോഗയോഗ്യമാക്കുക. മാലിന്യരഹിതമാക്കുക.
2. തോടുകളുടെ പാർശ്വഭിതി സംരക്ഷണം, ജൈവസംരക്ഷണം, പുറമ്പോക്ക് സ്ഥലങ്ങൾ സംരക്ഷിക്കൽ എന്നിവ.
3. പൊതുകുളങ്ങളെ സംരക്ഷിക്കൽ, ഉപയോഗയോഗ്യമാക്കൽ, കൃഷിക്ക് കൂടുതൽ പ്രയോജനപ്പെടുത്തൽ.
4. സ്വകാര്യകുളങ്ങൾ ഗുണഭോക്തൃ വിഹിതം ഉപയോഗപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തി കൃഷിക്ക് പ്രയോജനപ്പെടുത്തുക.
5. നഗരസഭയിലെ മുഴുവൻ വീടുകളോടനുബന്ധിച്ചുള്ള കിണറുകളും (കുഴൽകിണർ ഉൾപ്പെടെ) പൊതു കെട്ടിടങ്ങളോടനുബന്ധിച്ചുള്ള കിണറുകളും റീചാർജ് ചെയ്ത് ജലലഭ്യത ഉറപ്പുവരുത്തൽ.
6. തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി ജലസംരക്ഷണ സംവിധാനങ്ങൾ (മഴക്കുഴികൾ, അനുബന്ധ കിണറുകൾ, മഴവെള്ള സംഭരണി) ഒരുക്കൽ.
7. വീടുകളിലെ വെള്ളത്തിന്റെ പുനരുപയോഗം സാധ്യമാക്കൽ.
8. പൊതു സ്ഥാപനങ്ങളിലെ വെള്ളത്തിന്റെ പുനരുപയോഗം സാധ്യമാക്കൽ.
9. ജലസംരക്ഷണത്തിന്റെയും മിതവ്യയ ശീലത്തിന്റെയും സ്വാധീനം പുതിയ തലമുറയിൽ വളർത്തുക.
10. വീടുകളിൽ ജല മിതവ്യയ ശീലമുണ്ടാക്കൽ. (കുടുംബശ്രീ സംവിധാനം ഉപയോഗപ്പെടുത്തി)
11. ജലദൗർലഭ്യം മൂലം കൃഷിയോട് വിമുഖതയുള്ളവരുടെ പ്രശ്നം പരിഹരിക്കൽ.

**ബി. തരിശുഭൂമി കൃഷിയോഗ്യമാക്കൽ – ഊർജിത നെല്ലുൽപ്പാദനം**

1. നഗരപ്രദേശത്തെ നെൽകൃഷി വ്യാപനവും ഉദ്പാദനവർദ്ധനവും (പട്ടികയനുസരിച്ച്)
2. മണ്ണിന്റെ ഘടനമനസ്സിലാക്കി പുരയിടങ്ങളിലെ ഉദ്പാദനം വർദ്ധിപ്പിക്കൽ (പട്ടികയനുസരിച്ച്)
3. കൃഷിയിലെ കൂട്ടായ്മ വളർത്തൽ-കൃഷിസംസ്കാരം തിരിച്ചുകൊണ്ടുവരൽ.
4. യന്ത്രസംവിധാനങ്ങളും ആധുനിക ഉപകരണങ്ങളും മിതമായ വാടകക്ക് ലഭ്യമാക്കി ഉൽപാദനചെലവ് കുറയ്ക്കുക.
5. കർഷകതൊഴിലാളി ക്ഷാമം കുറക്കുന്നതിനും മിതമായ കൂലി നൽകുന്നതിനും കർമ്മസേന രൂപീകരണം സാധ്യമാക്കുക.
6. ഉൽപന്നങ്ങൾക്ക് മിതമായ വില ലഭ്യമാക്കുന്നതിനുള്ള മാർക്കറ്റ് സംവിധാനമുണ്ടാക്കൽ.
7. ആധുനിക കൃഷിരീതികൾ പരിചയപ്പെടുത്തി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുക.
8. സ്ഥലപരിമിതി മൂലം കാർഷികവൃത്തിയോട് വിമുഖതയുള്ള നഗരവാസികളെ കൃഷിയുമായി ബന്ധപ്പെടുത്തൽ.
9. വിളപരിപാലനം സംബന്ധിച്ച ശാസ്ത്രീയമായ അറിവുകളുടെ പ്രയോഗവൽക്കരണം സാധ്യമാക്കൽ.
10. മണ്ണിന്റെ ഘടനയും മൂലകങ്ങളുടെ കുറവും ആധിക്യവും മനസ്സിലാക്കി വളപ്രയോഗവും പരിപാലനവും നടത്താൻ പ്രാപ്തരാക്കുക.
11. ഉൽപാദകർക്ക് ന്യായമായ വില ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുക.
12. കൃഷിക്കാർക്ക് മിതമായ പലിശ നിരക്കിൽ വായ്പ ലഭിക്കുന്നതിന് സംവിധാനമുണ്ടാക്കുക.
13. മിതമായ വിലക്ക് ജൈവവളം, ജൈവ കീടനാശിനി, വിത്ത്, തൈകൾ എന്നിവ ലഭ്യമാക്കുക.
14. വിദ്യാർത്ഥികളിൽ കൃഷി അവബോധം വളർത്തുക.
15. കീടനാശിനികൾ മൂലമുള്ള മാരകരോഗങ്ങളിൽ നിന്നും സംരക്ഷണം നൽകുക.
16. മാലിന്യസംസ്കരണബോധം വളർത്തുക.
17. പ്രകൃതിസ്നേഹം, പരിസ്ഥിതി സന്തുലനം, എന്നിവയെ കുറിച്ച് അവബോധ മുണ്ടാക്കുക.

**സി. ഈർപ്പരഹിത ഭൂമിയിലെ കൃഷി**

1. നാളികേര ഉൽപാദനം വർദ്ധിപ്പിക്കുക.
2. കേരകൃഷി വ്യാപിപ്പിക്കാൻ ശ്രമിക്കുക.
3. തേങ്ങ പറിക്കാൻ ആളെ കിട്ടാത്ത അവസ്ഥക്ക് പരിഹാരമുണ്ടാക്കുക.
4. കാർഷികവൃദ്ധിയോട് പുതിയ തലമുറക്ക് ആഭിമുഖ്യമുണ്ടാക്കുക.
5. കിഴങ്ങുവർഗ്ഗങ്ങളെ ഭക്ഷണത്തിൽ കൂടുതലായി ഉൾപ്പെടുത്താനും ഉദ്പ്പാദനവർദ്ധനവിനും ശ്രമിക്കുക.

**ഡി. സമഗ്ര വാഴപ്പഴകൃഷി**

1. ഭൂമികൃഷിക്ക് വേണ്ടി പരമാവധി പ്രയോജനപ്പെടുത്തുക.
2. ഇടക്കാല വിളയിലൂടെ വരുമാനം വർദ്ധിപ്പിക്കാനും ഉൽപ്പാദനവർദ്ധനവിനും ശ്രമിക്കുക.
3. കൃഷിയിലൂടെ കൂട്ടായ്മ വളർത്തുക, സങ്കുചിത ചിന്താഗതികൾ നിനസാഹപ്പെടുത്തുക.
4. മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപ്പാദനവും സംസ്കരണവും വിപണനവും പ്രോത്സാഹിപ്പിക്കുക.

**ഇ. നാടൻ ഉൽപന്നങ്ങളുടെ വ്യാപനം**

1. ഔഷധ ഗുണങ്ങളുള്ളതും പോഷക സമൃദ്ധവുമായ നാടൻ ഭക്ഷ്യവസ്തുക്കളെ അടുത്തറിയാനും ഉപയോഗിക്കാനും പ്രോത്സാഹിപ്പിക്കുക.
2. വിഷലിപ്തമായ പച്ചക്കറി-പഴവർഗ്ഗ ഉപഭോഗം ഇല്ലാതാക്കുക.
3. മിതവ്യയം ശീലിക്കാൻ പ്രേരിപ്പിക്കുക. (കുടുംബ ബഡ്ജറ്റ് ക്രമീകരണം)
4. ജൈവ വൈവിധ്യബോധവും പ്രകൃതിയുടെ പ്രാധാന്യവും മനസ്സിലാക്കാൻ സഹായിക്കുക.

**എഫ്. ഔഷധ സസ്യകൃഷിവ്യാപനം**

1. ഔഷധ സസ്യങ്ങളെ അടുത്തറിയാനും രോഗപ്രതിരോധത്തിനും സഹായിക്കുക.
2. ഔഷധ സസ്യങ്ങുടെ സംരക്ഷണവും നിലനിൽപ്പും ഉറപ്പുവരുത്തുക.
3. ഔഷധ സസ്യകൃഷി നഗരസഭയിൽ പരമാവധി വ്യാപിപ്പിക്കുക.

**ജി. പലവക**

1. തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുക. തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുക.
2. വീട്ടുപരിസരവും കൂടുതൽ ഹരിതാഭമാക്കുക.
3. നഗരസഭയിലെ പ്രാന്തപ്രദേശങ്ങൾ ഹരിതാഭമാക്കുക.
4. കുടുംബശ്രീ സംവിധാനത്തെ പദ്ധതിയുമായി ബന്ധിപ്പിക്കുക.
5. അയൽകൂട്ടങ്ങളെ കൃഷി-അനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക. (സംഘകൃഷി)
6. പ്രാദേശിക വിപണനസംവിധാനമുണ്ടാക്കുക.
7. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

# 14 –ാം പദ്ധതിയുടെ ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി പദ്ധതിക്കാലത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രോജക്ട് ആശയങ്ങളെ താഴെ കൊടുക്കുന്നു.

**എ. ജലസ്രോതസ്സ്, ജലസംരക്ഷണം, ജലാശയ സംരക്ഷണം**

1. നഗരസഭയിലെ 3 തോടുകളുടെ സർവ്വെ
2. തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, ജൈവസംരക്ഷണം.
3. പൊതുകുളങ്ങളുടെ സർവ്വെ.
4. പൊതുകുളങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ
5. പൊതുകുളങ്ങളുടെ സംരക്ഷണ സംവിധാനങ്ങൾ
6. സ്വകാര്യ കുളങ്ങളുടെ സർവ്വെ.
7. സ്വകാര്യ കുളങ്ങൾ കൃഷിക്ക് ഉപയോഗപ്പെടുത്തൽ (ഗുണഭോക്തൃ വിഹിതം, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി)
8. കിണർ റീചാർജിന് പരിശീലനം, ആക്ടിവിറ്റി ഗ്രൂപ്പ് രൂപീകരണം.
9. മഴകുഴി നിർമ്മാണം, അനുബന്ധ കിണർ നിർമ്മാണം (തൊഴിലുറപ്പ് പദ്ധതി)
10. തിരിനന, മഴമറ ഓപ്പൺ പ്രസിസിംഗ് ഡ്രെയിനേജ് അടുക്കളത്തോട്ടം ബന്ധിപ്പിക്കൽ.
11. ഒരുതുള്ളി വെള്ളവും ഇനി പാഴാക്കില്ല. (വിദ്യാലയങ്ങളും പൊതുസ്ഥലങ്ങളും കേന്ദ്രീകരിച്ച് കലാജാഥ)

**ജലസംരക്ഷണം**

1. മുത്തങ്ങ തോട് മുതൽ പുളിക്കൽ ചിറവരെ തോട് സംരംഭം.
2. നമ്പ്യാർതോട് സംരക്ഷണം.
3. കാരയിൽ തോട് സംരക്ഷണം.
4. പൊന്ന്യാകുർശ്ശി തോട് സംരക്ഷണം.
5. കുന്നക്കാട് ചിറ മുതൽ ആലുംകൂട്ടം അണകെട്ട് വരെ തോട് സംരക്ഷണം.
6. കൊല്ലങ്കോട് മുക്ക് തോട് സംരക്ഷണം.
7. താണിക്കൽ മുക്ക് തോട് സംരക്ഷണം.
8. നീരിട്ടി തോട് സംരക്ഷണം.
9. നായാട്ടു പാലം തോട് സംരക്ഷണം

**കുളം സംരക്ഷണം**

എ) പുത്തൻകുളം

ബി) കോരകുളം

സി) ഇല്ലത്തെകുളം

ഡി) മുണ്ടയാക്കാറ് മുത്തങ്ങകുളം

ഇ) പുത്തൻകുളം

എഫ്) ഉമ്മാട്ടിൽകുളം

ജി) കൊളക്കട കുളം.

എച്ച്) രാമൻകുളം

ഐ) മംഗലംകുളം

ജെ) ഏണിപ്പാറ കുളം, ആഞ്ഞുള്ളിചിറ, കൈതക്കുളം

**തടയണ നിർമ്മാണം**

എ) നമ്പ്യാർതോട്

ബി) മുരിയ്ക്കുംകുണ്ട്

സി) ചെങ്ങണക്കോട്

ഡി) നീരിട്ടിതോട്-ചെത്ത്പാലം

ഇ) പുത്തൂർ ക്ഷേത്രത്തിന് കിഴക്കുഭാഗം

**ബി. തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ**

1. കൃഷിഭൂമി-പുരയിട സർവ്വെ, രജിസ്റ്റർ, ഉടമകൾക്ക് കാർഡ്.
2. സമഗ്ര പുരയിട മണ്ണ് പരിശോധന(പരിശീലനം, പ്രത്യേക സംഘരൂപീകരണം, സമയബന്ധിത റിപ്പോർട്ട് നൽകൽ).
3. നെൽകൃഷി ആക്റ്റിവിറ്റി ഗ്രൂപ്പ് രൂപീകരണം.
4. കാർഷിക കർമ്മസേനാ രൂപീകരണം, പരിശീലനം, അടിസ്ഥാനസൗകര്യമൊരുക്കൽ
5. സഹകരണസംഘത്തിന് കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും നൽകൽ.
6. സ്കൂൾ പച്ചക്കറിതോട്ടം, പൂന്തോട്ടം, ഔഷധോദ്യാനം
7. കുടുംബശ്രീ അയൽകൂട്ടങ്ങൾ (ആക്റ്റിവിറ്റി ഗ്രൂപ്പ്) വഴി സംഘകൃഷി ആരംഭിക്കൽ.
8. മട്ടുപ്പാവുകൃഷി വ്യാപനം, പരിശീലനം, ആക്ടിവിറ്റി ഗ്രൂപ്പ്, വിത്ത്, വളം, ഗ്രോബാഗ് വിതരണം എന്നിവ
9. ഹരിതഭവനം പദ്ധതി:-സമഗ്ര പുരയിട കൃഷിവ്യാപനം. (റസിഡൻസ് അസോസിയേഷൻ മുഖേന)
10. നെൽകൃഷി ആക്റ്റിവിറ്റി ഗ്രൂപ്പുകൾക്ക് പരിശീലനം, ഉപകരണങ്ങൾ, മറ്റു ധനസഹായങ്ങൾ

**സി. ഈർപ്പരഹിത ഭൂമിയിലെ കൃഷി**

1. കേരമിത്ര-(തെങ്ങ് പരിപാലനം, വളപ്രയോഗം, കീടനിയന്ത്രണം, ജലലഭ്യത, തെങ്ങുകയറ്റ യന്ത്രപരിശീലനം, ആക്റ്റിവിറ്റി ഗ്രൂപ്പ് രൂപീകരണം എന്നിവ ഉൾക്കൊള്ളിച്ചത്)
2. ഊർജിത കിഴങ്ങുവർഗ്ഗ പദ്ധതി-മരച്ചീനി, ചേമ്പ്, ചേന, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ ഉത്പ്പാദന വർദ്ധനവും വ്യാപനവും.

**ഡി. സമഗ്രവാഴപ്പഴകൃഷി**

1. വാഴകൃഷി വ്യാപനത്തിനാവശ്യമായ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ പരിശീലനം, (കുടുംബശ്രീ ഉൾപ്പെടെ) തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിച്ച്.
2. മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ സംസ്കരണം, വിപണനം. (ആക്റ്റിവിറ്റി ഗ്രൂപ്പുകൾ)

**ഇ. നാടൻ ഉൽപന്നങ്ങളുടെ വ്യാപനം**

1. എല്ലാ പുരയിടങ്ങളിലും പപ്പായ, മുരിങ്ങ, ചീര, കറിവേപ്പില, പ്ലാവ്, നാടൻമാവ്, പേരയ്ക്ക, നാരങ്ങ എന്നിവ നട്ടുവളർത്തൽ. (തൈവിതരണം, നടൽ, മോണിറ്ററിംഗ്-ഗ്രീൻ ടെൽനീഷ്യൻസ്)

**എഫ്. ഔഷധ കൃഷി വ്യാപനം**

1. എല്ലാ പുരയിടങ്ങളിലും വേപ്പ്, തുളസി, കറ്റാർവാഴ, തുടങ്ങിയ ഔഷധ സസ്യങ്ങൾ വളർത്തൽ. (ഗ്രീൻടെക്നീഷ്യൻ)
2. വ്യവസായ അടിസ്ഥാനത്തിൽ ഔഷധ കൃഷി വ്യാപിപ്പിക്കൽ.

**ജി. പലവക**

1. കുടുംബശ്രീ അയൽകൂട്ടങ്ങൾ വഴി മറ്റ് ഔഷധ സസ്യങ്ങളുടെയും പൂചെടികളുടെയും ഉൽപ്പാദനം, വിപണനം, വിതരണം. (ഒരു അയൽകൂട്ടം ഒരിനം മാത്രം വികസിപ്പിക്കൽ, കൈമാറൽ, വിപണനം)
2. വാർഡ്തല പച്ചക്കറി-ഫലവിൽപനകേന്ദ്രം-ഹോംഷോപ്പ്-വീട് കേന്ദ്രീകരിച്ച്-ഉൽപന്ന കൈമാറ്റം
3. വൻതോതിൽ ഉത്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി ഫലവർഗ്ഗ ഉദ്പാദനസംവരണത്തിനും സംസ്കരണത്തിനും സാഹചര്യമൊരുക്കുക.

## മത്സ്യകൃഷി

നമ്മുടെ നാടിന്റെ ഭൂപ്രകൃതിയനുസരിച്ച് ഏറെ വികസനസാധ്യതയുള്ള ഒന്നാണ് മത്സ്യകൃഷി. ഭക്ഷ്യാവശ്യത്തിനായി പ്രകൃതിയിൽ നിന്നും ഏറ്റവുമധികം ചൂഷണം ചെയ്യപ്പെടുന്ന ജലവിഭവമാണ് മത്സ്യം. കടലിൽനിന്നുള്ള മത്സ്യത്തിന്റെ ലഭ്യതക്കുറവ് രൂക്ഷമായ സാഹചര്യത്തിൽ ഭക്ഷണത്തിനായി നമുക്കാവശ്യമായ മത്സ്യവും ഉദ്പ്പാദിപ്പിക്കേണ്ടതുണ്ട്. പഴക്കംചെന്ന മത്സ്യത്തിന്റെ ഉപയോഗം, രാസപദാർത്ഥങ്ങളുടെ ആധിക്യം എന്നിവ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന സാഹചര്യവും നിലവിലുണ്ട്. ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ ഹൃദയാഘാതത്തിനു കാരണമായ കൊളസ്ട്രോളിന്റെ അളവ് കുറയ്ക്കാൻ മാംസാഹാരത്തിൽ നിന്നും മത്സ്യാഹാരത്തിലേക്ക് മാറുന്നത് ഗുണകരമാണെന്ന ചിന്താഗതി ശക്തിപ്പെട്ടിട്ടുണ്ട്.

മലബാറിലെ പ്രധാനമത്സ്യമാർക്കറ്റാണ് പെരിന്തൽമണ്ണയിലുള്ളത്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യമാണ് മാർക്കറ്റിലെ പ്രധാനയിനങ്ങൾ. അതുകൂടാതെ കുന്തിപ്പുഴ, തൂതപ്പുഴ എന്നിവിടങ്ങളിലെ പുഴമത്സ്യം, കാഞ്ഞിരപ്പുഴ, മലമ്പുഴ ഡാമുകളിലെയും കർണ്ണാടക, തമിഴ്നാട് അതിർത്തികളിലുള്ള സ്വകാര്യ ഡാമുകളിലെ മത്സ്യങ്ങളും ഇവിടെ വിറ്റഴിക്കുന്നുണ്ട്. നഗരസഭ BOT അടിസ്ഥാനത്തിൽ പണിതുകൊണ്ടിരിക്കുന്ന മൊത്ത വ്യാപാരകേന്ദ്രവും ഈ രംഗത്തെ മികച്ച സാധ്യതകളാണ് സൂചിപ്പിക്കുന്നത്.



നഗരസഭയിൽ അടുത്തകാലത്തായി മത്സ്യകൃഷിയിൽ താൽപര്യം വർദ്ധിച്ചുവന്നിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മത്സ്യകൃഷി വ്യാപനത്തിനായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന മത്സ്യസമൃദ്ധി നഗരസഭയിലും വിജയം കണ്ടിട്ടുണ്ട്. ഓരോ വർഷവും മത്സ്യ കർഷക ക്ലബ്ബിലെ അംഗത്വം വർദ്ധിച്ചുവരുന്നുണ്ട്. 2016–17ൽ മാത്രം അപേക്ഷ നൽകിയത് 131 പേരാണ്. നഗരസഭയിലെ 59 കളങ്ങളിൽ മത്സ്യകൃഷി നടക്കുന്നുണ്ട്. സ്വകാര്യ കുളങ്ങൾ, പൊതുകുളങ്ങൾ, കിണറുകൾ, ക്വാറിയോടനുബന്ധിച്ച ജലാശയങ്ങൾ എന്നിവയിലാണ് പ്രധാനമായും കൃഷി നടക്കുന്നത്. കൃത്രിമമായി നിർമ്മിക്കുന്ന ടാങ്കുകളിലും മത്സ്യകൃഷി ശീലിച്ചുവരുന്നുണ്ട്. തീറ്റ് സബ്സിഡി ഉൾപ്പെടെ ഓരോ വർഷവും കർഷകർക്ക് 25,000 രൂപക്ക് 30,000/- രൂപക്ക് ഇടയിൽ സബ്സിഡി നൽകിവരുന്നുണ്ട്. പരൽ, മുശ്ശ്, കണ്ണൻ, കട്‌ല, കല്ലേരി എന്നീ ഇനങ്ങളാണ് പ്രധാനമായും കൃഷിചെയ്തു വരുന്നത്.

മത്സ്യത്തിന്റെ ഉപഭോഗം വർദ്ധിച്ച സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് താൽക്കാലികവും കൃത്രിമവുമായ ടാങ്കുകൾ നിർമ്മിച്ച് മത്സ്യകൃഷിക്കുള്ള വിപുലമായ സാധ്യതകൾ കണ്ടെത്താവുന്നതാണ്. പദ്ധതികാലത്ത് മത്സ്യകൃഷി മേഖലയിൽ പ്രധാനമായും നടപ്പാക്കാനുദ്ദേശിക്കുന്ന ആശയങ്ങൾ താഴെകൊടുക്കുന്നു.

1. നിലവിലുള്ള മത്സ്യകൃഷി ഉൽപ്പാദനം വർദ്ധിപ്പിക്കുക.
2. ശാസ്ത്രീയ രീതിയിലുള്ള മത്സ്യകൃഷി പരിപാലനം നൽകുക.
3. കൃത്രിമ ടാങ്ക് നിർമ്മാണം, മത്സ്യകൃഷി വ്യാപനം.
4. അലങ്കാര മത്സ്യകൃഷി വ്യാപിപ്പിക്കൽ
5. വിദ്യാർത്ഥികൾക്ക് മത്സ്യകൃഷിയിൽ പരിശീലനം.
6. ശുദ്ധജല മത്സ്യങ്ങൾക്കുള്ള വിപണനകേന്ദ്രം.
7. മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ
8. സംയോജിത മത്സ്യകൃഷിക്കുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തൽ.

# 3 – മൃഗസംരക്ഷണവും, ക്ഷീര വികസനവും

**ആമുഖം**

ഭൂമിയും ജലസമ്പത്തും കഴിഞ്ഞാൽ ഗ്രാമീണ കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത് കന്നുകാലികളാണ്. കാർഷികരാജ്യമായ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ നിയന്ത്രിക്കുന്ന പ്രധാനഘടകങ്ങളിലൊന്നാണ് കാലിവളർത്തൽ. അനുക്രമം വർദ്ധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ജനസംഖ്യക്ക് കൂടുതൽ പ്രോട്ടീനും കൊഴുപ്പുമുള്ള രുചികരമായ ദൈനംദിനഭക്ഷ്യവസ്തുക്കൾ നൽകുന്നതിനും കന്നുകാലികൾക്ക് ഉദ്പാദനക്ഷമത ഒരളവുവരെ അവയുടെ വർഗ്ഗശുദ്ധിയെയും കാലാവസ്ഥയെയും പരിപാലന നിലവാരത്തെയും ആശ്രയിച്ചിരിക്കുന്നു.

പാലുൽപ്പാദനരംഗത്ത് കേരളത്തിന് കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി അത്ഭുതപൂർവ്വമായ പുരോഗതി കൈവരിക്കാനായിട്ടുണ്ട്. ദേശീയതലത്തിൽ ഈ പുരോഗതി 4.7%വും കേരളത്തിലേത് 9.3%വുമാണ് അതായത് ഇരട്ടി. ആറു പതിറ്റാണ്ട് മുമ്പ് നമ്മുടെ സംസ്ഥാനത്തിന്റെ ദൈനംദിനപാലുൽ പ്പാദനം ഒരു ലക്ഷം ടൺ ആയിരുന്നുവെങ്കിൽ ജനകീയാസൂത്രണ പ്രസ്ഥാനവും അധികാര വികേന്ദ്രീകരണവും നടപ്പിലാക്കുന്നതിന് തൊട്ടുമുമ്പ് (1994–95) 22.4മെട്രിക്ക് ടണ്ണായി വർദ്ധിച്ചു. ഇപ്പോഴാകട്ടെ അത് 31 ലക്ഷം ടണ്ണാണ്.



പ്രതിശീർഷ ഉപഭോഗം 32 ഗ്രാം പാലിൽ നിന്ന് ഇന്ന് 76 ഗ്രാം പാലായി വർദ്ധിച്ചിരിക്കുന്നു. ആസൂത്രിതമായ പ്രജനനനയവും സങ്കര പ്രജനനപദ്ധതിയും ചിട്ടയായി നടത്തിയതുകൊണ്ടാണ് ഈ നേട്ടങ്ങൾ കൈവരിക്കാനായത്. അതേസമയം കേരളത്തിൽ ഭൂമിയുടെ പ്രതിശീർഷ ലഭ്യത 20 സെന്റിൽ താഴെയാണ്. ജനസംഖ്യ വർദ്ധിക്കുന്നു, ഭൂമി ലഭ്യത കുറയുന്നു. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ജനസാന്ദ്രത കൂടിയ കേരളത്തിൽ മേച്ചിൽപ്പുറങ്ങളും തീറ്റപ്പുൽ കൃഷിയും വളരെ പരിമിതമാണ്.  ഭൂരിഭാഗവും പരിമിത കർഷകരാണ്.

കേരളത്തിന്റെ ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് നമ്മുടെ നഗരസഭയിലെ മമൃഗസംരക്ഷണ മേഖലയെയും നോക്കി കാണേണ്ടത്. ഗ്രാമപ്രദേശങ്ങളേക്കാൾ മുകളിൽ സൂചിപ്പിച്ച ഘടകങ്ങൾ നഗരപ്രദേശങ്ങളിൽ കുറച്ചുകൂടി തീവ്രമാണ്. എന്നിരുന്നാലും പെരിന്തൽമണ്ണ നഗരസഭയുടെ പ്രത്യേകമായ ഭൂപ്രകൃതിയും നഗരപ്രദേശത്തിന്റെ ചുറ്റുമുള്ള പ്രാന്ത പ്രദേശങ്ങളും ഇതിന് അനുകൂലമായ ഒരു സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്.

## നഗരസഭയിലെ കാലി സമ്പത്ത്

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പശു | 973 |
| 2 | എരുമ | 63 |
| 3 | ആട് | 1062 |
| 4 | കോഴി (വീട്) | 11466 |
| 5 | താറാവ് | 225 |
| 6 | മുയൽ | 80 |
| 7 | പന്നി | 38 |

## നഗരസഭയിലെ പ്രതിമാസ ഉപഭോഗവും ഉൽപ്പാദനവും

| ക്രമ നമ്പർ | ഇനം | ഉപഭോഗം | ഉത്പ്പാദനം |
|---|---|---|---|
| 1 | പാൽ | 99050 ലിറ്റർ | 16,000 ലിറ്റർ |
| 2 | മുട്ട (എണ്ണം) | 6 ലക്ഷം | 1 1/2 ലക്ഷം |
| 3 | മാംസം | 63,000 കി.ഗ്രാം | 14000 കി.ഗ്രാം |

## ഈ മേഖലയിൽ പ്രധാനപ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

**1. ഭൂലഭ്യത**

നഗരത്തിന്റെ പ്രധാനഭാഗങ്ങളിൽ ഭൂലഭ്യത കാലിവളർത്തലിന് തടസ്സമാണ്. എന്നാൽ പൊന്ന്യാകുർശ്ശി, പാതായ്ക്കര, എരവിമംഗലം, കുന്നപ്പള്ളി എന്നിവ ഉൾക്കൊള്ളുന്ന ബാഹ്യബ്രാന്ത മേഖല കാലിവളർത്തലിന് ഏറെക്കുറെ അനുയോജ്യമാണ്.

**2. രോഗങ്ങൾ**

പരിപാലനം മെച്ചപ്പെടുത്തുമ്പോൾ പെട്ടെന്നുണ്ടാകുന്ന കാലിരോഗം ഉൽപ്പാദനത്തെയും വരുമാനത്തെയും ബാധിക്കുന്നു.

**3. പോഷക ന്യൂനത**

മേച്ചിൽ സ്ഥലങ്ങളുടെ കുറവും നെൽകൃഷിയിൽ വന്ന കുറവും പോഷക ലഭ്യതയെ ബാധിച്ചിട്ടുണ്ട്. കാർഷികാവശിഷ്ടങ്ങൾക്കും ഉപോൽപന്നങ്ങൾക്കും പകരം കൂടുതൽ കാലിതീറ്റയും കോഴിതീറ്റയും ഉപയോഗിക്കേണ്ടിവരുന്നു. ഇത് വരുമാനത്തെ ബാധിക്കുന്നു.

**4. മികച്ചയിനങ്ങളുടെ ലഭ്യതകുറവ്**

നല്ല ഉരുക്കളുടെയും നല്ല കോഴി-താറാവ് ഇനങ്ങളുടെയും ലഭ്യതക്കുറവും ഇതുസംബന്ധിച്ചുള്ള വിവരങ്ങളുടെ അഭാവവും കർഷകർ വഞ്ചിതരാവുന്നതിന് കാരണമാകുന്നുണ്ട്.

**5. ശാസ്ത്രീയമായ തൊഴുത്തുകളുടെയും കൂടുകളുടെയും അഭാവം**

കാലാവസ്ഥാ വ്യതിയാനം മനുഷ്യരെപ്പോലെ കാലികളെയും മറ്റു വളർത്തു മൃഗങ്ങളെയും ബാധിക്കുന്നുണ്ട്. ശാസ്ത്രീയമായ തൊഴുത്തു നിർമ്മാണത്തിനാവശ്യമായ ധനസഹായവും സൗകര്യക്കുറവും ഈ മേഖലയെ വല്ലാതെ ബാധിക്കുന്നുണ്ട്.

**6. പരിശീലനങ്ങളുടെ കുറവ്**

പരിപാലനത്തിൽ ഒരാഴ്ചയെങ്കിലും നീണ്ടുനിൽക്കുന്ന പരിശീലനം ആവശ്യമാണ്. ഇത്തരം പരിശീലനത്തോട് പല അസൗകര്യങ്ങളും മൂലം കർഷകർ വിമുഖത കാണിക്കുന്നു. പ്രാദേശികതലത്തിലെ രണ്ടു മൂന്നു ദിവസം നീണ്ടുനിൽക്കുന്ന പരിശീലനമെങ്കിലും ലഭിക്കാത്തത് പലതരം അജ്ഞതകൾക്കും കാരണമാകുന്നു.

**7. തീറ്റവസ്തുക്കളുടെ വിലവർദ്ധനവ്**

തീറ്റവസ്തുക്കളുടെ വിലയിലുണ്ടാകുന്ന വർദ്ധനവ് മൃഗപരിപാലത്തെ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒന്നാണ്. സൗജന്യ നിരക്കിൽ തീറ്റ ലഭ്യമാക്കുന്ന സംവിധാന ത്തിന്റെ ആവശ്യകത ഏറെയാണ്.

**8. ഇൻഷൂറൻസ് പരിരക്ഷ**

സമീപകാലത്തായി ഇൻഷൂറൻസ് പരിരക്ഷയിലുള്ള നിബന്ധനകൾ മൂലം സംരക്ഷണം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായിട്ടുണ്ട്.

**9. മാർക്കറ്റിന്റെ അഭാവം**

ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയുള്ള സ്ഥിരമാർക്കറ്റിന്റെ സൗകര്യം ഒറ്റപ്പെട്ടു കിടക്കുന്ന പല സ്ഥലത്തും ഇല്ല. പാതാക്കരയിലും കുന്നപ്പള്ളിയിലുള്ള രണ്ടു സഹകരണ സംഘങ്ങളാണ്. ഈ രംഗത്തുള്ളത്.

**10. ഉദ്പാദനചെലവും വരുമാനവും തമ്മിലുള്ള അന്തരം**

ഒട്ടേറെ പ്രയാസങ്ങൾ സഹിച്ചുകൊണ്ട് നടത്തുന്ന മൃഗപരിപാലനം മറ്റു മേഖലകളെ അപേക്ഷിച്ച് പ്രതീക്ഷക്കനുസരിച്ചുള്ള വരുമാനം ലഭ്യമാകുന്നില്ല.

**11. തീറ്റപ്പുൽകൃഷിയുടെ അഭാവം**

തീറ്റപ്പുൽകൃഷി പൊതുവെ നഗരസഭയിൽ കുറവാണ്.

**12. ജലത്തിന്റെ ദൗർലഭ്യം**

വേനൽക്കാലത്തെ ജലദൗർലഭ്യവും ഈ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്.

**13. വെറ്റിനറി പോളി ക്ലിനിക്കിന്റെ അസൗകര്യങ്ങൾ**

1) ജലലഭ്യതയില്ല.
2) പാതാക്കരയിലെ പുതിയ സബ്സെന്ററിനാവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടർ, മറ്റു സൗകര്യങ്ങൾ എന്നിവയുടെ അഭാവം.
3) കന്നുകാലി എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് എരവിമംഗലം കുന്നപ്പള്ളി പ്രദേശത്ത് പുതിയ സബ്സെന്റർ.

## 13–ാം പദ്ധതിക്കാലത്തെ പ്രധാനപ്രോജക്ടുകൾ

മുട്ടക്കോഴി വിതരണം (ജനറൽ, വനിത, എസ്.സി കറവപ്പശു വിതരണം (ജനറൽ വനിത) കാലിതീറ്റ വിതരണം, കന്നുകുട്ടി പരിപാലനം, മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ, പേവിഷ നിർമ്മാർജ്ജനം, എന്നിവയാണ് പദ്ധതിക്കാലത്ത് നടപ്പാക്കിയ പ്രധാനപ്രോജക്ടുകൾ. കറവപ്പശുക്കളുടെയും മുട്ടകോഴികളുടെയും എണ്ണത്തിൽ ഗണ്യമായ വർദ്ധനവിന് ഇവ സഹായകമായി. 2 1/2 ലക്ഷം രൂപയുടെ മരുന്ന് ഇക്കാലയളവിൽ അധികമായി ലഭ്യമാക്കി 150 കന്നുകുട്ടി പരിപാലനവും ഇക്കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞു.



സബ്സിഡി മാനദണ്ഡങ്ങളുടെ കർക്കശത്വം പല നൂതനപ്രോജക്ടുക ളുടെയും ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനും തടസ്സമുണ്ടാക്കുന്നു. പ്രോജക്ടുകളുടെ ആവർത്തനവിരസതയും അതൃപ്തിക്കു കാരണമായിട്ടുണ്ട്. നഗരഹൃദയ ഭാഗത്തു സ്ഥിതിചെയ്യുന്ന വെറ്റിനറി പോളി ക്ലിനിക്കിലേക്ക് കൃത്രിമ ബീജ സങ്കലനത്തിനായി ഉരുക്കളെ കൊണ്ടുവരുന്നതും ശ്രമകരമാണ്. ഭൗതികനേട്ടങ്ങൾ കൈവരിക്കാനായെങ്കിലും ഈ മേഖലയുടെ സ്ഥായിയായ വളർച്ചക്ക് നടപ്പാക്കിയ പ്രോജക്ടുകൾ സഹായകരമായിട്ടില്ല. സമഗ്രസ്വഭാവമുള്ളതും സംയോജനസാധ്യതയുള്ളതുമായ പ്രോജക്ടുകളുടെ അഭാവം ഈ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ആധുനിക അറവുശാല നിർമ്മാണത്തിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും വേണം.

## ഈ മേഖലയിലെ ദീർഘകാല പരിപ്രേക്ഷ്യം

ആശുപത്രി നഗരമായ പെരിന്തൽമണ്ണയിൽ സ്ഥിരതാമസക്കാരും താൽക്കാലിക താമസക്കാരും വന്നുപോകുന്നവരുമായി ഒന്നര ലക്ഷത്തിലധികം പേർ ദിവസേനനഗരത്തെ ആശ്രയിക്കു ന്നവരാണ്. ജനങ്ങളിൽ ബഹുഭൂരിഭാഗവും മാംസാഹാരികളായതിനാൽ ഉൽപ്പാദന-ഉപഭോഗ വിടവ് വർദ്ധിച്ചുവരുകയാണ്. ഇത് നികത്തണമെങ്കിൽ ക്രമാനുശ്രിതമായ വർദ്ധനവ് ലക്ഷ്യം വെച്ച് കൊണ്ടുള്ള നൂതനപദ്ധതികൾ ആവിഷ്ക്കരിക്കണം, പെരിന്തൽമണ്ണ നഗരസഭയുടെ പ്രത്യേക സാധ്യതകൾ നല്ലരീതിയിൽ ചൂഷണം ചെയ്യാനുതകുന്ന പ്രോജക്ടുകളാണ് ആവിഷ്ക്കരിക്കേണ്ടത്. അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇവയുടെ ഇറക്കുമതി നാൾക്കുനാൾ വർദ്ധിക്കുകയാണ്. അധുനിക രീതിയിലുള്ള തൊഴുത്തുകളുടെ നിർമ്മാണം, മൃഗപരിപാലനപരിശീലനം, ആധുനിക രീതിയിലുള്ള കോഴികൂടുകൾ, കോഴിഫാമുകൾ, കാലി-കോഴിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ, മുയൽ വളർത്തൽ യൂണിറ്റുകൾ എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ നഗരസഭാ പ്രദേശത്ത് യാഥാർത്ഥ്യ മാക്കേണ്ടതു ണ്ട്.കന്നുകാലിവളർത്തലും കോഴിവളർത്തലും ഒരു ഉപതൊഴിലെന്നതിലുപരി മുഖ്യ തൊഴിലായി മാറ്റിയെടുക്കാനും

അതിലൂടെ തൊഴിൽ സാധ്യത, ഉദ്പ്പാദനവർദ്ധനവ്, രാസവസ്തുക്കളുടെ സാനിധ്യമില്ലാത്ത ഭക്ഷ്യവസ്തുക്കൾ എന്നിവ കൈവരിക്കാൻ കഴിയണം. ആധുനിക അറവുശാലയുടെ അഭാവം പരിഹരിക്കപ്പെടണം. 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇത് മുന്നിൽ കണ്ടുകൊണ്ടുള്ള സമീപനമാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്. പ്രധാനലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്.

## 14 – ാം പദ്ധതിക്കാലത്തെ ഭൗതികലക്ഷ്യം (പ്രതിവർഷം)

| | | | | 2022 - 23 | | 2023 - 24 | | 2024 - 25 | | 2025 - 26 | | 2026 - 27 | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | ഇനം | എണ്ണം | ഉദ്പാദനം | എണ്ണം | ഉദ്പാദനം | എണ്ണം | ഉദ്പാദനം | എണ്ണം | ഉദ്പാദനം | എണ്ണം | ഉദ്പാദനം | എണ്ണം | ഉദ്പാദനം |
| 1 | പശു | 973 | 16000 | 1050 | 20000 | 1150 | 23000 | 1250 | 25000 | 1350 | 2700 | 1500 | 30,000 |
| 2 | എരുമ | 63 | ലിറ്റർ | 80 | | 95 | | 110 | | 125 | | 14 | |
| 3 | ആട് | 1062 | | 1100 | | 1200 | | 1300 | | 1400 | | 1500 | |
| 4 | കോഴി | 11466 | 1 1/2 ലക്ഷം | 13000 | 1.75 ലക്ഷം | 1500 | 2 ലക്ഷം | 17000 | 2.25 ലക്ഷം | 19000 | 2.5 ലക്ഷം | 20000 | 3 ലക്ഷം |
| 5 | താറാവ് | 225 | | 240 | | 260 | | 280 | | 300 | | 30 | |
| 6 | മുയൽ | 80 | | 100 | | 120 | | 140 | | 170 | | 200 | |
| 7 | പന്നി | 38 | | | | | | | | | | | |

## പദ്ധതിക്കാലത്ത് കൈവരിക്കാൻ ഉദ്ദേശിക്കുന്ന ഭൗതിക ലക്ഷ്യങ്ങൾ

1. നഗരസഭയിലെ പശുവളർത്തൽ തൊഴിലിലേക്ക് കൂടുതൽ യുവാക്കളെയും സ്ത്രീകളെയും ആകർഷിക്കുക.
2. കോഴിവളർത്തൽ തൊഴിലിലേക്ക് കൂടുതൽ സ്ത്രീകളെയും യുവാക്കളെയും ആകർഷിക്കുക.
3. കുട്ടികളിൽ പശു-കാലിവളർത്തലിനോടും കോഴി-താറാവ് വളർത്തലിനോടും ആഭിമുഖ്യം വളർത്തുക.
4. കുടുംബശ്രീ യൂണിറ്റുകളെ പശുവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ തൊഴിലുമായി ബന്ധിപ്പിക്കൽ.
5. ഈ മേഖലകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകൽ.
6. പശുപരിപാലനം, കോഴിവളർത്തൽ, മുയൽവളർത്തൽ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് പുതിയ ശാസ്ത്ര സാങ്കേതിക ജ്ഞാനം നൽകൽ, പരിശീലനം നൽകൽ.

7. പാൽ, മുട്ട എന്നിവക്ക് മാർക്കറ്റിങ്ങ് സംവിധാനം ഏർപ്പെടുത്തൽ.
8. തൊഴുത്തുകളുടെ നവീകരണം.
9. ആധുനിക കോഴി കൂടുകളുടെ നിർമ്മാണവും വിതരണവും സാധ്യമാക്കൽ.
10. പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കൽ.
11. പശുവളർത്തൽ, കോഴിവളർത്തൽ യൂണിറ്റുകളെ ക്ലസ്റ്റർ സംവിധാനത്തിലാക്കൽ.
12. സംരംഭകർക്ക് വിദഗ്ദരുടെ സേവനം ലഭ്യമാക്കൽ
13. പേവിഷ നിർമ്മാർജ്ജനം ഫലപ്രദമാക്കൽ.
14. വളർത്തുമൃഗങ്ങളെ സംബന്ധിച്ച് 2017ൽ നടക്കുന്ന സെൻസസ് ഫലപ്രദമാക്കൽ.
15. വെറ്റിനറി പോളിക്ലിനിക്ക്, സബ്സെന്ററുകൾ എന്നിവയുടെ സേവനം കാര്യക്ഷമമാക്കൽ.
16. അലഞ്ഞുതിരിയുന്ന നാൽക്കാലികളുടെ സംരക്ഷണം ഉറപ്പാക്കൽ.
17. മുന്തിയ ഇനം ഉരുക്കളെ തെരഞ്ഞെടുക്കാനുള്ള കഴിവു വർദ്ധിപ്പിക്കൽ.

## മേൽ സൂചിപ്പിച്ച അവസ്ഥാ വിശകലനം, പദ്ധതിലക്ഷ്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 14-ാം പദ്ധതിക്കാലത്ത് നഗരസഭയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ട് ആശയങ്ങൾ

1. പശുവളർത്തൽ പദ്ധതിയിൽ തുടക്കക്കാർക്കുള്ള വിദഗ്ദ പരിശീലനം (മിൽമയുടെ നേതൃത്വത്തിൽ)
2. കോഴിവളർത്തൽ, കാടവളർത്തൽ, മുയൽവളർത്തൽ എന്നിവയിൽ ശാസ്ത്രീയ പരിശീലനം ലഭ്യമാക്കൽ.
3. പശു-കോഴിവളർത്തൽ സംരംഭകരെയും ഇനങ്ങളെയും ഇൻഷൂറൻസ് പരിരക്ഷയിൽ കൊണ്ടുവരൽ.
4. കുടുംബശ്രീ ഗ്രൂപ്പുകളിൽ പശു-കോഴി-ആട്-മുയൽ വളർത്തൽ യൂണിറ്റുകൾ രൂപീകരിക്കൽ, പരിശീലനം.
5. കോഴിവളർത്തലിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം.
6. വെറ്റിനറി പോളിക്ലിനിക്ക്, സബ്സെന്റർ എന്നിവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.
7. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നാൽക്കാലികളെ സംരക്ഷിക്കൽ.
8. പേവിഷബാധ നിയന്ത്രണത്തിന്റെ ഭാഗമായി വളർത്തു നായ്ക്കൾക്ക് നിർബന്ധ ലൈസൻസ്, കുത്തിവെപ്പ് എന്നിവ.
9. എ.ബി.സി പദ്ധതി പ്രായോഗികമാക്കൽ, ലക്ഷ്യം കൈവരിക്കൽ.

10. ശ്വാനപ്രദർശനം, മുന്തിയ ഇനം ഉരുക്കളുടെ പ്രദർശനം.
11. പാലിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം.
12. നേച്ചർ ഫ്രഷ്മിൽക്ക് പദ്ധതി ആരംഭിക്കൽ.
13. നേച്ചർ ഫ്രഷ്മിൽക്കിന് പ്രധാനആശുപത്രികളിലും നഗരത്തിലെ പ്രധാനഭാഗങ്ങളിലും ഔട്ട്ലെറ്റുകൾ സ്ഥാപിക്കണം.
14. സ്കൂൾ കുട്ടികൾക്ക് പാൽ-മുട്ട വിതരണം കുടുംബശ്രീ യൂണിറ്റുകൾ വഴിയാക്കൽ.
15. തൊഴുത്തുകളുടെ നവീകരണം സാധ്യമാക്കൽ.
16. ആധുനികരീതിയിലുള്ള കോഴികൂട് നിർമ്മാണം, മുയൽ, വളർത്തുപക്ഷികൾ എന്നിവക്കുള്ള കൂടുനിർമ്മാണം എന്നിവക്ക് ആക്ടിവിറ്റി ഗ്രൂപ്പ് ആരംഭിക്കൽ.
17. വാർഡടിസ്ഥാനത്തിൽ പാൽ-മുട്ട വിപണനത്തിന് സംവിധാനമൊരുക്കൽ.
18. ശാസ്ത്രീയ കോഴി ഫാമുകൾ ആരംഭിക്കൽ.
19. എരവിമംഗലം പ്രദേശത്ത് സഹകരണ പാൽ സൊസൈറ്റി അരംഭിക്കൽ.
20. കുന്നപ്പള്ളി-എരവിമംഗലം പ്രദേശത്ത് പുതിയ സബ്സെന്റർ ആരംഭിക്കൽ.
21. തരിശായികിടക്കുന്ന പ്രദേശങ്ങളെ ഉപയോഗപ്പെടുത്തി തീറ്റപ്പുൽകൃഷി ആരംഭിക്കൽ, തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായും.
22. കന്നുകുട്ടി പരിപാലനത്തിന് യുവാക്കളുടെയും, വിദ്യാർത്ഥികളുടെയും ആക്റ്റിവിറ്റി ഗ്രൂപ്പ് രൂപീകരിക്കൽ.
23. പശുവളർത്തൽ സംരംഭകർക്ക് ഫാം സന്ദർശനം.
24. കറവ യന്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ.
25. ആധുനിക അറവുശാല നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കൽ.
26. കാലിതീറ്റ മിക്സിംഗ് യൂണിറ്റ് ആരംഭിക്കൽ (എരവിമംഗലം)

# 4. പ്രാദേശിക സാമ്പത്തിക വികസനം

## (ചെറുകിട വ്യവസായം, സൂക്ഷ്മസംരംഭങ്ങൾ ഉൾപ്പെടെ സഹകരണം)



പുരാതനകാലം മുതൽക്കേ പെരിന്തൽ മണ്ണ പ്രദേശം മലബാറിലെ പ്രധാനവാണിജ്യ കേന്ദ്രങ്ങളിലൊന്നാണ്. കോഴിക്കോട്-പാലക്കാട്-തൃശൂർ നഗരങ്ങളിലേക്ക് തുല്യ ദൂരം, ഇന്ത്യയുടെ മാഞ്ചസ്റ്റർ എന്നറിയ പ്പെടുന്ന കോയമ്പത്തൂർ നഗരവുമായുള്ള സാമീപ്യം, ഊട്ടി-മൈസൂർ വിനോദ സഞ്ചാര മേഖല യിലേക്കുള്ള കവാടം, അടുത്തകാല ത്തായി വൻകിട -ചെറുകിട ആശുപത്രി കളുടെ ആവിർഭാവം എന്നിവ പെരിന്തൽ മണ്ണയുടെ വ്യവസായ സാധ്യത കൾക്ക് ഇടം കണ്ടെത്തേണ്ടതാണ്. എന്നാൽ കഴിഞ്ഞ രണ്ടുമൂന്നു ദശകങ്ങളായി മറ്റു മേഖലകളിൽ ഉണ്ടായ വളർച്ചക്കനുസൃതമായ പ്രവണത ചെറുകിട വ്യവസായ മേഖലയിൽ ഉണ്ടായിട്ടില്ല. വൻകിട വ്യവസായ ശാലകൾക്കൊന്നും ഇടം നൽകാനും കഴിഞ്ഞിട്ടില്ല.

ഭൂമിയുടെ ഉയർന്നവില, സംരഭകത്വ സംസ്കാരത്തിന്റെ അഭാവം, നടപടി ക്രമങ്ങൾക്ക് വരുന്നകാലതമാസം, പരമ്പരാഗത വ്യവസായങ്ങൾക്കുണ്ടായ തകർച്ച, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, എന്നിവ ചൂണ്ടിക്കാണിക്കപ്പെടുന്ന പൊതുവായ പ്രശ്നങ്ങളാണ്.

നഗരത്തിന്റെ വ്യാവസായികപരമായ പിന്നോക്കാവസ്ഥയുടെ പശ്ചാത്തലവും കാരണങ്ങളും മനസ്സിലാക്കി അവ പരിഹരിക്കാനാവശ്യമായ ബോധപൂർവ്വമായ ശ്രമങ്ങളാണ് വേണ്ടത്. വിവിധ വകുപ്പുകളുടെ സംയോജനത്തോടെയുള്ള സമീപനവും ബാങ്കിങ്ങ് ധനകാര്യ സ്ഥാപനങ്ങളുടെ ആത്മാർത്ഥമായ സഹകരണവും ഈ മേഖലയുടെ വളർച്ചക്ക് അത്യന്താപേക്ഷിതമാണ്.

നഗരസഭയിലെ ചെറുകിട വ്യവസായ മേഖല പൊതുവെ പിന്നോക്കാവസ്ഥയിലാണ്. നഗരസഭയുടെ ഏതാണ്ട് മുഴുവൻ പ്രദേശങ്ങളിലും റോഡ്, വൈദ്യുതി സൗകര്യങ്ങൾ ലഭ്യമാണ്. ദേശീയപാത 217 പെരിന്തൽമണ്ണ നഗരത്തിലെ 6 കിലോമീറ്ററോളം കടന്നുപോകുന്നുണ്ട്. കേരളത്തിലെ പ്രധാനവ്യവസായ മേഖലയായ പാലക്കാട്, ദക്ഷിണേന്ത്യയിലെ പ്രധാനവ്യവസായ കേന്ദ്രമായ കോയമ്പത്തൂർ എന്നിവ നഗരത്തിന്റെ അടുത്താണ് സ്ഥിതിചെയ്യുന്നത്. പ്രധാനവാണിജ്യ നഗരമായ കോഴിക്കോട്മായും മറ്റു പ്രധാനനഗരങ്ങളായ പാലക്കാട്, തൃശൂർ എന്നിവയുമായും തുല്യ ദൂരത്തിലാണ് നഗരം സ്ഥിതിചെയ്യുന്നത്. ചരക്കുനീക്കങ്ങൾ സുഗമമായി നടത്തുന്നതിന് ഇത് അനുഗുണമാണ്. നഗരസഭാ പ്രദേശത്ത് ഏകദേശം 195.65 കിലോമീറ്റർ ദൂരം റോഡുണ്ട്. ഉൾപ്രദേശങ്ങളിൽ സ്ഥലലഭ്യതയുണ്ട്. നെല്ല്, തെങ്ങ്, റബ്ബർ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാണ് നഗരസഭയിലെ പ്രധാനകൃഷിയിനങ്ങൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ പൊതുവെ കുറവാണ്.

ജനറൽ എഞ്ചിനിയറിങ്ങ് വിഭാഗത്തിലാണ് ഏറ്റവും കൂടുതൽ സൂക്ഷ്മ വ്യവസായ യൂണിറ്റുകൾ ഉള്ളത്. ഫ്ളോർ ആന്റ് ഓയിൽ മില്ലുകൾ ഉൾപ്പെടുന്ന ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ രണ്ടാം സ്ഥാനാണ്. വസ്ത്ര നിർമ്മാണ യൂണിറ്റുകളും മര ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകളും അതിന്റെ പിന്നിലായിട്ടുണ്ട്. 167 സൂക്ഷ്മസംരംഭങ്ങൾ, 9 ചെറുകിട ഉദ്പാദനയൂണിറ്റുകൾ 7 സേവനമേഖലയിലെ യൂണിറ്റുകൾ എന്നിവയാണ് ചെറുകിട വ്യവസായ മേഖലയിൽ ഇന്നുള്ളത്. സേവനമേഖലയിൽ പലതരത്തിലുള്ള യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമല്ല.

വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രാഥമിക നടപടികൾ (ലൈസൻസ്, ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ) പൂർത്തിയാക്കുന്നതിന് നേരിടുന്ന തടസ്സങ്ങളാണ് ഈ മേഖലയിൽ പ്രധാനം. അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതും, ഉയർന്ന വിലയും മറ്റൊരു തടസ്സമാണ്. സൂക്ഷ്മ വ്യവസായങ്ങൾ നേരിടുന്ന പ്രധാനവെല്ലുവിളി ഉൽപന്നങ്ങളുടെ വിപണനമാണ്. നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ സൂക്ഷ്മസംരംഭങ്ങളുടെ ഭാഗത്ത് ഉണ്ടാകുന്നില്ല. തന്മൂലം വിജയകരമായ രീതിയിൽ നടക്കുന്ന സംരംഭങ്ങളുടെ തനിയാവർത്തനം ഉണ്ടാകുന്നു. അത് പലപ്പോഴും അനാരോഗ്യകരമായ മത്സരത്തിലേക്കും തകർച്ചയിലേക്കും നയിക്കുന്നു.

നേരത്തെ സൂചിപ്പിച്ച ചെറുകിട ഉദ്പ്പാദനയൂണിറ്റുകളും മൈക്രോസംരംഭങ്ങളുമെല്ലാം ജനവാസകേന്ദ്രങ്ങളിലായി ചിതറികിടക്കുയാണ്. ഇവയുടെയെല്ലാംകൂടി 8.5 ഹെക്ടർ സ്ഥലത്താണ് വ്യാപിച്ചുകിടക്കുന്നത്. നഗരസഭയുടെ മൊത്തം സ്ഥലത്തിന്റെ 0.25% മാത്രമാണ് വ്യവസായമേഖല പ്രതിനിധീകരിക്കുന്നത്. ഇത് ഈ മേഖലയുടെ ദയനീയമായ പിന്നോക്കാവസ്ഥയാണ് പ്രതിഫലിപ്പിക്കുന്നത്.



9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് വ്യവസായ സംരംഭകർക്കായി ആരംഭിച്ച 6 ഏക്കർ സ്ഥലത്തെ വ്യവസായ പാർക്ക് ഉപയോഗപ്പെടുത്താനായിട്ടില്ല. പ്ലോട്ടുകളുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് വ്യവസായ സംരംഭകരെ ഭൂമി എറ്റെടുക്കുന്നതിൽ നിന്നും പിന്തിരിപ്പി ക്കുന്നത്. തുടർന്നുള്ള പദ്ധതികളിലൊന്നും വ്യവസായ രംഗത്ത് ചലനമുണ്ടാക്കാവുന്ന സംരംഭങ്ങളാരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 2012-13 വാർഷിക പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽ സഹകരണമേഖലയിൽ ഒരു ലോൺഡ്രി ആരംഭിക്കുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചു വെങ്കിലും സാങ്കേതികവും പ്രായോഗികവുമായ കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടിവന്നു. പിന്നീട് 2013-14, 14-15, 15-16 വർഷങ്ങളിലൊന്നും ഈ മേഖലയിൽ ഫലപ്രദമായ പദ്ധതി നിർവ്വഹണം ഉണ്ടായിട്ടില്ല. ചെറുകിട വ്യവസായ മേഖലക്ക് വേണ്ടി നീക്കിവെച്ചിരുന്ന വിഹിതം അവസാനഘട്ട ത്തിൽ മറ്റു വിഭാഗങ്ങളിലേക്ക് കൈമാറേണ്ടിവന്നു. 2016-17 വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽ ഓട്ടോറിക്ഷ, ടാക്സി വാഹനങ്ങളുടെ വിതരണമാണ് നടത്താനായിട്ടുള്ളത്.

സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനായി ദീർഘകാല കാഴ്ചപ്പാടോടെ യുള്ള ഇടപെടലുകൾ അനിവാര്യമായിരിക്കുന്നു. നിർദ്ദിഷ്ട മാസ്റ്റർപ്ലാൻ പ്രയോഗത്തിൽ വരുന്നതിനനുസൃതമായി ഏറ്റവും അനുയോജ്യമായ പ്രദേശങ്ങൾ ചെറുകിട വ്യവസായ സംരംഭങ്ങൾക്കായി നീക്കിവെക്കേണ്ടതാണ്. പ്ലോടുകളും ബഹുനില വ്യവസായ കെട്ടിടങ്ങളും സ്ഥാപിക്കുന്നതിലൂടെ ആവശ്യാനുസരണം ഭൂമി ഉപയോഗപ്പെടുത്താനാകും. തദ്ദേശഭരണ സ്ഥാപനം ഘട്ടംഘട്ടമായി ഭൂമി ഏറ്റെടുക്കുകയും വ്യവസായ വകുപ്പ് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കികൊടുക്കുകയും വേണം. ഇത്തരം പ്രദേശങ്ങൾ ഗ്രീൻകാറ്റഗറിയിൽ പ്പെടുന്ന വ്യവസായ പ്രോജക്റ്റുകൾക്കായി നിജപ്പെടുത്താവുന്നതാണ്. സൂക്ഷ്മമേഖലകൾക്ക് അർഹമായ മുൻഗണനയും നൽകാവുന്നതാണ്. പ്രഖ്യാപിത വ്യവസായ മേഖലകളിൽ ലൈസൻസുകളും ക്ലിയറൻസുകളും താരതമേന്യ എളുപ്പത്തിൽ നൽകാനാകും. നിശ്ചിത ശതമാനം തൊഴിലവസരം നഗരസഭയിലുള്ളവർക്കായി നീക്കിവെയ്ക്കാവുന്നതാണ്.



പ്രോജക്റ്റ് ആശയങ്ങളും സാങ്കേതി കവിദ്യയും ലഭ്യമാകുന്ന ഒരു ഡാറ്റാ ബാങ്ക് സ്ഥാപിച്ച് നവസംരംഭങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന സംവിധാനമൊരുക്കണം. സൂക്ഷ്മ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകർ നടത്തുന്ന സ്ഥിരനിക്ഷേപകർക്ക് ആനുപാതിക മായി സബ്സിഡി നൽകാവുന്നതാണ്. മാർക്കറ്റിങ്ങ് പ്രോത്സാഹനത്തിനായി ഉത്പന്നങ്ങളുടെ ഓൺ ലൈൻ വിപണന സംവിധാനമൊരുക്കണം. യുവജനങ്ങ ളിലും

വിദ്യാർത്ഥി കളിലും സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിന് സഹായകരമായ ശ്രമങ്ങൾ കലാലയങ്ങളിലൂടെയും സാങ്കേതികവിദ്യാ സ്ഥാപനങ്ങളിലൂടെയും നൽകണം. നഗരസഭാതിർത്തിയിലുള്ള ബാങ്കിങ്ങ്-ധനകാര്യ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ചുകൊണ്ട് പ്രായോഗികവും ആകർഷകവുമായ സാമ്പത്തികാധിഷ്ഠിത പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഇതിന്റെയെല്ലാം ഫലമായി ഇന്ന് അന്യമായികൊണ്ടിരിക്കുന്ന വ്യവസായ സംസ്കാരത്തിന്റെ ആവിർഭാവത്തിനു വഴിയൊരുക്കണം.

## 14-ാം പഞ്ചവത്സര പദ്ധതി ലക്ഷ്യങ്ങൾ

1. വ്യവസായ വികസനപ്രദേശത്തിനായി ഭൂമി ഏറ്റെടുക്കൽ, പ്രത്യേക കാറ്റഗറി വ്യവസായ മേഖലകളുടെ രൂപീകരണം.
2. കാർഷിക പ്രാധാന്യമുള്ള ചെറുകിട വ്യവസായ സംരഭങ്ങൾ ആരംഭിക്കൽ- മൂല്യവർധിത ഉൽപന്ന യൂണിറ്റുകൾ ആരംഭിക്കൽ.
3. ചെറുകിട സൂക്ഷ്മ യൂണിറ്റുകൾ ( 3 ലക്ഷം രൂപ വരെ നിക്ഷേപം നടത്തുന്നവ) ക്ക് പരമാവധി സബ്സിഡി അനുവദിക്കൽ.
4. പാൽ-പാലുൽപ്പന്ന യൂണിറ്റുകൾക്കുള്ള സാധ്യതകൾ കണ്ടെത്തൽ.
5. വ്യവസായ സംരഭങ്ങൾക്ക് മാർക്കറ്റിങ്ങിനു സഹായകരമായി ഓൺലൈൻ സംവിധാനമൊരുക്കുക.
6. ഉൽപന്നങ്ങൾക്ക് പരമാവധി മാർക്കറ്റിങ്ങ് സംവിധാനം കണ്ടെത്തുക.
7. ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത യൂണിറ്റുകൾക്ക് ബ്രാൻഡിങ്ങ് നൽകൽ.
8. ഭക്ഷ്യ ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ.
9. കെട്ടിട നിർമ്മാണ മേഖലയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തൽ.
10. മെഡിക്കൽ മേഖലയുമായി ബന്ധപ്പെട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾക്കുള്ള സാധ്യതകൾ കണ്ടെത്തൽ.
11. കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗപ്പെടുത്തി കാർഷിക-ക്ഷീര-വസ്ത്ര നിർമ്മാണ മേഖലകളിൽ സംരഭകർക്കായുള്ള സാധ്യതകൾ കണ്ടെത്തൽ.
12. പ്രാരംഭ സഹായം (Start up Support) ആവശ്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കൽ.
13. കൂടുതൽ വനിതാ-യുവസംരഭകരെ കണ്ടെത്തൽ.

## പദ്ധതികാലത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാനപ്രോജക്റ്റ് ആശയങ്ങൾ

1. വ്യവസായ വികസനപ്രദേശത്തിനായി ഒരേക്കർ ഭൂമി ഏറ്റെടുക്കുക. പ്രായോഗികവും സ്വീകാര്യവുമായ നിബന്ധനകളോടെ ഉടമ്പടി തയ്യാറാക്കുക.
2. പ്രത്യേക കാറ്റഗറികളിലുള്ള വ്യവസായ മേഖലകൾ സൃഷ്ടിക്കുക.
3. കുടുംബശ്രീ ആക്റ്റിവിറ്റി ഗ്രൂപ്പുകളെ ഉപയോഗപ്പെടുത്തി താഴെ പറയുന്ന മേഖലകളിൽ സംരഭങ്ങൾ ആരംഭിക്കുക.

   എ) കാർഷിക-ഭക്ഷ്യമേഖല

   ബി) ക്ഷീരോൽപ്പാദനമേഖല

   സി) പാൽ-പാലുൽപന്നങ്ങൾ

   ഡി) മൂല്യവർധിത ഉൽപന്നങ്ങൾ

   ഇ) ഗാർമെൻസ്

   എഫ്) ജൈവവള നിർമ്മാണം, ശേഖരണം, വിപണനം
4. സ്വയംതൊഴിൽ സംരഭങ്ങളെന്ന നിലയിൽ വനിതകൾക്ക് ഓട്ടോ-ടാക്സി വാഹനങ്ങൾ വാങ്ങിക്കാൻ സഹായം നൽകുക.
5. കാർഷിക-വ്യവസായ ഉൽപന്നങ്ങൾക്ക് പ്രദർശന-വിപണനമേളകൾ സംഘടിപ്പിക്കുക.
6. ഭക്ഷ്യ ഉൽപന്നങ്ങളുടെ ഗുണനിലവാരം ടെസ്റ്റ് ചെയ്യുന്നതിനുള്ള ലാബുകൾ ആരംഭിക്കുക.
7. കെട്ടിട നിർമ്മാണ മേഖലയിൽ പുതിയ സംരഭങ്ങൾ ആരംഭിക്കുക.
8. വ്യവസായ സംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സെമിനാറുകൾ, ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിക്കൽ.
9. വ്യവസായ സംരഭകത്വ വികസനക്ലബ്ബുകൾ ആരംഭിക്കൽ, ഇൻവസ്റ്റേഴ്സ് ക്ലബ്ബും,

   ഇൻവസ്റ്റേഴ്സ് മീറ്റും സംഘടിപ്പിക്കൽ
10. സംരംഭകർക്കായി നഗരസഭാ തലത്തിൽ ഗൈഡൻസ് സെൽ ആരംഭിക്കൽ
11. കരകൗശല മേഖലയിൽ സംരഭങ്ങൾ ആരംഭിക്കൽ.
12. ഹയർസെക്കന്ററി-കോളേജ് വിദ്യാർത്ഥികൾക്കായി സ്ഥാപനാടിസ്ഥാനത്തിൽ സംരഭകത്വ പരിശീലനങ്ങൾ സംഘടിപ്പിക്കൽ.

## സഹകരണമേഖല

കേരളീയ സാമൂഹ്യ മണ്ഡലത്തിൽ സമഗ്രമായ പുരോഗതിക്കുവേണ്ടി സ്വാധീനം ചെലുത്തിയ മേഖലയാണ് സഹകരണം. പ്രദേശത്തിന്റെ വികസനത്തിൽ സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. സഹകരണ രംഗത്ത് ജില്ലയിൽ നല്ല ചലനമുണ്ടാക്കാൻ കഴിഞ്ഞ ഒരു പ്രദേശം കൂടിയാണ് പെരിന്തൽമണ്ണ.. കാർഷിക-വ്യാവസായിക-വിപണനമേഖലകളിൽ സഹകരണ സംഘങ്ങളുടെ സ്വാധീനമുണ്ട്. ക്രെഡിറ്റ് മേഖലയിൽ സംസ്ഥാനത്തെ തന്നെ എണ്ണപ്പെട്ട സ്ഥാപനങ്ങളായ പെരിന്തൽമണ്ണ സർവ്വീസ് സഹകരണ ബാങ്ക്, പെരിന്തൽമണ്ണ അർബ്ബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവ ഇവിടെ സ്ഥിതിചെയ്യുന്നു. ഈ സ്ഥാപനങ്ങളെല്ലാം അതത് മേഖലകളുടെയും ഒപ്പം പൊതു വികസനത്തിനും നല്ല സംഭാവനനൽകിയിട്ടുണ്ട്.

## പ്രധാനസഹകരണ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനം | സ്ഥാപിതം | അംഗങ്ങൾ | ജീവന ക്കാർ |
|---|---|---|---|---|
| 1 | പെരിന്തൽമണ്ണ അർബ്ബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് | 1916 | 50514 | 130 |
| 2 | പെരിന്തൽമണ്ണ സർവ്വീസ് സഹകരണ ബാങ്ക് | 1967 | 78594 | 48 |
| 3 | കാർഷിക വികസന ബാങ്ക് | 1962 | 24786 | 26 |
| 4 | പെരിന്തൽമണ്ണ താലൂക്ക് ഗവ.സ്കൂൾ ടീച്ചേഴ്സ് സഹകരണസംഘം | 1985 | 923 | 4 |
| 5 | പെരിന്തൽമണ്ണ താലൂക്ക് ഗവ.എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1989 | | 2 |
| 6 | പെരിന്തൽമണ്ണ കോ-ഓപ്പറേറ്റീവ് എഡ്യുക്കേഷൻ സൊസൈറ്റി | 1997 | 214 | 35 |
| 7 | ചെത്തുതൊഴിലാളി സഹകരണസംഘം | 1992 | 257 | 1 |
| 8 | കോ-ഓപ്പറേറ്റീവ് എംപ്ലോയിസ് സഹകരണസംഘം | 1978 | 248 | 2 |
| 9 | താലൂക്ക് എംപ്ലോയിസ് & പെൻഷനേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2013 | 240 | 2 |
| 10 | പെരിന്തൽമണ്ണ മർക്കന്റയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2008 | 700 | 2 |
| 11 | ജില്ല പ്രവാസി സഹകരണസംഘം | | 347 | 2 |
| 12 | കോ-ഓപ്പറേറ്റീവ് മാർക്കറ്റിങ്ങ് സൊസൈറ്റി | 1995 | | |
| 13 | കാർഷിക വിവിധോദ്ദേശ സഹകരണസംഘം | 1999 | 240 | 1 |
| 14 | റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റി | 1985 | | |
| 15 | പട്ടികജാതി സഹകരണസംഘം | 1969 | 2585 | 6 |
| 16 | പെരിന്തൽമണ്ണ കോ-ഓപ്പറേറ്റീവ് ഹെൽത്ത് & റിക്രിയേഷൻ സെന്റർ (പീക്കോക്ക്) | 2007 | 220 | 1 |
| 17 | വനിതാ വ്യവസായ സഹകരണസംഘം | | | |
| 18 | മോട്ടോർ തൊഴിലാളി സംഘം | | | |
| 19 | വള്ളുവനാട് പ്രവാസി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2014 | | |

ഇതു കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 7 സഹകരണസംഘങ്ങളും 2 പാൽ സഹകരണ സംഘങ്ങളും പ്രവർത്തി ക്കുന്നു. ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, പെരിന്തൽമണ്ണ വനിതാ സഹകരണസംഘം, എരവിമംഗലം വനിതാ സഹകരണസംഘം, ജില്ലാ ടൂറിസം പ്രൊമോഷൻ സഹകരണ സംഘം, ഹൗസിംഗ് സഹകര ണസംഘം, മാർക്കറ്റിംഗ് സൊസൈറ്റി. വർക്ക്ഷോപ്പ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സഹകര



ണസംഘം, പോൾടിഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ പ്രവർത്തനര ഹിതമാണ്. രൂപീകരണശേഷം തുടർപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താത്തതും, അതത് മേഖലകളിലെ സ്തംഭനാവസ്ഥയും ഓഫീസ് പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങളില്ലാത്തതും നിശ്ചലാവസ്ഥക്കുള്ള പ്രധാനകാരണങ്ങളാണ്.

പദ്ധതി പ്രവർത്തനങ്ങളുമായി മുൻകാലങ്ങളിൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തപ്പെട്ടിട്ടില്ല. സാമൂഹ്യ ജീവിതത്തിൽ എല്ലാ മേഖലകളിലും സ്വാധീനമുണ്ടാക്കാൻ കഴിയുന്ന ഒരു മേഖലയെന്ന നിലയ്ക്ക് സഹകരണ സ്ഥാപനങ്ങളുടെ വളർച്ചയും പ്രവർത്തനവും പ്രദേശത്തിന്റെ വികസനവുമായി ബന്ധിപ്പിക്കാനുള്ള സാധ്യതകൾ പരിശോധിക്കാനാണ് പദ്ധതിക്കാലത്ത് ശ്രമിക്കുക. കാർഷിക-വ്യവസായ- വിപണനമേഖലകളിലും ഇതരമേഖലകളിലും പുതിയ സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, വികസനപ്രവർത്തനങ്ങളിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം മെച്ചപ്പെടുത്തൽ

## 14–ാം പഞ്ചവത്സര പദ്ധതികാകലത്തെ പ്രധാനആശയങ്ങൾ താഴെകൊടുക്കുന്നു.

1. ചെറുകിട വ്യവസായ രംഗത്ത് പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
2. എരവിമംഗലം പ്രദേശത്ത് പുതിയ പാൽ സഹകരണസംഘം രൂപീകരിക്കുക.
3. സ്വന്തമായി കെട്ടിടമില്ലാത്ത പെരിന്തൽമണ്ണയിലെ സഹകരണസംഘങ്ങൾക്ക് പ്രവർത്തിക്കാനാവശ്യമായ കെട്ടിടമുണ്ടാക്കുന്നതിന് പൊതുവായ സ്ഥലം ലഭ്യമാക്കുക.
4. സ്കൂൾ സഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.
5. സഹകരണ വകുപ്പുമായി യോജിച്ചുകൊണ്ട് സഹകരണസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ പ്രയോജനപ്പെടുത്തുക.
6. പ്രധാനസഹരണസംഘങ്ങളുടെ പൊതുവായ ഫണ്ട് നഗരവികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്തുക.
7. വനിതാ സഹകരണസംഘങ്ങളെ പ്രവർത്തനക്ഷമമാക്കാനാവശ്യമായ നടപടി സ്വീകരിക്കുക.
8. വിപണനരംഗത്ത് പുതിയ സംഘം രൂപീകരണം.
9. വിവിധ തൊഴിലാളി വിഭാഗങ്ങളുടെ ക്ഷേമത്തിനായി സഹകരണസംഘങ്ങൾ രൂപീകരിക്കുക.

# 5 – ദാരിദ്ര്യ ലഘൂകരണം, ചേരിപരിഷ്കരണം

സ്ത്രീ ശാക്തീകരണവും ദാരിദ്ര്യ ലഘൂകരണവും പരസ്പര ബന്ധിതമാണ്. കുടുംബശ്രീ സംവിധാനത്തിന്റെ ഇരട്ടലക്ഷ്യങ്ങളുമാണ്. നിലവിലുള്ള നിയമസംവിധാനങ്ങളും പരിരക്ഷയും സ്ത്രീകൾക്ക് കൂടുതൽ പ്രയോജനപ്പെടുത്താൻ സഹായകരമാകണം. നിലവിലുള്ള അറിവിലും, സമീപനത്തിലും, പെരുമാറ്റങ്ങളിലും ഒരു ഗതിമാറ്റം അനിവാര്യമാണ്. സമൂഹത്തിലെ തുല്യ പങ്കാളിത്തത്തിനും, സാമ്പത്തിക ശാക്തീകരണത്തിനും, കുടുംബ ഭദ്രതക്കും ഇതാവശ്യമാണ്. രൂപീകരണത്തിനുശേഷം രണ്ടു ശതാബ്ദം പിന്നിടുന്ന കുടുംബശ്രീ സംവിധാനം ഈ ലക്ഷ്യത്തിലേക്ക് ഇനി യും അടുക്കാനേറെയുണ്ട്.

നഗരസഭാ സി.ഡി.എസി ന്റെ 2021-22 വർഷത്തെ ആക്ഷൻപ്ലാൻ പ്രകാരാം 34 വാർഡുകളിലായി 276 അയൽകൂട്ടങ്ങളും അവയി ലായി 5320 അംഗങ്ങളുമുണ്ട്. ഇതിൽ 2985പേർ ബി.പി.എൽ വാഭാഗത്തിലും 2335 പേർ എ.പി.എൽ വിഭാഗത്തിലും പെട്ടവരാണ്. 800 പേർ പട്ടികജാതി വിഭാഗ ത്തിലും, 6 പേർ പട്ടികവർഗ്ഗ വിഭാഗത്തിലും പെടുന്നു. നിലവിൽ 4 കോടി രൂപയുടെ ലഘു സമ്പാദ്യവും മൂന്നേകാൽ കോടി രൂപയുടെ ലഘുസമ്പാദ്യ വായ്പയും ഉണ്ട്. 172 അയൽകൂട്ടങ്ങൾ മാത്രമാണ് ബാങ്ക് ലിറ്റേജ് നേടിയവ. ആകെ ലിങ്കേജ് വായ്പ 5 കോടി 20 ലക്ഷം രൂപയും ആകെ സബ്സിഡിയായി അനുവദിച്ചത് 36,40,000 രൂപയും ആണ്. കാനറാബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്. സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, സഹകരണ ബാങ്കുകൾ ദേശസാൽകൃത-ഷെഡ്യൂൾസ് ബാങ്കുകൾ എന്നിവ വായ്പകൾ നൽകുന്നുണ്ട്. 191 കൃഷി സംരഭങ്ങളും 27 ഗ്രൂപ്പ് സംരഭങ്ങളും നഗരസഭയിലുണ്ട്. പക്ഷെ മുഴുവൻ പ്രവർത്തനക്ഷമമല്ല.

12-ാം പദ്ധതിക്കാലത്ത് സി.ഡി.എസിന് സ്വന്തമായി ഒരു പരിശീലനകേന്ദ്രം നിർമിക്കാൻ കഴിഞ്ഞത് എടുത്തുപറയേണ്ട നേട്ടമാണ്. എന്നാൽ ഈ കേന്ദ്രത്തിനാവശ്യമായ സംവിധാനങ്ങളൊരുക്കി തുടർപ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല. വ്യക്തിഗ്രൂപ്പ് സംരഭങ്ങളുടെ പ്രവർത്തനപുരോഗതി വിലയിരുത്താൻ ഫലപ്രദമായ സംവിധാനമില്ല. സംരഭകർക്ക് തുടർപരിശീലനത്തിന്റെ കുറവുണ്ട്. വസ്ത്രഗ്രാമം പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ മുമ്പോട്ട് പോയിട്ടില്ല. മറ്റൊരു ഗ്രൂപ്പ് സംരഭമായ വനിതാ ഹോസ്റ്റൽ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. സംസ്ഥാനത്തുതന്നെ പഴക്കംകൊണ്ട് മാതൃകയായ ഒന്നാണ് വനിതാ കാന്റീൻ. നഗരസഭയിലെ ഐ.ടി.യൂണിറ്റ് നല്ലരീതിയിൽ പ്രവർത്തനം നടത്തുന്നു. നഗരസഭ ആരംഭിച്ച ജീവനം പദ്ധതിയുടെ ഭാഗമായി മാലാഖാ ലേബർ ബാങ്ക് ആരംഭിക്കാനും പ്രവർത്തനം നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞിട്ടുണ്ട്. പുതുതായി 5 കാറ്ററിങ്ങ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. അയൽകൂട്ടങ്ങൾ ലിങ്കേജ് വായ്പയിൽ കാണിക്കുന്ന ഉദാസീനത മാറ്റിയെടുക്കേണ്ടതുണ്ട്. സംരംഭകർ ആരംഭിക്കുന്നതിലും നിലവിലുള്ളവ വികസിപ്പിക്കുന്നിലും വേണ്ടത്ര പുരോഗതിയില്ല. അയൽകൂട്ടങ്ങളുടെയും



എ.ഡി.എസ് സംവിധാനത്തി ന്റെയും പ്രവർത്തനരീതി മെച്ചപ്പെടുത്തേ ണ്ടതുണ്ട്. സി.ഡി.എസ് അക്ഷൻപ്ലാൻ പദ്ധതി പ്രവർത്തനവും തമ്മിൽ സംയോജനം ആവശ്യമാണ്. കാർഷിക മേഖലയിൽ 81 ജെ.എൽ.ജികൾ പ്രവർത്തിക്കുന്നുവെന്നത് എടുത്തു പറയേണ്ട നേട്ടമാണ്. പക്ഷെ എല്ലാ ജെ.എൽ.ജികളും തുടർപ്രവർത്ത നങ്ങൾ നടത്തുന്നുണ്ടോ എന്ന് പരിശോ ധിക്കപ്പെടണം. കാർഷികരംഗത്ത് നല്ല ഇടപെടലിനുള്ള സാധ്യത ഉണ്ട്. കാർഷിക ഉപകരണ ങ്ങൾ വാടകക്ക് നൽകുന്ന എഫ്.എഫ്.സി (ഫാർമേഴ്സ് ഫെസലി റ്റേഷൻ സെന്റർ) ആരംഭിച്ച അപൂർവ്വം നഗരസഭകളിലൊന്നാണ്. എങ്കിലും പ്രവർത്തനം നടക്കുന്നില്ല. 82 ഗുണഭോക്താക്കളുള്ള ആശ്രയ പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുന്നു. ഒരു ആശ്രയ ഗുണഭോക്താവിന് മാത്രമാണ് വീട് നിർമ്മിച്ചുകൊടുക്കാനായത്. ഈ രംഗത്തെ സാങ്കേതിക തടസ്സങ്ങളാണ് വീടുനിർമ്മാണത്തിൽ തടസ്സമായി നിൽക്കുന്നത്. കുടുംബശ്രീയുടെ കീഴിൽ നടക്കുന്ന സാന്ത്വനം ഹോംകെയർ ശ്രദ്ധേയമായ പ്രവർത്തനം നടത്തിവരുന്നു. മാസംതോറും 200ലേറെ വീടുകളിലെ കിടപ്പുരോഗികളെ സന്ദർശിക്കുകയും അവർക്കാവശ്യമായ മരുന്നുകളും, പരിചരണവും സഹായങ്ങളും നൽകികൊണ്ടിരിക്കുന്നു. നഗരസഭാ സി.ഡി.എസിനു കീഴിലുള്ള 55 ബാലസഭകളുടെ പ്രവർത്തനം ഏകോപിപ്പിക്കാനും ഫലപ്രദമായ പ്രവർത്തനങ്ങൾക്കും ശ്രദ്ധ ഊന്നേണ്ടതുണ്ട്.

## ദീർഘകാല പരിപ്രേക്ഷ്യം

നഗരസഭയിലെ മുഴുവൻ അർഹരായ സ്ത്രീകളെയും അയൽകൂട്ട അംഗങ്ങളാക്കാനും മുഴുവൻ അയൽകൂട്ടങ്ങളെയും സ്വയംപര്യാപ്തമാക്കാനും ആവശ്യമായ ബൃഹത്തായ തുടർപരിശീലനപദ്ധതി നടപ്പാക്കേണ്ടതുണ്ട്. സി.ഡി.എസ്-എ.ഡി.എസ് ഭാരവാഹികളുടെയും ഭരണസമിതി അംഗങ്ങളുടെയും ശേഷി വർദ്ധിപ്പിക്കാനുതകുന്ന പരിശീലനപരിപാടികൾ ആസൂത്രണം ചെയ്യണം. എല്ലാ മേഖലകളിലും നിരന്തരമായി ഇടപെടാനും സ്ത്രീ ശാക്തീകരണവും സ്ത്രീ സുരക്ഷയിലും ദാരിദ്ര്യ ലഘൂകരണം എന്നിവ ലക്ഷ്യം നേടുന്നതിനും ത്രിതല സംവിധാനത്തെ പ്രാപ്തമാക്കണം.

1. 100% അർഹരായ സ്ത്രീകളും അയൽ കൂട്ടാംഗങ്ങൾ.
2. അയൽകൂട്ടങ്ങളുടെ ശാക്തീകരണം.
3. 100% അയൽകൂട്ടങ്ങൾ ബാങ്ക് ലിങ്കേജിൽ.
4. ഒരു അയൽകൂട്ടത്തിൽ ഒരാക്റ്റിവിറ്റി ഗ്രൂപ്പ്.
5. തരിശായ ഭൂമി മുഴുവൻ കൃഷിയോഗ്യമാക്കൽ.
6. എല്ലാ മട്ടുപ്പാവിലും പച്ചക്കറി കൃഷി.
7. പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത.
8. കോഴിമുട്ടയുൽപ്പാദനത്തിൽ സ്വയംപര്യാപ്തത.
9. എല്ലാ എ.ഡി.എസുകളിലും ഹോംഷോപ്പ്
10. ലഘു സമ്പാദ്യത്തിന്റെ ഇരട്ടി വായ്പ നൽകൽ.
11. എല്ലാ ആശ്രയ ഗുണഭോക്താക്കളെയും പദ്ധതിയുടെ കീഴിൽ കൊണ്ടുവരൽ.
12. ആശ്രയ പദ്ധതിയുടെ സമ്പൂർണ്ണ നിർവ്വഹണം.
13. വട്ടിപ്പലിശ രഹിത നഗരസഭ പ്രഖ്യാപനം.
14. സമ്പൂർണ്ണ ശുചിത്വ നഗരസഭ പ്രഖ്യാപനം.
15. എല്ലാ കുട്ടികളെയും ബാലസഭയിൽ അംഗമാക്കൽ.
16. ജലസാക്ഷരത കൈവരിക്കൽ.
17. സി.ഡി.എസ് തൊഴിൽപരിശീലനത്തിന്റെ വിപുലീകരണം.
18. കുടുംബ ബഡ്ജറ്റ് യാഥാർത്ഥ്യമാക്കൽ.
19. ബാല സൗഹൃദ നഗരസഭ
20. സ്ത്രീ സൗഹൃദ നഗരസഭ

## 14 – ാം പഞ്ചവത്സര പദ്ധതി ലക്ഷ്യങ്ങൾ

1. പകുതി വാർഡുകളിലെങ്കിലും അയൽകൂട്ട സമ്പൂർണ്ണത കൈവരിക്കൽ.
2. മുഴുവൻ പട്ടികജാതി വനിതകളെയും അയൽകൂട്ട അംഗങ്ങളാക്കൽ.
3. ത്രിതല സംവിധാനം ശക്തിപ്പെടുത്തൽ.
4. സംരഭകത്വ പരിശീലനം ഫലപ്രദമാക്കൽ.
5. മാർക്കറ്റിങ്ങ് മേഖലയിലെ ഫലപ്രദമായ ഇടപെടൽ.
6. മൂന്നിലൊന്ന് വാർഡുകൾ സമ്പൂർണ്ണ ബാലസഭാ വാർഡുകളാക്കി മാറ്റൽ.
7. നഗരസഭയിൽ സംരഭക പ്രോജക്റ്റ് ക്ലിനിക്ക് യാഥാർത്ഥ്യമാക്കുക.
8. നഗരസഭയിലെ സ്ത്രീകളുടെ തൊഴിൽസാധ്യത വർദ്ധിപ്പിക്കൽ.
9. മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീര വകുപ്പിന്റെയും സഹായത്തോടെ പശുവളർത്തൽ മേഖലയിലെ ഫലപ്രദമായ ഇടപെടൽ.
10. ജീവനം-ഹരിതകേരളം പദ്ധതിയുടെ പ്രയോഗികത.
11. ആശ്രയ ഗുണഭോക്താക്കളുടെ പാർപ്പിട പ്രശ്നം പരിഹരിക്കൽ.
12. ഒരു വാർഡിൽ സമ്പൂർണ്ണ കുടുംബ ബഡ്ജറ്റ് യാഥാർത്ഥ്യമാക്കൽ.
13. സി.ഡി.എസ് തൊഴിൽപരിശീലനത്തിന്റെ അടിസ്ഥാനസൗകര്യ വർധനവ്.
14. വീട്ടുകച്ചവട രീതി ( ഹോംഷോപ്പ് ) പ്രായോഗ്യത്തിൽ.
15. പ്രധാനആശുപത്രികളിൽ ഫ്രഷ് മിൽക് ബൂത്തുകൾ സ്ഥാപിക്കൽ.
16. 50% മട്ടുപ്പാവുകളിലും പച്ചക്കറികൃഷി ആരംഭിക്കൽ.
17. ബാലസഭകളിൽ കാർഷിക സംസ്കാരം വളർത്തൽ.
18. നഗരസഭാ തല ബാലോത്സവം സംഘടിപ്പിക്കൽ.
19. 50% അയൽകൂട്ടങ്ങൾക്ക് ഗ്രേഡിങ്ങ് സമ്പ്രദായം ഏർപ്പെടുത്തൽ.

### മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങളുടെ സാക്ഷാൽക്കാരത്തിനായി താഴെപറയുന്ന പ്രോജക്റ്റ് ആശയങ്ങൾ മുന്നോട്ടുവെയ്ക്കുന്നു.

1. സമ്പൂർണ്ണ അയൽകൂട്ടം- വാർഡുകളിൽ യാഥാർത്ഥ്യമാക്കൽ.
2. ജീവനം പദ്ധതിയുടെ സമ്പൂർണ്ണത.
3. വിട്ടുപോയ പട്ടികജാതി-പട്ടികവർഗ്ഗ ഗുണഭോക്താക്കളെ അയൽകൂട്ട അംഗങ്ങളാക്കൽ.
4. അയൽകൂട്ട ഭാരവാഹികൾക്കും വളണ്ടിയർമാർക്കും ഏകദിനപരിശീലനം.
5. എ.ഡി.എസ് അംഗങ്ങൾക്ക് ദ്വിദിനപരിശീലനം.
6. സി.ഡി.എസ് അംഗങ്ങൾക്ക് ത്രിദിനപരിശീലനം.
7. ബാങ്ക് ലിങ്കേജ് ശിൽപശാല.
8. ഡയറക്റ്റ് മാർക്കറ്റിങ്ങ് സംവിധാനം ഏർപ്പെടുത്തൽ.
9. നഗരസഭയിൽ പ്രോജക്റ്റ് ക്ലിനിക് ആരംഭിക്കൽ.

10. നഗരസഭാതല റിക്രൂട്ടിങ്ങ് ഏജൻസി
11. ഫ്രഷ് മിൽക് യൂണിറ്റുകൾ ആരംഭിക്കൽ.
12. പ്രധാനആശുപത്രികളിൽ ഫ്രഷ് മിൽക് ബൂത്ത് ആരംഭിക്കൽ.
13. പാലുൽപ്പന്ന യൂണിറ്റുകൾ ആരംഭിക്കൽ.
14. സംഘകൃഷി- ജെ.എൽ.ജി പ്രവർത്തനം വ്യാപിപ്പിക്കൽ.
15. കൃഷിവകുപ്പിന്റെ സഹായത്തേ
23. മികച്ച കുടുംബശ്രീ കർഷക അവാർഡ്.
24. കുടുംബശ്രീ കാർഷിക വിപണനമേള
25. വാർഡുകളിൽ ഹോംഷോപ്പ് ആരംഭിക്കൽ.
26. വാർഡുതല ജാഗ്രതാ സമിതി രൂപീകരണം.
27. മുനിസിപ്പൽതല ജാഗ്രതാ സമിതി രൂപീകരണം,
28. വനിതകൾക്ക് ഡ്രൈവിങ്ങ് പരിശീലനം, വാഹനവായ്പ നൽകൽ.
29. ആശ്രയ പദ്ധതിയുടെ നിർവ്വഹണം ഫലപ്രദമാക്കൽ
30. ഫാർമേഴ്സ് ഫെസിലിറ്റേഷൻ റസന്റർ (എഫ്.എഫ്.സി) വിപുലീകരണം.
31. കുടുംബശ്രീ എം.എഫ്.സി-മാർക്കറ്റിങ്ങ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കൽ.
32. മികച്ച സംരഭങ്ങൾക്ക് സ്ഥലം വാങ്ങാൻ സഹായം നൽകൽ.
33. സ്ഥലം ഉള്ള സംരഭകർക്ക് കെട്ടിട നിർമ്മാണത്തിന് സഹായം നൽകൽ.
34. ഗ്രൂപ്പ് സംരഭകർക്ക് മെഷീനറി സംവിധാനത്തിന് സഹായം നൽകൽ.
35. കാർഷിക യന്ത്രവൽക്കരണത്തിന് സഹായകമായി ആക്റ്റിവിറ്റി ഗ്രൂപ്പുകൾ.
36. കെട്ടിടനിർമ്മാണ മേഖലയിൽ സ്ത്രീകൾക്ക് പരിശീലനം.
37. താൽക്കാലിക ഒഴിവുകളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള സംവിധാനം.
38. കാറ്ററിങ്ങ് മേഖലയിൽ പരിശീലനം, പുതിയ സംരഭങ്ങൾ.
39. വസ്ത്രനിർമ്മാണം-പരിശീലനം-പുതിയ സംരഭങ്ങൾ.
40. ഐ.ടി മേഖലയിൽ പുതിയ സംരഭങ്ങൾ ആരംഭിക്കൽ.
18. നഗരസഭാ തല ബാലോത്സവം സംഘടിപ്പിക്കൽ.
19. 50% അയൽകൂട്ടങ്ങൾക്ക് ഗ്രേഡിങ്ങ് സമ്പ്രദായം ഏർപ്പെടുത്തൽ.

# 6 – സാമൂഹ്യനീതി

**(കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ, സാമൂഹിക സുരക്ഷാ മിഷൻ)**




**ആമുഖം**

അങ്കണവാടികൾ ശിശുവിഹാര കേന്ദ്രങ്ങളാണ്. ശിശുവിന്റെ ജനനംമുതൽ നടക്കുന്ന പ്രക്രിയയാണ് അറിവുൽപ്പാദനം. കുട്ടി തന്റെ ചുറ്റുപാടിനെഅറിയാൻ നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇന്ദ്രിയങ്ങളുടെ വികാസം അറിവുൽപ്പാദനവുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ മസ്തിഷ്ക്ക വളർച്ചയുടെ തൊണ്ണൂറു ശതമാനവും അഞ്ചുവയസ്സിനുള്ളിൽ നടക്കുന്നുണ്ട്. അതായത് ബുദ്ധിവളർച്ചയുടെ അധിക ഭാഗവും ഈ ഘട്ടത്തിലാണ്. ഇക്കാലയളവിൽ സ്വാഭആവികമായി ആർജ്ജിക്കുന്ന അനുഭവങ്ങൾ പിന്നീട് വ്യത്യസ്ത ശേഷീ വികാസങ്ങൾക്ക് അനുപൂരകമാകണം. കുട്ടിയുടെ മാനസിക വൈകാരിക വളർച്ചയും പ്രകൃത വും പരിഗണിച്ചുകൊണ്ടായിരിക്കണം ശിശുവിഹാര കേന്ദ്രങ്ങൾ പ്രവർത്തിക്കേണ്ടത്. ഇത് വേണ്ടരീതി യിൽ ഇന്ന് പരിഗണിക്കപ്പെട്ടിട്ടില്ല. പ്രീപ്രൈമറി വിദ്യാഭ്യാസഘട്ടം പരമപ്രധാനമാണെന്നു മാത്രമല്ല, പൊതു വിദ്യാഭ്യാസത്തിലേക്കുള്ള കാൽവെപ്പുകൂടിയാണ്. പൊതു വിദ്യാഭ്യാസത്തിന്റെ ശാക്തീകരണത്തിന് അങ്കണവാടികളുടെ ഘടനയും പ്രവർത്തനവും സൂക്ഷ്മരീതിയിൽ പുന:സംഘടിപ്പിക്കേണ്ടതുണ്ട്. 31 അംഗണവാടികളും ഒരു മുനിസിപ്പൽ ബാലവാടിയുമാണ് നഗരസഭയിലുള്ളത്.

ഇതിൽ 29 എണ്ണത്തിന് സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ട്. 3 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 20 കെട്ടിടങ്ങൾ കോൺക്രീറ്റ് കെട്ടിടങ്ങളാണ്. 9 എണ്ണം ഓടിട്ട

| ക്രമ നമ്പർ | അംഗന വാടി നമ്പർ | സ്ഥലം | വാർഡ് |
|---|---|---|---|
| 1 | 44 | ചീരട്ടമണ്ണ | 1 |
| 2 | 58 | മാനത്ത്മംഗലം | 2 |
| 3. | 73 | മാനത്ത്മംഗലം | 2 |
| 4. | 66 | മാനത്ത്മംഗലം | 3 |
| 5. | 46 | വലിയങ്ങാടി | 4 |
| 6. | 51 | മണലിക്കുഴിതോട്ടം | 5 |
| 7. | 48 | ചെമ്പൻകുന്ന് | 6 |
| 8. | 71 | പൊന്ന്യാകുർശ്ശി | 6 |
| 9. | 50 | ദുബായ്പടി | 8 |
| 10. | 49 | കക്കൂത്ത് ലക്ഷംവീട് | 8 |
| 11. | 47 | വാകയിൽപടി | 8 |
| 12. | 64 | കണക്കഞ്ചേരി | 11 |
| 13. | 67 | കുട്ടിപ്പാറ | 12 |
| 14. | 56 | മനക്കൽപടി | 13 |
| 15. | 55 | പാതായ്ക്കര | 14 |
| 16. | 65 | ഒലിങ്കര | 16 |

| ക്രമ നമ്പർ | അംഗന വാടി നമ്പർ | സ്ഥലം | വാർഡ് |
|---|---|---|---|
| 17. | 74 | മുത്തനാപറമ്പ് | 16 |
| 18. | 63 | മണ്ണേങ്കഴായ | 17 |
| 19. | 60 | നവോദയ | 18 |
| 20. | 62 | എരവിമംഗലം | 19 |
| 21. | 70 | സി.പി.കോളനി | 20 |
| 22. | 59 | പുലരി (എരവിമംഗലം) | 20 |
| 23. | 54 | കുന്നപ്പള്ളി | 21 |
| 24. | 53 | കളത്തിലക്കര | 22 |
| 25. | 61 | ആശാരിക്കര | 25 |
| 26. | 69 | മാറുകരപറമ്പ് | 24 |
| 27. | 57 | പാതായ്ക്കര | 26 |
| 28. | 72 | കാഞ്ഞിരകുന്ന് | 28 |
| 29. | 68 | ജെ.എൻ.റോഡ് | 27 |
| 30. | 52 | തേക്കിൻകോട് | 29 |
| 31. | 45 | നാരങ്ങാകുണ്ട് | 34 |
| 32 | – | മുനിസിപ്പൽ ബാലവാടി | 27 |

## 13–ാം പദ്ധതിയിൽ 4 വർഷക്കാലത്തെ അങ്കണവാടികളുടെ വികസനത്തിനായി ചെലവിട്ട പണം ഇനം തിരിച്ച്

| | | |
|---|---|---|
| 1. | റിപ്പയർ | 2714393 |
| 2. | പുതിയ കെട്ടിടം | 2396781 |
| 3. | ഫർണിച്ചർ | 533951 |
| 4. | ഗ്യാസ് കണക്ഷൻ | 89955 |
| 5. | വൈദ്യുതീകരണം | 13950 |
| 6. | സ്ഥലംവാങ്ങൽ | 100000 |
| 7. | വാടക | 88800 |
| 8. | അനുപൂരക പോഷകാഹാരം | 55,50,000 |
| 9. | വർക്കർ, ഹെൽപ്പർ | 1357800 |
| 10. | അധിക വേതനം | 248220 |
| 11. | കളികോപ്പ്, മറ്റുള്ളവ | 4538557 |
| | ആകെ | 1,76,32407 |

## നഗരസഭയിലെ അങ്കണവാടികൾക്ക് അത്യാവശ്യമായി ചെയ്യേണ്ട പ്രവർത്തികൾ/സൗകര്യങ്ങൾ

| ക്രമ നമ്പർ | അംഗന വാടി നമ്പർ | സ്ഥലം | വാർഡ് | വേണ്ട പ്രവർത്തി/സൗകര്യം | സ്ഥലം |
|---|---|---|---|---|---|
| 1 | 44 | ചീരട്ടമണ്ണ | 1 | പുതിയ കെട്ടിടം | 3 1/2 സെന്റ് |
| 2 | 58 | മാനത്ത്മംഗലം | 2 | പുതിയ കെട്ടിടം | 4 1/2 സെന്റ് |
| 3. | 73 | മാനത്ത്മംഗലം | 2 | സ്ഥലം, കെട്ടിടം | |
| 4. | 66 | മാനത്ത്മംഗലം | 3 | സ്ഥലം, കെട്ടിടം | |
| 5. | 46 | വലിയങ്ങാടി | 4 | പൈപ്പ് കണക്ഷൻ, ടാങ്ക്, ഫ്ളാഗ്പോസ്റ്റ്, മുകളിൽ വൈദ്യുതി | 3 സെന്റ് |
| 6. | 51 | മണലിക്കുഴിതോട്ടം | 5 | റിപ്പയർ, ഷീറ്റ്മേയൽ, ചുറ്റുമതിൽ, ഗെയ്റ്റ്, ടാങ്ക് ഫ്ളാഗ്പോസ്റ്റ് | 5 സെന്റ് |
| 7. | 48 | ചെമ്പൻകുന്ന് | 6 | പുതിയ കെട്ടിടം, ടാങ്ക്, ഗേറ്റ് | 3 സെന്റ് |
| 8. | 71 | പൊന്ന്യാകുർശ്ശി | 6 | പൈപ്പ് കണക്ഷൻ, വാട്ടർടാങ്ക്, ഷീറ്റ്മേയൽ, ഗേറ്റ് | 2 സെന്റ് |
| 9. | 50 | ദുബായ്പടി | 8 | പുതിയ കെട്ടിടം, ചുറ്റുമതിൽ, ഗെയ്റ്റ് | 39 സെന്റ് |
| 10. | 49 | കക്കൂത്ത് ലക്ഷംവീട് | 8 | പുതിയകെട്ടിടം, പൈപ്പ്,ടാങ്ക് | 7 സെന്റ് |
| 11. | 47 | വാകയിൽപടി | 8 | പുതിയകെട്ടിടം, ഗെയ്റ്റ്, മതിൽ, ടാങ്ക് | 3 സെന്റ് |
| 12. | 64 | കണക്കഞ്ചേരി | 11 | മതിൽ, ഗേറ്റ്, പൈപ്പ് കണക്ഷൻ | 3 സെന്റ് |
| 13. | 67 | കുട്ടിപ്പാറ | 12 | ടാങ്ക്, മതിൽ, പ്ലംബിഗ് | 3 സെന്റ് |
| 14. | 56 | മനക്കൽപടി | 13 | പുതിയ കെട്ടിടം, ടാങ്ക് | 5 സെന്റ് |
| 15. | 55 | പാതായ്ക്കര | 14 | പുതിയ കെട്ടിടം | 5 സെന്റ് |
| 16. | 65 | ഒലിങ്കര | 16 | മതിൽ, റിപ്പയർ (കെട്ടിടം) | 3 സെന്റ് |
| 17. | 74 | മുത്തനാപറമ്പ് | 16 | പൈപ്പ് കണക്ഷൻ | 5 സെന്റ് |
| 18. | 63 | മണ്ണേങ്കഴായ | 17 | തിൽ, ഗെയ്റ്റ്, ഷീറ്റ്മേയൽ | 10 സെന്റ് |
| 19. | 60 | നവോദയ | 18 | ഷീറ്റ് മേയൽ | 5 സെന്റ് |
| 20. | 62 | എരവിമംഗലം | 19 | പൈപ്പ് കണക്ഷൻ | 11 സെന്റ് |
| 21. | 70 | സി.പി.കോളനി | 20 | മതിൽ, ടാങ്ക്, പൈപ്പ്, ഫ്ലാഗ്പോസ്റ്റ് | 3 സെന്റ് |
| 22. | 59 | പുലരി (എരവിമംഗലം) | 20 | മതിൽ, ഗെയ്റ്റ് | മുനിസിപ്പൽ സ്ഥലം |
| 23. | 54 | കുന്നപ്പള്ളി | 21 | റിപ്പയർ, മതിൽ, ഗെയ്റ്റ് | 3 സെന്റ് |
| 24. | 53 | കളത്തിലക്കര | 22 | ഫീദ്, മതിൽ, ഗെയ്റ്റ്, കുഴൽകിണർ | 3 സെന്റ് |
| 25. | 61 | ആശാരിക്കര | 25 | പുതിയകെട്ടിടം | 3 സെന്റ് |
| 26. | 69 | മാറുകരപറമ്പ് | 24 | ഷീറ്റ്, സ്റ്റെയർകേസ്, റിപ്പയർ | 2 സെന്റ് |
| 27. | 57 | പാതായ്ക്കര | 26 | മതിൽ, കെട്ടിടം, ടാങ്ക് | 5 സെന്റ് |
| 28. | 72 | കാഞ്ഞിരകുന്ന് | 28 | പുതിയ കെട്ടിടം, ടാങ്ക് | 5 സെന്റ് |
| 29. | 68 | ജെ.എൻ.റോഡ് | 27 | സ്ഥലം, കെട്ടിടം | |
| 30. | 52 | തേക്കിൻകോട് | 29 | മതിൽ, ടാങ്ക് | |
| 31. | 45 | നാരങ്ങാകുണ്ട് | 34 | പുതിയ കെട്ടിടം, മതിൽ, ഗെയ്റ്റ് | 10 സെന്റ് |
| 32 | - | മുനിസിപ്പൽ ബാലവാടി | 27 | പുതിയ കെട്ടിടം, മതിൽ, ഗെയ്റ്റ് | 4 സെന്റ് |

## പട്ടികയുടെ അടിസ്ഥാനത്തിൽ ഇനം തിരിച്ച്

| ക്രമ നമ്പർ | ഇനം | അംഗനവാടി നമ്പർ |
|---|---|---|
| 1. | സ്ഥലം | 73,66,68 |
| 2. | പുതിയ കെട്ടിടം | 73,66,68,48,50,49,56,55,61,57,72,45, ബാലവാടി |
| 3. | കെട്ടിട റിപ്പയർ | 65,54,69,51 |
| 4. | ശിശു സൗഹൃദ ടോയ്‌ലറ്റ് | 51,63,49,57,59,56,53,64,60,70 |
| 5. | കുടിവെള്ള കണക്ഷൻ | 46,49,62,64,70,71,74 |
| 6. | വാട്ടർ ടാങ്ക് | 57,63,51,52,46,49,47,66,69,70,71,72,48,56,64,68,59 |
| 7. | ശിശുസൗഹൃദ ഇരിപ്പിടങ്ങൾ | 64,71,68 ബാലവാടി |
| 8. | ചുറ്റുമതിൽ | 51,54,53,47,59,63,52,50 |
| 9. | ഗെയ്റ്റ് | 51,54,53,47,59,63,52,49,48,71,52 |

9-ാം പദ്ധതി മുതൽ 13-ാം പദ്ധതി കൂടിയുള്ള കാലത്ത് 28 അങ്കണവാടി കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ പണിതിട്ടുണ്ട്. ഇതിൽ 12-ാം പദ്ധതി കാലത്ത് മാത്രമായി 9 കെട്ടിടങ്ങൾ പണിതു. ഈ മേഖലയിൽ അനുപൂരക പോഷകാഹാരം, വർക്കർമാർക്കും, ഹെൽപ്പർമാർക്കും അധിക വേതനം, ഫർണീച്ചർ, കളിപ്പാട്ടങ്ങൾ എന്നിവയാണ് പ്രധാനമായും നടപ്പാക്കികൊണ്ടിരിക്കുന്ന പ്രോജക്റ്റുക്. ഇതിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിട്ടുള്ളത് അനുപൂരക പോഷകാഹാരത്തിനാണ് 55,50,000 രൂപ (2020-21) അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അധിക വേതനത്തിനായി (സർക്കാർ നിർദ്ദേശപ്രകാരം) 13,57,800 രൂപയും (2020-21) വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ 5 പഞ്ചവത്സര പദ്ധതികളിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിൽ നല്ല നേട്ടം കൈവരിക്കാനായിട്ടുണ്ട്.

എന്നാൽ കുട്ടികളുടെ കൊഴിഞ്ഞുപോക്കും, കുറവും പ്രധാനപ്രശ്നമാണ്. അങ്കണവാടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. വെൽഫെയർ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പുന:സംഘടനപലയിടങ്ങളിലും അത്യാവശ്യമാണ്. ഭൗതിക-അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക കൂട്ടായ്മ ഫലപ്രദമായി ഉപയോഗപ്പെടുത്തണം.

## ദീർഘകാല പരിപ്രേക്ഷ്യം

അങ്കണവാടികൾ ശിശുസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റണം. സമൂഹത്തിലെ ബഹുഭൂരിഭാഗത്തെയും ആകർഷിക്കാൻ കഴിവുള്ളതാക്കി മാറ്റണം. അങ്കണവാടിയിലൂടെ ബഹുഭൂരിഭാഗത്തെയും ഔപചാരിക വിദ്യാഭ്യാസ ധാരയിൽ കൊണ്ടുവരാൻ സജ്ജമാക്കണം.

1. കളിസ്ഥലങ്ങൾ നിർമ്മിക്കുക, ശിശുസൗഹൃദമാക്കുക.
2. പോഷകമൂല്യമുള്ള ഭക്ഷണ സാധനങ്ങളുടെ വിതരണം.
3. ആരോഗ്യ പരിപാലനത്തിനാവശ്യമായ വിധത്തിൽ വിദഗ്ദരുടെ സൗജന്യസേവനം.
4. ഫലപ്രമായ പാഠ്യപദ്ധതി നഗരസഭയിലെ മുഴുവൻ അങ്കണവാടികൾക്കും മിനിമം ലെവൽ ലക്ഷ്യം വെച്ചുകൊണ്ടുള്ള പഠനക്രമവും രീതിയും.
5. ശിശു പ്രസിദ്ധീകരണങ്ങളുടെയും, കളിക്കോപ്പുകളുടെയും വിപുലമായ ശേഖരം.
6. കളി കേന്ദ്രീകൃതമായ പഠനം.
7. നഗരസഭയിലെ അങ്കണവാടികളുടെ പ്രവർത്തനം മൂല്യനിർണ്ണയവും ഗ്രേഡ് തിരിക്കലും.
8. ആധുനിക സൗകര്യങ്ങളോടെയുള്ള അങ്കണവാടികൾ.

എ) ആകർഷകമായ ക്ലാസ്മുറി
ബി) ചിത്രങ്ങൾ, കാർട്ടൂണുകൾ
സി) ചെറിയ കസേരകൾ
ഡി) ബാഗ്, ചെരുപ്പ്, പാത്രം എന്നിവ സൂക്ഷിക്കാൻ റാക്കുകൾ.
ഇ) വാഷ്ബേസിൻ
എഫ്) ആക്റ്റിവിറ്റി കിറ്റുകൾ
ജി) ഹെൽത്ത്കാർഡ്
എച്ച്) ഡിസ്പ്ലേ ബോർഡ്
ഐ) ക്രയോൺസ്, പെൻസിൽ, ചാർട്ട് പേപ്പർ
ജെ) കളിയുപകരണങ്ങൾ (എല്ലാവർക്കും വ്യക്തിഗതം)
കെ) ടി.വി, ടേപ്പ്, സി.ഡി
എൽ) പൂന്തോട്ടം
എം) ശുദ്ധജല സൗകര്യം.

## 14 – ാം പഞ്ചവത്സര പദ്ധതി ലക്ഷ്യങ്ങൾ

പദ്ധതിക്കാലത്ത് മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങളുടെ 50%വും നേടാനാവും വിധമുള്ള പ്രവർത്തനങ്ങൾക്കാണ് മുൻഗണനനൽകേണ്ടത്.

1. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ അങ്കണവാടികൾക്കും സ്വന്തം കെട്ടിടം.
2. അറ്റകുറ്റപ്പണി ചെയ്യേണ്ടുന്ന മുഴുവൻ അങ്കണവാടികൾക്കും പൂർത്തിയാക്കൽ.
3. സ്ഥല പരിമിതിയുള്ള അങ്കണവാടികൾക്ക് അധികസ്ഥലം ലഭ്യമാക്കൽ.
4. ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കൽ.
5. ശിശുരോഗ വിദഗ്ദരുടെ സേവനം ലഭ്യമാക്കൽ.
6. അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഘട്ടങ്ങളായി പരിശീലനം.
7. ക്ലാസ്മുറികൾ ആകർഷകമാക്കൽ.
8. പുതിയ കളിക്കോപ്പുകൾ.
9. ഇരിപ്പിടങ്ങൾ ആധുനികവൽക്കരിക്കൽ.
10. സമൂഹ പങ്കാളിത്തം വർദ്ധിപ്പിക്കൽ, ഫലപ്രദമാക്കൽ

## മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്റ്റ് ആശയങ്ങൾ

1. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ, കെട്ടിടം.
2. കെട്ടിട നിർമ്മാണം (ജീർണ്ണിച്ച കെട്ടിടങ്ങൾക്ക് പകരം)
3. എല്ലാ ക്ലാസ്മുറികളും ആകർഷകമാക്കൽ.
4. ഇരിപ്പിടങ്ങൾ മാറ്റൽ (ആധുനികവൽക്കരിക്കൽ)
5. അങ്കണവാടികൾക്ക് അത്യാവശ്യമായ പാത്രങ്ങൾ വാങ്ങൽ.
6. അലമാര, മേശ, കസേര വാങ്ങിക്കൽ.
7. ശുദ്ധജല കണക്ഷൻ ഇല്ലാത്തവർക്ക് ലഭ്യമാക്കൽ.
8. ഗ്യാസ് സിലിണ്ടറും, സ്റ്റൗവും ഇല്ലാത്തവർക്ക് ലഭ്യമാക്കൽ.
9. രണ്ടാമത്തെ ഗ്യാസ് സിലിണ്ടർ എല്ലാ അങ്കണവാടികൾക്കും ലഭ്യമാക്കൽ.
10. പുതിയ കളിക്കോപ്പുകൾ വാങ്ങൽ.
11. ഗ്രേഡ് അടിസ്ഥാനത്തിൽ ടി.വി വാങ്ങിക്കൽ.
12. വാർഷിക അറ്റകുറ്റപ്പണി നടത്തൽ.
13. വെൽഫെയർ കമ്മിറ്റി പുന:സംഘടന.
14. അങ്കണവാടികളെ എ,ബി,സി ഗ്രേഡുകളാക്കി തരംതിരിക്കാൻ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ.

## ഉപസംഹാരം

ശിശു വിദ്യാഭ്യാസത്തിന്റെ വൈജ്ഞാതിക അടിത്തറയും ആധുനിക പഠനസമീപനങ്ങളെയും സങ്കേതങ്ങളെയും ശിശുവികാസ ഘട്ടങ്ങളെയും കുറിച്ചുള്ള പ്രാഥമിക ധാരണകൾ മാറ്റിക്കൊണ്ട് ഒരു പുതിയ ഉണർവ്വും മികവും ഈ മേഖലയിൽ ഉണ്ടാക്കാനാവശ്യമായ ഇടപെടലാണ് കാലഘട്ടത്തിന്റെ ആവശ്യം. ഇന്ന് നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് സമൂഹത്തിന്റെ വിശ്വാസവും താൽപര്യവും ആർജ്ജിക്കാൻ കഴിയുന്ന കേന്ദ്രങ്ങളാക്കി അങ്കണവാടികളെ മാറ്റാനും അതുവഴി ബഹുഭൂരിഭആഗത്തിന്റെയും ഔപചാരിക വിദ്യാഭ്യാസം സാധ്യമാക്കാൻ കഴിയുന്ന തരത്തിൽ മാറ്റുകയും ചെയ്യുകയാണ് സമീപനം.

## ഭിന്നശേഷിയുള്ളവർ

സമൂഹത്തിന്റെ പ്രധാനശ്രദ്ധവേണ്ടവരാണ് ഭിന്നശേഷിയുള്ളവർ. നഗരസഭയിൽ ഭിന്നശേഷിയുള്ളവരുടെ എണ്ണം 500നും 600നും ഇടക്കാണ്. ഇവരിൽ 469 പേർ ഇപ്പോൾ പെൻഷൻ വാങ്ങിക്കുന്നവരായുണ്ട്. 12,13 പദ്ധതിക്കാലങ്ങളിൽ ഭിന്നശേഷിയുള്ളവരുടെ ക്ഷേമത്തിനായി പ്രത്യേക പ്രോജക്റ്റുകൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ തുടങ്ങി. ക്യാമ്പുകൾ ദൃശ്യ-ശ്രവ്യ ഉപകരണങ്ങളും ചലനസഹായത്തിനുള്ള ഉപകരണങ്ങളും വിതരണം ചെയ്യൽ, ഭിന്നശേഷിയുള്ള കുട്ടി കൾക്ക് സ്കോളർഷിപ്പ്, മുചക്ര വാഹനവിതരണം എന്നിവ ഇവയിൽ പ്രധാനമാണ്.



ഭിന്നശേഷിയുള്ള കുട്ടികളുടെ അവസ്ഥ നേരത്തെ കണ്ടെത്താനും അതിനാവശ്യമായ സംവിധാനമൊരുക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. 13-ാം പദ്ധതിക്കാലത്ത് ബഡ്സ് സ്കൂൾ ആരംഭിക്കാനായത് മികച്ച നേട്ടമായി കാണുന്നു.

14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇവരുടെ പ്രത്യേക സഭ ചേർന്ന് താഴെ പറയുന്ന പ്രോജക്റ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്.

1. മേഖലാടിസ്ഥാനത്തിൽ ഭിന്നശേഷിയുള്ളവരുടെ സംഗമം സംഘടിപ്പിക്കുക.
2. ഭിന്നശേഷിയുള്ള മുഴുവൻ പേർക്കും മുചക്ര വാഹനം അനുവദിക്കൽ
3. ഭിന്നശേഷിയുള്ളവരുടെ തുടർ വിദ്യാഭ്യാസത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുക.
4. ഭിന്നശേഷിയുള്ളവർക്കായി പ്രത്യേക ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുക.
5. ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകുക.
6. ഭിന്നശേഷിയുള്ളവർക്കായി പ്രത്യേക തൊഴിൽസംരംഭങ്ങളും, വിപണനയൂണിറ്റും ആരംഭിക്കുക.
7. ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി കേന്ദ്രം ആരംഭിക്കുക.
8. ഭിന്നശേഷിക്കാർക്ക് പ്രത്യേക തൊഴിൽപരിശീലനം.



## വയോജനക്ഷേമം

വയോജനങ്ങളുടെ സാമൂഹ്യപ്രശ്നങ്ങൾക്ക് സജീവതയുള്ള ഒരു കാലഘട്ടമാണ് ഇത്. വികസിത രാജ്യങ്ങളെ വെല്ലുന്ന സാമൂഹ്യ വികസനസൂചികകൾ നിലനിൽക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. ലോകാരോഗ്യ സംഘടന2000-മാണ്ടിലേക്ക് നിശ്ചയിച്ച ആരോഗ്യസൂചകങ്ങളെല്ലാം 1980-90കളോടെ നേടാൻ കഴിഞ്ഞുവെങ്കിലും അതിന്റെ തുടർച്ചയെന്ത് എന്നത് ഗൗരവമായി ഓർക്കേണ്ടതാണ്. 1955ലെ കേരളത്തിലെ ആയുർദൈർഘ്യം 45 ആയിരുന്നു. ഇന്നത് 80നോടടുത്തു. വയോജനങ്ങളുടെ വർദ്ധനവും കുടുംബ ഘടനയിലെ മാറ്റങ്ങളും പുതിയ സാമൂഹ്യപ്രശ്നങ്ങളുണ്ടാകുന്നു. വയോജനങ്ങൾക്ക് ലഭിച്ചിരുന്ന പരിചരണം, സഹായം, സഹവാസം, എന്നിവ കുറഞ്ഞുവരുന്നു. ഹോം നഴ്സിങ്ങ് മേഖല കേരളത്തിൽ ദ്രുതഗതിയിൽ വളരുന്നു. വൃദ്ധസദനങ്ങളുടെയും പകൽവീടുകളുടെയും ആവശ്യകതയേറുന്നു.



അദ്ധ്വാനിക്കാനും കുടുംബം പുലർത്താനും കഴിഞ്ഞിരുന്ന കാലത്തുണ്ടായിരുന്ന ശുഭാപ്തി വിശ്വാസവും ആത്മവിശ്വാസവും നഷ്ടപ്പെടുന്ന ഒരു വിഭാഗമായി വയോജനങ്ങൾ മാറുന്നത് സാമൂഹ്യപ്രശ്നങ്ങൾക്കിട യാക്കും. വയോജനങ്ങൾ അമൂല്യമായ അനുഭവ സമ്പത്തുള്ള സമൂഹമാണ്. ചരിത്ര സ്മൃതികളുടെ കലവറയാണ്. തങ്ങളുടെ മാനസിക സാമൂഹ്യ വ്യാപാരങ്ങളെ സജീവ മായി നിലനിർത്താനും വയോജനങ്ങൾ ക്ക് കഴിയണം. സജീവമായ സാമൂഹ്യബന്ധ ങ്ങളും സംതൃപ്തി നൽകുന്ന പ്രവർത്തനമേഖലകളും ഉള്ളവരിൽ വാർദ്ധക്യത്തിന്റെ കടന്നാക്രമണം കുറവാണ്. കടുത്ത അവശതകളും യാതനകളും അനുഭവിക്കുന്നവർക്ക് സുരക്ഷിതമായ ചുറ്റുപാടുകൾ പ്രദാനം ചെയ്യാനാകണം. ഒറ്റപ്പെടലുകളും പീഢനങ്ങളും അനുഭവിക്കുന്നവർക്ക് സാമൂഹ്യമായ പുനരധിവാസം, കടുത്ത രോഗങ്ങൾ പിടിമുറുക്കിയവർക്ക് സൗജന്യമായ ചികിത്സാ സംവിധാനങ്ങൾ, സ്മൃതിനാശം (ഡിമൻഷ്യ) ബാധിച്ചവർക്ക് ശരിയായ പരിചരണം, തുടങ്ങിയ മൂർത്തമായ ലക്ഷ്യങ്ങൾ നേടാൻ പദ്ധതി പ്രവർത്തനങ്ങൾ കൊണ്ടു കഴിയണം. ആരോഗ്യപ്രവർത്തകരുടെയും സന്നദ്ധപ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനം ഇതിന് സാധ്യമാക്കണം. ആരോഗ്യകരമായ വാർദ്ധക്യമാകണം നമ്മുടെ ലക്ഷ്യം.

## പ്രോജക്റ്റ് ആശയങ്ങൾ

1. സീനിയർ സിറ്റിസൺസ് ചാരിറ്റബിൾ സൊസൈറ്റി (സൂര്യ) പ്രവർത്തനം കാര്യക്ഷമമാക്കൽ.
2. വാർഡടിസ്ഥാനത്തിൽ വയോജനവാർഡ്സഭ, വാർഡ്തല കമ്മിറ്റി
3. മേഖലാടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരണം.
4. മേഖലാടിസ്ഥാനത്തിൽ പകൽവീടുകൾ.
5. നഗരസഭാതലത്തിൽ ഹെർമിറ്റേജ്.
6. ആശുപത്രികളിൽ ജെറിയാട്രിക് വാർഡ്.
7. മേഖലാടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പുകൾ, മരുന്നുവിതരണം.
8. വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം, പ്രചരണോപാധികൾ–കലാജാഥ, ഹ്രസ്വചിത്രം എന്നിവ.
9. സൗജന്യ നിയമ സഹായം.
10. മുതിർന്നവരുടെ പരിചരണത്തിന് സന്നദ്ധസംഘടനകൊണ്ട് പരിശീലനം.
11. കലാ–കായിക–സാഹിത്യ ക്യാമ്പുകൾ–മത്സരങ്ങൾ
12. ജൈവകൃഷി പരിശീലനം.
13. തൊഴിൽപരിശീലനം.
14. വിനോദയാത്രകൾ
15. മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം.
16. കാഴ്ച, കേൾവി, നടത്ത സഹായം (ഉപകരണങ്ങൾ)
17. സാന്ത്വനം ഹോംകെയർ മെച്ചപ്പെടുത്തൽ.
18. ഓഫീസുകൾ, പൊതു ഇടങ്ങൾ എന്നിവയിൽ പ്രത്യേക സൗകര്യം, മുൻഗണന.

## ടാൻസ്ജെൻഡർ

പ്രത്യേക പരിഗണനഅർഹിക്കുന്ന വിഭാഗമെന്ന നിലയ്ക്ക് ഭിന്നലിംഗ നഗരവാസികളുടെ ക്ഷേമവും വികസനവുമായി ബന്ധപ്പെട്ടതാണ്. എല്ലാ അർത്ഥത്തിലും പാർശ്വവൽക്കരിക്കപ്പെട്ട, അവഗണനനേരിടുന്ന, ചൂഷണം ചെയ്യപ്പെടുന്ന വിഭാഗത്തിന്റെ ക്ഷേമത്തിനും ഉന്നമനത്തിനും ആവശ്യമായ പ്രോജക്റ്റ് ആശയങ്ങൾ പ്രധാനമാണ്.

1. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ട്രാൻസ് ജെൻഡർ സമ്പൂർണ്ണ സർവ്വെയുടെ അടിസ്ഥാനത്തിൽ തുടർവിദ്യാഭ്യാസ സൗകര്യങ്ങളും മെച്ചപ്പെടുത്തൽ.
2. ട്രാൻസ് ജെൻഡർ വിഭാഗത്തിന്റെ അയൽകൂട്ടം രൂപീകരിക്കുക, കുടുംബശ്രീ പദ്ധതികൾ പ്രയോജനപ്പെടുത്തുക.
3. ട്രാൻസ്ജെൻഡർ സാമൂഹ്യനീതിയ്ക്കായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.
4. സാമൂഹ്യ–വികസനപ്രവർത്തനങ്ങളിൽ ട്രാൻസ്ജെൻഡർ വിഭാഗത്തെ ബോധപൂർവ്വം പങ്കാളികളാക്കുക.
5. പ്രത്യേക കൗൺസലിങ്ങ്, നിയമസഹായ സംവിധാനം എന്നിവ ഏർപ്പെടുത്തുക.

## ക്ഷേമപെൻഷൻ

നഗരസഭയിൽ വിവിധ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പട്ടിക താഴെ പറയുംപ്രകാരം പ്രകാരമാണ്.

| ക്രമ | പെൻഷൻ | എണ്ണം |
|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 870 |
| 2 | വിധവ പെൻഷൻ | 2162 |
| 3 | വാർദ്ധക്യകാല പെൻഷൻ | 3493 |
| 4 | വികലാംഗ പെൻഷൻ | 552 |
| 5 | 50 കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 173 |
| | ആകെ | 7250 |

ക്ഷേമപെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി താഴെപറയുന്ന പ്രവർത്തനങ്ങളാണ് പദ്ധതികാലത്ത് നടപ്പാക്കാനുദ്ദേശിക്കുന്നത്.

1. ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് മൂന്നുമാസത്തിലൊരിക്കൽ പെൻഷൻ അദാലത്തുകൾ.
2. നഗരസഭയിലെ മുഴുവൻ ക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്കും ഐഡന്റിറ്റി കാർഡ്.
3. പെൻഷൻ ഗുണഭോക്താക്കളുടെ അപേക്ഷകളും, ഫോറങ്ങളും തയ്യാറാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും പ്രത്യേക ഹെൽപ് ഡെസ്ക്.
4. ബാങ്കുകളിൽ ക്ഷേമപെൻഷൻ വിതരണം കാര്യക്ഷമമാക്കൽ.
5. പെൻഷൻ ഗുണഭോക്താക്കളുടെ വാർഡ്തല ലിസ്റ്റ് തയ്യാറാക്കൽ, പുതുക്കൽ.

## പ്രതീക്ഷ (വിധവാ പുനരധിവാസ പദ്ധതി)

നഗരസഭയിലെ വിധവാ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 1931 ആണ്. മൊത്തം ജനസംഖ്യയുടെ 3.9% ശതമാനമാണ്. ഇതുകൂടാതെ പെൻഷന് അർഹതയില്ലാത്തവരും വിവിധ കാരണങ്ങളാൽ പെൻഷൻ വാങ്ങിക്കാത്തവരുടെയും എണ്ണം കൂടി കണക്കിലെടുക്കുമ്പോൾ നഗര ജനസംഖ്യയിലെ ഗണ്യമായ ഒരു വിഭാഗമായി അവർ മാറുകയാണ്. വിധവകൾ സമൂഹത്തിൽ ആരോഗ്യപരവും സാമൂഹ്യപരവുമായ പ്രശ്നങ്ങളെ നേരിടുന്നവരാണ്. ഒറ്റപ്പെട്ട മനസ്സും ശരീരവും ഉള്ളവരാണ്. വാർദ്ധക്യത്തിലെത്തിയ വിധവകൾ സങ്കീർണ്ണമായ പ്രശ്നങ്ങളെ നേരിടുന്നവരാണ്. വിധവകളുടെ ക്ഷേമം നഗരവികസനത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

നഗരസഭയിലെ വിധവകളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് രൂപീകരിക്കപ്പെട്ട പ്രതീക്ഷാ പദ്ധതി ( ചാരിറ്റബിൾ സൊസൈറ്റി ) യുടെ പ്രവർത്തനം കാര്യക്ഷമമാക്കലാണ് 13-ാം പദ്ധതിക്കാലത്തെ പ്രധാനപ്രവർത്തനം.

1. മേഖലാടിസ്ഥാനത്തിൽ വിധവകളുടെ സംഗമം.
2. വിധവകൾക്കായി പ്രത്യേക ലേബർ ബാങ്ക്.
3. കുടുംബശ്രീ സംരംഭങ്ങൾ ആരംഭിക്കൽ.
4. മെഡിക്കൽ ക്യാമ്പുകൾ ആരംഭിക്കൽ.
5. സർഗ്ഗസദസ്സുകൾ നഗരസഭാടിസ്ഥാനത്തിൽ.
6. പ്രത്യേക കൗൺസലിങ്ങ്.
7. വിധവകളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം.
8. ഒറ്റപ്പെട്ട വിധവകൾക്കുള്ള ഫ്ളാറ്റ് താമസ സംവിധാനം.

## ക്ഷേമപെൻഷൻ

നമ്മുടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിൽ പ്രധാനപങ്കുവഹിക്കുന്ന വിഭാഗമാണ് പ്രവാസികൾ വരുമാനത്തിന്റെ നല്ലൊരു ഭാഗം, ബാങ്ക് നിക്ഷേപത്തിന്റെ നല്ലൊരു ഭാഗം, സംരംഭങ്ങളിലെ മുതൽമുടക്ക്, സാമൂഹ്യ-സന്നദ്ധ പ്രവർത്തനങ്ങളിലെ പങ്കാളിത്തവും സഹായ സഹകരണവും-ഇതെല്ലാം ഗണ്യമായ രീതിയിൽ നമുക്ക് നൽകുന്ന വിഭാഗം. നമ്മുടെ നാട്ടിൽ 10-20 ശതമാനത്തോളം പ്രവാസികളുണ്ട്. നാടിന്റെ നാനാവിധത്തിലുള്ള വികസനത്തിൽ പ്രവാസികൾ പ്രത്യക്ഷമായും പരോക്ഷമായും പങ്കുവഹിക്കുന്നവരാണ്.

ആഗോള സാമ്പത്തികമാന്ദ്യം, പ്രതിസന്ധി, കുടിയേറ്റ നിയമ കാർക്കശ്യം, തൊഴിൽമാന്ദ്യം എന്നിവ വിദേശ മലയാളികളുടെ തൊഴിൽനഷ്ടത്തിനിടയാക്കി. വിദേശത്തുനിന്നും തിരിച്ചുവരുന്നവരുടെ എണ്ണം വർദ്ധിച്ചു വരികയാണ്. ശമ്പള വെട്ടിക്കുറവ് അവർ നേരിടുന്ന പ്രധാനവെല്ലുവിളിയാണ്. പ്രവാസികളുടെ ക്ഷേമം കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ സജീവ ശ്രദ്ധ ആവശ്യമായ ഒന്നാണ്. പ്രവാസികളുടെ നിക്ഷേപം വികസനപരമായ കാര്യങ്ങൾക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ക്രിയാത്മകമായ ഇടപെടലുകളാണ് ആവശ്യമുള്ളത്. പ്രവാസി മൂലധനം, പ്രാദേശിക പദ്ധതി സഹായം, ധനകാര്യ സ്ഥാപനങ്ങളുടെ സഹായം എന്നിവ പ്രയോജനപ്പെടുത്തി നാടിന്റെ വികസനത്തിനുകൂടി സഹായകരമാവുന്ന പദ്ധതികൾക്ക് രൂപം നൽകണം.

## വാതിൽപ്പടി സേവന പദ്ധതി

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിയുള്ളവർ, കിടപ്പു രോഗികൾ, ചലന പരിമിതി അനുഭവിക്കുന്നവർ, വയോജനങ്ങൾ എന്നിവർക്ക് അവകാശപ്പെട്ട സേവനങ്ങൾ അവരുടെ വീട്ടു പടിക്കലെത്തി നൽകുന്ന വാതിൽപ്പടി സേവന പദ്ധതിക്ക് നഗരസഭയിൽ തുടക്കം കുറിച്ചിട്ടുണ്ട്. കേരളത്തിലെ തെരഞ്ഞെടുത്ത 50 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്ന 11 നഗരസഭകളിലൊന്നാണ് പെരിന്തൽമണ്ണ നഗരസഭ. ആശാപ്രവർത്തകർ, എ.ഡി.എസ് സന്നദ്ധ പ്രവർത്തകർ എന്നിവരടങ്ങുന്ന സേവന തൽപരരായ ഒരു ടീമിനെ നഗരസഭ സജ്ജമാക്കുകയും 34 വാർഡുകളിലും സർവ്വെ നടത്തി സൂക്ഷ്മ പരിശോധന നടത്തി..........ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് വാതിൽപ്പടി സേവന പദ്ധതിയിൽ നിഷ്കർഷിച്ച സേവനങ്ങൾ അവരുടെ വീട്ടുപടിക്കലെത്തി നൽകുന്നത് നഗരസഭ തലത്തിൽ പ്രത്യേക ക്രമീകരണ സംവിധാനം ഒരുക്കിയിട്ടുണ്ട്.

## അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, ആരോഗ്യം, അതിജീവന ത്തിനുള്ള വരുമാനം തുടങ്ങിയ ഘടകങ്ങളിലൂന്നി മാനദണ്ഡങ്ങളിലൂടെ കുടുംബങ്ങളെ കണ്ടെത്തി. അവരുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും, അവരുടെ ജീവിതത്തെ കരുത്തുറ്റതാക്കി മാറ്റി ദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യംവെക്കുന്നത്.

അറുപത് വയസ്സ് കഴിഞ്ഞ വയോധികരുടെ കുടുംബങ്ങൾ, ഒരു വരുമാനവും ഇല്ലാത്തവർ, ഗുരുതര രോഗങ്ങൾ പിടിപെട്ട് കിടപ്പുരോഗികളുള്ള കുടുംബങ്ങൾ, അനാഥരായ കുട്ടികളുള്ള കുടുംബങ്ങൾ, ഭിന്നശേഷി വ്യക്തികളുള്ള വരുമാനമില്ലാത്ത കുടുംബങ്ങൾ, കേരളത്തിൽ സ്ഥിര താമസമാക്കിയ വരുമാനമില്ലാത്ത അഥിതി തൊഴിലാളി കുടുംബങ്ങൾ തുടങ്ങി വിവിധ തലങ്ങളിലുള്ള ദാരിദ്ര്യത്താൽ വിഷമിക്കുന്നവരെ കണ്ടെത്തി അവരുടെ പ്രശ്നം പരിഹരിക്കാനാവശ്യമായ സൂക്ഷ്മതല ആസൂത്രണ പദ്ധതികൾ തയ്യാറാക്കി നഗരസഭയിൽ ഇത്തരം ചുറ്റുപാടുള്ള കുടുംബങ്ങളെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി 14-ാം പദ്ധതിക്കാലത്ത് നടപ്പാക്കും. ഇത്തരത്തിൽ സർവ്വെ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 34 വാർഡുകളിലായി 106 പേരെ കണ്ടെത്തിയിട്ടുണ്ട്. ഇവർക്കാവശ്യമായ വിവിധങ്ങളായ മൈക്രോ പ്ലാനുകൾ തയ്യാറാക്കി അടുത്ത അഞ്ച് വർഷത്തിനുള്ള സമയബന്ധിതമായി പ്രശ്ന പരിഹാരം കാണാൻ സാധിക്കും.

## 14–ാം പദ്ധതിക്കാലത്തെ പ്രധാനപ്രോജക്റ്റ് ആശയങ്ങൾ താഴെ കൊടുക്കുന്നു.

1. നഗരസഭയിലെ മുഴുവൻ പ്രവാസികളുടെയും വിവരശേഖരണം.
2. വിവിധ മേഖലകളിൽ തൊഴിൽ സംരംഭങ്ങൾക്കായി സംരഭകത്വ കൂട്ടായ്മ.
3. സമ്പൂർണ്ണ പ്രവാസി ക്ഷേമപദ്ധതി (സംസ്ഥാനസർക്കാർ സഹായത്തോടെ)
4. പ്രൊഡ്യൂസർ കമ്പനികൾ
5. പ്രവാസി ഫ്ളാറ്റുകൾ.
6. പ്രവാസി ഹെൽപ്ഡെസ്ക്ക്.
7. തൊഴിൽ പരിശീലനങ്ങൾ.
8. പുറത്തുള്ള പ്രവാസികൾക്ക് നിയമസഹായം.
9. പുറത്തുപോകുന്നവർക്കുള്ള ക്യാമ്പുകൾ.
10. പ്രവാസി ഉൽപ്പന്നങ്ങളുടെ ബ്രാൻഡിങ്ങ്.
11. മാർക്കറ്റ് വിപുലീകരണം.
12. ജൈവപച്ചക്കറി വ്യാപനം.
13. പ്രവാസി ജെ.എൽ.ജി രൂപീകരണം (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്)
14. നഴ്സറി (കൃഷി) യൂണിറ്റുകൾ
15. ക്ഷീര വ്യവസായ രംഗത്ത് സംരഭങ്ങൾ, ഫ്രഷ് നാച്ചറൽ മിൽക്ക്
16. പാൽ-മാംസം-മൂല്യവർദ്ധിത ഉൽപന്നങ്ങൾ.
17. മത്സ്യം വളർത്തൽ.
18. നിർധനരായ പ്രവാസികൾക്ക് ചികിത്സ.
19. വിദ്യാഭ്യാസ സഹായം.
20. വിവാഹ ധനസഹായം.
21. വീട്നിർമ്മാണ സഹായം.
22. വാതിൽപ്പടി സേവനപദ്ധതി വ്യാപിപ്പിക്കൽ
23. അതി ദരിദ്രർക്കുള്ള വിവിധങ്ങളായ മൈക്രോപ്ലാനുകൾ തയ്യാറാക്കൽ.

## 7 – വനിതാ വികസനം

പൊതുവെ മെച്ചപ്പെട്ട ആരോഗ്യ സൂചികകളാണ് കേരളത്തിലെ സ്ത്രീകളുടേത് എങ്കിലും സവിശേഷമായ ഒട്ടേറെ സ്ത്രീ പ്രശ്നങ്ങൾ നിലനിൽക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. 0–6 പ്രായത്തിലുള്ള പെൺകുട്ടികളുടെ എണ്ണം കേരളത്തിൽ കുറഞ്ഞുവരുന്നു. വിവിധ പ്രായത്തിലുള്ള സ്ത്രീകളുടെ പ്രത്യേക ആരോഗ്യപ്രശ്നങ്ങൾ, പാർശ്വവൽക്കൃത വിഭാഗങ്ങളിലെ ആരോഗ്യം, ഭിന്നലിംഗ വിഭാഗങ്ങളുടെ ആരോഗ്യം എന്നിവയ്ക്കൊന്നും വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല. വൃദ്ധരുടെയും വിധവകളുടെയും ഒറ്റക്ക് ജീവിക്കുന്ന സ്ത്രീകളുടെയും എണ്ണം കേരളത്തിൽ ഉയർന്നുനിൽക്കുന്നു. ഇവരുടെ സാമ്പത്തിക-സാമൂഹ്യ-ആരോഗ്യ പ്രശ്നങ്ങളൊന്നും വേണ്ടരീതിയിൽ ചർച്ചചെയ്യപ്പെടുന്നില്ല. ഗാർഹിക പീഢനവും അതിക്രമങ്ങളും ഇവിടെയും പ്രധാനആരോഗ്യ പ്രശ്നങ്ങളാണ്. മാനസികാരോഗ്യ പ്രശ്നങ്ങളും ആത്മഹത്യാ പ്രവണതയും എന്തുകൊണ്ട് നമുക്കിടയിൽ കൂടുന്നുവെന്നത് അന്വോഷണം നടക്കേണ്ട ഒന്നാണ്. കുടുംബത്തിലും, തൊഴിലിടങ്ങളിലും, പൊതു ഇടങ്ങളിലും സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ, കടന്നാക്രമണങ്ങൾ, തൊഴിലവസര നിഷേധം, സദാചാര പോലീസ്, സംഘടിത-അസംഘടിത മേഖലകളിലെ അസ്ഥിരത, തുടങ്ങിയവയെല്ലാം ഈ മേഖലയിലെ പ്രധാനവെല്ലുവിളികളാണ്. ത്രിതല പ്രാദേശിക ഭരണകൂട സ്ഥാപനങ്ങളിലെ സംവരണത്തിന്റെ ആനുകൂല്യത്തിൽ അധികാരം പങ്കുവെക്കുമ്പോൾ തന്നെ സാംസ്കാരിക-രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക മണ്ഡലങ്ങളിലെ അധികാര കേന്ദ്രങ്ങളിൽ സ്ത്രീ ഏതാണ്ട് അദൃശ്യമാണ്.



TAXI STAND & LADIES RETIRING ROOM, PERINTHALMANNA

കേരളത്തിലെ സ്ത്രീസമൂഹം നേരിടുന്ന സങ്കീർണ്ണ പ്രശ്നങ്ങളുടെ പശ്ചാത്ത ലത്തിൽ നിന്നുകൊണ്ടുവേണം നമ്മുടെ നഗരസഭയിലെ സ്ത്രീ അവസ്ഥയെയും വിശകലനം ചെയ്യാൻ വനിതാ ഘടക പദ്ധതികൾ സ്ത്രീകളുടെ ആരോഗ്യ- വിദ്യാഭ്യാസ-സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥക്ക് പരിഹാരം കാണാനുതകുന്ന തരത്തിലകാണം. പ്രോജക്റ്റുകളുടെ മുൻ-പിൻ അവസ്ഥയെ സംബന്ധിച്ച് പരിശോധന വേണം. കേവലം ആനുകൂല്യങ്ങൾക്കപ്പുറം അവസ്ഥാ മാറ്റത്തിനും ആത്മവിശ്വാസത്തിനും അത് എത്രമാത്രം പ്രയോജനപ്പെടുന്നുവെന്ന് പരിശോധി ക്കപ്പെടണം.

കുടുംബശ്രീ തൊഴിൽ പരിശീലനകേന്ദ്രം, സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സ്വയംര ക്ഷയ്ക്കാവശ്യമായ ജാഗ്രതാ പരിശീലനം, ലഹരി-മയക്കുമരുന്ന് ഉപഭോഗത്തി നെതിരെ പ്രചരണം (കലാജാഥ), ഷോർട്ട്ഫിലിം, കൗൺസലിങ്ങ്, അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അധിക വേതനം, കുടുംബശ്രീ ലേബർബാങ്ക്, ഷീ ഓട്ടോ, എസ്.സി വനിതകൾക്ക് ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, തൊഴിൽ പരിശീലനകേന്ദ്രത്തിന് ഫർണിച്ചർ എന്നിവയാണ് കഴിഞ്ഞ 13-ാം പഞ്ചവത്സര പദ്ധതിക്കാ ലത്തെ പ്രധാന പ്രോജക്ടുകൾ. സ്ത്രീ ശാക്തീകരണവും തുല്യതയും മുന്നിൽ കണ്ടുകൊ ണ്ടുള്ള പല ആശയങ്ങളും രൂപപ്പെടുത്താനും പ്രായോഗികമാക്കാനും കഴിഞ്ഞിട്ടുണ്ട്. പെൺകുട്ടികളെ ഉദ്ദേശിച്ചുകൊണ്ട് നടത്തിയ ജാഗ്രതാ പരിശീലനം അത്തരത്തിലുള്ള ഒന്നായിരുന്നു. രണ്ടുവർഷക്കാലത്തെ പരിശീലനത്തിൽ മൊത്തം 2500 പെൺകുട്ടികൾ പങ്കെടുത്തു. കലാ-കായിക- സാമൂഹ്യ-സാംസ്കാരിക പരിപാടികളിൽ ഭേദപ്പെട്ട പങ്കാളിത്തത്തിന് ഇത് സഹായമായിട്ടുണ്ട്. തൊഴിൽരംഗത്ത് സ്ത്രീകളുടെ സാന്നിദ്ധ്യം അൽപ്പം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ചെറുകിട വ്യവസായ മേഖല, കാർഷികമേഖല, കെട്ടിട നിർമ്മാണമേഖല എന്നിവയിൽ സ്ത്രീ പങ്കാളിത്തം മെച്ചപ്പെടുത്താനായിട്ടില്ല. മുടങ്ങിപ്പോയ ഗ്രൂപ്പ് സംരംഭങ്ങളുടെ പുനരുജ്ജീവനം പ്രധാനമാണ്. സ്ത്രീ പദവി തിരിച്ചറിയൽ പ്രക്രിയയും ലിംഗ പദവി വിശകലനവും നടത്തി പ്രശ്നങ്ങളും പരിഹാര ങ്ങളും ഉരുത്തിരിച്ചെടുക്കേ ണ്ടിയിരിക്കുന്നു.

| നമ്പർ | പ്രോജക്ട് | ചെലവഴിക്കപ്പെട്ട തുക |
|---|---|---|
| 1 | ഭവനനിർമ്മാണം എസ്.സി | 25,58,000 |
| 2 | വിവാഹ ധനസഹായം എസ്.സി | 63,00000 |
| 3 | വനിതകൾക്ക് കോഴിയും, കൂടും | 6,00000 |

| നമ്പർ | പ്രോജക്ട് | ചെലവഴിക്കപ്പെട്ട തുക |
|---|---|---|
| 4 | വീട് റിപ്പയൽ | 12,65,000 |
| 5 | കറവപശു വിതരണം | 5,25,000 |
| 6 | മുട്ടക്കോഴി വളർത്തൽ | 2,94,030 |
| 7 | കന്നുകൂട്ടി പരിപാലനം | 3,12,500 |
| 8 | വാഴകൃഷി | 2,00,010 |
| 9 | പച്ചക്കറി കൃഷി | 1,05,000 |
| 10 | ജാഗ്രത | 17,57,122 |
| 11 | സമഗ്ര ആരോഗ്യപരിരക്ഷ | 47,462 |
| 12 | സ്കൂളുകൾക്ക് ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് | 18,17,792 |
| 13 | സ്കൂൾ പെൺകുട്ടികൾക്ക് ഫർണിച്ചർ | 4,70,000 |
| 14 | വിധവാ പുനരധിവാസ പദ്ധതി | 38,510 |
| 15 | കുടുംബശ്രീ ലാബർ ബാങ്ക് | 62,489 |
| 16 | കുടുംബശ്രീ പരിശീലന കേന്ദ്രത്തിന് ഫർണ്ണിച്ചർ | 3,00,000 |
| 17 | വനിതാ ലൈബ്രറിക്ക് ഫർണ്ണിച്ചറുകൾ, ബുക്ക് | 1,49,992 |
| 18 | അംഗനവാടി ഹെൽപ്പരമാർക്ക് അധിക വേതനം | 3,45,265 |
| 19 | അംഗനവാടിക്ക് ഫർണ്ണിച്ചർ | 31,200 |
| 20 | അംഗനവാടികൾക്ക് ഗ്യാസ് സിലിണ്ടർ | 89,955 |
| 21 | അംഗനവാടിക്ക് സ്ഥലം വാങ്ങൽ | 1,00,000 |
| 22 | 6, 14, 16, 26 വാർഡ് അംഗനവാടി കെട്ടിട നിർമ്മാണം | 16,00,000 |

വനിതാ വികസനമേഖലയുമായി ഏറ്റവും ബന്ധപ്പെട്ടതെന്ന നിലയിൽ കുടുംബശ്രീ പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പദ്ധതി സമീപനം യാഥാർത്ഥ്യമാകണം. സി.ഡി.എസ് അക്ഷൻപ്ലാൻ രൂപപ്പെടുത്തുമ്പോൾ പൊതുവെയുള്ള സ്ത്രീ വികസനം, വിവിധ സ്ഥാപനങ്ങളിലും സംവിധാനങ്ങളിലുള്ള അവസ്ഥാമാറ്റം, തുല്യത എന്നിവ മുന്നിൽ കണ്ടുകൊണ്ടുള്ള ആശയങ്ങൾ മുന്നോട്ടുവെയ്ക്കണം. കുടുംബശ്രീ വിലയിരുത്തൽ സമിതിയുടെ പ്രവർത്തനം ചിട്ടപ്പെടുത്തണം.

## ദീർഘകാല പരിപ്രേക്ഷ്യം

സ്ത്രീ സൗഹൃദ നഗരസഭയെന്ന ലക്ഷ്യത്തിലേക്ക് സഹായകരമാകുന്ന പ്രോജക്റ്റുകൾക്കും പ്രവർത്തനങ്ങൾക്കും രൂപംകൊടുക്കാൻ കഴിയണം. വനിതാ തൊഴിൽ സംരംഭങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ വിധത്തിൽ പരിശീലനങ്ങളും തുടർപരിശീലനങ്ങളും (നൈപുണ്യ പരിശീലനം) നൽകണം. പ്രവർത്തനം നിന്നുപോയിട്ടുള്ള യൂണിറ്റുകളുടെ പുനരുജ്ജീവനം, സ്ത്രീകളുടെ സുരക്ഷയ്ക്കാവശ്യമായ സംവിധാനങ്ങൾ, സൗകര്യങ്ങൾ, തൊഴിലിടങ്ങളിലെ പരിപൂർണ്ണ സംരക്ഷണം, ഫാമിലി കൗൺസലിങ്ങ്, കുടുംബ ബഡ്ജറ്റ് നഗരസഭയിലെ മുഴുവൻ വീടുകളിലും യാഥാർത്ഥ്യമാക്കൽ, നിയമപരിരക്ഷ, എന്നിവ ഫലപ്രദമായി നടപ്പാക്കുകയാണ് ലക്ഷ്യം.

## 14–ാം പഞ്ചവത്സര പദ്ധതി ലക്ഷ്യങ്ങൾ

1. എല്ലാ തൊഴിൽമേഖലയിലും സ്ത്രീ പുരുഷ തുല്യത കൈവരിക്കൽ.
2. കാർഷിക-മൃഗസംരക്ഷണ-വസ്ത്രനിർമ്മാണ യൂണിറ്റുകളുടെ വ്യാപനം.
3. വിവിധ മേഖലകളിലെ യൂണിറ്റുകളുടെ ക്ലസ്റ്റർ രൂപീകരണം.
4. മാർക്കറ്റിങ്ങ് ശക്തിപ്പെടുത്തൽ.
5. നഗരസഭയിലെ പകുതി വാർഡുകളിലെങ്കിലും കുടുംബ ബഡ്ജറ്റ് യാഥാർത്ഥ്യമാക്കൽ.
6. പൊതു ഇടങ്ങൾ സ്ത്രീ സൗഹൃദമാക്കൽ.
7. സ്ത്രീകൾക്കുള്ള അധിക പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
8. രാത്രികാലങ്ങളിലെ പ്രത്യേക സുരക്ഷാസംവിധാനം.
9. വിദ്യാലയങ്ങളിലെ സൗകര്യങ്ങളും സംവിധാനങ്ങളും (ഗേൾസ് ഫ്രന്റ്‌ലി)
10. വാർഡ്തല-മുനിസിപ്പൽതല ജാഗ്രതാസമിതി രൂപീകരണവും പ്രവർത്തനവും.

## പ്രോജക്റ്റ് ആശയങ്ങൾ

മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങളുടെയും, സമീപനങ്ങളുടെയും പ്രായോഗികത കണ്ടുകൊണ്ട് താഴെപറയുന്ന പ്രോജക്റ്റ് ആശയങ്ങൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു.

1. നഗരസഭയിൽ സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾക്കുള്ള സംവിധാനങ്ങൾ കൂടുതലായി ഏർപ്പെടുത്തൽ.
2. വിശ്രമമുറികൾ, രാത്രികാല അഭയകേന്ദ്രം–ഷീ സ്റ്റേ സംവിധാനം മെച്ചപ്പെടുത്തൽ
3. ജൈവകൃഷി പരിശീലനം.
4. പുരയിടകൃഷി, മട്ടുപ്പാവു കൃഷി, സംഘകൃഷി വ്യാപനം.
5. ജീവനം പദ്ധതി ഫലപ്രദമാക്കുന്നതിലുള്ള ക്യാമ്പയിനുകൾ, പ്രവർത്തനങ്ങൾ.

6. വനിതാ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സഹായം.
7. വനിതാ സൂപ്പർമാർക്കറ്റ്.
8. കുടുംബശ്രീ ത്രിതല സംവിധാനം ശക്തിപ്പെടുത്തൽ.
9. സി.ഡി.എസ് വ്യവസായ പരിശീലനകേന്ദ്രം പ്രവർത്തനക്ഷമമാക്കൽ.
10. ഫാമിലി കൗൺസലിങ്ങ് സംവിധാനം, പെൺകുട്ടികൾക്കുള്ള കൗൺസലിങ്ങ്.
11. പൊതു ഇടങ്ങളെ സ്ത്രീ സൗഹൃദമാക്കുന്നതിനും സ്ത്രീ ശാക്തീകരണത്തിനും ബോധവൽക്കരണ-പ്രചരണ പ്രവർത്തനങ്ങൾ.
12. ഭരണനിർവ്വഹണത്തിൽ പങ്കാളികളായ ജനപ്രതിനിധികളുടെ കാര്യശേഷി വർദ്ധിപ്പിക്കൽ.
13. സ്വയം രക്ഷാ പരിശീലനം.
14. ലഹരി-മയക്കുമരുന്ന് വിരുദ്ധ ക്യാമ്പയിൻ.
15. പെൺകുട്ടികൾക്ക് നീന്തൽ പരിശീലനം.
16. വാർഡടിസ്ഥാനത്തിൽ കുടുംബ സദസ്സുകൾ.

# 8 – പട്ടികജാതി വികസനം



സംസ്ഥാനജനസംഖ്യയിൽ 9.1 ശതമാനം വരുന്ന വിഭാഗമാണ് പട്ടികജാതി വിഭാഗം. നഗരസഭ യിൽ ഇത് 10.98 ശതമാനമാണ്. ജില്ലയിലെ മറ്റു നഗരസഭക ളെക്കാൾ ഉയർന്ന ശതമാനമാ ണിത്. 5279 പേർ. ഇതിൽ 2595 പേർ പുരുഷന്മാരും 2684 പേർ സ്ത്രീകളുമാണ്. സ്ത്രീപുരുഷ അനുപാതം 1.03.1 ഇതും ജില്ലയിലെയും സംസ്ഥാനത്തെ യും അനുപാത ത്തിന്റെ മുകളി ലാണ്.

നഗരസഭ യിൽ അംഗീകൃത കോളനികൾ 38 എണ്ണമാണ്. 10ൽ താഴെ വീടുകളുള്ള അംഗീകാരം ലഭിക്കാത്ത കോളനികൾ 20ലേറെയുണ്ട്. കോളനികളും സങ്കേതങ്ങളുമായി കുടുംബങ്ങളിലെ 330 പേർ ഉള്ളപ്പോൾ ഒറ്റപ്പെട്ട വീടുകളിലായി 395 കുടുംബങ്ങളും അതിൽ 1977 പേരും ഉണ്ട്. മുൻകാലങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കോളനികളിൽ നിന്നും ഒറ്റപ്പെട്ട വീടുകളഇലേക്ക് മാറിക്കൊണ്ടിരിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നുവെന്നു കാണാം. സ്ഥലപരിമിതി, കുറഞ്ഞ സൗകര്യങ്ങൾ എന്നിവ മൂലം ഒറ്റപ്പെട്ട വീടുകളിലേക്ക് മാറുന്നവർ പൊതുവെ സാമ്പത്തിക ഭദ്രത മെല്ലെ മെല്ലെ നേടുന്നവരാണ്. ഉപകുടുംബങ്ങളിൽ 293 പേർ സങ്കേതങ്ങളിലും 89 പേർ ഒറ്റപ്പെട്ടും കഴിയുന്നവരാണ്.

## പട്ടികജാതി വിഭാഗം ജാതിയടിസ്ഥാനത്തിൽ

| നമ്പർ | ഉപവിഭാഗം | കുടുംബങ്ങൾ | അംഗങ്ങൾ | ശതമാനം |
|---|---|---|---|---|
| 1 | ചെറുമ | 799 | 4195 | 77 |
| 2 | പാണൻ | 43 | 202 | 3.5 |
| 3 | പെരുമണ്ണാൻ | 133 | 699 | 12.0 |
| 4 | പറയ | 14 | 85 | 1.3 |
| 5 | ചക്ലിയ | 69 | 342 | 6.1 |
| | | ആകെ 1058 | 5493 | 100 |

## ജനസംഖ്യസംഘടന

| വയസ്സ് | 5 വയസ്സിനു താഴെ | 6-14 | 15-21 | 22-29 | 30-34 | 15-59 | 60നു മേൽ | ആകെ |
|---|---|---|---|---|---|---|---|---|
| ജനസംഖ്യ | 402 | 860 | 1052 | 1052 | 1401 | 976 | 396 | 5493 |

കുട്ടികൾ 24%വും യുവാക്കൾ 51%വും മധ്യവയസ്കർ 17%വും വയോജനങ്ങൾ 8%വും ആണ്. ജനസംഖ്യയിൽ യുവാക്കളുടെ ശതമാനം 51 എന്നത് മെച്ചപ്പെട്ട സൂചകമാണ്. വയോജനങ്ങളുടെ 8% എന്നത് സംസ്ഥാനശരാശരിയെക്കാൾ പിന്നിലാണ്.

## ജീവിതാവസ്ഥ

### എ) അടിസ്ഥാനസൗകര്യങ്ങൾ

സങ്കേതകങ്ങളിലും ഒറ്റപ്പെട്ട വീടുകളിലുമായി 382 കുടുംബങ്ങൾ ഭൂരഹിതരാണ്. 426 കുടുംബങ്ങൾ ഭവനരഹിതരുമാണ്. അതായത് 15.3% കുടുംബങ്ങൾ ഭൂരഹിത-ഭവനരഹിതരാണെന്നർത്ഥം. മുന്നോക്ക ജനവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് ഇരട്ടിയിലധികമാണ്. ഇതിനുകാരണം 1051 കുടുംബങ്ങൾക്ക് ആകെയുള്ള 9223 സെന്റ് ഭൂമി കണക്കാക്കുമ്പോൾ ഒരു കുടുംബത്തിന് ശരാശരി 8.77 സെന്റ് വ്യക്തിക്ക് 1.74 സെന്റും മാത്രമെ ഉള്ളു എന്നതുകൊണ്ടാണ്. പട്ടികജാതി വിഭാഗത്തിന്റെ മാത്രമായി 30 പണി പൂർത്തിയാകാത്ത വീടുകളുണ്ട്. ഉപയോഗ യോഗ്യമല്ലാത്ത കക്കൂസുകളുള്ള വീടുകൾ 28 ആണ്. വീടുകളുടെ ഘടനപരിശോധിക്കുമ്പോൾ ഒറ്റമുറികളുള്ള വീടുകളാണ് ബഹുഭൂരിഭാഗവും. രണ്ടിൽകൂടുതൽ മുറികളുള്ള വീടുകൾ 30ൽ താഴെ മാത്രമാണ്. വീടിന്റെ തരം, വലുപ്പം, കക്കൂസ്, വൈദ്യുതീകരണം, പാചകവാതകം എന്നിവ പരിശോധിക്കുമ്പോൾ

നഗരസഭയിലെ ദളിത് വിഭാഗത്തിന്റെ ജീവിതാവസ്ഥ പൊതുവിഭാഗങ്ങളിൽ നിന്ന് എത്രയോ താഴെയാണെന്നു കാണാൻ കഴിഴും. ഈ കുടുംബങ്ങളിലെ സൗകര്യങ്ങൾ വളരെ അപര്യാപ്തവും അനാരോഗ്യപരവുമാണ്. പൊതുവിഭാഗങ്ങളിലെ വീടുകളുടെ ശരാശരി വലുപ്പം 40 ച.മീറ്ററന് മുകളിലാണ്. എന്നാൽ ദളിത് വിഭാഗത്തിന്റേത് 20.ച.മീറ്ററിൽ താഴെയാണ്. 1051 കുടുംബങ്ങളിൽ സമ്പൂർണ്ണ ജലസുരക്ഷത അവകാശപ്പെടാവുന്നത് 20ൽ താഴെ കുടുംബങ്ങൾക്കുമാത്രമാണ്. 6 മാസത്തോളം ജലക്ഷാമം നേരിടുന്നവരാണ് ഏതാണ്ട് മുഴുവൻ കുടുംബങ്ങളും. പൊതുസൗകര്യങ്ങളെയാണ് ഭൂരിഭാഗം കുടുംബങ്ങളും ആശ്രയിക്കുന്നത്. സങ്കേതങ്ങളിലും ഒറ്റപ്പെട്ട വീടുകളുമായി ആകെ 7 എണ്ണം ഇനിയും വൈദ്യുതീകരിക്കാനുള്ളതായി കാണുന്നു.

**ബി) വിദ്യാഭ്യാസം**

മേൽ സൂചിപ്പിച്ച 5279 പേരിൽ 1600 പേരാണ് നിരക്ഷരരായിട്ടുള്ളത്. ഇതിൽ 60നുമേൽ പ്രായമുള്ളവർ 103 പേരും 45നും 59നും ഇടയിൽ പ്രായമുള്ളവർ 57 പേരുമാണ്. 45 വയസുവരെയുള്ളവരിൽ നിരക്ഷരരായി ആരും തന്നെയില്ല. ബിരുദ്ധവും അതിനുമേൽ വിദ്യാഭ്യാസമുള്ള ദളിത് വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി വരുന്നുണ്ട്. വിദ്യാഭ്യാസം ഉപേക്ഷിച്ചവരിൽ 34 പേർ ഹൈസ്കൂൾ വിദ്യാഭ്യാസവും 26 പേർ പ്ലസ്ടു വിദ്യാഭ്യാസവും ബിരുദ്ധവും പൂർത്തിയാകാത്ത 9 പേരും ഉൾപ്പെടെ 69 പേരാണുള്ളത്.

**സി) തൊഴിൽ**

5279 പേരിൽ 2718 പേർ തൊഴിൽ രഹിതരായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിൽ നിരക്ഷരരായ 160 പേരും ഉൾപ്പെടും. സെക്കന്ററി വിദ്യാഭ്യാസമുള്ള 1879 പേർ, എസ്.എസ്.എൽ.സി പാസ്സായ 282 പേർ, പ്ലസ്ടു വിദ്യാഭ്യാസമുള്ള 203 പേർ, ബിരുദുള്ള 86 പേർ, പ്രൊഫഷണൽ വിദ്യാഭ്യാസമുള്ള 16 പേർ, ഡിപ്ലോമക്കാരായ 9 പേർ എന്നിവരുൾപ്പെടെയാണ് 2718 പേർ. ഇവരിൽ ഗണ്യമായ ഒരു ഭാഗം ഭാഗിക ജോലിയുള്ളവരാണെങ്കിലും മാന്യമായ വേതനം ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. തൊഴിലിൽ കർഷകതൊഴിലാളികൾ തന്നെയാണ് പ്രധാനവിഭാഗം. കാർഷികമേഖലയിൽ നിന്നും അടുത്തക്കാലത്തായി ഇതരമേഖലകളിലേക്കുള്ള മാറ്റം വർദ്ധിച്ചു വരുകയാണ്.

# നിലവിലുള്ള കോളനി സങ്കേതങ്ങളും അടിസ്ഥാനവിവരങ്ങളും

| ക്രമ നമ്പർ | കോളനിയുടെ പേര് | കോളനിയുടെ വിവരങ്ങൾ |
|---|---|---|
| 1 | പൊട്ടേങ്ങൽ വാർഡ് 1 | ആകെ എസ്.സി വീട് - 25 മെച്ചപ്പെട്ട റോഡ് കുടിവെള്ളം ഉണ്ട്. കോളനി വൈദ്യുതീ കരിച്ച താണ്. മെച്ചപ്പെട്ട വീടുകൾ - വാട്ടർ ടാങ്ക്, സംരക്ഷണഭിത്തി വേണം |
| 2 | വാഴയിൽ വാർഡ് 2 | ആകെ എസ്.സി വീട് - 10 മെച്ചപ്പെട്ട റോഡ് മെച്ചപ്പെട്ട വീട് കുടിവെള്ളമുണ്ട് കോളനി വൈദ്യുതീകരിച്ചതാണ്. സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്, സംരക്ഷണഭിത്തി നിർമ്മിക്കേണ്ടതാണ്. |
| 3 | ചേരൂർ വാർഡ് 1 | ആകെ എസ്.സി വീട് - 7 വാട്ടർകണക്ഷൻ ഉണ്ട്. കോളനി വൈദ്യുതീകരിച്ചതാണ്. റോഡ് ഉണ്ട്, സ്ട്രീറ്റ് ലൈറ്റും, സംരക്ഷണഭിത്തി യും വേണം |
| 4 | വാർഡ് 2 താമരത്ത് - 1 | ആകെ എസ്.സി വീട് - 19 കുഴൽ കിണർ ഉണ്ട് വെള്ളം ആവശ്യത്തിനു ലഭിക്കുന്നില്ല കോളനി വൈദ്യുതീകരിച്ചതാണ്. മോശപ്പെട്ട വീടുകൾ ഉണ്ട്. കുടിവെള്ളപദ്ധതി വേണം, റോഡ് റീടാർ ചെയ്യണം, സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്., നിലവാരം മോശമായ കോളനിയാകയാൽ സമഗ്ര വികസനം ആവശ്യമാണ്. |
| 5 | താമരത്ത് - 2 വാർഡ് 2 | ആകെ എസ്.സി വീട് - 10 കുഴൽകിണർ ഉണ്ട് വെള്ളം ആവശ്യത്തിന് ലഭിക്കുന്നില്ല. കോളനി വൈദ്യുതീകരിച്ചതാണ്. റോഡ് റീടാർ ചെയ്യണം. മോശപ്പെട്ട വീടുകളാണ്, കുടിവെള്ള പദ്ധതി വേണം |
| 6 | പറയര് കുന്ന് വാർഡ് - 2 | ആകെ എസ്.സി വീട് - 7 കുടിവെള്ളം ഉണ്ട്, ചില വീടുകളിൽ വാട്ടർ അതോറിറ്റി കണക്ഷൻ വേണം മെച്ചപ്പെട്ട വീട്, റോഡ് റീടാർ ചെയ്യണം, സ്ട്രീറ്റ് ലൈറ്റും സംരക്ഷണ ഭിത്തിയും വേണം. |
| 7 | മേലേതിൽ വാർഡ് - 3 | ആകെ വീട് - 5 കുടിവെള്ളം ഉണ്ട് (വാട്ടർ അതോറിറ്റി) മെച്ചപ്പെട്ട വീട് - വീട്റിപ്പയർ വേണം കോളനി വൈദ്യുതികരിച്ചതാണ്. റോഡ് ഉണ്ട്. |
| 8 | കാരയിൽ വാർഡ് - 6 | ആകെ വീട് - 28 മോശപ്പെട്ട വീടുകൾ - പുതിയവ നൽകണം, കുഴൽകിണർ ഉണ്ട് എന്നാൽ ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല, റോഡ് ഉണ്ട്, റീടാർ ചെയ്യണം കോളനി വൈദ്യുതീകരിച്ചതാണ് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ഉണ്ട്. |
| 9 | കാരയിൽ (2) വാർഡ് 9 | ആകെ വീട് - 10 മെച്ചപ്പെട്ട വീടുകൾ - എന്നാൽ ചില വീടുകൾ വാസയോഗ്യമല്ല. കുഴൽകിണർ ഉണ്ട്. കുടിവെള്ള പദ്ധതി വേണം. വശ്യത്തിനു വെള്ളം ലഭിക്കുന്നില്ല റോഡ് ഉണ്ട്. |
| 10 | കാരയിൽ ഐസ് പ്ലാന്റ് വാർഡ് - 6 | ആകെ വീട് - 8 വാട്ടർ അതോറിറ്റി ഉണ്ട്. 2 വീട്ടിൽ വാട്ടർ കണക്ഷൻ ഉണ്ട്. റോഡ് റീടാർ ചെയ്യണം, വീടുകളുടെ അവസ്ഥ മോശമാണ്. |
| 11 | ആഭരണക്കല്ല് വാർഡ് - 6 | ആകെ വീടുകൾ - 17 മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി വേണ്ടവിധം വെള്ളം ലഭിക്കുന്നില്ല വീടുകൾ വൈദ്യുതീകരിച്ചതാണ്. സംരക്ഷണഭിത്തി ആവശ്യമാണ്. സമഗ്ര വികസനം വേണ്ട കോളനിയാണ്. |
| 12 | ചെമ്പൻകുന്ന് വാർഡ് - 6 | ആകെ വീടുകൾ - 6 മെച്ചപ്പെട്ട വീടുകൾ വാട്ടർ അതോറിറ്റി വെള്ളം ഉണ്ട്. വീടുകൾ വൈദ്യുതീകരിച്ചതാണ്. റോഡ് റീടാർ ചെയ്യണം, സംരക്ഷണ ഭിത്തി വേണം. |
| 13 | വെള്ളിയം കുന്ന് വാർഡ് - 8 | ആകെ വീടുകൾ - 10 കുടിവെള്ളം ഉണ്ട്. മെച്ചപ്പെട്ട വീടുകൾ - റിപ്പയർ വേണം കോളനി വൈദ്യുതീകരിച്ചതാണ്. റോഡുണ്ട്. കോളനിക്കുള്ളിൽ ഫുഡ്പാത്ത് , കോൺക്രീറ്റ് ചെയ്യണം, സ്ട്രീറ്റ് ലൈറ്റ് വേണം |

| ക്രമ നമ്പർ | കോളനിയുടെ പേര് | കോളനിയുടെ വിവരങ്ങൾ |
|---|---|---|
| 14 | ഇടുവമ്മൽ<br>വാർഡ്- 8 | ആകെ വീടുകൾ- 25<br>കുടിവെള്ളം മുനിസിപ്പാലിറ്റി പദ്ധതി പ്രകാരം-വെള്ളം കുറവാണ്<br>മെച്ചപ്പെട്ട റോഡ്-വാടുകൾ പലതും വാസയോഗ്യമല്ല,<br>കോളനി വൈദ്യുതീകരിച്ചതാണ്.<br>സംരക്ഷണഭിത്തി വേണം |
| 15 | കുന്നത്ത്<br>വാർഡ് 7 | ആകെ വീടുകൾ- 10<br>വാട്ടർ അതോറിറ്റി വെള്ളം 2 വീട്ടിൽ മാത്രം കണക്ഷൻ<br>കോളനി വൈദ്യുതീകരിച്ചത്<br>റോഡുണ്ട്. |
| 16 | കക്കൂത്ത്<br>ലക്ഷംവീട്<br>വാർഡ്- 8 | ആകെ വീടുകൾ- 7<br>വാട്ടർ അതോറിറ്റി വെള്ളം<br>റോഡുണ്ട്.<br>വീടുകൾ വൈദ്യുതീകരിച്ചതാണ്. |
| 17 | മംഗലത്ത്<br>കോളനി<br>വാർഡ്- 2 | ആകെ വീട്- 7<br>പൊതുടാപ്പ് ഉണ്ട്. വീടുകളിൽ കണക്ഷൻ ഇല്ല.<br>കോളനി വൈദ്യുതീകരിച്ചതാണ്.<br>റോഡുണ്ട്.<br>വീടുകളിൽ പൈപ്പ് കണക്ഷൻ ഉണ്ട്. |
| 18 | പെരുംമ്പുള്ളി<br>വാർഡ്- 9 | ആകെ വീടുകൾ-6<br>വീടുകൾ വൈദ്യുതീകരിച്ചതാണ്.<br>പൈപ്പ് ലൈൻ ഉണ്ട്-വേണ്ടത്ര വെള്ളമില്ല.<br>2 വീട്ടിൽ കണക്ഷൻ ഉണ്ട്.<br>റോഡുണ്ട്. സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ് |
| 19 | പഞ്ചമ (കണ ക്കൻഞ്ചേരി)<br>വാർഡ്- 11 | ആകെ വീടുകൾ- 48<br>മെച്ചപ്പെട്ട റോഡുകൾ<br>മോശമായ വീടുകൾ റിപ്പയർ ചെയ്യുക<br>കോളനി വൈദ്യുതീകരിച്ചത്<br>കുടിവെള്ളം-മുനിസിപ്പാലിറ്റി പദ്ധതിപ്രകാരം എല്ലാ വീടുകളിലും വാട്ടർ കണക്ഷൻ ഉണ്ട്, കുടിവെള്ള പദ്ധതി വ്യാപിപ്പിക്കുക,<br>ഡ്രൈനേജ് സംവിധാനം ആവശ്യമാണ് |

| ക്രമ നമ്പർ | കോളനിയുടെ പേര് | കോളനിയുടെ വിവരങ്ങൾ |
|---|---|---|
| 20 | കേരനാംതൊടി<br>വാർഡ്-12 | ആകെ വീടുകൾ- 7<br>റോഡ് ഗതാഗതയോഗ്യമാക്കും.<br>2 വീടുകളിൽ മുനിസിപ്പാലിറ്റി കുടി വെള്ള പദ്ധതി പ്രകാരം വാട്ടർ ടാങ്ക് നിർമ്മിച്ചിട്ടുണ്ട്.<br>കോളനി വൈദ്യുതീകരിച്ചതാണ്<br>കുടിവെള്ള പദ്ധതി നടപ്പാക്കണം.<br>സ്ട്രീറ്റ് ലൈറ്റ് |
| 21 | വെട്ടിക്കുന്ന്<br>വാർഡ്-16 | ആകെ വീടുകൾ- 15<br>കുടിവെള്ളം ഉണ്ട്.<br>മോശപ്പെട്ട വീടുകൾ റിപ്പയർ ചെയ്യുക സംരക്ഷണ ഭിത്തി ആവശ്യമുണ്ട് കോളനി വൈദ്യുതീകരിച്ചത് റോഡ് ഉണ്ട് |
| 22 | ഒലിങ്കര/<br>വില്ലേ ജ്<br>കോളനി<br>വാർഡ്-16 | വീടുകൾ- 13<br>മോശപ്പെട്ട റോഡ്<br>സ്ട്രീറ്റ് ലൈറ്റ്<br>വാട്ടർ അതോറിറ്റി കണക്ഷൻ ഉണ്ട്. |
| 23 | വള്ളുവനാട്<br>വാർഡ്-16 | വീടുകൾ -11<br>മോശപ്പെട്ട വീടുകൾ<br>റോഡുണ്ട്<br>സംരക്ഷണഭിത്തി ആവശ്യമുണ്ട്<br>പൊതു പൈപ്പ് ഉണ്ട്. സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്. |
| 24 | സഹകരണ<br>സ്കൂൾ<br>(കോളനി)<br>വാർഡ് 16 | ആകെ വീടുകൾ -14<br>മെച്ചപ്പെട്ട റോഡുകൾ റിപ്പയർ ചെയ്യുക<br>മോശപ്പെട്ട വീടുകൾ 3<br>വാട്ടർ അതോറിറ്റി വെള്ളം ഇല്ല.<br>കുടിവെള്ളം ഇല്ല, ലഭ്യതകുറവ്<br>കോളനി വൈദ്യുതീകരിച്ചത്.<br>കുടിവെള്ള പദ്ധതി നടപ്പിലാക്കണം,<br>സ്ട്രീറ്റ് |
| 25 | കയറ്റുപ്പറമ്പ്<br>വാർഡ് 17 | ആകെ വീടുകൾ 7<br>റോഡ് ഉണ്ട്.<br>മോശപ്പെട്ട വീടുകൾ റിപ്പയർ ചെയ്യണം.<br>വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതി ഉണ്ട് കുടിവെള്ള പദ്ധതി നടപ്പിലാക്കണം.<br>കോളനി വൈദ്യുതീകരിച്ചത്. |

| ക്രമ നമ്പർ | കോളനിയുടെ പേര് | കോളനിയുടെ വിവരങ്ങൾ |
|---|---|---|
| 26 | കുന്നുംപുറം വാർഡ് - 17 | ആകെ വീടുകൾ 6 മോശപ്പെട്ട വീടുകൾ റിപ്പയർ ചെയ്യണം. കുടിവെള്ളം പദ്ധതി ആവശ്യമുണ്ട്. ഡ്രൈനേജ് സംവിധാനം ആവശ്യമാണ്, റോഡുകൾ റീടാർ ചെയ്യണം, സ്ട്രീറ്റ് ലൈറ്റ് |
| 27 | ഉണ്ണത്ത് വാർഡ് 17 | ആകെ വീടുകൾ 6 കുടിവെള്ളം, പദ്ധതി മെച്ചപ്പെടുത്തണം. മെച്ചപ്പെട്ട വീടുകൾ റോഡ് റീടാറിംഗ്, സ്ട്രീറ്റ് ലൈറ്റ് |
| 28 | കൊല്ലരുതൊടി വാർഡ് 17 | ആകെ വീടുകൾ 12 മോശപ്പെട്ട വീടുകൾ റിപ്പയർ ചെയ്യണം. ഡ്രൈനേജ്, സംരക്ഷണഭിത്തി ബാക്കി പൂർത്തിയാക്കണം, കുടിവെള്ള പദ്ധതി വ്യാപിപ്പിക്കണം. |
| 29 | കോലോതൊടി (മണ്ണങ്കഴായ) വാർഡ് 17 | ആകെ വീടുകൾ 18 മോശമായ വീടുകൾ റിപ്പയർ ചെയ്യണം. കുടിവെള്ളത്തിന് ക്ഷേമം നേരിടുന്നു, റോഡ് സൗകര്യം മെച്ചപ്പെടുത്തൽ. |
| 30 | മേലേപ്പറമ്പ് (എരവിമംഗലം പടിഞ്ഞാറേക്കര) വാർഡ് - 20 | ആകെ വീടുകൾ - 8 മോശപ്പെട്ട വീടുകൾ ക്ഷാമം നേരിടുന്നു. കുടിവെള്ളത്തിന് ക്ഷാമം നേരിടുന്നു. സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്. |
| 31 | മുത്തനാപ്പറമ്പ് വാർഡ് 20 | ആകെ വീടുകൾ - 12 2 വീടുകൾ മോശം ഡ്രൈനേജ് ആവശ്യമുണ്ട് കുടിവെള്ളം ആവശ്യമുണ്ട് സംരക്ഷണ ഭിത്തി ആവശ്യം കോളനി വൈദ്യുതീകരിച്ചതാണ്. |

| ക്രമ നമ്പർ | കോളനിയുടെ പേര് | കോളനിയുടെ വിവരങ്ങൾ |
|---|---|---|
| 32 | മൊട്ടക്കുന്ന് വാർഡ് 20 | ആകെ വീടുകൾ 7, മോശപ്പെട്ട വീടുകൾ, കുടിവെള്ളം ആവശ്യമുണ്ട്, റോഡ് ആവശ്യമാണ്. സ്ട്രീറ്റ് ലൈറ്റ് |
| 33 | സി.പി കോളനി വാർഡ് 20 | ആകെ വീട് 12, മോശപ്പെട്ട വീടുകൾ, റിപ്പയർ ചെയ്യണം റോഡുകൾ റീടാർ ചെയ്യൽ കുടിവെള്ള ക്ഷാമം നേരിടുന്നു, സ്ട്രീറ്റ് ലൈറ്റ് |
| 34 | കോഴിക്കരകുന്ന് വാർഡ് 21 | ആകെ വീട് - 10, മെച്ചപ്പെട്ട വീടുകൾ, മെച്ചപ്പെട്ട കോളനി, കുടിവെള്ള പദ്ധതി ആവശ്യമാണ്. |
| 35 | പടിക്കൽപുരക്കൽ വാർഡ് - 21 | ആകെ വീടുകൾ - 18, റോഡുകൾ മെച്ചപ്പെടുത്തൽ വൈദ്യുതീകരിച്ച കോളനി, കുടിവെള്ളം ഉണ്ട്, 2 വീടിന് വെള്ളം ലഭ്യത കുറവ്. |
| 36 | റയിൽവേകര വാർഡ് - 22 | ആകെ വീട് - 11, വൈദ്യുതീകരിച്ചത്, മോശപ്പെട്ട വീട് - 2, മോശപ്പെട്ട വീടുകൾ റിപ്പയർ ചെയ്യണം, റോഡുകൾ റീടാർ ചെയ്യണം, കുടിവെള്ള ക്ഷാമം നേരിടുന്നു, ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തണം. സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്. |
| 37 | ആശാരിക്കര വാർഡ് - 25 | ആകെ വീടുകൾ - 21, റോഡ് ഉണ്ട്, വൈദ്യുതീകരിച്ചത്, കുടിവെള്ളം ക്ഷാമം നേരിടുന്നു. മോശപ്പെട്ട വീടുകൾ |
| 38 | ചോലോംകുന്ന് വാർഡ് 25 | ആകെ വീട് - 8, റോഡ് ഉണ്ട്, മോശപ്പെട്ട വീടുകൾ, കുടിവെള്ളം ആവശ്യമാണ്, ഡ്രൈനേജ് ആവശ്യമുണ്ട്. |

| ക്രമ നമ്പർ | കോളനിയുടെ പേര് | കോളനിയുടെ വിവരങ്ങൾ |
|---|---|---|
| 39 | കൊളക്കട വാർഡ് 26 | ആകെ വീടുകൾ 16, മോശപ്പെട്ട വീടുകൾ റിപ്പയർ ചെയ്യൽ, റോഡ് റീടാർ ചെയ്യൽ, ഡ്രൈനേജ് സംരക്ഷണഭിത്തി എന്നിവ നിർമ്മിക്കണം. കുടിവെള്ള വാട്ടർടാങ്ക് മാറ്റി സ്ഥാപിക്കണം. |
| 40 | തേക്കിൻകോട്/ കാളകുളം വാർഡ് 29 | ആകെ വീടുകൾ - 20, എല്ലാ വീടുകളിലും വാട്ടർ കണക്ഷൻ ഉണ്ട്, പൊതുകിണർ ഉണ്ട്, വൈദ്യുതീകരിച്ച കോളനി, കുടിവെള്ള പദ്ധതി ആവശ്യമാണ്. |
| 41 | ലക്ഷംവീട് കോളനി വാർഡ് 29 | ആകെ വീടുകൾ 9, കണക്ഷൻ എല്ലാ വീടുകളിലും ഉണ്ട്, പൊതുകിണർ, വീടുകൾ റിപ്പയർ ചെയ്യുക, സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്. |
| 42 | കാവുങ്ങപ്പറമ്പ് വാർഡ് 30 | ആകെ വീട് 11, റോഡ് മെച്ചപ്പെട്ടത്, വൈദ്യുതീകരിച്ച കോളനി, വീടുകൾ റിപ്പയർ ചെയ്യണം. കുടിവെള്ളം ഉണ്ട്, സംരക്ഷണഭിത്തി നിർമ്മാണം, സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്. |
| 43 | പള്ളാൽത്തൊടി വാർഡ് 18 | ആകെ വീട് 7, റോഡ് ഉണ്ട്, കോളനി വൈദ്യുതീകരിച്ചതാണ്, വാട്ടർ അതോറിറ്റി കണക്ഷൻ |
| 44 | കടമ്പോട്ടിൽ വാർഡ് 34 | ആകെ വീടുകൾ 6, റോഡുണ്ട്, വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ, കോളനി വൈദ്യുതീകരിച്ചതാണ്, മോശപ്പെട്ട വീടാണ്. റിപ്പയർ ചെയ്യണം, കുടിവെള്ള ക്ഷാമം പരിഹരിക്കണം. |
| 45 | വായുള്ളി വാർഡ് 34 | ആകെ വീടുകൾ - 10, റോഡ് ഉണ്ട്, കോളനി വൈദ്യുതീകരിച്ചതാണ്, കുടിവെള്ള ക്ഷാമം നേരിടുന്നു. സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്, കുടിവെള്ള പദ്ധതി നടപ്പിലാക്കണം. |

| ക്രമ നമ്പർ | കോളനിയുടെ പേര് | കോളനിയുടെ വിവരങ്ങൾ |
|---|---|---|
| 46 | കിഴങ്ങതോൾ വാർഡ് 18 | ആകെ വീടുകൾ - 6, റോഡ് മെച്ചപ്പെട്ടതാണ് വീടുകൾ വൈദ്യുതീകരിച്ചത്, കുടിവെള്ള ക്ഷാമം നേരിടുന്നു. |
| 47 | പെലക്കാട് വാർഡ് 27 | ആകെ വീടുകൾ - 6, റോഡ് ഉണ്ട്, കുടിവെള്ളം വാട്ടർ കണക്ഷൻ വീടുകളിൽ, കോളനി വൈദ്യുതീകരിച്ചതാണ്. സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്. |
| 48 | ചെറുകുന്നത്ത് വാർഡ് 32 | ആകെ വീടുകൾ - 14, റോഡ് ഉണ്ട്, കോളനി വൈദ്യുതീകരിച്ചതാണ്, സംരക്ഷണഭിത്തി ആവശ്യമാണ്. കുടിവെള്ളപദ്ധതി ആവശ്യമാണ്. |
| 49 | കേലകുന്ന് വാർഡ് 13 | ആകെ വീട് - 10, മുനിസിപ്പാലിറ്റി കുടിവെള്ളം ഉണ്ട്, നവീകരണ പ്രവർത്തി ആവശ്യമാണ്. സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്. |
| 50 | പാറക്കോട് വാർഡ് - 13 (ചെറുകുന്നത്ത് മനപ്പടി) | ആകെ വീടുകൾ 7, റോഡ് ഉണ്ട്, കോളനി വൈദ്യുതീകരിച്ചത്, കിണറുണ്ട്, ലൈൻ പൈപ്പ് ആവശ്യമാണ്, കുടിവെള്ള പദ്ധതി ആവശ്യമാണ്. |
| 51 | വേലൻമാരുതൊടി വാർഡ് 6 | ആകെ വീടുകൾ - 5, കോളനി വൈദ്യുതീകരിച്ചത്, പൈപ്പ് ലൈൻ ഉണ്ട്, റോഡിന് റീ ടാറിങ്ങ് ആവശ്യമാണ്. സ്ട്രീറ്റ് ലൈറ്റ് ആവശ്യമാണ്. |
| 52 | കളത്തിൽത്തൊടി കോളനി | റോഡ് സൗകര്യം മെച്ചപ്പെട്ടതാണ്, കുടിവെള്ളക്ഷാമം നേരിടുന്നതിനാൽ കുടിവെള്ള പദ്ധതി ആവശ്യമാണ്, വാസയോഗ്യമല്ലാത്ത വീടുകൾക്ക് റിപ്പയർ ആവശ്യമാണ്. |

# പ്രധാനആവശ്യങ്ങൾ

| ക്രമ നമ്പർ | കോളനി | വാർഡ് | റോഡ് | കുടി വെള്ളം | പൈപ്പ് ലൈൻ | സംരക്ഷണ സമിതി | ഡ്രൈനേജ് |
|---|---|---|---|---|---|---|---|
| 1 | ഉണ്ണത്ത് | 17 | ✓ | | | | |
| 2 | വെളിയംകുന്ന് | 8 | ✓ | | | | |
| 3 | മുത്തനാപറമ്പ് | 20 | ✓ | | | ✓ | ✓ |
| 4 | വേലമ്മാർപടി | 6 | ✓ | | | | |
| 5 | കാരയിൽ | 9 | ✓ | ✓ | ✓ | | |
| 6 | കൊളക്കട | 26 | ✓ | ✓ | | ✓ | ✓ |
| 7 | കണക്കഞ്ചേരി | 13 | ✓ | ✓ | | ✓ | ✓ |
| 8 | താമരത്ത് | 2 | | ✓ | | | |
| 9 | ആതിരകല്ല് | 6 | | ✓ | | ✓ | |
| 10 | കുന്നുംപുറം | 17 | | ✓ | | | |
| 11 | സി.പി.കോളനി | 20 | | ✓ | | | |
| 12 | വായുള്ളി | 34 | | ✓ | | | |
| 13 | മൊട്ടക്കുന്ന് | 20 | | ✓ | | | |
| 14 | മംഗലത്ത് | 2 | | ✓ | ✓ | | |
| 15 | കുന്നത്ത് | 7 | | | ✓ | | |
| 16 | പെരുമ്പുള്ളി | 9 | | | ✓ | | |
| 17 | വള്ളുവനാട് | 16 | | | ✓ | ✓ | |
| 18 | കയറ്റുപറമ്പ് | 17 | | | ✓ | | |
| 19 | കൊല്ലനതൊടി | 17 | | | ✓ | | ✓ |
| 20 | ചോലോംകുന്ന് | 25 | | | ✓ | | ✓ |
| 21 | കാവുങ്ങപ്പറമ്പ് | 30 | | | ✓ | | |
| 22 | പള്ള്യാൽതൊടി | 18 | | | ✓ | | |
| 23 | കടമ്പോട്ടിൽ | 34 | | | ✓ | | |
| 24 | പെലക്കാട് | 28 | | | ✓ | | |
| 25 | ചെറുകുന്നത്ത് | 32 | | | ✓ | | |
| 26 | റെയിലുങ്കര | 22 | | | ✓ | | |
| 27 | കിഴങ്ങത്തോൾ | 18 | | | ✓ | | |
| 28 | ഇടിവമ്മൽ | 8 | | | | ✓ | |
| 29 | വെട്ടിക്കുന്ന് | 16 | | | | ✓ | |
| 30 | കോലോത്തൊടി | 17 | | | | ✓ | |

# നഗരസഭയിലെ മൊത്തം കോളനികളിൽ താമസിക്കുന്നവരുടെ അടിസ്ഥാനവിവരങ്ങൾ

ആകെ വീട് :1058

ആകെ ജനസംഖ്യ :5493

സ്ത്രീകൾ : 2809

പുരുഷൻമാർ : 2684

കുട്ടികൾ :1262

60-80 വയസിന് ഉള്ളിലുള്ളവർ : 396

80 വയസിന് മുകളിലുള്ളവർ : 22

കെ.ജി.കുട്ടികൾ : 78

എൽ.പി.വിദ്യാർത്ഥികൾ : 172

യു.പി.വിദ്യാർത്ഥികൾ : 156

9-ാം ക്ലാസുകാർ : 43

എച്ച്.എസ്.വിദ്യാർത്ഥികൾ :282

പ്ലസ്‌വൺ വിദ്യാർത്ഥികൾ : 49

പ്ലസ്ടു വിദ്യാർത്ഥികൾ : 79

ഡിഗ്രി :87

പി.ജി :31

പ്രൊഫഷണൽ : 18

എഞ്ചിനിയർ : 9

ഡോക്ടർ : 1

മറ്റുള്ളവർ : 276

കൗമാര പെൺകുട്ടികൾ : 194

തൊഴിലുള്ളവർ : 581

കൂലിപണി : 960

തൊഴിലില്ലാത്തവർ : 656

ഗവ.ജീവനക്കാർ : 31

അധ്യാപകർ : 15

എഞ്ചിനിയർ : 0

ഡോക്ടർ : 1

കച്ചവടക്കാർ : 6

നിത്യരോഗികൾ : 33

സ്ഥിരം മരുന്ന് കഴിക്കുന്നവർ : 47

മാറാരോഗങ്ങൾ ഉള്ളവർ : 29

ക്ഷേമപെൻഷൻ വാങ്ങുന്നവർ : 244

വാർപ്പ് വീടുള്ളവർ : 199

ഓട് വീടുള്ളവർ :12

ഓലവീടുള്ളവർ : 0

ജീർണ്ണിച്ച വീടുള്ളവർ : 173

വാസയോഗ്യമല്ലാത്ത വീടുകൾ : 2

കുടിവെള്ളം ഉള്ളവർ : 432

എ. സ്വന്തം കിണർ : 2

ബി. പൈപ്പ് ലൈൻ : 404

കുടിവെള്ളം ഇല്ലാത്തവർ :4

വാഹനമെത്തുന്ന റോഡില്ലാത്തവർ :18

സ്ട്രീറ്റ് ലൈറ്റില്ലാത്തവർ :1

ഉപയോഗ യോഗ്യമല്ലാത്ത കക്കൂസുള്ളവർ : 0

കൃഷിയുള്ളവർ : 7

കൃഷിഭൂമിയുള്ളവർ : 6

## വികസനപരിപ്രേക്ഷ്യവും പദ്ധതി നിർദ്ദേശങ്ങളും

ഭൂ ഉടമസ്ഥത, കുടുംബങ്ങൾക്ക് ലഭ്യമായ അടിസ്ഥാനസൗകര്യങ്ങൾ എന്നിവ പരിഗണിക്കുമ്പോഴാണ് പട്ടികജാതി വിഭാഗത്തിന്റെ അവികസിതമായ ജീവിതാവസ്ഥ മനസ്സിലാക്കാൻ കഴിയുക. നഗരസഭയുടെ കഴിഞ്ഞ 4 പദ്ധതികളിലെ ഇടപെടലുകളിലൂടെ ഇവരുടെ കുടുംബസാഹചര്യം, കുടിവെള്ളം, വൈദ്യുതി എന്നീ കാര്യങ്ങളിൽ ഗുണപരമായ മാറ്റം വന്നിട്ടുണ്ട്. എങ്കിലും ഇവരുടെ സ്ഥിതി മുഖ്യധാരാ വികസനസൂചകങ്ങളുടെ താഴെ തന്നെയാണ്. ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനും അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും ഇച്ഛാശക്തിയുള്ള നടപടികളാണആവശ്യം.

1. പട്ടികജാതി വിഭാഗത്തിന്റെ ഭൂ ഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് ബോധപൂർവ്വമായ ഇടപെടലുകളും നടപടികളും.
2. ലക്ഷ്യമായ പുറമ്പോക്ക് ഭൂമി, മിച്ചഭൂമി, എന്നിവ ഭൂരഹിതർക്ക് നൽകാൻ വേണ്ട നടപടികൾ.
3. നിലവിലുള്ള വീടുകളുടെ പുനരുദ്ധാരണം-മുറികളുടെ എണ്ണം വർദ്ധിപ്പിക്കൽ.
4. ഓരോ ആവാസ സങ്കേതത്തിനും മിനിമം വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കൽ.
5. വീടുകളുടെ മേൽക്കൂരകൾ ബന്ധിപ്പിച്ചുകൊണ്ടുള്ള മഴവെള്ള സംഭരണി, കിണർ റീചാർജ്ജ് ചെയ്യൽ.
6. കക്കൂസ് സംവിധാനം മെച്ചപ്പെടുത്തൽ, പൊതുടാങ്കുകൾ നിർമ്മിക്കൽ ( സ്ഥലം ലാഭിക്കൽ), ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കൽ.
7. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ.
8. പഠനവീട്-പ്രായോഗികമാക്കൽ.
9. പ്രീമെടിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം.
10. പഠനസഹായ വർദ്ധനവ്.
11. പ്രത്യേക പരിശീലനങ്ങൾ.
12. പ്രൊഫഷണൽ പരിശീലനങ്ങളിലൂടെ തൊഴിൽശേഷിയും നൈപുണ്യവും വർദ്ധിപ്പിക്കൽ.
13. സ്വകാര്യമേഖലയിലും തൊഴിൽ സംവരണം നടത്തുന്നതിനാവശ്യമായ ഇടപെടലുകൾ.
14. ആരോഗ്യം-പരിരക്ഷാ പദ്ധതികൾ
15. ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ.
16. പട്ടികജാതി വിഭാഗത്തിനായുള്ള പ്രത്യേക ഘടക പദ്ധതിയുടെ നിർവ്വഹണത്തിനും, വിലയിരുത്തലിനും പ്രത്യേക സംവിധാനം.

## പ്രോജക്റ്റ് ആശയങ്ങൾ

മേൽ സൂചിപ്പിച്ച അവസ്ഥാ വിശേഷങ്ങളും വികസനപരിപ്രേക്ഷ്യവും മുൻനിർത്തി 14–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പാക്കുന്നതിനുവേണ്ടി താഴെപറയുന്ന ആശയങ്ങൾ മുന്നോട്ടുവെയ്ക്കുന്നു.

1. പട്ടികജാതി വിഭാഗത്തിലെ മുഴുവൻ ഭൂരഹിത-ഭവനരഹിതർക്കും വേണ്ടി സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി.
2. നിലവിലുള്ള വീടുകളുടെ പുനരുദ്ധാരണം, അഭിവൃദ്ധിപ്പെടുത്തൽ .
3. മുഴുവൻ വീടുകൾക്കും വാട്ടർ കണക്ഷൻ
4. സമ്പൂർണ്ണ കോളനി നവീകരണം
5. കോളനികളിലേക്കുള്ള റോഡുകളുടെ നവീകരണം.
6. കോളനികൾക്കുള്ളിലെ റോഡ് ഗതാഗതം മെച്ചപ്പെടുത്തൽ, ഫുട്പാത്ത് നിർമ്മാണം.
7. കോളനികളുടെ സംരക്ഷണഭിത്തി.
8. കക്കൂസ് സംവിധാനം മെച്ചപ്പെടുത്തൽ.
9. കക്കൂസ് അധിഷ്ഠിത സാമൂഹ്യ ബയോഗ്യാസ് പ്ലാന്റ്.
10. സോളാർ വൈദ്യുതി, സമ്പൂർണ്ണ സി.പി.എൽ
11. പഠനവീട്-മെച്ചപ്പെട്ട സൗകര്യങ്ങളോടെ പഠനം.
12. പ്രീമെട്ക് ഹോസ്റ്റൽ-സ്ഥലം, കെട്ടിടം
13. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ
14. പഠനോപകരണങ്ങൾ
15. ആരോഗ്യസംരക്ഷണം, ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, മരുന്ന് വിതരണം.
16. കൃഷി വൈദഗ്ദ്യം-പരിശീലനങ്ങൾ, പഠനയാത്രകൾ.
17. കർമ്മസേന.
18. കാർഷിക ഉപകരണങ്ങൾ, പരിശീലനം.
19. പശുവളർത്തൽ പദ്ധതി
20. കന്നുകുട്ടി പരിപാലനം.
21. അടുക്കളത്തോട്ടം, പുരയിടകൃഷി.
22. സംഘകൃഷി-ആക്റ്റിവിറ്റി ഗ്രൂപ്പുകൾ.
23. കോളനികളിൽ ഡ്രെയിനേജ് നിർമ്മാണം.
24. പൊതുകിണർ അഭിവൃദ്ധിപ്പെടുത്തൽ.
25. സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കൽ.
26. മുഴുവൻ എസ്.സി വനിതകളെയും അയൽകൂട്ടം അംഗങ്ങളാക്കൽ, പരിശീലനം.
27. തൊഴിലുറപ്പ് പദ്ധതി മെച്ചപ്പെടുത്തൽ.
28. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ.
29. കിണർ റീചാർജ്ജിങ്ങ്
30. തൊഴിൽ പരിശീലനങ്ങൾ, നൈപുണ്യം നേടൽ.
31. വയോജനആരോഗ്യസംരക്ഷണം.
32. വിദേശത്ത് പോകുന്നതിന് ധനസഹായം

# 9 – ആരോഗ്യം

ആരോഗ്യരംഗത്ത് വികസിത നാടുകളുടേതിന് കിടപിടിക്കാവുന്ന നേട്ടങ്ങൾ കഴിഞ്ഞകാലത്ത് കൈവരിക്കാൻ നമുക്കായിട്ടുണ്ട്. ഈ സാഹചര്യം കുറേകൂടി മികച്ച രൂപത്തിൽ പിന്തുടരാൻ പെരിന്തൽമണ്ണ നഗരത്തിനായിട്ടുണ്ട്. മെഡിക്കൽ സിറ്റി എന്ന അപരനാമത്തിൽ പെരിന്തൽമണ്ണയെ പലരും വിശേഷിപ്പിക്കാറുണ്ട്. ഇത് അന്വർത്ഥമാക്കുന്ന നേട്ടങ്ങൾ പെരിന്തൽമണ്ണയിലെ ആരോഗ്യ മേഖലയിലുണ്ട്. പൊതുആരോഗ്യ സംവിധാനത്തെക്കാൾ സ്വകാര്യമേഖലയിലെ ആരോഗ്യസേവനം ശക്തിപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണയിലെ സ്വകാര്യമേഖലയുടെ ആരോഗ്യ സംവിധാനം അവഗണിക്കാനാവാത്ത സാമൂഹ്യ സേവനം ഇന്ന് നൽകുന്നുണ്ട്. അതുകൊണ്ട് തന്നെ പെരിന്തൽമണ്ണയുടെ ആരോഗ്യമേഖലയെ കുറിച്ച് ഒരു പദ്ധതി തയ്യാറാക്കുമ്പോൾ സ്വകാര്യമേഖലയുടെ ഈ സാധ്യതകളെകൂടി ഉപയോഗിച്ചുകൊണ്ട് ആവേണ്ടതുണ്ട്.

31 അലോപ്പതി ഹോസ്പിറ്റലും ക്ലിനിക്കും നഗരത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ 22 എണ്ണം ഒ.പി.കൺസൾട്ടിംഗ് മാത്രമുള്ളതാണ്. 6 എണ്ണം ഐ.പി.സംവിധാനം അടങ്ങുന്നവയും 3 എണ്ണം സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുള്ളവയുമാണ്. ഇതോടൊപ്പം നഗരത്തിന്റെ പേരിൽ നഗരാർത്തിയിൽ പ്രവർത്തിക്കുന്ന ഇ.എം.എസ് സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലും എം.ഇ.എസ് മെഡിക്കൽ കോളേജും പ്രവർത്തിക്കുന്നുണ്ട്. 280ഓളം അലോപ്പതി ഡോക്ടർമാർ നഗരത്തിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു എന്നത് പ്രധാനകാര്യമാണ്. ഈ ആശുപത്രികളിലായി 1860 ബെഡുകൾ ചികിത്സക്ക് സജ്ജമാക്കിയിട്ടുണ്ട്. ഇതോടൊപ്പം 24 ലബോറട്ടറി 17 എക്സറേ, 8 സ്കാനിംഗ് സെന്റർ, 76 മെഡിക്കൽസ്റ്റോർ എന്നിവയും ടൗണിൽ പ്രവർത്തിക്കുന്നു. ആയുർവേദ രംഗത്ത് 8ഓളം ആശുപത്രികളും 6 ഹോമിയോ ക്ലിനിക്കും, യുനാനി ക്ലിനിക്കും പ്രവർത്തിക്കുന്നു. ഈ മേഖലയിൽ 86 ഡോക്ടർമാർ സേവനം നടത്തുന്നുണ്ട്.

പൊതു ആരോഗ്യരംഗത്ത് പ്രധാനസ്ഥാപനം പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയാണ്. 2014 വരെ നഗരസഭക്കു കീഴിൽ സുസ്ഥിരമായ വളർച്ച നേടാനായ ഒരു താലൂക്കാശുപത്രിയാണിത്. 2014ൽ ജില്ലാ ആശുപത്രിയായി ഉയർത്തിയതോടെ ഇതിന്റെ നിയന്ത്രണം ജില്ലാ പഞ്ചായത്തിനാണ്. 12-ാം പഞ്ചവത്സര പദ്ധതിക്കാലത്തെ 3 വർഷക്കാലം ഈ ആശുപത്രിയുടെ വികസനത്തിനായി 1 1/2 കോടിയോളം രൂപ നഗരസഭ ചിലവഴിച്ചിട്ടുണ്ട്. ചങ്ങ പിന്തുണയോടെയുള്ള ഒ.പി ബ്ലോക്കിന്റെ നിർമാണം നിലവിലുള്ള

ബ്ലോക്കുകളുടെ നവീകരണം, എന്നിങ്ങനെഇന്ന് ജില്ല ആശുപത്രിയിൽ കാണുന്ന എല്ലാ നവീകരണ പ്രവർത്തികളും ചെയ്ത് സാധാരണക്കാരന്റെ പ്രധാനആശ്രയ കേന്ദ്രമാക്കി അതിനെമാറ്റുന്നതിൽ കഴിഞ്ഞ പദ്ധതികളിലൂടെ നഗരസഭക്ക് സാധിച്ചു.

നഗരസഭയുടെ കീഴിൽ ഇന്നുള്ളത് കുന്നപ്പള്ളിയിലെ ഒരു പി.എച്ച്.സിയും മറ്റു നാലു സബ്ബ്സെന്ററുകളും. NHM  കൂടി സഹകരണത്തോടെ പ്രവർത്തിക്കുന്ന ഒരു ഹെൽത്ത് ക്ലിനിക്കും സാമൂഹ്യസുരക്ഷാ മിഷന്റെ ഒരു ക്ലിനിക്കും, ഒരു ആയുർവേദ ഹോസ്പിറ്റലും, ഒരു ഹോമിയോ ക്ലിനിക്കും, നഗരസഭയുടെ കീഴിൽ വേറെയും പ്രവർത്തിക്കുന്നു. ആയുർവേദാശുപത്രിയിൽ 10 പേരെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ട്. ഏറെകുറെ മെച്ചപ്പെട്ട സംവിധാനങ്ങളാണെങ്കിലും ഇനിയും കൂടുതൽ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ ഈ സംവിധാനങ്ങളെ മാറ്റേണ്ടതുണ്ട്.

## നഗരത്തിലെ പ്രധാനആശുപത്രികളിലേക്ക് ഒരു മാസം ചികിത്സക്കെത്തുന്ന രോഗികൾ

| ക്രമ നമ്പർ | ഹോസ്പിറ്റൽ | 2014 | | 2015 | | 2016 | |
|---|---|---|---|---|---|---|---|
| | | ഒ.പി | ഐ.പി | ഒ.പി | ഐ.പി | ഒ.പി | ഐ.പി |
| 1 | ജില്ലാ ആശുപത്രി | 28150 | 150 | 28890 | 180 | 30000 | 300 |
| 2 | മൗലാന | 25800 | 2350 | 26320 | 2696 | 27200 | 264 |
| 3 | അൽഷിഫ | 22380 | 1842 | 23670 | 1963 | 24280 | 2120 |
| 4 | രാമദാസ് | 7208 | 516 | 7892 | 582 | 8302 | 603 |
| 5 | ആമിന | 2812 | 423 | 2960 | 454 | 3102 | 482 |
| 6 | പെരിന്തൽമണ്ണ ഹോസ്പിറ്റൽ | 1862 | 381 | 1983 | 402 | 2031 | 461 |
| 7 | മുംതാസ് ക്ലിനിക്ക് | 621 | 53 | 686 | 58 | 687 | 61 |
| | ആകെ | 88,833 | 5715 | 93,401 | 6335 | 95602 | 4291 |

ഇങ്ങനെ1 ലക്ഷത്തിൽ പരം പേർ ചികിത്സ തേടിയെത്തുന്ന കേന്ദ്രമായി ആരോഗ്യരംഗത്ത് പെരിന്തൽമണ്ണ മാറിയിട്ടുണ്ട്. 50000ത്തോളം ജനസംഖ്യയുള്ള നഗരസഭയിൽ ഇവരുടെ സർവതല സ്പർശിയായ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഉതകുന്ന സംവിധാനങ്ങൾ ഇനിയും ഉയരേണ്ടതുണ്ട്. സ്വകാര്യമേഖലയിലെ സംവിധാനങ്ങൾ നഗരസഭയിലെ ജനങ്ങൾക്ക് ഏറെ ആശ്വാസകരമാണെങ്കിലും പൊതു ആരോഗ്യ സംവിധാനം വിപുല കാര്യക്ഷമമാക്കി ഇടപെടൽ വ്യാപിപ്പിക്കേണ്ടതുണ്ട്.

## പൊതുരംഗത്ത് ലഭ്യമായ സേവനങ്ങൾ

| ജില്ലാ ആശുപത്രി | ആയുർവ്വേദം | ഹോമിയോ |
|---|---|---|
| ഡോക്ടർ - 31 | ഡോക്ടർ - 2 | ഡോക്ടർ - 1 |
| Nurse-24 | നഴ്സ് - 2 | ഫാർമസി - 1 |
| Nursing Assistent-18 | ഫാർമസി - 1 | |
| JPHN-2 | നേഴ്സിംഗ് അസിസ്റ്റന്റ് - 1 | |
| PHN - 2 | തെറാപിസ്റ്റ് - 2 | |
| JHI - 4 | | |
| ആശ - 19 | | |
| Lab (1) 4 | | |
| X-Ray (1)-2 | | |
| Pharmacy (1)-8 | | |
| Operation-Theatre | | |

നഗരസഭയുടെ കീഴിലുള്ളത്. ഒരു ആയുർവേദാശുപത്രിയും, ഒരു ഹോമി യോ ആശുപത്രിയും, ഒരു ഹെൽത്ത് സെന്ററും, 4 സബ്ബ് സെന്ററും, ഒരു എൻ.എച്ച്.എം കേന്ദ്രവുമാണ്. ഇവയുടെ അടിസ്ഥാനവിവരങ്ങൾ താഴെകൊടു ക്കുന്നു.



## ആയുർവേദ ആശുപത്രി

| ക്രമ നമ്പർ | ചികിത്സക്ക് എത്തുന്നവർ | പുരുഷൻമാർ | സ്ത്രീകൾ | കുട്ടികൾ | ആകെ |
|---|---|---|---|---|---|
| 1 | ആകെ രോഗികളുടെ എണ്ണം ഒ.പി. അടിസ്ഥാനത്തിൽ | 8958 | 19028 | 5080 | 33066 |
| 2 | പുതുതായി എത്തുന്ന രോഗികൾ | 1802 | 4206 | 1502 | 7510 |
| 3 | പഴയ രോഗികൾ | 7156 | 14822 | 3578 | 2556 |

കഴിഞ്ഞ 55 വർഷമായി പെരിന്തൽമണ്ണ ഗവ.ആയുർവേദാശുപത്രി പ്രവർത്തിക്കുന്നു. ദിനംപ്രതി 150ഓളം രോഗികൾ ചികിത്സ തേടിയെത്തുന്നു. 10 ബെഡുകളും കൂടിയ ഐ.പി വിഭാഗങ്ങളും, ഒ.പി വിഭാഗവുമായി വയോജനങ്ങൾ, കുട്ടികൾ, സ്ത്രീകൾ എന്നിവർക്ക് ചികിത്സ നൽകുന്നു. ജീവിതശൈലി രോഗങ്ങൾക്കും, സാന്ത്വനചികിത്സക്കും പ്രത്യേകം ഊന്നലുണ്ട്. മരുന്ന് യഥാസമയം ലഭ്യമാക്കാനുണ്ട്. പഞ്ചകർമ്മ ചികിത്സകളും മരുന്നും ലഭ്യമാകുന്നുണ്ട്. വൈദ്യുതി, വെള്ളം, ഫോൺ, ഇന്റർനെറ്റ് എന്നീ സൗകര്യം ഉണ്ട്.

## അലോപ്പതി

താലൂക്കാശുപത്രി ജില്ലാ ആശുപത്രി ആയതോടെ നഗരസഭക്കു കീഴിൽ പ്രത്യേകമായി കിടത്തി ചികിത്സ നൽകും. വലിയ ആരോഗ്യ കേന്ദ്രം ഒന്നും തന്നെയില്ല. അഞ്ചു സബ്ബ്സെന്ററുകളും ഒരു അർബ്ബൺ ഹെൽത്ത് സെന്ററുമാണുള്ളത്. വയോമിത്രം പദ്ധതിയുടെ ഭാഗമായി ഒരു വയോമിത്രം ക്ലിനിക്ക് സജ്ജമായിട്ടുണ്ട്. സബ്ബ്സെന്റുകൾക്കെല്ലാം കെട്ടിടവും, കമ്പ്യൂട്ടർ, വൈദ്യുതി, വെള്ളം സൗകര്യവും ഉണ്ട്. അഞ്ച് സബ്ബ്സെന്ററുകളിലും ഖജഒച ന്റെ സേവനം ലഭ്യമാണ്. കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പ് എൻ.സി.ഡി ക്ലിനിക്ക്, പൊതുജനആരോഗ്യ പ്രവർത്തനങ്ങൾ എന്നിവയാണ ഇവിടെ നടക്കുന്നത്. സാന്ത്വനം പദ്ധതിയുടെ കീഴിൽ 2 പാലിയേറ്റീവ് വിങ്ങും മാസത്തിൽ ഒരു തവണകിടപ്പുരോഗികളെ സന്ദർശിച്ച് ആവശ്യമായ ചികിത്സ നൽകുന്നു.

## ഹോമിയോ

2013ലാണ് ഗവ.ഹോമിയോ ക്ലിനിക്ക് നഗരസഭയിൽ ആരംഭിച്ചത്. ഒരു ഡോക്ടറും, ഒരു ഫാർമസിസ്റ്റും, ഒരു പാർട്ട് ടൈം സ്വീപ്പറുമാണുള്ളത്. താഴെ പറയും പ്രകാരം രോഗികൾ എത്തുന്നു.



നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നത്. വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് സൗകര്യം എന്നിവ സെന്ററിൽ ലഭ്യമാണ്.

| ക്രമ നമ്പർ | ചികിത്സക്ക് എത്തുന്നവർ | പുരുഷൻ | സ്ത്രീ | കുട്ടികൾ | ആകെ |
|---|---|---|---|---|---|
| 1 | ആകെ രോഗികളുടെ എണ്ണം ഒ.പി.അടിസ്ഥാനത്തിൽ | 5767 | 12016 | 4813 | 22506 |
| 2 | പുതുതായി എത്തുന്നവർ | 1617 | 3188 | 1880 | 6685 |
| 3 | പഴയ രോഗികൾ | 4150 | 8828 | 2933 | 1594 |

## 13–ാം പദ്ധതിയിൽ നടപ്പിലാക്കിയ ഈ മേഖലയിലെ പ്രൊജക്റ്റുകൾ അവയുടെ ഗുണഫലങ്ങൾ

**1. സാന്ത്വനം**

കിടപ്പിലായ രോഗികൾക്ക് ഗൃഹപരിചരണവും പുനരധിവാസ പ്രവർത്തനങ്ങളും സാധ്യമായി. സമൂഹത്തിലാകെ സേവനമനോഭാവം വളർത്തിയെടുക്കാൻ കഴിഞ്ഞു. കിടപ്പു രോഗികളെ വീട്ടിൽ ചെന്ന് പരിചരണം നൽകുകയും ലഭ്യമായ മരുന്ന് വിതരണം ചെയ്യുകയും ചെയ്തു. വയോജനങ്ങൾക്ക് പ്രത്യേക പാലിയേറ്റീവ് കെയർ സ്ഥാപിച്ചത് മാസത്തിലൊരിക്കൽ കിടപ്പുരോഗികൾക്ക് പരിചരണം ലഭ്യമാക്കാനായി കഴിഞ്ഞവർഷം 43,80,103 രൂപ ഈ മേഖലയിൽ ചിലവഴിച്ചത് ലക്ഷ്യം കണ്ടു.

**2. വൃദ്ധജനഹോംകെയർ**

വൃദ്ധജനങ്ങൾക്കുവേണ്ടി പ്രത്യേക ഗൃഹ-പരിചരണ പദ്ധതി ആരംഭിച്ചു. അവഗണിക്കപ്പെടുന്ന വൃദ്ധരെ കുടുംബാംഗങ്ങളും സമൂഹവും കൂടുതൽ ശ്രദ്ധയോടെ പരിചരിക്കുന്നതിന് പ്രേരണ ചെലുത്താൻ സഹായകമായി.

**3.മഴക്കാല രോഗ നിയന്ത്രണം**

മഴക്കാല രോഗങ്ങളെ നിയന്ത്രണവിധേയമാക്കുവാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും സാധിച്ചു. ബഹുജനങ്ങളെ കൂടുതൽ അണിനിരത്താനായ ഈ പദ്ധതിക്ക് 6,69,288 രൂപ ചിലവഴിച്ചു.

**4.ജീവിതശൈലി രോഗനിയന്ത്രണ പരിപാടി**

ജീവിതശൈലി രോഗ നിയന്ത്രണത്തിനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തുവാൻ സഹായകമായി. ലോക പ്രമേഹദിനം സമുചിതമായി ആചരിച്ചു. വലിയ പങ്കാളിത്തം ഉണ്ടായി. 4,68,548 പേർ രൂപ ഇതിനായി ചിലവഴിച്ചു.

**5. സമ്പൂർണ്ണ രോഗപ്രതിരോധ കുത്തിവെപ്പ് പരിപാടി.**

പ്രതിരോധ കുത്തിവെപ്പ് സമ്പൂർണ്ണമാക്കുക എന്ന ലക്ഷ്യത്തിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സാധിച്ചു.

**6.ആരോഗ്യ കേന്ദ്രങ്ങൾക്ക് ഫർണിച്ചർ**

ജീവനക്കാരുടെ ജോലി സുഗമമാക്കുവാൻ ആവശ്യകഥ. മേശ, അലമാര, കസേര എന്നിവ വാങ്ങി. 8,29,137 രൂപ ചിലവഴിച്ചു.

**7.ഇമിഗ്രന്റ് സ്ക്രീനിംഗ്**

അന്യ സംസ്ഥാനതൊഴിലാളികളുടെ വലിയതോതിലുള്ള വർദ്ധനവ് മലേരിയ പോലുള്ള രോഗങ്ങൾ തിരിച്ചുവരുന്നതിന് കാരണമാകുന്നു. ഇതിനെതിരായ ബോധവൽക്കരണവും നിയന്ത്രണ പ്രവർത്തനവും സാധ്യമായി. 3,80,000 രൂപ ചിലവഴിച്ചു.

**8.തിമിരവിമുക്ത നഗരം പദ്ധതി**

തിമിര ശസ്ത്രക്രിയ സൗജന്യമായി നടത്തി. 1,57,560 രൂപ ചിലവഴിച്ചു.

**9.വൃദ്ധജനആരോഗ്യപദ്ധതി ( എസ്.സി & ജനറൽ )**

വൃദ്ധജനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകി. 15,97,584 രൂപ ചിലവഴിച്ചു.

**10.കമ്പ്യൂട്ടർവൽക്കരണം**

ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ നൽകി. 3,46,379 രൂപ ചിലവഴിച്ചു.

## പ്രശ്നവിശകലനം – പരിഹാര സാധ്യതകൾ

നഗരസഭയിലെ ആരോഗ്യ രംഗം നേരിടുന്ന പ്രധാനപ്രശ്നങ്ങൾ ഇവയാണ്.

1. ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവ് ഏതാണ്ട് 20% പേർ വിവിധങ്ങളായ ജീവിതശൈലി രോഗങ്ങളാൽ കഷ്ടപ്പെടുന്നു എന്നതാണ് കണക്ക്. പ്രഷർ, ഷുഗർ, എന്നിവയും ഇതുവഴി ഹൃദയ, കിഡ്നി രോഗങ്ങളും വർദ്ധനവ്
2. പകർച്ചവ്യാധികളുടെ വർദ്ധനവ് പ്രത്യേകിച്ചും മഴക്കാലത്ത് പകർച്ചവ്യാധികൾ വർദ്ധിച്ചുവരുന്നു.
3. ചികിത്സ ചിലവിലെ വർദ്ധനവ് സാധാരണക്കാർക്ക് ചികിത്സ അപ്രദ്യമാക്കുന്നു.
4. പൊതു ആരോഗ്യ സംവിധാനത്തിന്റെ കുറവ്. ജില്ലാ ആശുപത്രിയിലേയും, ആയുർവേദ ആശുപത്രിയിലും സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
5. ഡോക്ടർമാരുടെ എണ്ണം പരിമിതമാണ്. ഇത് ചികിത്സ സംവിധാനത്തെ ബാധിക്കുന്നു.

6. ചികിത്സ ഉപകരണങ്ങളുടെ കുറവ് പരിചയ സമ്പന്നരായ ജീവനക്കാരുടെ കുറവ്, ഡയാലിസിസ് സൗകര്യകുറവ് എന്നിവയും പരിഹരിക്കണം.
7. ജില്ലാ ആശുപത്രി, ആയുർവേദാശുപത്രി, ഹോമിയോ ക്ലിനിക്ക് എന്നിവിടങ്ങളിലെ മരുന്നിന്റെ ദൗർലഭ്യം.
8. ഇതര സംസ്ഥാനതൊഴിലാളികളെ ആരോഗ്യ സംവിധാനത്തിനകത്ത് എത്തിക്കാൻ കഴിയുന്നില്ല എന്ന പ്രശ്നം.
9. ആരോഗ്യശീലങ്ങളിൽ ജനങ്ങൾക്കുള്ള അറിവില്ലായ്മ.
10. വർദ്ധിച്ചുവരുന്ന ജനസാന്ദ്രത
11. മാനസിക ആരോഗ്യത്തിന്റെ കുറവ്.
12. വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം.
13. കുട്ടികളുടെ മരണനിരക്ക് ചെറിയതോതിൽ ഇപ്പോഴും നിലനിൽക്കുന്നു.
14. പ്രതിരോധ കുത്തിവെപ്പിനോട് വിമുഖത കാണിക്കുന്ന കുറച്ചുപേർ ഇപ്പോഴും നിലവിലുണ്ട്.
15. ആയുർവേദ ഹോമിയോ ആശുപത്രികൾക്ക് പര്യാപ്തമായ കെട്ടിടമില്ല.
16. സബ്ബ്സെന്ററുകളും പാലിയേറ്റീവ് കെയർ യൂണിറ്റുകളിലും അസൗകര്യങ്ങൾ പരിഹരിക്കൽ.
17. കാൻസർ, കിഡ്നി രോഗങ്ങൾക്കുള്ള ചികിത്സയിൽ ഇടപെടാൻ പരിഹാരങ്ങൾ.

## പ്രൊജക്റ്റ് ആശയങ്ങൾ

1. ആയുർവേദം–ഹോമിയോ–എൻ.എച്ച്.എം ആരോഗ്യകേന്ദ്രം എന്നിവക്ക് ആധുനിക കെട്ടിട സമുച്ചയവും എക്സറേ, ലാബ്, ഫാർമസി ഒരുക്കൽ.
2. സാന്ത്വനപരിചരണത്തിന്റെ കേന്ദ്രമായും സാന്ത്വനം പുനരതിവാസ കേന്ദ്രം നിർമ്മിക്കുക.
3. സാന്ത്വനം പാലിയേറ്റീവ് യൂണിറ്റ് പ്രവർത്തനം കാര്യക്ഷമമാക്കുക. വാഹനം, ജീവനക്കാർ, മരുന്ന് എന്നിവ.
4. എല്ലാ സബ്ബ്സെന്ററുകളെയും കാര്യക്ഷമമാക്കി വാർഡ്സേവാകേന്ദ്രത്തിൽ ആഴ്ചയിൽ ഒരിക്കൽ ഡോക്ടറുടെ സേവനവും മരുന്നും ലഭ്യമാക്കുക. ഇതിന് സ്വകാര്യ ആശുപത്രികളുടെ സഹകരണം തേടുക.
5. സബ്ബ്സെന്ററുകളിൽ നഗരസഭ ഡോക്ടറെ നിയമിച്ച് മരുന്ന് ലഭ്യമാക്കുക.
6. മാതൃമരണമില്ലാത്ത നഗരസഭ പദ്ധതി.
7. ശിശുമരണമില്ലാത്ത നഗരസഭ.

8. മഞ്ഞപ്പിത്തം സംക്രമികരോഗം ഫലപ്രദമായി തടയൽ.
9. സമ്പൂർണ്ണ മാനസികാരോഗ്യ പരിപാലനപദ്ധതി.
10. സ്റ്റുഡന്റ്സ് ആരോഗ്യ പദ്ധതി, ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി.
11. ലഹരി വിമുക്തി പദ്ധതി.
12. സാന്ത്വനം പദ്ധതി സമഗ്രമാക്കാൻ ആയുർവേദം-ഹോമിയോ ചികിത്സകൂടി ആരംഭിക്കൽ.
13. രാവിലെയും വൈകുന്നേരവും പ്രവർത്തി കമ്യൂണിറ്റി ലാബ് ആരംഭിക്കൽ.
14. ആധുനിക മെഡിക്കൽ സംവിധാനമായ ടെലി മെഡിസിനും, വെർച്ചൽ ആശുപത്രിയും സ്ഥാപിക്കൽ.
15. ഹെർബൽ ഗാർഡൻ സ്ഥാപിക്കുക.
16. ഡയാലിസിസ് സെന്റർ സ്ഥാപിക്കുക.
17. കിഡ്നി, കാൻസർ രോഗികൾക്ക് ചികിത്സ യാത്ര സഹായം.
18. സൗജന്യ മരുന്ന് നൽകുക. കമ്മ്യൂണിറ്റി യോഗ സെന്റർ ആരംഭിക്കുക.
19. രോഗപ്രതിരോധ കുത്തിവെപ്പ് കാര്യക്ഷമമാക്കും.
20. ആധുനിക സംവിധാനമായ പൊക്കിൾക്കൊടി സൂക്ഷിക്കൽ (Chord Storge) ആശുപത്രി കേന്ദ്രീകരിച്ച് നടപ്പിലാക്കുക.
21. സഞ്ചരിക്കുന്ന മെഡിക്കൽ സെന്റർ ആരംഭിക്കുക.
22. ജനകീയ ആരോഗ്യ ബോധവൽക്കരണം, ആരോഗ്യസേനരൂപീകരണം.
23. മഴക്കാല പൂർവ്വ ശുചീകരണം കാര്യക്ഷമമാക്കൽ.
24. വയോജനആരോഗ്യ പദ്ധതി.
25. ജനിതകരോഗങ്ങൾ നേരത്തെ കണ്ടെത്തുക. ആധുനിക ചികിത്സാ സൗകര്യം.
26. ഇമിഗ്രന്റ് സ്ക്രീനിങ്ങ്

## 10 – ശുചിത്വം, മാലിന്യസംസ്കരണം

നമ്മുടെ ജീവിതശൈലിയിലെ മാറ്റം മാലിന്യത്തിന്റെ അളവിലും സ്വഭാവത്തിലും കാണാനുണ്ട്. മാറിയ ഭക്ഷണ ശീലങ്ങൾ, ഉപയോഗിച്ചു വലിച്ചെറിയുന്ന രീതി എന്തും പോളിത്തീൻ കവറുകളിൽ പൊതിയുന്ന സ്വഭാവം ഇങ്ങനെജൈവ, അജൈവ മാലിന്യങ്ങളുടെ വർദ്ധനവിന് കാരണങ്ങളേറെയാണ്.

കൃഷിയിടങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ജൈവ മാലിന്യങ്ങൾ മാത്രം ഉൽപ്പാദിപ്പിക്കുന്ന നാളുകൾ പോയി. പ്ലാസ്റ്റിക്ക് പോലുള്ള അജൈവ മാലിന്യങ്ങളും ഘനലോഹങ്ങൾപോലുള്ള അപകടകരമായ മാലിന്യങ്ങളും മാലിന്യമാനേജ്മെന്റ് കടുത്തവെല്ലുവിളിയാക്കിയിരിക്കുന്നു.

നമ്മിൽ പകുതിപേരും ( കേരള ജനസംഖ്യയുടെ 47.2%) ഇപ്പോൾ നഗരവാസികളാണ്. വലിച്ചെറിയൽ ശീലം മാലിന്യ പ്രതിസന്ധി രൂക്ഷമാക്കുന്നു. ഇപ്പോൾ ഇത് ഒരു സാമൂഹ്യപ്രശ്നമായിരിക്കുന്നു. കേവലം സാങ്കേതികമായ പ്രശ്നപരിഹാരമായിരുന്നു നാം ഇതുവരെ തേടിയിരുന്നത്. മാലിന്യത്തിന്റെ അളവ് കൂടി. അതിൽ പ്ലാസ്റ്റിക്കിന്റെയും മറ്റു അജൈവ മാലിന്യങ്ങളുടെയും തോത് ഉയർന്നു. ഇത് തരംതിരിക്കാതെ യാഡുകളിൽ എത്തിയതോടെ സംസ്ക്കരണം ഏതാണ്ട് അസാധ്യമായി. അതോടെ സൗകര്യപ്പെടുന്ന സ്ഥലങ്ങളിൽ അശാസ്ത്രീയമായി നിക്ഷേപിക്കുന്ന രീതിയായി. ഇത് മാലിന്യ സംസ്ക്കരണമല്ല. മറിച്ച് ആപത്ക്കരമായ വലിച്ചെറിയലാണ്.

കേരളത്തിലെ നഗര മാലിന്യത്തിന്റെ ഏതാണ്ട് 35% വീടുകളിൽ ഉണ്ടാകുന്ന മാലിന്യമാണ്. ഇതിന്റെ 70–80% ജൈവമാലിന്യമാണ്. ഇത് വളമായോ ഇന്ധനമായോ മാറ്റാൻ യാതൊരു പ്രയാസവുമില്ല. ഈ ധാരണയിൽ തന്നെയാണ് മിക്ക നഗരസഭകളും വൻകിട വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റുകൾ സ്ഥാപിച്ചത്. എന്നാൽ ഇത്തരം പ്ലാന്റുകൾ സുഗമമായി പ്രവർത്തിക്കുന്നതിന് അടിസ്ഥാനപരമായി വേണ്ടത്. തരംതിരിക്കലാണ്. ഉറവിടത്തിൽ തന്നെ വേർതിരിക്കാതെ എല്ലാം കൂട്ടിക്കലർത്തിയിട്ടാൽ ഒരു തരത്തിലുള്ള സംസ്ക്കരണവും സാധ്യമല്ല. വലിയ അളവിൽ മാലിന്യം ഒറ്റസ്ഥലത്ത് സംസ്ക്കരിക്കുക ഏതാണ്ട് അപ്രായോഗികമാണെന്നും തെളിഞ്ഞിരിക്കുന്നു. മാലിന്യ ബാഹുല്യം ഒരു വിപത്തും വെല്ലുവിളിയുമായി മാറി. ജൈവമാലിന്യങ്ങൾ വീടുകളിലും ഉറവിടങ്ങളിലും തന്നെ പരമാവധി സംസ്ക്കരിക്കുകയും മറ്റുള്ളവ തരംതിരിച്ച് റിസോർസ് റിക്കവറി സെന്ററിലേക്ക് നൽകുകയും ചെയ്യുക എന്നതാണ് ഏറ്റവും അനുയോജ്യമായ മാർഗ്ഗം.

എത്ര അളവിൽ മാലിന്യം ഉൽപ്പാദിച്ചാലും അതെല്ലാം പുത്തൻ സാങ്കേതിക വിദ്യകൾകൊണ്ട് പരിഹരിച്ചുകളയാം എന്ന ഒരു മിഥ്യാധാരണ നമുക്കുണ്ട്. മാലിന്യം മാനേജ്മെന്റിൽ അനുയോജ്യമായ സാങ്കേതിക നിയന്ത്രണവും പ്രധാനമാണ്. ഇവ

യുക്തമായി സമന്വയിപ്പിക്കുന്ന ബോധപൂർവ്വമായ ശ്രമത്തിലൂടെ മാത്രമേ ഫലപ്രദമായ നഗരമാലിന്യ മാനേജ്മെന്റ് സാധ്യമാകൂ. മാലിന്യത്തിന്റെ അളവും തരവും കൈകാര്യം ചെയ്യാവുന്ന പരിധിക്കകത്ത് നിറുത്തുക എന്നത് ഒരു സാമൂഹ്യ ലക്ഷ്യമാണ്.



പെരിന്തൽമണ്ണ ഒരു പട്ടണമായും നഗരസഭയായും വികസിച്ച കഴിഞ്ഞ കാൽ നൂറ്റാണ്ടിനുള്ളിൽ ശുചിത്വത്തിലും മാലിന്യ സംസ്കരണത്തിലും, കൃഷിയിലും മുന്നേറ്റം കുറിക്കാൻ നമുക്കായിട്ടുണ്ട്. 10 ഏക്കർ ഗ്രീൻ ബെൽറ്റോടെ 12 ഏക്കർ സ്ഥലത്ത് പ്രവർത്തിക്കുന്ന നമ്മുടെ മാലിന്യ സംസ്കരണ പ്ലാന്റ് സംസ്ഥാനത്തുതന്നെ മാതൃകയാണ്. ശുചിത്വത്തിലും മാലിന്യ സംസ്കരണത്തിലും ജില്ലയിൽ ഒന്നാമതും സംസ്ഥാനത്ത് മികവാർന്നതു മായ നഗരസഭയാകാനും നമുക്കായിട്ടുണ്ട്. ഏറെ അഭിമാനകരമായ ഈനേട്ട ങ്ങളുടെ ഇടയിലും പുതിയകാലത്തെ നിരവധി പ്രശ്നങ്ങൾക്ക് പുതിയ പരിഹാരം നമുക്ക് കാണേണ്ടി യിരിക്കുന്നു. ആഗോളവൽക്കരണത്തിന്റെ ഉൽപന്നമായ ഉപഭോഗ സംസ്കാരം സൃഷ്ടിക്കുന്ന മാലിന്യങ്ങൾ, അമിതമായ ഉപഭോഗവും, ഇതരസംസ്ഥാനങ്ങളെ ആശ്രയിച്ചുട്ടുള്ള വിഷമയമായ ഭക്ഷ്യ വിഭവങ്ങളും ഉയർത്തുന്ന പ്രശ്നങ്ങൾ-ജീവിത ശൈലി രോഗങ്ങൾ-സാംക്രമിക രോഗങ്ങൾ എന്നിവ നമ്മെ കാർന്നു തിന്നുകയാണ്.

മാലിന്യ സംസ്കരണ രംഗത്ത് ശക്തമായ ഇടപെടലിനായി നഗരസഭ നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്ന പദ്ധതിക്ക് കഴിഞ്ഞ അഞ്ചു വർഷമായി ശക്തമായ നേതൃത്വമാണ് നഗരസഭ നൽകിവരുന്നത്.

ജൈവമാലിന്യം കഴിവതും സ്രോതസ്സിൽ തന്നെ സംസ്കരിക്കുക. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് പൊതുസംസ്കരണ സംവിധാനത്തിലേക്ക് നൽകുക. ഈ സന്ദേശം പരമാവധി പ്രചരിപ്പിച്ച് ഉറവിട മാലിന്യസംസ്കരണത്തിന് അനുഗുണമായ ഒരു സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ട്. ഇതോടൊപ്പം പരിചിതവും കൈപ്പിടിയിലൊതുങ്ങുന്നതുമായ സങ്കേതങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വികേന്ദ്രീകൃത മാലിന്യ മാനേജ്മെന്റ് പരിപാടിയും നടപ്പിലാക്കണം. ഈ ലക്ഷ്യം വെച്ചുകൊണ്ടുള്ള ഇടപെടലുകൾക്ക് അഞ്ചു വർഷം മുമ്പാണ് നഗരസഭ തുടക്കം കുറിച്ചത്. റോഡിലേക്കും പൊതു ഇടങ്ങളിലേക്കും വലിച്ചെറിയുകയും മാലിന്യ നിർമാർജ്ജനപ്ലാന്റിലേക്ക് എത്തുകയും ചെയ്യുന്ന മാലിന്യത്തിന്റെ അളവ് പടിപടിയായി കുറക്കാനുള്ള ഇടപെടലുകൾക്കാണ് നഗരസഭ തുടക്കം കുറിച്ചത്. 2011 നവംബർ 20ന് ഇതിനായി നഗരസഭ

ശിൽപശാല നടത്തി. തുടർന്ന് ഒന്നാം ഘട്ടം എന്ന നിലയിൽ വ്യാപാരി-വ്യവസായി-ഹോട്ടൽ -ഹോസ്പിറ്റൽ പ്രതിനിധികളുടെ യോഗം വിളിച്ചു ചേർത്തു. താഴെ പറയുന്ന ക്രമീകരണങ്ങൾ വരുത്തി.

എ. മാർക്കറ്റിലെ മത്സ്യമാലിന്യം സ്വയം സംസ്കരിക്കാൻ വ്യാപാരികളെ പ്രേരിപ്പിച്ചു. വിവിധ ജീവികൾക്ക് തീറ്റയായും തോട്ടത്തിൽ വളമായും മത്സ്യമാലിന്യം മാറ്റാൻ ആവശ്യമായ പ്രേരണ ചെലുത്തി. ഈ ദിശയിലെ നിരന്തര ശ്രമഫലമായി ഒരു ലോഡ് മത്സ്യവേസ്റ്റ് പ്ലാന്റിലെത്താതെ ഉറവിട സംസ്കരണം സാധ്യമായി.

ബി. ഹോസ്പിറ്റലിലെ മാലിന്യങ്ങൾ സ്വയം സംസ്കരിക്കാൻ നഗരത്തിലെ മുഴുവൻ ആശുപത്രികൾക്കും കർശനനിർദ്ദേശം നൽകി. ഇതിന്റെ ഭാഗമായി വലിയൊരു അളവ് മാലിന്യം കുറക്കാനായി.

സി. ഹോട്ടലുകളിലെ ജൈവമാലിന്യം മൃഗങ്ങൾക്ക് തീറ്റയായി നൽകാൻ പ്രേരിപ്പിച്ചു. ഇത്തരത്തിൽ മാലിന്യം കുറവ് വരുത്താനായി.

ഡി. കോഴിക്കടകളിലെ മാലിന്യം സ്വയം സംസ്കരിക്കാനും ബയോഗ്യാസ് സംവിധാനത്തിലേക്ക് നൽകാനും പ്രേരിപ്പിച്ചു.

ഇ. തുടർന്ന് വ്യാപാര സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന മാലിന്യത്തിന്റെ തോതനുസരിച്ച് യൂസർഫീ ചുമത്തി മാലിന്യം ക്രമീകരിച്ചു. ഇതുവഴി രണ്ട് ലോഡിലേറെ മാലിന്യം പ്ലാന്റിൽ കുന്നുകൂട്ടുന്ന സ്ഥിതിമാറി. ഇത് പ്ലാന്റ് പ്രവർത്തനത്തിന് ഏറെ സഹായം നൽകി. വലിയ പ്രതിഷേധങ്ങൾ തുടക്കത്തിലുണ്ടായ പ്ലാന്റ് ഇന്ന് സുഗമമായി പ്രവർത്തിക്കുന്നു.2013 ജനുവരി 30നാണ് നഗരസഭ രണ്ടാംഘട്ട ശിൽപശാല സംഘടിപ്പിച്ചത്. ഈ ശിൽപശാലയോടെ വീടുകളിൽ ഉറവിട മാലിന്യസംസ്കരണ ക്യാമ്പയിന് തുടക്കം കുറിച്ചു.

* വീടുകളിലെ മാലിന്യ സംസ്കരണത്തിനാണ് ഈ ഘട്ടത്തിൽ ഊന്നൽ കൊടുത്തത്. ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ് എന്നിവ പരമാവധി വീടുകളിൽ സ്ഥാപിച്ച് ഉറവിടത്തിൽ മാലിന്യം സംസ്കരിക്കുന്നതിനാണ് ശ്രമിച്ചത്.
* ഇതിന്റെ ഭാഗമായി എഴുനൂറോളം ബയോഗ്യാസ് പ്ലാന്റുകളും 1500 പൈപ്പ് കമ്പോസ്റ്റുകളും സ്ഥാപിക്കാനായി.

1. ഇതിനെതുടർന്ന് 2014 സെപ്തംബറിന് നടന്ന ശിൽപശാലയോടെ തുടക്കം കുറിച്ച പദ്ധതി പ്രകാരം 'ശുചിത്വ ഗൃഹം ശുചിത്വ നഗരം' എന്ന മുദ്രവാക്യവുമായി ഒരു മൂന്നാംഘട്ട പ്രവർത്തനം നഗരസഭ നടത്തി. ഈ ഘട്ടത്തിൽ പരമാവധി വീടുകളിൽ ഉറവിടമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കാനും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക ദിശാബോധം നൽകാനുമായി. കഴിഞ്ഞ അഞ്ചു വർഷകാലത്തെ പ്രവർത്തനങ്ങൾക്ക് മാലിന്യ സംസ്കരണരംഗത്ത് ഏറെ മുന്നേറാൻ ആയിട്ടുണ്ട്. എന്നാൽ പൂർണ്ണമായും ലക്ഷ്യത്തിലേക്കെത്താനായില്ല. ഇതിന്റെ കാരണങ്ങൾ വിലയിരുത്തുമ്പോൾ പ്രധാനമായും താഴെ പറയുന്ന 5 കാരണങ്ങളാണെന്ന് കണ്ടെത്താൻ കഴിയും.

1. കൃത്യവും ശാസ്ത്രീയവുമായ പദ്ധതിയുടെ അഭാവം.
2. ശക്തമായ സംഘടനാ സംവിധാനത്തിന്റെ അപര്യാപ്തത.
3. കൃത്യമായ ചുമതലകളോടെയുള്ള നിർവ്വഹണ വിഭാഗത്തിന്റെ കുറവ്.
4. പദ്ധതി തുടർച്ചക്ക് ആവശ്യമായ മോണിറ്ററിംഗിന്റെ അഭാവം.
5. സുശക്തമായ ക്യാമ്പയിനിലൂടെ പദ്ധതി ജനകീയ വൽക്കരിക്കുന്നതിലെ പോരായ്മ.

ഈ പോരായ്മകൾ നികത്തി കാലാനുസൃതമായ മാറ്റങ്ങളോടെയും 12–ാം പദ്ധതിയിലെ 5–ാം വാർഷിക പദ്ധതിക്കാലത്ത് ജീവനം എന്ന പേരിൽ പ്രത്യേകം പദ്ധതിയായി മാലിന്യ സംസ്കരണത്തിന് ഊന്നൽ കൊടുത്ത് പദ്ധതി ആരംഭിച്ചു. 2017 ആഗസ്റ്റ് മാസത്തിൽ പദ്ധതി ഉദ്ഘാടനം ചെയ്തു.

**പദ്ധതി മുന്നോട്ടുവെച്ച പ്രധാനപ്പെട്ട മാലിന്യസംസ്കരണ ലക്ഷ്യം ഇവയായിരുന്നു.**

1. മാലിന്യം വലിച്ചെറിയുന്നത് അപരിഷ്കൃതമാണെന്ന ബോധം വളർത്തുക-ക്യാമ്പയിൻ പ്രവർത്തനം.
2. മാലിന്യം വേർതിരിച്ച് സംസ്കരിക്കാൻ പഠിപ്പിക്കുക.
3. നഗരത്തിന്റെ എല്ലാ മേഖലയിലും ഇപ്പോൾ ചിതറി കിടക്കുന്ന മാലിന്യം ഒരു ഏകദിനശുചിത്വ പ്രക്രിയയിലൂടെ നീക്കുക.
4. നഗരസഭയിലെ മുഴുവൻ വീടുകളെയും സ്ഥാപനങ്ങളെയും ഉറവിട മാലിന്യ സംവിധാനം ഉറപ്പാക്കുക.
5. അജൈവമാലിന്യങ്ങൾ ശേഖരിക്കാൻ കൃത്യമായ സംവിധാനം ഒരുക്കുക.
6. പ്ലാസ്റ്റിക്കിനെതിരെ ശക്തമായ ബോധവൽക്കരണം ഒരുക്കുക, നിയന്ത്രണ സംവിധാനങ്ങൾ.
7. ഫ്ളാറ്റുകളിലും-വ്യാപാര സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണത്തിനായുള്ള ഇടപെടൽ.
8. ദ്രവമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ. ഏർപ്പെടുത്തുന്നതുവരെ ദ്രവമാലിന്യത്തിന്റെ അളവു കുറക്കൽ ഇടപെടൽ-ജലാശയങ്ങൾ മാലിന്യമുക്തമാക്കൽ.
9. മാലിന്യം തള്ളുന്നതിനെതിരെ കർശനശിക്ഷാ നടപടികൾ സ്വീകരിക്കലും, നൈറ്റ് സ്ക്വാഡ് രൂപീകരിക്കലും

തുടർന്ന് സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ വിവിധ ബഹുജനപ്രസ്ഥാന ങ്ങളുമായി പദ്ധതി ചർച്ച നടത്തി. 197 ഓളം സംഘടനക ളിൽപ്പെട്ട 3638 ഓളം ബഹുജനപ്രതിനിധികളുമായി പദ്ധതി ചർച്ച ചെയ്തു. രണ്ടാംഘട്ട എന്ന നിലയിൽ നവംബർമാസത്തിൽ നഗരസഭ ചെയർമാന്റെ നേതൃത്വത്തിൽ ഒരു വാർഡിൽ 2 അയൽസഭ എന്ന രൂപത്തിൽ സംഘടിപ്പിച്ച് പദ്ധതിയുടെ ലക്ഷ്യങ്ങൾ ജനങ്ങൾക്കിടയിൽ വിശദീകരിച്ചു. തുടർന്ന് എല്ലാ വീടുകളിലും ജീവനം പദ്ധതിയിൽ പരിശീലനം സിദ്ധിച്ച ഗ്രീൻ സൂപ്പർവൈസർമാർ നേരിട്ടെത്തി പദ്ധതിയുടെ ലഘുലേഖ വിതരണം ചെയ്യുകയും സർവ്വേ നടത്തുകയും ചെയ്തു. ഇതോടെ നഗരസഭയിലെ എല്ലാ വീടുകളിലും ഈ സന്ദേശം 1800 രൂപ വിലയുള്ള ബിൻ 90 ശതമാനം സബ്സിഡിയോടെയാണ് വിതരണം ചെയ്തത്. വീടുകളിലെ അജൈവ മാലിന്യം ശേഖരിക്കാൻ മൂന്നു ചാക്കുകളും നൽകി. ജനുവരി 15 മുതൽ പ്ലാസ്റ്റിക്കുകളുള്ള അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിക്കുന്ന പദ്ധതി ആരംഭിച്ചു. ഇത് വിജയകരമായി മുന്നോട്ടുപോകുന്നു. ഏപ്രിൽ 1 മുതൽ രണ്ടാംഘട്ട 11 വാർഡുകളിലെ ശേഖരണവും ആരംഭിച്ചു. മാലിന്യ സംസ്കരണം എന്ന ഏറ്റവും പ്രധാനമായ വെല്ലുവിളിയെ കൃത്യമായ പദ്ധതിയോടെ നേരിടുക എന്ന ഈ പദ്ധതി 13-ാം പദ്ധതിക്കാലത്ത് ശക്തമായി മുന്നോട്ടുകൊണ്ടുപോവണം.

## 14 – ാം പദ്ധതിക്കാലത്ത് മുന്നോട്ട് വെക്കുന്ന പ്രോജക്ട് ആശയങ്ങൾ

1. നഗര പ്രദേശങ്ങളിലെ സെപ്റ്റിക് ടാങ്ക് മാലിന്യം ഉൾപ്പെടെയുള്ള ദ്രവമാലിന്യങ്ങൾ സംസ്ക്കരിക്കാൻ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുക.
2. കച്ചവട സ്ഥാപനങ്ങളിൽ നിന്നും, കോഴിക്കടകളിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ ശേഖരിച്ച് ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
3. തുണി സഞ്ചി നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
4. ബയോഗ്യാസ് പദ്ധതിയിൽ പ്രോത്സാഹനം നൽകുക.
5. നഗരസഭ ഖരമാലിന്യ സംസ്കരണ പ്ലാന്റിനെഅത്യാധുനിക സൗകര്യങ്ങളോടു കൂടിയുള്ള മാതൃകാ പ്ലാന്റാക്കുക.
   - എ) ജൈവമാലിന്യ സംസ്കരണം പൂർണ്ണമായും മെക്കനയ്സ് ചെയ്യുക.
   - ബി) സമ്പൂർണ്ണ പ്ലാസ്റ്റിക്ക് റിസൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുക.
   - സി) കാര്യക്ഷമമായ മെറ്റീരിയൽ റിക്കവറി ഫസിലിറ്റി സെന്റർ സ്ഥാപിക്കുക.
   - ഡി) എല്ലാ അജൈവ മാലിന്യവും റീസൈക്ലിംഗ് സൗകര്യമുണ്ടാക്കുക.
   - എഫ്) 14 ഏക്കറുള്ള പ്ലാന്റിൽ ജൈവ വൈവിധ്യ പാക്കും- ഗൃഹപരിപാല നവും-മാലിന്യ സംസ്കരണവും സംയോജിപ്പിച്ച് ഹരിതകേരളമിഷന്റെ പ്രതീകമായി സംസ്ഥാനമാതൃകയായി പ്ലാന്റിനെരൂപപ്പെടുത്തും.

6. നഗരസഭയിലെ എല്ലാ വീടുകളെയും സ്ഥാപനങ്ങളെയും മാലിന്യ സംസ്കരണ സംവിധാനത്തിനു കീഴിൽ കൊണ്ടുവരുന്ന സമ്പൂർണ്ണ മാലിന്യ സംസ്കരണ പദ്ധതി.
   - എ) വ്യാപാര-വ്യവസായ സ്ഥാപനങ്ങളിലെ എല്ലാവിധ മാലിന്യങ്ങളും പ്ലാന്റിലേക്ക് കളക്റ്റ് ചെയ്യും.
   - ബി) എല്ലാ വീടുകളിലേയും ജൈവമാലിന്യ സംസ്കരണത്തിന് വീടുകളിൽ ബയോബിൻ നൽകി സമ്പൂർണ്ണ ഉറവിട മാലിന്യ സംസ്കരണ ഗൃഹ നഗരസഭയാക്കും.
   - സി) വീടുകളിലെ ഖരമാലിന്യങ്ങൾ നഗരസഭ ഹരിതസേനഎല്ലാ വീടുകളിലുമെത്തി മാസത്തിൽ രണ്ട് തവണ ശേഖരിക്കും.
   - ഡി) വിവാഹം-മറ്റ് ആഘോഷ പരിപാടികൾ എന്നിവക്ക് സമ്പൂർണ്ണ ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കും. ഡിസ്പോസിബിൾ പൂർണ്ണമായും ഒഴിവാക്കും. പ്ലേറ്റ് ഗ്ലാസ് എന്നിവയുടെ സപ്ലൈക്ക് കുടുംബശ്രീ യൂണിറ്റ് രൂപീകരിക്കും.
   - ഇ) വിവാഹം-ആഘോഷം-ഫംങ്ഷനുകൾ എന്നിവിടങ്ങളിലെ എല്ലാ മാലിന്യങ്ങും നഗരസഭ നീക്കം പ്രത്യേകം ശേഖരിച്ച് ഇമേജിന് കൈമാറും.
7. ഉറവിട മാലിന്യസംസ്ക്കരണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കും. പൈപ്പ് കമ്പോസ്റ്റ് , ബയോഗ്യാസ് പ്ലാന്റ് എന്നിവയടെ പ്രദർശനം ഓരോ മേഖലയിലും സംഘടിപ്പിച്ച് സബ്സിഡി നൽകി നടപ്പാക്കും.
8. മാലിന്യങ്ങൾ കുടുംബശ്രീ വഴി ശേഖരിക്കുന്നത് കാര്യക്ഷമമാക്കും. കൂടുതൽ വീടുകളിലേക്ക് വ്യാപിപ്പിക്കും.
9. എല്ലാ പ്രധാനറോഡുകളിലും വാട്സൺ പാർക്ക് സ്ഥാപിക്കും.
10. ശുചിത്വ ഗൃഹം ശുചിത്വ നഗരം പദ്ധതി വാർഡുകൾ തോറും നടപ്പാക്കും. ഓരോ വാർഡും ക്രമത്തിൽ ശുചത്വ വാർഡായി പ്രഖ്യാപിക്കും.
11. മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്താനായി നൈറ്റ് സ്ക്വാഡ് രൂപീകരിക്കും. മാലിന്യംവലിച്ചെറിയുന്നവർക്ക് 10000 രൂപ പിഴചുമത്തും
12. ക്ലീൻ പെരിന്തൽമണ്ണ മിഷൻ നടപ്പാക്കും. നിലവിൽ മാലിന്യം കൂടിക്കിടക്കുന്ന ഇടങ്ങളിൽ നിന്നും പരിപൂർണ്ണമയി അവ നീക്കം ചെയ്യാൻ നടപടി എടുക്കും.
13. സ്ക്കൂളുകളിൽ മാലിന്യ സംസ്ക്കരണ സംവിധാനം ഒരുക്കും.
14. പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നതിനായ ബോധവൽക്കരണം നടത്തും. വാട്സൺ പാർക്ക്, സ്കൂളുകൾ, കുടുംബശ്രീ യുണിറ്റുകൾ എന്നിവ വഴി പ്ലാസ്റ്റിക്ക് വേസ്റ്റുകൾ ശേഖരിക്കും.
15. പ്ലാസ്റ്റിക്ക് ഉപകരണങ്ങൾ, കവറുകളുടെ അമിത ഉപയോഗം തടയുന്നതിന് തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കും. പ്ലാസ്റ്റിക് പൊടിച്ച് ടാറിംഗിനായി ഉപയോഗിക്കും.
16. ഈ വേസ്റ്റ് മൂന്നു മാസത്തിലൊരിക്കൽ ശേഖരിക്കും.

17. വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ വാർഡ് തലത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.
18. നഗരത്തിൽ 8 പ്രധാനകേന്ദ്രങ്ങളിൽ പൊതുടോയ്‌ലറ്റുകൾ നിർമ്മിക്കും.
19. ഹെൽത്ത് സ്ക്വാഡിന്റെ പ്രവർത്തനം കർശനമാക്കും.
20. മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കണ്ടുപിടിക്കുന്നതിന് ക്യാമറകൾ സ്ഥാപിക്കും.
21. ഓടകൾ സമയാസമയങ്ങളിൽ ക്ലീൻ ചെയ്യും. കൊതുക് പെരുകുന്നത് തടയാൻ നടപടി സ്വീകരിക്കും.
22. ആശുപത്രിയിലെ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി നഗരസഭ ഏറ്റെടുക്കും.
23. ഖരമാലിന്യപ്ലാന്റ് കൂടുതൽ ശാസ്ത്രീയമായ രീതിയിലാക്കുക.
24. പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം സംബന്ധിച്ച് വാർഡുതലത്തിൽ ബോധവൽക്കരണം നടത്തുക.
25. ഹോട്ടലുകളിൽ ഹെൽത്ത് വിഭാഗം ആഴ്ചയിൽ ഒരു തവണയെങ്കിലും പരിശോധനനടത്തും
26. ഓടകളിലേക്ക് മാലിന്യം ഒഴുക്കുന്നത് തടയാൻ നടപടി സ്വീകരിക്കും.
27. മാലിന്യം വലിച്ചെറിയുന്നതിനെതിരെ ഡോക്യുമെന്ററി പ്രചരണം

## മലിനജല സംസ്കരണ പദ്ധതി

മലപ്പുറം ജില്ലയിലെ, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ദ്രുതഗതിയിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു നഗരമാണ്. ഏതൊരു നഗരത്തിന്റെയും സമഗ്രമായ വളർച്ചയ്ക്കു നഗര നിവാസികളുടെ ആരോഗ്യ സംരക്ഷണവും പരിപാലനവും മുഖ്യ പങ്ക് വഹിക്കുന്നു. നഗരം മാലിന്യമുക്തമാക്കൽ നഗരവാസികളുടെ ആരോഗ്യ പരിപാലനത്തിന്റെ അത്യന്താപേക്ഷിതമായ ഘടകമാകുന്നു.

നഗരങ്ങളിൽ സാധാരണമായി കാണപ്പെടുന്ന മാലിന്യങ്ങളെ ഖരമാലിന്യം, ജലമാലിന്യം (അഥവാ മലിനജലം) എന്നവയായി തരംതിരിക്കാം. ഇതിൽ മലിനജല സംസ്കരണത്തെപ്പറിയാണു ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

## മലിനജലം

എന്താണു മലിനജലം. നാം ഉപയോഗിച്ച ശേഷം പുറംതള്ളുന്ന എല്ലാ ജലവും മലിനജലമാണ്. മാലിന്യത്തിന്റെ തോത് വിവിധതരം മലിനജലത്തിനു വ്യത്യസ്തമായിരിയ്ക്കും.

## നഗരങ്ങളിലെ മലിനജലം (Municipal sewage)

ഗരങ്ങളിലെ മലിനജലം (Municipal sewage) എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് വീടുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, ഓഫീസുകൾ, ബസ് സ്റ്റാന്റ്, റെൽവെ സ്റ്റേഷൻ മുതലായ സ്ഥലങ്ങളിലെ ടോയ്‌ലറ്റ്, കുളിമുറി, അടുക്കള എന്നിവയിൽ നിന്നും ഉത്പാദിക്കപ്പെടുന്ന മലിനജലത്തെയാണ്. ടോയ്‌ലറ്റിൽ നിന്നുമുള്ള മലിനജലത്തെ സീവെജ് (sewage or blackwater) എന്നും, കുളിമുറി, അടുക്കള എന്നിവയിൽ നിന്നുമുള്ള മലിനജലത്തെ സള്ളേജ് (sewage or blackwater) എന്നും അറിയപ്പെടുന്നു.

## നഗരത്തിലെ ശുചിത്വ (Sanitation) ത്തിന്റെ തൽസ്ഥിതി

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ശുചിത്വത്തിന്റെ കാര്യത്തിൽ ബഹുദൂരം മുന്നോട്ട് പോയിരിക്കുന്നു. നഗരസഭ നൽകിയ കക്കൂസ് ഉള്ളതായി കാണുന്നു. സെപ്റ്റിക് ടാങ്കും ലീച് പിറ്റും അടങ്ങുന്ന സംവിധാനമാണ് വീടുകളിലും, മറ്റു സ്ഥാപനങ്ങളിലും ടോയ്‌ലെറ്റുകളിലെ മലിനജല സംസ്കരണത്തിനായി സ്ഥാപിച്ചിരിക്കുന്നത്.

മുനിസിപ്പാലിറ്റിയിലെ 9904 വീടുകളിൽ 9893 വീടുകൾക്കും കക്കൂസുകളും മറ്റ് പൊതു ആവശ്യത്തിനായി പൊതു ശൗചാലയങ്ങളും ഉള്ളതായി സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നു.

നഗരത്തിൽ പരസ്യമായ വിസർജനം (Open defection) ഒട്ടും തന്നെ ഇല്ല എന്നും അറിയുന്നു. മേൽ വിവരിച്ച തരം മലിനജല സംസ്കരണത്തെ ഓൺ സൈറ്റ് സാനിറ്റേഷൻ എന്നാണ് അറിയപ്പെടുന്നത്. ഇത്തരത്തിലുള്ള സംവിധാനത്തിന് വളരെ അധികം പരിമിതികൾ ഉള്ളതിനാൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നഗരങ്ങളിൽ മെച്ചപ്പെട്ട ആധുനിക സംവിധാനങ്ങൾ മലിനജല സംസ്കരണത്തിന് ആവശ്യമാണ്.

## ഓഫ് സൈറ്റ് സാനിറ്റേഷൻ

മേൽ വിവരിച്ച ഓൺ സൈറ്റ് സാനിറ്റേഷൻ മലിനജലം അതാതിടങ്ങളിൽ സംസ്കരിക്കുന്ന സംവിധാനമാണ്. പലസ്ഥലങ്ങളിൽ നിന്നുമുള്ള മലിനജലം മറ്റു പൊതുവായ ഒരു സ്ഥലത്ത് കൊണ്ടുപോയി സംസ്കരിക്കുന്നതിനെയാണ് ഓഫ് സൈറ്റ് സാനിറ്റേഷൻ എന്ന് പറയപ്പെടുന്നത്.

## ഓൺ സൈറ്റ് സാനിറ്റേഷന്റെ പരിമിതികൾ

സെപ്റ്റിക് ടാങ്കും ലീച്ച് പിറ്റും ഉള്ള സംവിധാനമാണ് നഗരങ്ങളിൽ പൊതുവെ ഓൺ സൈറ്റ് സാനിറ്റേഷന് വേണ്ടി ഉപയോഗിക്കുന്നതെങ്കിലും അതിന് താഴെ പറയുന്ന പരിമിതികൾ ഉണ്ട്.

1. സെപ്റ്റിക്ടാങ്ക് 2 ഓ 3 ഓ ലീക് പ്രൂഫ് ആയ അറകൾ ഉള്ളതായിരിക്കണം – അല്ലെങ്കിൽ സംസ്കരണം ഭാഗികമായി മാത്രം നടക്കുകയും ലീച് പിറ്റിൽ കൂടെപുറത്തു പോകുന്ന ജല (എഫ്ലുവെന്റ്) ത്തിൽ മാലിന്യം അനുവദനീയമായ പരിധിയിലും വളരെ കൂടുതലായി ഉണ്ടായിരിക്കുന്നതുമാണ്. കൂടാതെ ടാങ്കിന് ലീക് ഉണ്ടെങ്കിൽ സംസ്കരിക്കപ്പെടാത്ത മാലിന്യം പുറത്തേക്ക് ഒഴുകി ജലസ്രോതസ്സുകളെ മലിനപ്പെടുത്തുവാൻ സാധ്യതയേറുന്നു.
2. ലീച് പിറ്റിൽ നിന്നും പുറത്തേക്ക് പോകുന്ന ജലം ഫലപ്രദമായി സംസ്കരിക്കപ്പെടുവാൻ പിറ്റിന്റെ ചുറ്റും വരണ്ടതായിരിക്കണം. ആയതിനാൽ ജലനിരപ്പ് വളരെ കൂടുതലുള്ള സ്ഥലങ്ങളിൽ സംസ്കരണം ഫലപ്രദമാകുന്നില്ല. കൂടാതെ മഴക്കാലങ്ങളിലും ഫലപ്രദമായി സംസ്കരണം നടക്കുന്നതല്ല.
3. സെപ്റ്റിക് ടാങ്കിലെ മാലിന്യം (Septage) 2/3 വർഷം കൂടുമ്പോൾ ടാങ്കർ ഉപയോഗിച്ച് പുറത്തെടുത്ത് അനുയോജ്യമായ വിധത്തിൽ ഡിസ്പോസ് ചെയ്യേണ്ടതുമാണ്. ഇങ്ങനെചെയ്തില്ലെങ്കിൽ ജലമാലിന്യ സംസ്കരണം ഫലപ്രദമല്ലാതാകുന്നു.
4. സെപ്റ്റിക് ടാങ്ക് സംവിധാനം വഴി നടത്തുന്ന സംസ്കരണം എത്ര നന്നായി ചെയ്താലും 50 മുതൽ 70 ശതമാനം വരെ മാത്രമെ ഫലപ്രദമാകുന്നുള്ളു എന്നാണ് പഠനങ്ങൾ തെളിയിച്ചിരിക്കുന്നത്.
5. പെരിന്തൽമണ്ണയിൽ പലയിടത്തും മണ്ണിന്റെ ഘടനലാറ്ററൈറ്റ് (Laterile) ആയതിനാൽ ഇതിലുള്ള നേർത്ത ചാലുകളിലൂടെ സംസ്കരിക്കപ്പെടാത്ത ജലമാലിന്യവും ജലസ്രോതസ്സുകളിലേക്ക് എളുപ്പത്തിൽ ഒഴുകിയെത്തുവാൻ സാദ്ധ്യത ഏറുകയും ചെയ്യുന്നു.

ആയതിനാൽ ഓൺ സൈറ്റ് സാനിറ്റേഷൻ സെപ്റ്റിക് ടാങ്ക് സംവിധാനം ഉപയോഗിക്കുന്നിടങ്ങളിൽ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നതിനാൽ ജലജന്യ രോഗങ്ങൾ പൊതു ആരോഗ്യത്തിന് വലിയ ഭീഷണി ആയിത്തീരുന്നു.

## ഓഫ് സൈറ്റ് സാനിറ്റേഷന്റെ അനിവാര്യത

മേൽ പ്രതിപാദിച്ച വിവരങ്ങളിൽ നിന്നും ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ ഓൺ സൈറ്റ് സാനിറ്റേഷൻ ഫലപ്രദമല്ലെന്ന കണ്ടെത്തലുകൾ മറ്റു മാർഗങ്ങൾ സ്വീകരിക്കുവാൻ നിർബന്ധിതമാവുന്നു. ആയതിനാൽ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ഓഫ് സൈറ്റ് സാനിറ്റേഷന്റെ പ്രസക്തി ഏറുന്നു. സിവറേജ് പദ്ധതികൊണ്ട് വളരെ ഫലപ്രദമായ ഓഫ് സൈറ്റ് സാനിറ്റേഷൻ നടപ്പിലാക്കുവാൻ സാധിക്കുന്നു.

## സിവറെജ് പദ്ധതി

സിവറെജ് പദ്ധതിയിൽ വിവിധ കെട്ടിടങ്ങളിലെ ടോയിലെറ്റിൽ ( കക്കൂസ് ) നിന്നുള്ള മലിനജലവും, കുളിമുറി, അടുക്കള എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലവും കെട്ടിടത്തിന്റെ അതിർത്തിയിൽ നിർമിക്കുന്ന ചേയിംബറിലൂടെയും, ഭൂഗർഭ പി.വി.സി പൈപ്പുകളിലൂടെയും റോഡിൽ നിർമ്മിച്ചിരിക്കുന്ന മാൻഹോളിലേയ്ക്ക് ഒഴുകി എത്തുകയും ചെയ്യുന്നു.

## മലിനജലം വീട്ടിൽ നിന്നു ശേഖരിച്ച് മാൻഹോളിലേയ്ക്കു ഒഴുക്കുന്നതിന്റെ മാതൃക



മാൻഹോളിൽ എത്തുന്ന മാലിന്യം ഭൂഗർഭ പൈപ്പുകളും മാൻഹോളുകളും ചേർന്ന സിവറേജ് നെറ്റവർക് വഴി ഓരോ മേഖലയിലും നിർമിച്ചിരിക്കുന്ന കോൺക്രീറ്റ് കിണറി (Wet Well) ലേയ്ക്ക് ഒഴുകിയെത്തുന്നു.

വിവിധ മേഖലകളിൽ മേൽ പറഞ്ഞ പ്രകാരം കോൺക്രീറ്റ് കിണറുകളിൽ ഒഴുകിയെത്തുന്ന മലിനജലം നേരിട്ടോ എല്ലെങ്കിൽ മറ്റു കോൺക്രീറ്റ് കിണറുകൾ വഴിയോ പമ്പ് ചെയ്ത് മലിനജല സംസ്കരണ ശാലയിൽ (എസ്.ടി.പി (STP)) എത്തിക്കുകയും അവിടെ വെച്ച് സംസ്കരിക്കുകയും ചെയ്യുന്നു. മലിനജലം സംസ്കരിക്കുന്നതിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന എഫ്ളുവെന്റും (effluent) സ്ലഡ്ജും (Sludge) പൊലൂഷൻ കണ്ട്രോൾ ബോഡ് നിർദ്ദേശിക്കുന്ന മാലിന്യ പരിധികളെക്കാൾ കേമമായിരിക്കുന്നതാണ്.

മേൽ പറഞ്ഞ എഫ്ളുവെന്റ് (ജലം) കുടിക്കുന്നതിനൊഴികെ മറ്റു കാര്യങ്ങൾക്ക് ഉപയോഗിക്കാവുന്നതും, തോടുകളിലേക്കും മറ്റും ഒഴുക്കി വിടാവുന്നതുമാണ്. സ്ലഡ്ജ് കൃഷിക്ക് വളമായി ഉപയോഗിക്കാവുന്നതുമാണ്.

മലിനജല സംസ്കരണത്തിനായി എസ്.ബി.ആർ (SBR) എന്ന നൂതനസാങ്കേതികവിദ്യ യാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതു കാരണം സംസ്കരണ ശാലക്ക് വേണ്ട സ്ഥല ത്തിന്റെ വിസ്തൃതി കുറവായിരിക്കുന്നതാണ്. കൂടാതെ പുറത്ത് തള്ളുന്ന ജലവും (Effluent) സ്ലഡ്ജും മെച്ചപ്പെട്ട തരത്തിലുമായിരിക്കുന്നതാണ്.

ഈ തരത്തിലുള്ള മലിനജല സംസ്കരണം വഴി നഗരത്തിലെ വിവിധ പ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നത് തടയുകയും പൊതുജനങ്ങളുടെ ആരോഗ്യ പരിപാലനം മെച്ചപ്പെടുകയും ചെയ്യുന്നു.

## സിവറെജ് പദ്ധതി

ഏകദേശം 34.5 ചതുരശ്ര കിലോമീറ്റർ വിസത്രിതിയുള്ള പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി യിലെ ജനസാന്ദ്രത കൂടിയ നഗരപ്രദേശമായ 4.5 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് മാത്രമേ പദ്ധതി ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളു.

ജനസാന്ദ്രത വളരെ കുറഞ്ഞ സ്ഥലങ്ങളിൽ ഇത്തരം പദ്ധതികൾ വളരെ ചിറവേറിയതായതി നാൽ തിരെ അഭികാമ്യമല്ല.

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ പടം താഴെ കൊടുത്തിരിക്കുന്നു. പദ്ധതി പ്രദേശം ഹാച്ച് ചെയ്തിരിക്കുന്നു.



മുനിസിപ്പാലിറ്റിയിലെ നാലു സോണുകളായി തിരിച്ച മാപ്പ്



ഭൂപ്രകൃതിയനുസരിച്ച് പദ്ധതി പ്രദേശത്തെ 4 മേഖലകളായി തിരിച്ചാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. നാല് മേഖലയിലൂം അതാത് മേഖലയിലെ ജലമാലിന്യം ശേഖരിക്കുന്നതിനായി ഓരോ കോൺക്രീറ്റ് കിണറും പമ്പിങ്ങ് സ്റ്റേഷനും ഉണ്ടാകുന്നതാണ്.

മേഖല ഒന്നിന്റെ കിണറും പമ്പിങ്ങ് സ്റ്റേഷനും പാതായിക്കരയിലും, രണ്ടാം മേഖലയിലേതു പട്ടാമ്പി റോഡരികിലായി പുത്തൂർ അമ്പലത്തിനടുത്തും മൂന്നാം മേഖലയിലേതു ഊട്ടി റോഡരികിലായി 110 കെ വി സബ്സ്റ്റേഷന് സമീപവുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. തോടുകൾ ക്രോസ് ചെയ്ത് ഭൂഗർഭ പൈപ്പുകൾ ഇടുന്നതിനുള്ള പരിമിതികൾ കാരണം മൂന്നാം മേഖലയിൽ ഒരു ഉപമേഖലകൂടെ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ മേഖലയുടെ കിണറും പമ്പിങ്ങ് സ്റ്റേഷനും മലിനജല സംസ്കരണ ശാലയിൽ സ്ഥാപിക്കുന്നതാണ്.

സിവേജ് പൈപ്പുകൾക്കായി എസ് എൻ 8 (SN8) പി വി സി (PVC) പൈപ്പുകളും, ആഴം കൂടുതലുള്ളിടങ്ങളിൽ എച് ഡി പി ഇ (HDPE) പൈപ്പുകളും പമ്പിങ്ങ് ലൈനിനായി ഡി ഐ (DI) പൈപ്പുകളുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. വിവിധ വ്യാസങ്ങളുള്ള 21,500 മീറ്റർ സിവേജ് പൈപ്പുകളും, 2,900 മീറ്റർ പമ്പിങ്ങ് മൈനിനുള്ള പൈപ്പുകളും ഈ പദ്ധതിക്കായി വേണ്ടിവരുന്നതാണ്.

വിവിധ വ്യാസങ്ങളുള്ള 650 കേൺഗ്രീറ്റ് മാൻ ഹോളുകളും പദ്ധതിക്കായി വേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

അർബൺ 2020 എന്ന സ്കീം പ്രകാരം തയ്യാറാക്കിയ പദ്ധതിയുടെ തുക പരിമിതപ്പെടുത്തേണ്ടതിനാൽ താഴെ പറയുന്ന സ്ഥലങ്ങളിലെ നെറ്റവർക്ക് പദ്ധതി രൂപരേഖയുടെ നക്കലിൽ ഉൾപ്പെടുത്തിയിട്ടില്ല.

1. തറയിൽ ബസ് സ്റ്റാന്റിന്റെ അടുത്തേക്ക് എത്തുന്ന ഉദ്ദേശം 600 മിറ്റർ നീളത്തിലും, 1.6 മുതൽ 3.4 മീറ്റർ വരെ വീതിയും ഉള്ള ഡ്രൈൻ കം ഫൂട് പാത്തിലൂടെ ഇരുചക്ര വാഹനങ്ങളും മുച്ചക്ര വാഹനങ്ങളും പോകുന്നുണ്ട്. ഈ ഡ്രൈനിലൂടെ സള്ളെജും സീവെജും അടങ്ങി മലിനജലം ഒഴുകി തറയിൽ സ്റ്റാന്റിന്റെ അടുത്തെത്തുന്നു. ഈ ഡ്രൈൻ മുഴുവനായി പൊളിച്ച് മാറ്റി ഇവിടെ ഒരു ഭാഗത്തായി ഡ്രൈനും മറു വശത്ത് സിവർ ലൈനും നിർമ്മിക്കേണ്ടതാണ്.

2. ഊട്ടി റോഡിൽ നിന്നും തുടങ്ങി അൽഷിഫ ഹോസ്പിറ്റൽ റോഡ് വഴി പോകുന്ന ഭാഗം. ഇവിടെ ആഴമുള്ള തോട് ക്രോസ് ചെയ്യുവാൻ പ്രത്യേക സംവിധാനം ആവശ്യമാണ്. അതിനാൽ താരതമ്യേനകൂടുതൽ തുക ചിലവിലേ ഈ ഭാഗത്തെ നെറ്റ്വർക് ചെയ്തെടുക്കുവാൻ സാദ്ധ്യമാക്കും.

3. നഗരസഭയുടെ ലൈഫ് ഫ്ളാറ്റ് സമുച്ചയം, പച്ചത്തുരുത്ത് എന്നിവിടങ്ങളിൽ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സീവേജ് പ്ലാന്റുകൾ സ്ഥാപിക്കും.

## പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ വിവരങ്ങൾ

| നമ്പർ | ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ വിവരങ്ങൾ | സ്ഥലങ്ങളുടെ വിസ്തൃതി | എവിടെയെന്ന വിവരം |
|---|---|---|---|
| 1 | പമ്പിങ്ങ് സ്റ്റേഷൻ മേഖല 1 | 3 സെന്റ് | Near Pathaikkara Juma Masjith |
| 2 | പമ്പിങ്ങ് സ്റ്റേഷൻ മേഖല 2 | 5 സെന്റ് | Pattambi road Near Alankar steels, ( Side of Puthur Temple Drain |
| 3 | പമ്പിങ്ങ് സ്റ്റേഷൻ മേഖല 3 | 5 സെന്റ് | Raod side Near KSEB Sub Station |
| 4 | പമ്പിങ്ങ് സ്റ്റേഷൻ മേഖല 4 | 5 സെന്റ് | On the side of the Temple road - Around 100 m away from Tharayil Bus stand |
| 5 | സംസ്കരണശാല | 80 സെന്റ് | By the side of Parvathi Padam Thodu |

# പെരിന്തൽമണ്ണ നഗരസഭ ജീവനം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വിവിധങ്ങളായ പദ്ധതികളുടെ വീക്ഷണം

















# 11– വിദ്യാഭ്യാസം, കല, സംസ്ക്കാരം, കായികം, യുവജനക്ഷേമം

**ആമുഖം**

കേരളത്തിന്റെ തനതായ വിദ്യാഭ്യാസരീതിയാണ് മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസം. സാമൂഹ്യ നവോത്ഥാനത്തെ തുടർന്ന് ഭൂപരിഷ്കരണവും, വിദ്യാഭ്യാസ ബില്ലും നടപ്പാക്കിയതിന്റെ ഫലമായിട്ടാണ് പൊതുവിദ്യാഭ്യാസം എന്ന ആശയം പ്രാവർത്തികമായത്.

പിന്നിട്ട 20 വർഷത്തെ ജനകീയാസൂത്രണ പ്രക്രിയയിലൂടെ വിദ്യാഭ്യാസരംഗത്ത്, ഭൗതികവും, അക്കാദമികവും, സാംസ്കാരികവുമായ വൻ മുന്നേറ്റമാണ് നഗരസഭയിൽ ഉണ്ടായിട്ടുള്ളത്. കമ്മ്യൂണിസ്റ്റ് താത്വികാചാര്യനും ഐക്യകേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയുമായ ഇ.എം.എസ്, ഭക്ത കവി പൂന്താനം, വിപ്ലവ സാഹിത്യകാരൻ ചെറുകാട്, പ്രമുഖ എഴുത്തുകാരൻ നന്തനാർ, സ്വാതന്ത്ര്യ സമര സേനാനി എം.പി.ഗോവിന്ദമേനോൻ അടക്കം നിരവധി കലാ-സാംസ്കാരിക നവോത്ഥാനനായകൻമാരുടെ പഠനകേന്ദ്രവും, കർമ്മ ഭൂമിയുമായിരുന്ന പെരിന്തൽമണ്ണ നഗരത്തിൽ അങ്ങിങ്ങായി ചിതറികിടന്നിരുന്ന വിവിധ സ്കൂളുകളെ ഏകോപിപ്പിച്ച് ഇ.എം.എസ് വിദ്യാഭ്യാസ കോംപ്ലക്സ് പ്രാവർത്തികമാക്കാൻ കഴിഞ്ഞു എന്നത് കഴിഞ്ഞ കാലയളവിൽ നഗരസഭയുടെ വലിയൊരു നേട്ടമാണ്.

രണ്ട് ഹയർസെക്കന്ററി സ്കൂളുകൾ, ഒരു വെക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, രണ്ട് ഹൈസ്കൂൾ, ഒരു എൽ.പി സ്കൂൾ എന്നിവ ചേർന്നതാണ് ഇ.എം.എസ് വിദ്യാഭ്യാസ കോംപ്ലക്സ്. ഇത് പ്രാവർത്തികമാക്കുക വഴി നഗരസഭയിലെ വിദ്യാഭ്യാസ മേഖലക്ക് പുതിയൊരു ദിശാബോധം നൽകാനായിട്ടുണ്ട്.

## അവസ്ഥ വിശകലനം

നഗരസഭാ പരിധിക്കുള്ളിൽ ഗവൺമെന്റ്, സ്വകാര്യ കോളേജുകളും, പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമടക്കം ഒട്ടനവധി കലാലയങ്ങൾ ഉണ്ടെങ്കിലും നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഒമ്പത് സർക്കാർ സ്കൂളുകളും, പതിനൊന്ന് അർദ്ധ സർക്കാർ സ്കൂളുകളും മികവിന്റെ കേന്ദ്രങ്ങളാക്കുവാനും, പൊതുവിദ്യാലയങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ, കുടിവെള്ള സൗകര്യം, മൂത്രപുരകൾ, കക്കൂസുകൾ, ആധുനികരീതിയിലുള്ള ഇൻസിനേറ്ററും, വെന്റിങ്ങ് മിഷ്യയനും, വിശ്രമ മുറിയുമുള്ള 'കുമാരി സൗഹൃദ ടോയ്‌ലറ്റുകൾ' അടക്കമുള്ള അടിസ്ഥാനസൗകര്യങ്ങൾക്കും, കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രോജക്ടറുകൾ, ദൃശ്യ ശ്രവ്യ മാധ്യമങ്ങളും അനുബന്ധ സാമഗ്രിഹകളുമടക്കം ഭൗതികവും, അക്കാദമികവുമായ സൗകര്യങ്ങളും, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജൂനിയർ റെഡ്ക്രോസ്, ജാഗ്രത തുടങ്ങി സാംസ്കാരിക രംഗത്തും ഒട്ടേറെ പദ്ധതികളും നഗരസഭയിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധങ്ങളായ വിദ്യാഭ്യാസ പദ്ധതികൾക്ക് നടപ്പു പദ്ധതികാലത്ത് മൊത്തം 2,42,45,176 രൂപ നീക്കിവെക്കുകയും 2,10,23,777 രൂപ ചിലവിടുകയും ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണ വിദ്യാഭ്യാസ സാക്ഷരത എന്ന ലക്ഷ്യത്തോടെ പാതായ്ക്കരയിൽ ഒരു വികസനവിദ്യാകേന്ദ്രവും കുന്നപ്പളി, ജെ.എൻ.റോഡ്, എരവിമംഗലം, കക്കൂത്ത്, എന്നിവിടങ്ങളിൽ 4 തുടർ വിദ്യാകേന്ദ്രങ്ങളും വഴി 4–ാം ക്ലാസ് മുതൽ 12– ാംക്ലാസ് വരെ തുല്യതാ പഠനക്ലാസും, തൊഴിൽ പരിശീലനം, ബോധവൽക്കരണ ക്ലാസുകൾ എന്നിവയും നഗരസഭക്ക് കീഴിൽ നടന്നുവരുന്നു. കൂടാതെ 12–ാം പദ്ധതി കാലയളവിൽ നഗരസഭ പരിധിക്കുള്ളിൽ 85 പേർ നാലാതരം തുല്ല്യതയും, 138 പേർ 7–ാം തരം തുല്ല്യതയും, 759 പേർ പത്താംതരം തുല്ല്യതയും, 134 പേർ 12–ാം ക്ലാസ്സ് തുല്ല്യതയും ഇതിനോടകം നേടിയിട്ടുണ്ട്.

ഇ.എം.എസ് വിദ്യാഭ്യാസ കോംപ്ലക്സിൽ വിവിധ വിഭാഗങ്ങളിലായി 3086 വിദ്യാർത്ഥികളും, എൽ.പി, യു.പി വിഭാഗങ്ങളിലായി മറ്റു സ്കൂളുകളിലായി 2940 കുട്ടികളും പഠനം നടത്തുന്നുണ്ട്. പെരിന്തൽമണ്ണ നഗരസഭക്ക് കീഴിലുള്ള സ്കൂളുകളുടെയും, കുട്ടികളുടെയും, കണക്കുകൾ താഴെപറയും പ്രകാരമാണ്.

കൂടാതെ നഗരസഭക്കകത്തെ മറ്റ് സ്വകാര്യ വിദ്യാലയങ്ങളിൽ പ്രീ–പ്രൈമറി മുതൽ 12–ാം ക്ലാസുവരെ 5561 കുട്ടികളും പഠനം നടത്തുന്നുണ്ട്. ഗവൺമെന്റ് വിദ്യാലയങ്ങളെ അപേക്ഷിച്ച് സ്വകാര്യ മേഖലയിലെ വിദ്യാലയങ്ങളെ ആശ്രയിക്കുന്നവർ നഗരസഭയിൽ ശരാശരിയേക്കാൾ കൂടുതലാണ്.

സർക്കാർ സ്കൂളുകളിൽ ആവശ്യാനുസരണം ക്ലാസ്മുറികളും, മറ്റ് ഭൗതിക സൗകര്യങ്ങളും പൂർണതയിലെത്തിക്കാൻ കഴിഞ്ഞ പദ്ധതിക്കാലത്ത് കഴിഞ്ഞിട്ടില്ല.

നഗരസഭാ പരിധിക്കുള്ളിലെ ഹൈസ്കൂൾ, ഹയർസെക്കന്റി സ്കൂളിൽ വേണ്ടത്ര ക്ലാസ്മുറികളും, ലാബ് സൗകര്യങ്ങളും, ലൈബ്രറി സംവിധാനങ്ങളും കുറ്റമറ്റ രീതിയിലാക്കാൻ കഴിഞ്ഞിട്ടില്ല. നിലവിൽ ഈ വിഭാഗത്തിലെ സ്കൂളുകളിൽ അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യമായ കണക്കുകൾ താഴെ പറയും പ്രകാരം ആണ്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
|---|---|---|---|---|
| 1 | ഗവ:മോഡൽ ഹയർസെക്കന്ററി | 564 | 396 | 960 |
| 2 | ഗവ:ഗേൾസ് ഹയർസെക്കന്റി | 0 | 348 | 348 |
| 3 | ഗവ:വെക്കേഷണൽ ഹയർസെക്കന്റി | 15 | 100 | 115 |
| 4 | ഗവ:മോഡൽ ഹൈസ്കൂൾ | 678 | 222 | 900 |
| 5 | ഗവ:ഗേൾസ് ഹൈസ്കൂൾ | 0 | 545 | 545 |
| 6 | ജി.എം.എൽ.പി പെരിന്തൽമണ്ണ സെൻട്രൽ | 105 | 113 | 218 |
| 7 | ജി.എം.എൽ.പി.എസ് കക്കൂത്ത് | 25 | 41 | 66 |
| 8 | ജി.എൽ.പി.എസ് പെരിന്തൽമണ്ണ-ഈസ്റ്റ് | 49 | 37 | 86 |
| 9 | ജി.എൽ.പി.എസ് പെരിന്തൽമണ്ണ വെസ്റ്റ് | 31 | 26 | 57 |
| 10. | എ.എം.യു.പി.എസ് എരവിമംഗലം | 264 | 302 | 566 |
| 11. | എ.എം.യു.പി.എസ് കുന്നപ്പള്ളി | 252 | 270 | 522 |
| 12. | എ.യു.പി.എസ് കുന്നപ്പള്ളി | 304 | 281 | 585 |
| 13. | കെ.എം.എം.യു.പി പെരിന്തൽമണ്ണ സൗത്ത് | 93 | 106 | 199 |
| 14. | എ.എൽ.പി.എസ് ചീരട്ടമണ്ണ | 26 | 35 | 61 |
| 15. | എ.എം.എൽ.പി.എസ് കുന്നപ്പള്ളി | 70 | 70 | 140 |
| 16. | എ.എം.എൽ.പി.എസ് മാനത്ത്മംഗലം | 81 | 77 | 158 |
| 17. | എ.എം.എൽ.പി.എസ് പൊന്ന്യാകുർശി സൗത്ത് | 64 | 87 | 151 |
| 18. | എ.എം.എൽ.പി.എസ് പൊന്ന്യാകുർശ്ശി നോർത്ത് | 75 | 78 | 153 |
| 19. | എ.എൽ.പി.എസ് എരവിമംഗലം | 34 | 29 | 63 |
| 20. | എസ്.എം.യു.പി.എസ് പെരിന്തൽമണ്ണ | 78 | 58 | 133 |
| | ആകെ | 2808 | 3221 | 6026 |

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ക്ലാസ് മുറികൾ | സ്മാർട്ട് ക്ലാസ് | പ്രൊജക്റ്ററുകൾ | കമ്പ്യൂട്ടർ | ലാപ് ടോപ്പ് | ലൈബ്രറി | ലാബ് | ടോയ് ലറ്റ് | ഗേൾ ഫ്രണ്ട്ലി ടോയലറ്റ് | ഇലക് ട്രിഫിക്കേഷൻ | മഴവെള്ള സംഭരണി |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ:മോഡൽ ഹയർസെക്കന്ററി | 13 | 0 | 2 | 20 | 3 | - | 4 | 23 | 1 | Yes | No |
| 2. | ഗവ:ഗേൾസ് ഹയർസെക്കന്ററി | 06 | 0 | 1 | 18 | 3 | 1 | 4 | 9 | 1 | Yes | No |
| 3. | ഗവ:വൊക്കേഷണൽ ഹയർസെക്കന്ററി | 02 | 0 | 1 | 3 | 4 | 0 | 4 | 6 | 1 | Yes | No |
| 4. | ഗവ:ഗേൾസ് ഹൈസ്കൂൾ | 25 | 0 | 1 | 10 | 0 | 0 | 4 | 5 | 1 | Yes | No |
| 5. | ഗവ:മോഡൽ ഹൈസ്കൂൾ | 23 | 1 | 2 | 29 | 2 | 0 | 5 | 17 | 1 | 25 | No |
| 6. | ജി.എം.എൽ.പി സെൻട്രൽ | 9 | 0 | 1 | 0 | 0 | 0 | 0 | 4 | 1 | 4 | No |
| 7. | ജി.എം.എൽ.പി.എസ് കക്കൂത്ത് | 5 | 0 | 0 | 0 | 0 | 0 | 0 | 4 | 1 | 4 | No |
| 8. | ജി.എം.എൽ.പി.എസ് - ഈസ്റ്റ് | 6 | 0 | 1 | 3 | 1 | 0 | 0 | 1 | 0 | 4 | No |
| 9. | ജി.എം.എൽ.പി.എസ് വെസ്റ്റ് | 4 | 0 | 0 | 0 | 1 | 0 | 0 | 4 | 3 | 4 | No |
| 10. | എ.എം.യു.പി.എസ് എരവിമംഗലം | 34 | 1 | 1 | 5 | 1 | 0 | 0 | 7 | 0 | 15 | No |
| 11. | എ.എം.യു.പി.എസ് കുന്നപ്പള്ളി | 24 | 1 | 0 | 5 | 0 | 0 | 0 | 13 | 6 | 6 | No |
| 12. | എ.യു.പി.എസ് പാതായ്ക്കര | 24 | 0 | 0 | 2 | 1 | 0 | 0 | 6 | 0 | 24 | No |
| 13. | കെ.എം.എം.യു.പി സൗത്ത് | 20 | 1 | 1 | 4 | 0 | 0 | 0 | 26 | 0 | 13 | No |
| 14. | എ.എൽ.പി.എസ് ചീരട്ടമണ്ണ | 4 | 0 | 0 | 0 | 1 | 0 | 0 | 2 | 0 | 4 | No |
| 15. | എ.എം.എൽ.പി.എസ് മാനത്ത്മംഗലം | 9 | 0 | 0 | 1 | 1 | 0 | 0 | 4 | 0 | 4 | No |
| 16. | എ.എം.എൽ.പി. പൊന്ന്യാകുർശി സൗത്ത് | 8 | 0 | 0 | 0 | 0 | 0 | 0 | 4 | 2 | 4 | No |
| 17. | എ.എം.എൽ.പി. പൊന്ന്യാകുർശ്ശി നോർത്ത് | 7 | 0 | 0 | 2 | 1 | 0 | 0 | 2 | 1 | 4 | No |
| 18. | എ.എൽ.പി.എസ് എരവിമംഗലം | 6 | 0 | 0 | 1 | 1 | 0 | 0 | 2 | 0 | 4 | No |
| 19. | എസ്.എം.യു.പി.എസ് പെരിന്തൽമണ്ണ | 5 | 0 | 0 | 0 | 1 | 0 | 0 | 3 | 1 | 2 | No |
| 20. | എ.എം.എൽ.പി.എസ് കുന്നപ്പള്ളി | 6 | 0 | 0 | 0 | 0 | 0 | 0 | 2 | 1 | 0 | No |

## പ്രശ്നങ്ങും പരിഹാര നിർദ്ദേശങ്ങളും

13-ാം പഞ്ചവത്സര പദ്ധതികാലത്ത് വിദ്യാഭ്യാസ മേഖലയിൽ ഭൗതികവും, അക്കാദമികവും, സാംസ്കാരികവുമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ക്ലാസ്മുറികളുടെയും, ടോയ്ലറ്റുകളുടെയും, കമ്പ്യൂട്ടറുകളുടെയും, സ്മാർട്ട് ക്ലാസ്റൂമുകളുടെയും കുറവുകൾ നികത്തേണ്ടതുണ്ട്. അതോടൊപ്പം തന്നെ സയൻസ് ലാബുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സയൻസ് വിഷയങ്ങൾക്ക് ക്ലാസ്റൂം വിത്ത് ലാബ് സംവിധാനവും, വ്യത്യസ്ത ഭാഷാ ലാബുകളും നടപ്പാക്കേണ്ടതുണ്ട്. സ്കൂൾ തലത്തിൽ ലൈബ്രറികൾക്ക് സ്വന്തമായി മുറികളും വിവിധങ്ങളായ ആനുകാലിക പുസ്തകങ്ങളും, പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കേണ്ട തുണ്ട്. ഒട്ടുമിക്ക സ്കൂളുകളിലും വൈദ്യുതിയും, സമ്പൂർണ്ണ കുടിവെള്ള പദ്ധതിയും നടപ്പാക്കേണ്ട തുണ്ട്. പാചകപുര മിക്ക സ്കൂളുകളിലും ഉണ്ടെങ്കിലും പാചകത്തിനാവശ്യമായ ഉപകരണങ്ങൾ, ഗ്യാസ് അടുപ്പുകൾ, ഡൈനിങ്ങ് ഹാളോടുകൂടിയ അടുക്കള സൗകര്യം എന്നിവയും നടപ്പാക്കേണ്ടതുണ്ട്.

ഗവ.മോഡൽ ഹയർസെക്കന്ററി സ്കൂൾ അത്യാധുനിക രീതിയിൽ ഹൈടെക് രൂപത്തിൽ പുതുക്കി നിർമ്മിക്കാൻ കഴിഞ്ഞത് 13-ാം പദ്ധതിക്കാലത്ത് വിദ്യാഭ്യാസ മേഖലയിലെ മികച്ചൊരു നേട്ടമാണ്. സ്കൂളിലെ മുഴുവൻ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളാക്കാനും ഈ പദ്ധതിക്കാലത്ത് കഴിഞ്ഞിട്ടുണ്ട്.

## വിദ്യാഭ്യാസ മേഖലയിലെ ദീർഘകാല വികസനപരിപ്രേക്ഷ്യം

പൊതുവിദ്യാലയങ്ങൾ നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിന് സുസ്ഥിരവും, സുശക്തവും, പുരോഗനോൻമുഖവുമായ വിദ്യാഭ്യാസ സംവിധാനം ആവശ്യമാണ്. വിദ്യാലയങ്ങളുടെ ഉള്ളടക്കത്തിലും, വിനിമയത്തിലും, സംഘാടനത്തിലും, കാലോചിതമായ മാറ്റങ്ങൾ വരുത്തി പൊതുവിദ്യാലയങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ദീർഘകാല പരിപ്രേക്ഷ്യത്തോടെ നടപ്പാക്കാനാണ് നഗരസഭ 13-ാം പദ്ധതിക്കാലത്ത് ലക്ഷ്യമിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. പഠനനിലവാരത്തിൽ പുറകിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക കോച്ചിങ്ങ് ക്ലാസുകൾ നൽകൽ.
2. കെട്ടിടങ്ങളും, ക്ലാസ് മുറികളും വർദ്ധിപ്പിക്കൽ.
3. ആധുനികരീതിയിലുള്ള ശിശുസൗഹൃദ ഫർണിച്ചറുകൾ.
4. വെർച്വൽ ക്ലാസ് മുറികൾ.
5. സമ്പൂർണ്ണ കുടിവെള്ള പദ്ധതി
6. ടോയ്ലറ്റുകളും, ഗേൾസ് ഫ്രണ്ടിലി ടോയ്ലറ്റുകളും.
7. സയൻസ് ഗണിത ലാബുകൾക്കൊപ്പം വിവിധ ഭാഷാ ലാബുകൾ.
8. ഇന്റർനെറ്റ് സംവിധാനത്തോടെ കമ്പ്യൂട്ടർ ലാബ്
9. ആധുനികരീതിയിലുള്ള ഡിജിറ്റൽ ലൈബ്രറി.

10. ആധുനിക പഠനസംവിധാനങ്ങളെ കുറിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകൽ.
11. ഭിന്നശേഷിക്കാർക്ക് ഫിസിയോ തെറാപ്പി സെന്റർ
12. ഭിന്നശേഷിക്കാർക്ക് സ്പീച്ച് ലാഗ്വേജ് തെറാപ്പി സെന്റർ.
13. പഠനനിലവാരം ഉയർത്തുന്നതിന് കരിയർ, സക്സസ് ക്ലിനിക്കുകൾ.
14. കൗൺസിലിങ്ങ് സെന്ററുകൾ.
15. പിന്നോക്ക വിഭാഗക്കാരുടെ പഠനനിലവാരം ഉയർത്തുന്നതിൽ പ്രത്യേക പദ്ധതികൾ.
16. വിദ്യാലയങ്ങളിൽ ശുചിത്വ പച്ചക്കറി കൃഷി തോട്ടം.
17. പൊതുവിദ്യാലയങ്ങൾക്ക് ഘട്ടംഘട്ടമായി സ്കൂൾ ബസ് ലഭ്യമാക്കൽ.
18. ബാസ്ക്കറ്റ് ബാൾ, വോളിബോൾ, ഷട്ടിൽ കോർട്ടുകൾ നിർമ്മിക്കൽ.
19. ഫല വൃക്ഷതൈകളും, ഔഷധ ചെടികളും വിദ്യാലയങ്ങളിൽ നടീൽ.
20. ലഹരി, ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ നൽകൽ.
21. സിവിൽ സർവ്വീസ് അക്കാഡമി.
22. സ്കൂളുകൾക്ക് സി.സി.ടി.വി, മൈക്രോഫോൺ, പി.ഒ സിസ്റ്റം ലഭ്യമാക്കൽ
23. ഇതര സംസ്ഥാനകുട്ടികൾക്ക് പ്രത്യേക പാക്കേജ്.
24. ഗലീലിയോ ശാസ്ത്രാവബോധ ക്ലാസുകൾ സംഘടിപ്പിക്കൽ.
25. മ്യൂസിക് സ്കൂൾ ആരംഭിക്കൽ.
26. ഇ.എം.എസ് പഠിച്ച കെട്ടിടം ചരിത്ര സ്മാരകമാക്കി സംരക്ഷിക്കൽ.
27. മുഴുവൻ വിദ്യാലയങ്ങളിലും സമ്പൂർണ്ണ ഇലക്ടിഫിക്കേഷൻ നടപ്പാക്കൽ.
28. സമ്പൂർണ്ണ ആരോഗ്യപരിരക്ഷകാർഡ് പദ്ധതി നടപ്പാക്കൽ
29. ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് ടീം രൂപീകരിക്കൽ.
30. ആധുനിക രീതിയിലുള്ള പാചകപുരകൾ നിർമ്മിക്കൽ.

## 14–ാം പദ്ധതി ലക്ഷ്യങ്ങൾ

മുമ്പേ സൂചിപ്പിച്ച ദീർഘകാല വികസനപരിപ്രേക്ഷ്യത്തിലെ 40% ലക്ഷ്യങ്ങളും ആദ്യ വാർഷിക പദ്ധതി കാലത്ത് ലക്ഷ്യം കൈവരിക്കാൻ കഴിയുന്ന തരത്തിലുള്ളതാണ്. പൊതുവിദ്യാലയങ്ങളിൽ എത്തിചേരുന്ന കുട്ടികൾക്ക് അവസര തുല്യത, പങ്കാളിത്തം ഗുണനിലവാരം, മാനവികത, സാമൂഹ്യനീതി എന്നിവക്ക് പ്രാധാന്യം നൽകിയും, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സവിശേഷമായ പ്രശ്നങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകിയും, പൊതുവിദ്യാലയങ്ങളിലെ ഭൗതിക, അക്കാദമിക, സാംസ്കാരിക നിലവാരം കൂടുതൽ മെച്ചപ്പെടുത്തും. സ്വകാര്യ വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളെ പൊതുവിദ്യാല യങ്ങളിലേക്ക് ആകർഷിക്കുന്നതിനുതകുന്ന രീതിയിൽ മികവിന്റെ കേന്ദ്രങ്ങളാക്കും. 14–ാം പദ്ധതികാലത്ത് കൈവരിക്കാൻ കഴിയുന്ന വിവിധങ്ങളായ ലക്ഷ്യങ്ങളെ താഴെപറയും പ്രകാരം നിർണ്ണയിക്കുന്നു.

## കെട്ടിടങ്ങൾ, സ്മാർട്ട് ക്ലാസ്റൂമുകൾ, ലാബുകൾ, ലൈബ്രറി സൗകര്യങ്ങൾ

**14–ാം പദ്ധതികാലത്ത് ആകെ ലക്ഷ്യം വെക്കുന്നത്**

**(ഓരോ വർഷവും കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ശതമാനകണക്കിൽ)**

ക്ലാസ്റൂമുകൾ : 45 എണ്ണം

സ്മാർട്ട് ക്ലാസ്റൂമുകൾ : 73 എണ്ണം

ലാബുകൾ : 48 എണ്ണം

ലൈബ്രറി : 14 എണ്ണം




## കുടിവെള്ളം, മൂത്രപുരകൾ, ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ നിർമ്മാണം

**14–ാം പദ്ധതികാലത്ത് ആദ്യ നാല് വർഷംകൊണ്ട് ലക്ഷ്യം വെക്കുന്നത്**

**(ഓരോ വർഷവും കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ശതമാനകണക്കിൽ)**

മൂത്രപുരകൾ : 72 എണ്ണം

ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് : 23 എണ്ണം

കുടിവെള്ള സൗകര്യം : 20 എണ്ണം



പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും, ആധുനിക നിലവാരത്തിൽ ഉയർത്താൻ ഉതകുന്ന പദ്ധതികൾക്കാണ് നഗരസഭ മുൻതൂക്കം നൽകുന്നത്. അതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ 6 ഗവൺമെന്റ് സ്കൂളുകളുടെ ഭൗദിക പശ്ചാത്തല ആവശ്യങ്ങൾ താഴെ ചേർക്കുന്നു.

## 1. ഗവ.മോഡൽ ഹയർസെക്കണ്ടറി സ്കൂൾ

പെരിന്തൽമണ്ണ താലൂക്കിലെ പ്രധാനപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളിലൊന്നാണ് നൂറ്റമ്പതാം വാർഷികം ആഘോഷിക്കുന്ന ജി.എച്ച്.എസ്.എസ് പെരിന്തൽമണ്ണ യു.പി., എച്ച്, എച്ച്, എസ്.എസ്, എന്നിവയാലായി 1790 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ജില്ലയിലെ തന്നെ ഏറ്റവും വലിയ ഹയർ സെക്കണ്ടറി വിഭാഗം ഉൾക്കൊള്ളുന്ന ഈ വിദ്യാലയത്തിന്റെ നിലവാരം ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും അക്കാദമിക ഇടപെടലുകളും സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

**ക്ലാസ് റൂം**

| Section | Govt. Specification | Present Status | Requirement | Total |
|---|---|---|---|---|
| HSS | 30x2017 Rooms | 30x20 9 Rooms<br>20x20 2 Rooms | 30x20 8 Rooms | |
| HS | 16 Rooms in 20x20 | 13 Rooms 20x20 | 3 Rooms 20x20 | |
| UP | 7 Rooms 20x20 | 4 Rooms 20x20 | 3 Rooms 20x20 | |

### Laboratary

| Section | Needed Laboeatary Under Govt. Specification | Present Status | Requirement |
|---|---|---|---|
| H.S.S | Physics Lab.60x20 | One Room / 30x20 | 60x20-One Room |
| | Chemistry Lab 60x20 | One Room /30x20 | 60x20-One Room |
| | Botany 30x20 | Nil | 30x20-One Room |
| | Zoology 30x20 | Nil | 30x20-One Room |
| | Geography 30x20 | Nill | 30x20-One Room |
| | Computer Lab 30x20 | 40x20 1 Room | 60x20-One Room |

| Section | Needed Laboeatary Under Govt. Specification | Present Status | Requirement |
|---|---|---|---|
| H.S | Physics 60x20 | 1 Room 20/20 | 30x20-One Room |
| | Chemistry 30x20 | One Room 20/20 | 30x20-One Room |
| | Bioloy | One Room 20/20 | 30x20-One Room |
| | IT. Lab 40x20 | One Room 40x20 | Nil |
| U.P | Science Lab 30x20 | One Lab 20x20 | One 30x20 Room |
| | IT. Lab 30x20 | Nil | One 30x20 ROOM |
| H.S.S | LANGUAGEMENT | Nil | 60x20 one room + accessories |
| Section | 60x20 | Nil | Nil |
| H.S | 60x20 | 20x20 One Room | 20x20 One Room |
| U.P. | 20x20 | Nil | Nil |

| Sports Room | 20x20x One Room |
|---|---|
| Student Police | Student Police |
| N.S.S. | N.S.S. |
| Store Rooms, HS & HSS | Store Rooms, HS & HSS |
| Counselling & Healthcare | Counselling & Healthcare |

താൽക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന 10 ക്ലാസ് റൂമുകൾ ഒഴിവാക്കിയുള്ള കണക്കാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങളുടെ ഘടനയിൽ പുന:ക്രമീകരണം നടത്തുമ്പോൾ ആവശ്യമായ റൂമുകളുടെ എണ്ണത്തിൽ വീണ്ടും കുറവുവരുന്നതാണ്.

## അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്

ഹൈസ്കൂൾ ഹയർ സെക്കണ്ടറി ഓഫീസുകൾക്കായി പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് സ്റ്റാഫ് റൂമുകൾ എന്നിവ ഒരുക്കേണ്ടതുണ്ട്. ഒരേ സമയം വ്യത്യസ്തമായ സമയക്രമത്തിൽ പ്രവർത്തിക്കുന്നതിനാൽ എച്ച്.എസ്.എച്ച്.എസ്.എസ് വിഭാഗങ്ങൾ വെവ്വേറെ ബ്ലോക്കുകൾ ആക്കാവുന്നതാണ്.

## കോൺഫറൻസ് ഹാൾ

നിരവധി മീറ്റിങ്ങുകൾ നടക്കുന്ന സ്കൂളിൽ ആധുനിക രീതിയിൽ പ്രൊജക്ടർ സൗണ്ട് സിസ്റ്റം എന്നിവയോടു കൂടിയ സെമിനാർ ഹാൾ നിർമ്മിക്കേണ്ടതുണ്ട്.

സിവിൽ സർവ്വീസ് അക്കാദമി

പി.എസ്.സി. യു.പി സിവിൽ സർവ്വീസ് തുടങ്ങിയ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും കരിയർ ഗൈഡൻസ്, കൗൺസിലിംഗ്, സ്പോക്കൺ ഇംഗ്ലീഷ് കോച്ചിംഗ് എന്നിവയ്ക്ക് സൗകര്യം ഒരുക്കണം.

## ടോയ്‌ലറ്റ് & റസ്റ്റ് റൂം

വിദ്യാർത്ഥിനി സൗഹൃദ ടോയ്‌ലറ്റുകൾ നാപ്ക്കിൻ വെണ്ടർ മിഷിയനുകൾ ഇൻസിനേറ്ററുകൾ എന്നിവ സ്ഥാപിക്കണം. നിലവിലുള്ള ടോയ്‌ലറ്റുകൾ ആധുനിക ശുചിത്വമുറികളായി പ്രവർത്തിപ്പിക്കേണ്ടതാണ്.

പാചകപ്പുര/ ഭക്ഷണശാല

ആധുനിക രീതിയിലുള്ള പാചക സംവിധാനത്തോടു കൂടിയ പാചകപ്പുരയും വിദ്യാർത്ഥികൾക്ക് ഇരുന്ന് കഴിക്കാൻ ഉതകുന്ന തരത്തിലുള്ള ഭക്ഷണശാലയും സജ്ജീകരിക്കണം.

## സ്റ്റേജ്/ഓപ്പൺ ഓഡിറ്റോറിയം

നിലവിലുള്ള സ്റ്റേജിന്റെ അറ്റുകുറ്റപ്പണികൾ നടത്തി സ്ഥിരം ശബ്ദ സംവിധാനത്തോടു കൂടി ക്രമീകരിക്കുക. ഓപ്പൺ ഓഡിറ്റോറിയം വിസ്തൃതി കൂട്ടി തറയോട് പതിച്ച് മോഡി കൂട്ടേണ്ടതാണ്.

## കാന്റീൻ

വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും മറ്റു ജീവനക്കാർക്കും ഉപകാരപ്രഥമായ വിധത്തിൽ കാന്റീൻ സൗകര്യം ഏർപ്പെടുത്തണം.

## കുടിവെള്ളം

എല്ലാ കുട്ടികൾക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് ജലശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കണം.

## സ്കൂൾ സൗന്ദര്യ വൽക്കരണം

പ്രധാനകവാടത്തിന് സമീപത്തായി മനോഹരമായ പൂന്തോട്ടം നിർമ്മിക്കണം.

## സെക്യൂരിറ്റി സ്റ്റാഫ്

രാത്രിയിലും പകലും ഓരോ സെക്യൂരിറ്റി സ്റ്റാഫുനെയും ശൗച്യാലയങ്ങൾ വൃത്തിയാക്കുന്നതിനായി പ്രത്യേകം ജോലിക്കാരെ നിയമിക്കണം.

## മാലിന്യ സംസ്ക്കരണം

ഉറവിട മാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ എയറോബിന്നുകൾ പൈപ്പ് കമ്പോസ്റ്റുകൾ ഇൻസുനേറ്ററുകൾ എന്നിവ സ്ഥാപിക്കണം.

## മെയിന്റനൻസ് ഫണ്ട്

എല്ലാ ക്ലാസ് റൂമുകളുടെയും നിലം പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. ജനലുകളും വാതിലുകളും കാലപ്പഴക്കം കൊണ്ട് ദ്രവിച്ചു പോയിട്ടുമുണ്ട്. ക്ലാസ് റൂമുകൾ ടൈൽ പതിച്ച് വൃത്തിയാക്കി ജനലും വാതിലും റിപ്പയർ ചെയ്ത് സജ്ജമാക്കേണ്ടതാണ്. എല്ലാ ക്ലാസ് മുറികളിലും ഗ്ലാസ് ബോർഡുകൾ, പ്ലാറ്റ്ഫോമുകൾ, ഷെൽഫുകൾ എന്നിവ സ്ഥാപിക്കണം. മെയിൻ ബ്ലോക്കിന്റെ ചോർച്ച തടയുന്നതിനായി പകുതി ഭാഗം ട്രസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി ഭാഗം കൂടി ഫിങ്ങ് നടത്തേണ്ടതാണ്. പഴയ ബിൽഡിങ്ങിലെ താഴത്തെ നിലയിലുള്ള ജനലുകൾ സ്റ്റീൽ നെറ്റുപയോഗിച്ച് ഇഴ ജന്തുക്കൾ വാരാത്തവിധം സുരക്ഷിതമാക്കണം.

## സ്കൂൾ സംരക്ഷണ സേന

സ്കൂളിന്റെ വികസനത്തിനും സംരക്ഷണത്തിനുമായി പൂർവ്വ വിദ്യാർത്ഥികൾ പരിസരവാസികൾ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവരെ ഉൾപ്പെടുത്തി സ്കൂൾ സംരക്ഷണ സേനരൂപീകരിക്കണം.

## സ്പോർട്സ് വികസനം

നിലവിലുള്ള ഗ്രൗണ്ട് ആധുനികവൽക്കരിച്ച് പവലിയൻ, സ്റ്റോർ റൂമുകൾ, ഡ്രസ്സിംഗ് റൂമുകൾ, എന്നിവ സ്ഥാപിക്കണം. കായിക പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കേണ്ടതാണ്. ഇൻഡോർ ഗെയ്മുകൾക്കും മറ്റുമായി ഒരു ഇൻഡോർ സ്റ്റേഡിയം വേണ്ടതാണ്.

## സ്വാശ്രയ എൻ.എസ്സ്.എസ്സ്.

സ്വാശ്രയ എൻ.എസ്സ്.എസ്സ്. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് വർഷം തോറും 50,000 രൂപ വകയിരുത്തണം.

## സ്മാർട്ട് റൂമുകൾ

എല്ലാ ക്ലാസ്റൂമുകളിലും പ്രൊജക്ടുകൾ ലാപ്ടോപ്പുകൾ എന്നീ ആധുനിക ഐ.ടി അധിഷ്ഠിത ക്ലാസ് റൂമുകൾക്ക് അത്യാവശ്യമായതിനാൽ പ്രൊജക്റ്ററുകളും ലാപ്ടോപ്പുകളും അനുവദിക്കണം. ക്ലാസ്സ് റൂമുകൾ ചോക്ക് ഫ്രീ ആക്കുന്നതിന് വേണ്ട സംവിധാനം ചെയ്യണം.

## ലൈബ്രറി/ഇ. ലൈബ്രറി

ലൈബ്രറി പുസ്തകങ്ങൾ വാങ്ങിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തേണ്ടതാണ്. ഇ. ലൈബ്രറിയ്ക്കാവശ്യമായ ഇ.ബുക്ക്റീഡറുകൾ (20 എണ്ണം) വാങ്ങേണ്ടതാണ്. ഹയർ സെക്കണ്ടറി വിഭാഗത്തിന് ലൈബ്രേറിയൻ പോസ്റ്റ് അനുവദിക്കുന്നതിന് പതിനായിരം പുസ്തകങ്ങൾ ആവശ്യമാണ്. നിലവിൽ 2000 പുസ്തകങ്ങൾ മാത്രമാണ് ലൈബ്രറിയിലുള്ളത്.

## ഫർണ്ണിച്ചർ

പഴയ മാതൃകയിലുള്ള ഫർണിച്ചറുകൾ മാറ്റി. ശിശുസൗഹൃദപരമായ ഡെസ്കും ബെഞ്ചും ആവശ്യമായ സ്റ്റോറേജ് സൗകര്യത്തോടുകൂടി നിർമ്മിക്കേണ്ടതാണ്.

## സ്കൂൾ ബസ്സ്

കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായ് രണ്ട് ബസ്സുകൾ കൂടി അനുവദിക്കണം.

## ഓഡിറ്റോറിയം

പരിപാടികൾ നടത്തുന്നതിന് ഒരു ഓഡിറ്റോറിയം ആവശ്യമാണ്.

# 2. ഗവ.ഗേൾസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ

## 1. സ്കൂൾഗേറ്റ്

സ്കൂളിന്റെ നിലവിലുള്ള ഗേറ്റ് പൊളിച്ചു നീക്കുകയും വാഹനങ്ങൾക്ക് പ്രവേശിക്കാനുള്ള ഒരു വലിയ ഗേറ്റും കാൽനടയായി പ്രവേശിക്കുന്നവർക്കുള്ള ഒരു ചെറിയ ഗേറ്റും സ്ഥാപിക്കണം.

## 2. ചുറ്റുമതിൽ

സ്കൂളിന്റെ പിൻവശത്തായി പൊളിഞ്ഞു കിടക്കുന്ന മതിൽ നിർമ്മിക്കുക.

## 3. സ്മാർട്ട് ക്ലാസ് റൂം

സ്കൂളുകളിൽ മൂന്നു വിഭാഗങ്ങളിലുമായി പ്രവർത്തിച്ചു വരുന്ന എല്ലാ ക്ലാസ്മുറികളും ഡിജിറ്റലൈസ് ചെയ്ത് ആവശ്യമായ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുക.
LCD Projector com board with connection

## 4. ഷെഡ്ഡ് നവീകരണം

സ്കൂളിന്റെ നടുമുറ്റത്ത് ഇപ്പോൾ ഉള്ള ഭാഗികമായ ഷെഡ്ഡ് പൊളിച്ചു നീക്കി സ്റ്റേജിന്റെ അറ്റം വരെ വരത്തക്ക വിധത്തിൽ ഷീറ്റിടുക. അവിടേക്കാവശ്യമായ ഇരിപ്പിട സൗകര്യവും (500 കസേരകൾ) ഒരുക്കണം.

## 5. ബാസ്ക്കറ്റ്ബോൾ കോർട്ട് നിർമ്മാണം

പെൺകുട്ടികൾക്ക് കായിക പരിശീലനത്തിനു വേണ്ടി ഒരു ബാസ്ക്കറ്റ്ബോൾ കോർട്ട് നിർമ്മിച്ച് നൽകുക.

## 6. സ്റ്റേജ് നവീകരണം

സ്കൂളിന്റെ സ്റ്റേജ് സീലിങ്ങ് ചെയ്ത് ഷട്ടർ ഇടുകയും ഇലക്ട്രിഫൈ ചെയ്ത് കർട്ടൻ ഇടുകയും വേണം.

## 7. സ്കൂൾ സൗന്ദര്യവൽക്കരണം

സ്കൂളിന്റെ പിൻഭാഗത്തു നിൽക്കുന്ന മരങ്ങൾക്കുചുറ്റും പടുത്തു ടൈൽസിടുക. മുറ്റത്ത് ലോൺ നിർമ്മിക്കുക, ചെടിച്ചട്ടികൾ വെച്ച് സ്കൂൾ മനോഹരമാക്കുക.

## 8. ഗേൾസ് ഫ്രന്റ്‌ലി ടോയ്‌ലറ്റുകൾ

ആയിരത്തിലധികം പെൺകുട്ടികൾ പഠിക്കുന്ന സ്കൂളിൽ ആവശ്യത്തിന് ഗേൾസ് ടോയ്‌ലറ്റുകൾ നിർമ്മിക്കുകയും ഇലക്ട്രിക് ഇൻസിലേറ്റർ സ്ഥാപിക്കുകയും അവയുടെ ശുചിത്വത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

## 9. ജലവിതരണം

പുതിയതായി നിർമ്മിച്ച കെട്ടിടത്തിൽക്കൂടി വെള്ളം ലഭിക്കുന്നതിന് ആവശ്യമായ വിധത്തിൽ ഒരു ഓവർഹെഡ് ടാങ്ക് നിർമിച്ച് ആവശ്യമായ പ്ലംബിംഗ് നടത്തി ജലവിതരണം ഉറപ്പാക്കണം.

## A. ഹൈസ്കൂൾ വിഭാഗം

ഹൈസ്കൂൾ വിഭാഗത്തിന്റെ അടുക്കളയുടെ സ്ഥിതി വളരെ ശോചനീയാവസ്ഥയിലാണ്. അതുപൊളിച്ചു മാറ്റുകയും തൽസ്ഥാനത്ത് ഒരു കോൺഗ്രീറ്റ് നിർമ്മിത അടുക്കള പുനർനിർമ്മിക്കുകയും വേണം. 8-ാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും (350) ഇരുന്ന് ഭക്ഷണം കഴിക്കുന്നതിന് ആവശ്യമായ ഡൈനിംഗ്ഹാൾ, സ്റ്റോറും, വാഷ്ബേസിൻ സൗകര്യങ്ങളും ഏർപ്പെടുത്തണം.

**1. ഓഫീസ്റൂം, സ്റ്റാഫ്റൂം നവീകരണം**

നിലവിൽ പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുറൂം, സ്റ്റാഫ്റൂം എന്നിവ പുതിയ കെട്ടിടത്തിലേക്ക് മാറ്റിസ്ഥാപിച്ച് ആവശ്യമായ ഫർണിഷിങ്ങ് നടത്തി നവീകരിച്ചു നൽകണം.

**2. സയൻസ് ലാബ് നവീകരണം**

നിലവിൽ ശോച്യാവസ്ഥയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മൂന്നു സയൻസ് ലാബുകളിലുള്ള ട്ടിടം പൊളിച്ചുമാറ്റുകയും തൽസ്ഥാനത്ത് 3 നിലകളിലായി 20:20 അടി വിസ്തീർത്തിലുള്ള 9 ക്ലാസ് റൂമുകളോടുകൂടിയ പുതിയ കെട്ടിടം നിർമ്മിച്ചു നൽകുകയും ലാബുകളിലേക്ക് ആവശ്യമായ ഫർണിച്ചറും ഉപകരണങ്ങളും നൽകണം.

**3. സൗണ്ട് സിസ്റ്റം, ഇന്റർകോം**

എല്ലാ ക്ലാസ് മുറുകളിലും കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ആവശ്യമായ സൗണ്ട് സിസ്റ്റം ഏർപ്പെടുത്തണം.

**4. ഐ.ടി ലാബ്**

നിലവിൽ കുട്ടികൾ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ വളരെ പഴക്കം ചെന്നവയായതിനാൽ 25 പുതിയ കമ്പ്യൂട്ടറുകൾ സ്കൂളിനു നൽകണം.

25 കമ്പ്യൂട്ടറുകൾ പ്രവർത്തിക്കാനാവശ്യമായ ബാറ്ററി, യു.പി. എസും ഓരോ കമ്പ്യൂട്ടറുകൾക്കു മുന്നിലും ഒരേ സമയം 3 കുട്ടികൾക്ക് ഇരിക്കാൻ കഴിയുന്ന ബെഞ്ച് ഘടിപ്പിച്ച മേശ, മോണിറ്റർ, സി.പി.യു കീബോർഡ് എന്നിവ വയ്ക്കാനാവശ്യമായ വലുപ്പത്തിൽ-25 കമ്പ്യൂട്ടറുകൾക്ക്.

ഡിജിറ്റൽ ബോർഡിന്റെ സഹായത്തോടെ ക്ലാസെടുക്കുമ്പോൾ കുട്ടികൾക്കിരിക്കാൻ, വെച്ചെഴുതാനുള്ള സൗകര്യത്തോടു കൂടിയ ഫൈബർ കസേരകൾ -50 എണ്ണം.

**5. സ്മാർട്ട് ക്ലാസ്റൂം**

കമ്പ്യൂട്ടറും സൗണ്ട് സിസ്റ്റവും, വച്ചെഴുതാൻ സൗകര്യമുള്ള 75 കസേരകൾ, എൽ.സി.ഡി പ്രൊജക്ടർ, ബാറ്ററി & യു.പി.എസ്, പ്രിന്റർ.

**6. ബാന്റ്സെറ്റ്**

നമ്മുടെ സ്കൂളിന്റെ പ്രൗഡി നിലനിർത്തുന്നതിന് ഒരു ബാന്റ്സെറ്റ് അത്യാവശ്യമാണ്. ബാന്റ്സെറ്റ് നൽകുകയും പരിശീലനത്തിന് ആവശ്യമായ സൗകര്യങ്ങൾ നൽകുകയും വേണം. (20 കുട്ടികൾ അടങ്ങുന്ന ടീമിന്)

**7. ലൈബ്രറി**

നിലവിലെ ലൈബ്രറി റൂം ടൈൽ പാകി ആകർഷകമാക്കുകയും ആവശ്യമായ ഫർണിച്ചർ നൽകുകയും കൃത്യമായ വിതരണത്തിന് ഒരു ലൈബ്രറിയനെനിയമിക്കുകയും ചെയ്യുക.

**8. ഐ.ഇ.ഡി.റൂം**

പുതിയ കാലഘട്ടത്തിൽ സമൂഹത്തിനൊപ്പം സഞ്ചരിക്കുക എന്നത് ഭിന്നശേഷിയു ള്ളവരുടെ മൗലികാവകാശമാണ്. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കു വേണ്ടി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു ഐ.ഇ.ഡി. ക്ലാസ് റൂം ആകർഷകമായി നിർമിച്ചു നൽകുകയും പ്രസ്തുത വിഭാഗത്തിലെ അധ്യാപകർക്ക് പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ റൂമുകൾ മറ്റു സൗകര്യങ്ങൾ (പഠനസഹായികൾ) ഏർപ്പെടുത്തുകയും ചെയ്യണം).

**9. കൗൺസിലിങ്ങ് റൂം, നേഴ്സിങ്ങ് റൂം**

പെൺകുട്ടികൾ പഠിക്കുന്ന നമ്മുടെ സ്കൂളിൽ കൗമാരക്കാരുടെ പ്രശ്നപരിഹാരത്തിന് ഇത്തരം റൂമുകൾ അത്യാവശ്യമാണ്. അതുപോലെ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതിന് ഒരു നേഴ്സിങ്ങ് റൂമും നിർമ്മിച്ചു നൽകണം.

**10.കായിക പരിശീലനം**

പെൺകുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിനു വേണ്ടി ഒരു ബാസ്ക്കറ്റ്ബോൾ കോർട്ട്, വോളിബോൾ കോർട്ട്, ഷട്ടിൽകോർട്ട് ഇവ നിർമ്മിച്ച് നൽകുകയും ആവശ്യമായ ഷട്ടിൽബാറ്റ്, കോക്ക്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ ഇവ നൽകുകയും ചെയ്യുക.

**11. കലാപരിശീലനം**

താൽപര്യമുള്ള കുട്ടികൾക്ക് കലകളുമായി ബന്ധപ്പെട്ട പരിശാലനം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. നൃത്ത പരിശീലനം, മോണോആക്ട്, കവിത, നാടകം എന്നിവയിൽ കുട്ടികളെ ഉയർന്ന തലത്തിലേക്ക് പങ്കെടുക്കാനുള്ള സഹായം ലഭ്യമാക്കണം.

## B. ഹെയർ സെക്കന്ററി വിഭാഗം

പരിന്തൽമണ്ണ ഗവ.ഗേൾസ് എച്ച്.എസ്.എസ് (പ്ലസ്ടു വിഭാഗം) മുൻഗണനാ ക്രമത്തിൽ നിർദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങൾ.

1. മുഴുവൻ ക്ലാസ് റൂമുകളും ‘ഡിജിറ്റൈലസ് ചെയ്ത് സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റുക.
2. അതിലേക്കാവശ്യമായ കമ്പ്യൂട്ടറുകൾ, സൗണ്ട്സിസ്റ്റം, ഐ.ടി. ലൈബ്രറി മുതലായവ ലഭ്യമാക്കുക.
3. സ്കൂളിൽ ‘വൈഫൈ’ സൗകര്യം ഏർപ്പെടുത്തുക.
4. ലാബുകൾ നവീകരിക്കുകയും, ക്ലാസ് റൂമുകളുടെയും, ലാബിന്റേയും, മേൽക്കൂര ഷീറ്റു മേഞ്ഞ് വലുതാക്കി നിലവിൽ നടക്കുന്ന കരാട്ടേ ക്ലാസ് മുതലായവയ്ക്കു പുറമേ, സെമിനാറുകൾ, സിം പോയിസങ്ങൾ മുതലായവ നടത്താൻ പാകത്തിന് വിപുലപ്പെടുത്തുക.
7. Basket Ball Court, Girls Waiting Room, Dining Room, Library, Cum Reading Room (Digital) എന്നിവ നിർമ്മിക്കുക.
8. പെൺകുട്ടികൾക്കായി ജിംനേഷ്യം സജ്ജീകരിക്കുക.
9. Botany & Zoology Lab കൾ വെവ്വേറെ സജ്ജീകരിക്കുക.
10. സ്കൂൾ ബസ് അനുവദിക്കണം.

## C. വി.എച്ച്.എസ്.ഇ വിഭാഗം

## വികസനപദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ

VHSE bnse MLT&BioMedical Equipment Technology എന്നീ ലാബുകളിൽ കുട്ടികൾക്ക് പ്രാക്ടിക്കൽ ചെയ്യുന്നതിനുള്ള അടിസ്ഥാനസൗകര്യം ആവശ്യമുള്ളവ.

1. വാട്ടർ സപ്ലൈ, വാഷ് ബേസിൻ 7 എണ്ണം
2. ഗ്യാസ് കണക്ഷൻ & പൈപ്പ് ലൈനിംഗ്
3. വർക്ക് ബഞ്ച്, റാക്ക് & കബോർഡ്
4. തറ ടൈൽ വിരിക്കൽ
5. പുതിയ ബിൽഡിംഗിൽ ഒന്നാം നിലയിലും താഴെ നിലയിലും രണ്ട് യൂണിറ്റ് വീതം ടോയ്‌ലറ്റ് നിർമിക്കലും വാഷ് ബേസിൻ സ്ഥാപിക്കലും.
6. VHSE പ്രിൻസിപ്പൽ റൂം, സ്റ്റാഫ് റൂം എന്നിവയിൽ ടൈൽ വിരിക്കലും ജനലുകൾക്ക് Opaque sliding glass പിടിപ്പിക്കലും.
7. ക്ലാസ് മുറികളിൽ മൈക്രോഫോൺ & പി.ഒ സിസ്റ്റം.
8. 3 KVA UPS വാങ്ങിക്കുന്നതിന്, ഢഒടട്ള വർക്ക് ഷെഡ് നവീകരണം
9. മേൽക്കുര പുതുക്കി പണിയുന്നതിന്, മുറ്റം ഇന്റർ ലോക്ക് ചെയ്യുന്നതിന്
10. ലാബ് അലമാരകൾ 6 എണ്ണം.

## 3. ജി. എം. എൽ. പി സ്കൂൾ പെരിന്തൽമണ്ണ സെൻട്രൽ

1. സ്മാർട്ട് ക്ലാസ്സ്റൂം: കമ്പ്യൂട്ടറുകൾ, എൽ.സി.ഡി പ്രൊജക്ടർ എന്നിവ ഉൾകൊള്ളുന്ന ആധുനിക ക്ലാസ്സ്റൂം (മുപ്പത് കുട്ടികൾക്ക് ഒരു സ്മാർട്ട് ക്ലാസ്സും എന്ന കണക്കിൽ ) നിർമ്മിച്ചു നൽകുക.
2. സ്കൂളിലെ പ്രധാനകെട്ടിടത്തിന്റെ മുകളിലത്തെ നിലയ്ക്ക് മുകളിൽ (സീലിങ്ങ്) ആസ്ബറ്റോസ്ഷീറ്റ് മേഞ്ഞ് ചോർച്ചാ പ്രശ്നം പരിഹരിക്കുക.
3. പുതിയ ക്ലാസ്സ് റൂം ബിൽഡിങ്ങിന് മുകളിൽ രണ്ട് അധിക ക്ലാസ്സ്മുറികൾ സ്ഥാപിക്കുക.
4. കുടിവെള്ളം റീപ്ലംബിങ്ങ്-പുതിയ കുഴൽകിണർ സ്ഥാപിച്ച് കുടിവെള്ള ലഭ്യത സുലഭമാക്കുക.
5. സ്കൂൾ അടുക്കള നിലവിൽ സൗകര്യങ്ങൾ കുറഞ്ഞതും ഇടുങ്ങിയതുമാണ്. ഇത് പൊളിച്ച് വിശാലമായ അടുക്കള (പുകയില്ലാത്ത അടുപ്പ് സഹിതം) സ്ഥാപിക്കുക.
6. സ്കൂളിന്റെ വടക്കും തെക്കുമുള്ള മതിലുകൾ പൊളിഞ്ഞു വീഴാറായി നിൽക്കുന്നു. ഇത് അടിയന്തിരമായി അറ്റുകുറ്റപ്പണി നടത്തി നവീകരിക്കുക.
7. സ്കൂളിലെ പടിഞ്ഞാറെ ഗേറ്റ് മാറ്റിസ്ഥാപിക്കുക. (വാഹനം കടന്നുപോകാൻ പര്യാപ്തമായ വിധത്തിൽ.)
8. തുറന്നു കിണറിൽ നിന്ന് വെള്ളം കോരുന്നതിന് വേണ്ടി രണ്ടു പില്ലറുകൾ സ്ഥാപിക്കുകയോ മോട്ടോർ ഫിറ്റുചെയ്യുകയോ വേണം.
9. നിലവിലുള്ള യൂറിനൽ കൂടുതൽ വെളിച്ചം കടക്കുന്ന വിധത്തിൽ അറ്റുകുറ്റപ്പണി നടത്തി നവീകരിക്കുക.

## 4. ജി. എം. എൽ. പി സ്കൂൾ കക്കൂത്ത്

1. സ്കൂളിന് ഗൈറ്റ് കമാനാകൃതിയിൽ സ്ഥാപിക്കും.
2. കമ്പ്യൂട്ടർ റൂം ടൈൽസ് ഇലക്ട്രിഫിക്കേഷൻ എന്നിവ നടത്തുക.
3. സ്കൂൾ ഹാളിലേക്ക് ആവശ്യമായ കസേരകൾ, മേശകൾ എന്നിവ അനുവദിക്കുക.
4. ഹാൾ വയറിംഗ്, ഫാൻ, മറകൾ, സ്റ്റേർകേസിനിടയിൽ ഷീറ്റ് അടിക്കൽ എന്നിവ നടത്തുക.
5. എല്ലാ ക്ലാസ് റൂമുകളിലും വെളിച്ചം, കാറ്റ് എന്നിവ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
6. മതിൽ, ക്ലാസ് റൂം എന്നിവ വൈറ്റ് വാഷ് ചെയ്യുക.
7. കുഴൽകിണർ, വിറക് പുര, മൂത്രപ്പുര എന്നിവയുടെ അറ്റകുറ്റപ്പണി.
8. കേട് വന്ന ഉപകരണങ്ങളുടെ റിപ്പയറിംഗ്.

9. സ്കൂളിലേക്കുള്ള റോഡ് ടാർ ചെയ്യുക, മെയിൻ റോഡിൽ നിന്നും സ്കൂളിലേക്ക് തിരിയുന്ന ജംഗ്ഷനിൽ സീ ബ്രാലൈൻ വരയ്ക്കുക. സ്കൂൾ ബോർഡ്, ചിഹ്നം എന്നിവ സ്ഥാപിക്കുക.
10. അടുത്തുള്ള അഴുക്ക് ചാൽ, കാട് എന്നിവ വൃത്തിയാക്കുക.
11. പുതിയ കമ്പ്യൂട്ടർ അനുവദിക്കുക.
12. ഓരോ ക്ലാസിലേക്കും ആവശ്യമായ ചിത്രപാർട്ടുകൾ അനുവദിക്കുക.
13. പ്രി–പ്രൈമറി കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ അനുവദിക്കുക.
14. ആവശ്യമായ അലമാരകൾ അനുവദിക്കുക.
15. എല്ലാ സ്കൂളിനും ഓരോ പ്രൊജക്ടർ അനുവദിക്കുക
16. സ്പോർട്സ് സാധനങ്ങൾ അനുവദിക്കുക.
17. പഠിക്കുന്നതിന് നോട്ട് ബുക്കുകൾ അനുവദിക്കുക.
18. വാഹനസൗകര്യം ഏർപ്പെടുത്തുക.
19. അന്യ സംസ്ഥാനകുട്ടികൾക്കായി പ്രത്യേക പാക്കേജ് ആരംഭിക്കുക.
20. എല്ലാ സ്കൂളുകൾക്കും ലൈബ്രറി പുസ്തകങ്ങൾ നൽകുക.
21. മുനിസിപ്പാലിറ്റിയിലെ എല്ലാ സ്കൂളുകളെയും ഒറ്റ യൂണിറ്റായി കണ്ട് അവയുടെ കൂട്ടായ വികസനത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക ഓരോ ക്ലാസും ഒരൊറ്റ യൂണിറ്റായി കാണണം.
22. എൽ.എസ്.എസ്, യു.എസ്.എസ്, വിജയഭേരി എന്നിവയ്ക്കായി മുനിസിപ്പൽ തലത്തിൽ മോഡൽ ചോദ്യപേപ്പറുകൾ, മൊഡ്യൂളുകൾ തയ്യാറാക്കുക അവർക്കായി സ്പെഷ്യൽ കോച്ചിംഗ് നടത്തുക.

## 5. ജി.എൽ.പി.എസ് പെരിന്തൽമണ്ണ ഈസ്റ്റ് പെരിന്തൽമണ്ണ ഈസ്റ്റ്

1916–ൽ സ്ഥാപിതമായ ഈ വിദ്യാലയം ശതാബ്ദിയുടെ നിറവിലാണ്. ഒരുവിധം അടിസ്ഥാനസൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെങ്കിലും ചില സൗകര്യങ്ങൾ കൂടി ഒരുക്കാനുണ്ട്. എല്ലാ സൗകര്യങ്ങളും ഒരുക്കി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാലയമാക്കി മാറ്റാനുള്ള പദ്ധതികളാണ് താഴെ കൊടുക്കുന്നത്.

ഭൗതിക സൗകര്യങ്ങൾ ആവശ്യമുള്ളവ

1. വിദ്യാർത്ഥികളുട എണ്ണക്കുറവ് പരിഹരിക്കാൻ ഗതാഗത സൗകര്യം ഏർപ്പെടുത്താൻ സ്കൂൾ ബസ്സ് വേണം.
2. കുട്ടികളെ വെയിൽ കൊള്ളിക്കാതെ അസംബ്ലി നടത്താൻ ഒരു ഓപ്പൺ ഓഡിറ്റോറിയം ആവശ്യമാണ്.
3. ഭക്ഷണഹാളിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ വേണം.

4. ജല പരിശോധനയിൽ കിണറിലെ വെള്ളത്തിൽ നൈട്രേറ്റ് കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മൂത്രപ്പുര ഏറെയകലെയല്ലാതെ ഉള്ളതിനാലാണിത്. പുതിയ കിണർ നിർമ്മിക്കുകയോ ഉള്ളത് റിംഗ് ഇറക്കി ശുദ്ധമാക്കുകയോ വേണം.
5. ഓരോ വർഷവും സ്കൂൾ ക്യാമ്പസ്സിൽ കൃഷിയിറക്കാൻ സഹായം വേണം.
6. കുട്ടികളുടെ പാർക്കിൽ ടൈൽസ് പതിച്ച് മനോഹരമാക്കാൻ സഹായം വേണം. പാർക്കിൽ കളി ഉപകരണങ്ങൾ വേണം.
7. എൽ.സി.ഡി പ്രൊജക്ടറും ലാപ്ടോപ്പും ഉണ്ടെങ്കിലും അവ സ്ഥിരമായി വയ്ക്കാൻ ഒരു സ്മാർട്ട് ക്ലാസ് റൂം ഇല്ല. അതിനുള്ള സൗകര്യം ഒരുക്കണം.
8. പ്രീ-പ്രൈമറി കെട്ടിടത്തിലും സി.ആർ.സി കെട്ടിടത്തിലും ടൈൽസ് പതിക്കണം.
9. വിദ്യാലയം പെയിന്റടിച്ച് മനോഹരമാക്കാനുള്ള സാമ്പത്തിക സഹായം വേണം.
10. എല്ലാ ക്ലാസ്സ് മുറികളും ട്രെയ്നിംഗ് ഹാളും എ.സി ആക്കണം.
11. ഗേറ്റ് വേണം, ഇൻഡോർ സ്റ്റേഡിയം

## അക്കാദമികം

1. ഓരോ ക്ലാസ്സും സ്മാർട്ട് ക്ലാസ് ആക്കാൻ എല്ലാ ക്ലാസ്സുകളിലേക്കുമായി 5 കമ്പ്യൂട്ടറുകൾ വേണം.
2. പാഠഭാഗങ്ങളെ ആസ്പദമാക്കി വർക്ക് ഷീറ്റുകൾ, എൽ.എസ്.എസ് കോച്ചിംഗിനുള്ള ചോദ്യങ്ങൾ, വിജയഭേരി പ്രവർത്തനങ്ങൾക്കുള്ള വർക്കുഷീറ്റുകൾ എന്നിവ തയ്യാറാക്കി നൽകണം.
3. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ എടുക്കാൻ പ്രത്യേകം അധ്യാപകരെ നിയമിക്കണം.
4. പഠനയാത്ര, ഫീൽഡ് ട്രിപ്പുകൾ എന്നിവ സംഘടിപ്പിക്കാൻ സഹായം വേണം
5. സഹവാസ ക്യാമ്പുകൾ, രക്ഷാകർത്തൃ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കാൻ സഹായം.
6. ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വേണം.

## 6. ജി. എൽ. പി. എസ് പെരിന്തൽമണ്ണ വെസ്റ്റ്

1. മുകൾ നിലയിൽ ഒരു ക്ലാസ് റൂം നിർമ്മിക്കൽ
2. ഓഫീസ് റൂമിന് ഗ്രിൽ ഡോർ സ്ഥാപിക്കൽ
3. ഓഫീസ് മുറി, സ്റ്റേജ്, ക്ലാസ് മുറികൾ എന്നിവ ടൈൽസ് പതിക്കൽ
4. അടുക്കള വലുതാക്കി സ്റ്റോർ റൂം നിർമ്മിക്കുക, ഗ്യാസ് കണക്ഷൻ, പുകയില്ലാത്ത അടുപ്പ്, മറ്റ് ആധുനിക സൗകര്യങ്ങൾ എന്നിവ ഒരുക്കുക.

5. സ്കൂളിനോടു ചേർന്നു കിടക്കുന്ന കളിസ്ഥലം വാങ്ങി കളി ഉപകരണങ്ങൾ സ്ഥാപിക്കൽ
6. ഗേറ്റിനു മുകളിൽ കമാനം വച്ച് നെയിം ബോർഡ് സ്ഥാപിക്കൽ
7. ചുറ്റുമതിലിനു മുകളിൽ മുള്ളുവേലി സ്ഥാപിക്കൽ
8. സ്കൂളിൽ ഒരു പ്രിന്റർ വാങ്ങൽ എല്ലാ ക്ലാസുകളിലേക്കും കമ്പ്യൂട്ടർ. കമ്പ്യൂട്ടർ മേശ, ആധുനിക ഇരിപ്പിട സൗകര്യങ്ങൾ എന്നിവ ഒരുക്കൽ
9. വിശാലമായ ലൈബ്രറി സജ്ജീകരിക്കൽ
10. പ്രീ. പ്രൈമറി ക്ലാസുകളിലേക്ക് കളി ഉപകരണങ്ങൾ ലഭ്യമാക്കൽ.
11. സ്കൂളിന് സ്വന്തമായി ഒരു വാഹനം ലഭ്യമാക്കൽ
12. എൽ.സി.ഡി പ്രൊജക്റ്റർ വാങ്ങി പ്രയോജനപ്പെടുത്തൽ
13. ഓരോ ടേമിലും ആരോഗ്യ ബോധവൽക്കരണ ക്ലാസ്, വൈദ്യ പരിശോധനക്യാമ്പ് എന്നിവ സംഘടിപ്പിക്കൽ

## 14–ാം പദ്ധതിയുടെ ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി പദ്ധതികാലത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്റ്റ് ആശയങ്ങൾ താഴെകൊടുക്കുന്നു.

1. വിദ്യാലയങ്ങളിൽ കെട്ടിടങ്ങളും ക്ലാസ്മുറികളും വർദ്ധിപ്പിക്കൽ
2. ടോയ്‌ലറ്റുകളും, ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകളും നിർമ്മിക്കൽ.
3. സ്രോതസ്സുകളും സംഭരണശേഷിയും വർദ്ധിപ്പിച്ച് സമ്പൂർണ്ണ കുടിവെള്ള പദ്ധതി.
4. ആധുനിക രീതിയിലുള്ള ശിശുസൗഹൃദ ഫർണിച്ചറുകൾ.
5. വെർച്വൽ ക്ലാസ് മുറികൾ.
6. ഇന്റർനെറ്റ് സംവിധാനത്തോടെ കമ്പ്യൂട്ടർ ലാബ്.
7. സയൻസ്, ഗണിത ലാബുകൾക്കൊപ്പം വിവിധ ഭാഷാ ലാബുകൾ.
8. സയൻസ് വിഷയങ്ങൾക്ക് ക്ലാസ്റൂം വിത്ത് ലാബ്.
9. ആധുനിക പഠനസംവിധാനങ്ങളെ കുറിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകൽ.
9. ഭിന്നശേഷിക്കാർക്ക് ഫിസിയോ തെറാപ്പി സെന്റർ.
10. പഠനനിലവാരം ഉയർത്തുന്നതിന് കരിയർ, സക്സസ് ക്ലിനിക്കുകൾ.
11. ഭിന്നശേഷിക്കാർക്ക് സ്പീച്ച് ലാഗ്വേജ് തെറാപ്പി സെന്റർ.
12. കൗൺസിലിങ്ങ് സെന്ററുകൾ.
13. പഠനനിലവാരത്തിൽ പുറകിൽ നിൽക്കുന്നവർക്ക് പ്രത്യേക കോച്ചിങ്ങ് ക്ലാസ്സുകൾ.

14. ഘട്ടംഘട്ടമായി എല്ലാ പൊതുവിദ്യാലയങ്ങൾക്കും സ്കൂൾ ബസ് ലഭ്യമാക്കൽ.
15. വിജയഭേരി, വിജയപഥം, സമഗ്ര വിദ്യാഭ്യാസ പദ്ധതി വ്യാപിപ്പിക്കൽ.
16. എസ്.സി/എസ്.ടി വിഭാഗക്കാർക്ക് പ്രത്യേക പരിശീലനം നൽകൽ.
17. ആധുനിക രീതിയിലുള്ള ഡിജിറ്റർ ലൈബ്രറി.
18. വിദ്യാലയങ്ങളിൽ ശുചിത്വ പച്ചക്കറി തോട്ടം.
19. വിദ്യാലയങ്ങളിൽ ഫലവൃക്ഷതൈകളും, ഔഷധ ചെടികളും നടീൽ.
20. ലഹരി, ട്രാഫിക് ബോധവൽക്കരണം.
21. ഗലീലിയോ ശാസ്ത്രാവബോധ ക്ലാസുകൾ പ്രത്യേകമായി സംഘടിപ്പിക്കൽ.
22. സിവിൽ സർവ്വീസ് അക്കാഡമി ആരംഭിക്കൽ.
23. സ്കൂളുകളിൽ സി.സി.ടി.വി, മൈക്രോഫോൺ, പി.ഒ സിസ്റ്റം ലഭ്യമാക്കൽ.
24. വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ ആരോഗ്യപരിരക്ഷകാർഡ് പദ്ധതി നടപ്പാക്കൽ.
25. ഇതരം സംസ്ഥാനകുട്ടികൾക്ക് പ്രത്യേക പാക്കേജ്.
26. ഇ.എം.എസ് പഠിച്ച കെട്ടിടം ചരിത്ര സ്മാരകമാക്കി സംരക്ഷിക്കൽ.
27. വിദ്യാലയങ്ങളിൽ സമ്പൂർണ്ണ ഇലക്ട്രിഫിക്കേഷൻ നടപ്പാക്കൽ.
28. ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് ടീം രൂപീകരിക്കൽ.
29. വിദ്യാലയങ്ങളിൽ എ.സി, ഫാൻ ലഭ്യമാക്കൽ.
30. വിദ്യാലയങ്ങൾക്ക് ടി.വി
31. മ്യൂസിക് സ്കൂൾ ആരംഭിക്കൽ.
32. ഉച്ചഭക്ഷണ നവീകരണവും, പാചകപുര നവീകരണവും.
33. വിദ്യാലയങ്ങളിൽ സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കൽ
34. സ്കിൽ ഡവലപ്മെന്റ് ക്ലിനിക്ക് ആരംഭിക്കൽ.
35. വിദ്യാലയങ്ങൾക്ക് ലാപ്ടോപ്പുകളും, പ്രോജക്റ്ററുകളും നൽകൽ.
36. എല്ലാ വിദ്യാലയങ്ങളിലും മഴവെള്ള സംഭരണി.
37. സാക്ഷരതാ തുടർ പഠനകേന്ദ്രങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുക

# കലാ–സംസ്ക്കാരം–കായിക വികസനം–യുവജനക്ഷേമം




KALAGRAMAM, PERINTHALMANNA

സാംസ്കാരികാരിതയും, കലാ-കായികമായും വളരെ പ്രശസ്തവും, ഒട്ടനവധി കലാ-കായിക താരങ്ങൾക്ക് ജന്മമേകിയ പ്രദേശവുമാണ് പെരിന്ത ൽമണ്ണ. കലാകായിക, സാംസ്ക്കാരിക രംഗത്ത് കൃയാത്മകമായ ഇടപെടലിലൂടെ കൂടുതൽ ചനലങ്ങൾ സൃഷ്ടിക്കാൻ നൂതനമായ പല ആശയങ്ങളും നഗരസഭ യിൽ ഇതിനോടകംതന്നെ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കലാ-കായിക പരിശീലനത്തിൽ ഒട്ടനവധി പരിമിതികൾ നഗരസഭ അഭിമുഖീ കരിക്കുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. നഗരസഭക്കകത്തെ കലാ-കായിക-സാംസ്ക്കാരിക രംഗത്തെ ക്ലബ്ബുകൾക്കും, വായനശാലകൾക്കും, സൊസൈറ്റികൾക്കും കൂടുതൽ പ്രോത്സാഹനം നൽകുന്നതോടൊപ്പം കഴിഞ്ഞ 20 വർഷത്തെ ജനകീയാസൂത്രണ പ്രക്രിയയുടെ നേട്ടകോട്ടങ്ങൾ വസ്തുനിഷ്ഠമായി പരിശോധിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ആത്മവിശ്വാസത്തോടെ 13-ാം പഞ്ചവത്സര പദ്ധതിയിലേക്ക് കടക്കാനാണ് നഗരസഭ ലക്ഷ്യമിടുന്നത്.

## അവസ്ഥാ വിശകലനം

കഴിഞ്ഞ പദ്ധതികാലത്ത് വായനശാലകളുടെയും, ക്ലബ്ബുകളുടെയും, കലാകേന്ദ്രങ്ങളുടെയും ഉന്നമനത്തിനായി പുസ്തകങ്ങളും, ഫർണ്ണിച്ചറുകളും, സ്പോർട്സ് കിറ്റുകളും നഗരസഭ വിതരണം ചെയ്തിട്ടുണ്ട്. കേരളോത്സവം വളരെ വിപുലമായി തന്നെ നഗരസഭയിൽ നടത്തുകവഴി ഒട്ടനവധി കായികതാരങ്ങൾക്ക് സംസ്ഥാനതലത്തിൽ വരെ എത്തിപെടാനും സാധിച്ചിട്ടുണ്ട്. പെരിന്തൽമണ്ണയിലെയും, പരിസര പ്രദേശങ്ങളിലേയും കായിക പ്രേമികളുടെ ചിരകാല സ്വപ്നമായിരുന്നു നെഹ്റു സ്റ്റേഡിയം പൂർണ്ണരീതിയിൽ നവീകരിക്കാൻ കഴിഞ്ഞത് 12-ാം പദ്ധതിയിലെ നേട്ടമാണ്. നഗരസഭക്കകത്ത് കലാ-കായിക-സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാൻ 'യുവമിത്രാ' പദ്ധതിക്ക് കീഴിൽ 4 സബ്കമ്മിറ്റികൾ നിലവിലുണ്ട്. ഇവരുടെ നിരന്തരമായ ഇടപെടൽ കാരണം നഗരസഭയിൽ കല-കായിക-സാംസ്കാരിക രംഗത്ത് കൂടുതൽ പങ്കാളിത്തവും, ഉണർവ്വും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | സ്ഥലം ഉള്ളത് | സ്ഥലം കെട്ടിടവും ഉള്ളത് | സ്ഥലം കെട്ടിടവും ഇല്ലാത്തത് | ആസ്ഥാനം ഇല്ലാത്തത് | ആകെ |
|---|---|---|---|---|---|---|
| 1 | ക്ലബ്ബുകൾ | 1 | 17 | 49 | 17 | 74 |
| 2 | വായനശാലകൾ | - | 9 | 01 | - | 10 |
| 3 | ഫിലിം സൊസൈറ്റികൾ | - | - | - | 02 | 02 |

നഗരസഭക്കകത്ത് 74 ക്ലബ്ബുകളും, 10 വായനശാലകളും, 2 ഫിലിം സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും നഗരം കേന്ദ്രീകരിച്ച് 11 ക്ലബ്ബുകളും, 2 ഫിലിം സൊസൈറ്റികളുമാണ് പ്രവർത്തിക്കുന്നത്. സ്ഥിരതയോടെ പ്രവർത്തിക്കുന്ന ക്ലബ്ബുകളിൽ പോലും കല, സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നവ വളരെ കുറവാണ് എന്നത് വസ്തുതയാണ്.

പല ക്ലബ്ബുകൾക്കും, വായനശാലകൾക്കും സ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും സ്ഥലവും കെട്ടിടവുമില്ലാത്ത ഒട്ടേറെ ക്ലബ്ബുകളും, വായനശാലകളും, ഫിലിം സൊസൈറ്റികളുമുണ്ട്. നഗരസഭക്കകത്തെ ക്ലബ്ബുകളുടെയും, വായനശാലകളുടെയും, ഫിലിം സൊസൈറ്റികളുടെ സ്ഥിതിവിവര കണക്കുകൾ താഴെപറയും പ്രകാരമാണ്.

നഗരത്തിന്റെ തിരക്കിൽ നിന്ന് മാറി തനത് കലകളായ നൃത്തം, സംഗീതം, ചിത്രകല, കഥകളി, ഓട്ടംതുള്ളൽ, വാദ്യമേളം, കോൽക്കളി തുടങ്ങി വിവിധ കലാവിഭാഗങ്ങളുടെ പരിശീലനത്തിനും, കലാപരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള ഓഡിറ്റോറിയം, ആർട്ട്ഗാലറി, കലാകാരൻമാർക്കുള്ള താമസ സൗകര്യമടക്കമുള്ള 'കലാഗ്രാമം' എന്ന പദ്ധതിക്ക് നഗരസഭ ഇതിനോടകം തന്നെ വിശദമായ ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ പദ്ധതികാലത്ത് കലാ-കായിക-സാംസ്കാരികരംഗത്തിന്റെ പ്രവർത്തനങ്ങൾക്ക് 3930000/- രൂപ നീക്കിവെക്കുകയും 3810053/- രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

12–ാം പഞ്ചവത്സര കാലത്ത് കുറെയേറെ നേട്ടങ്ങൾ കലാ-കായിക സാംസ്കാരികരംഗത്ത് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും. ക്ലബ്ബുകൾക്കും, വായനശാലകൾക്കും നൽകുന്ന ആനുകൂല്യങ്ങൾ പലപ്പോഴും കൃത്യമായി വിനിയോഗിക്കപ്പെടുന്നില്ല. ക്ലബ്ബുകളുടെയും വായനശാലകളുടെയും പ്രവർത്തനരീതികൾ കൃത്യമായി മോണിറ്ററിങ്ങ് ചെയ്യുകയും അത് വഴി ഇവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനും, നിലനിർത്താനും കഴിയുന്നതാണ്. ക്ലബ്ബുകളും, വായനശാലകളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. അയതിന് പരിഹാരമെന്നോണം ക്ലബ്ബുകൾക്കും, വായനശാലകൾക്കും പ്രവർത്തനമികവും, ഭൗതിക സാഹചര്യവും കണക്കിലെടുത്ത് ഗ്രേഡിങ്ങ് സംവിധാനം കൊണ്ടുവരുകയും, നിലവാരത്തിനനുസരിച്ച് ഘട്ടംഘട്ടമായി സ്ഥലവും, കെട്ടിടങ്ങളും ലഭ്യമാക്കാവുന്നതാണ്. കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ചമയങ്ങളും മറ്റും ലഭ്യമാക്കുന്നതിന് സ്വകാര്യ ഏജൻസികൾ ഈടാക്കുന്നവൻ തുകകൾ സാധാരണക്കാർക്ക് താങ്ങാവുന്നതിലപ്പുറമാണ്. ആയത് പരിഹരിക്കാൻ സൊസൈറ്റികൾ കേന്ദ്രീകൃതമായി ചമയങ്ങളും മറ്റും ലഭ്യമാക്കാവുന്നതാണ്.

## ഈ മേഖലയിലെ ദീർഘകാല വികസനപരിപ്രേക്ഷ്യം

ക്ലബ്ബുകളും, വായനശാലകളും, ഫിലിംസൊസൈറ്റികളും നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും തരണം ചെയ്യുന്നതിന് നഗരസഭക്കകത്തെ മുഴുവൻ ക്ലബ്ബുകളും, വായനശാലകളും, ഫിലിംസൊസൈറ്റികളും റജിസ്ട്രേഷൻ നടത്തുകയും ആയത് വഴി ഗ്രേഡിങ്ങ് മാനദണ്ഡം നിശ്ചയിച്ച് വാർഷിക കലണ്ടറിന് രൂപംനൽകി, ക്ലബ്ബുകളെയും, വായനശാലകളെയും ഫിലിം സൊസൈറ്റികളെയും പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം സാമൂഹ്യപ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്വം ഉറപ്പുവരുത്തി ലക്ഷ്യബോധമുള്ള ഒരു യുവതയെ സൃഷ്ടിക്കുക എന്നതാണ് 13–ാം പഞ്ചവത്സര പദ്ധതികാലത്ത് ദീർഘകാല പരിപ്രേക്ഷ്യത്തോടെ നഗരസഭ ലക്ഷ്യമിടുന്നത്.

## ലക്ഷ്യങ്ങൾ

1. നഗരസഭക്കകത്ത് വായനശാലകളും, ക്ലബ്ബുകൾക്കും ഫിലിം സൊസൈറ്റികൾക്കും ഘട്ടംഘട്ടമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കൽ.
2. കാല-കായിക-സാംസ്കാരിക സംഘങ്ങൾക്ക് കീഴിൽ യോഗ, നൃത്തം, സംഗീതം, ചിത്രരചന, വാദ്യകല എന്നിവയുടെ പരിശീലനസൗകര്യം ലഭ്യമാക്കൽ.
3. അഖിലേന്ത്യ മത്സരങ്ങൾ വരെ നടക്കാൻ സൗകര്യമുള്ള സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കൽ.
4. കലാഗ്രാമം വേഗത്തിൽ പൂർത്തിയാക്കൽ.

5. എല്ലാ രജിസ്ട്രേഡ് ക്ലബ്ബുകൾക്കും പൂർണ്ണതോതിൽ സ്പോർട്സ് ഉപകരണങ്ങളും, സ്പോർട്സ് കിറ്റും ലഭ്യമാക്കൽ.
6. ഏകീകൃത കലാകായിക, വാർഷിക കലണ്ടറിൻ രൂപംനൽകൽ
7. ബാസ്ക്കറ്റ് ബാൾ, വോളിബോൾ, ഷട്ടിൽ, ടേബിൾ ടെന്നീസ് വിഭാഗങ്ങൾക്ക് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കൽ.
8. കലാമൂല്യവും, സാമൂഹ്യ പ്രസക്തിയുമുള്ള ചലചിത്രാസ്വാദനം വ്യാപകമാക്കുന്നതിനും, സിനിമകളുടെയും, ഡോകുമെന്ററികളുടെയും പ്രദർശനത്തിന് മൾട്ടിഫ്ളക്സ് തിയ്യറ്റർ നിർമ്മിക്കൽ.
9. ഫിലിം സൊസൈറ്റികൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവരുടെ സഹകരണത്തോടെ കലാപരിപാടികളും ഫിലിംഫെസ്റ്റും നടത്തൽ.
10. നഗരസഭയിലെ എല്ലാ വാർഡുകളിലും സ്പോർട്സ് ക്ലബ്ബുകളും, സീനിയർ സിറ്റിസൺ ക്ലബ്ബുകളും ആരംഭിക്കൽ.
11. കേരളോത്സവം വിപുലമായ രീതിയിൽ നഗരസഭയിൽ സംഘടിപ്പിക്കൽ.
12. പി.കെ.കൃഷ്ണമേനോൻ ഗ്രന്ഥാലയം ഡിജിറ്റൽ സംവിധാനത്തോടെ ഗവേഷണ കേന്ദ്രമാക്കൽ.
13. ഭിന്നശേഷിക്കാരുടെ കലാകായിക പരിപാടികൾ സംഘടിപ്പിക്കൽ.
14. നാടകോത്സവം, ചലച്ചിത്രോത്സവം, നാടൻ കലാമേള എന്നിവ സംഘടിപ്പിക്കൽ.
15. കലാ-കായിക വിഭാഗങ്ങൾക്ക് പ്രത്യേക പരിശീലനഅക്കാഡമിയും, കോച്ചിങ്ങ് ക്യാമ്പുകളും സംഘടിപ്പിക്കൽ.
16. നഗരസഭയിൽ പ്രധാനമേഖലകളിൽ കളിസ്ഥലവും, നീന്തൽകുളങ്ങളും, സൈക്കിൾ ട്രാക്കും നിർമ്മിക്കൽ.
17. വാർഡുകളിൽ ബാലവേദിക്ക് രൂപം നൽകൽ.
18. വായനശാലകളെ ഇന്റർനെറ്റ് സൗകര്യത്തോടെ ആധുനികവൽക്കരിക്കൽ.
19. ചെമ്പംകുന്ന് സെന്ററിൽ നഗരസഭയുടെ സ്ഥലത്ത് പൊതുജനവായനശാസയും, സാംസ്കാരിക നിലയവും നിർമ്മിക്കൽ.
20. കലാ-കായിക-സാംസ്കാരിക രംഗത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന യുവമിത്രക്ക് ഓഫീസ് അനുവദിക്കൽ.

## 14–ാം പഞ്ചവത്സര പദ്ധതി ലക്ഷ്യങ്ങൾ

ദീർഘകാല പരിവേക്ഷത്തിലെ ഒട്ടുമിക്ക ലക്ഷ്യങ്ങളും ആദ്യ രണ്ടു വാർഷിക പദ്ധതി കാലങ്ങളിൽ ലക്ഷ്യം കൈവരിക്കാൻ കഴിയുന്ന തരത്തിലുള്ളതാണ്. നഗരസഭ പരിധിക്കകത്തെ വായനശാലകളിലൂടെയും, ക്ലബ്ബുകളുടെയും, ഫിലിം സൊസൈറ്റികളുടെയും ഭൗതിക സൗകര്യം മെച്ചപ്പെടുത്തുകയും. അത് വഴി യുവതലമുറക്ക് ഈ മേഖലകളിൽ പുത്തൻ സംസ്കാരത്തിന്റെ ദിശാബോധമുണ്ടാക്കി കലാ–കായികവും, സാംസ്കാരികവുമായ മികച്ച മുന്നേറ്റം നടത്തി സംസ്ഥാനത്ത് തന്നെ മാതൃകയാക്കുംവിധത്തിലുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കാനാണ് 13–ാം പഞ്ചവത്സര കാലയളവിൽ നഗരസഭ ലക്ഷ്യംവെക്കുന്നത്.

അടുത്ത അഞ്ചുവർഷക്കാലത്ത് ഈ മേഖലയിൽ നഗരസഭ കൈവരിക്കാൻ ലക്ഷ്യമിടുന്ന വികസനലക്ഷ്യങ്ങളെ താഴെ പറയുംപ്രകാരം നിർണ്ണയിക്കുന്നു.

| മുൻഗണന | പരിപ്രേക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | 2017–2018 | 2018–2019 | 2019–2020 | 2020–2021 | 2021–2022 |
|---|---|---|---|---|---|---|---|---|
| ക്ലബ്ബുകൾ | സ്ഥലം/കെട്ടിടം | സ്ഥലം/കെട്ടിടം ലഭ്യമാക്കൽ | കെട്ടിടം/സ്ഥലം ആവശ്യമുള്ളത് ( 57 ക്ലബ്ബുകൾ ) | 10 | 20 | 30 | 40 | 57 |
| വായനശാലകൾ | സ്ഥലം/കെട്ടിടം | സ്ഥലം/കെട്ടിടം ലഭ്യമാക്കൽ | കെട്ടിടം/സ്ഥലം ആവശ്യമുള്ളത് (1 വായനശാല) | 01 | – | – | – | – |
| ഫിലിം സൊസൈറ്റികൾ | സ്ഥലം/കെട്ടിടം | സ്ഥലം/കെട്ടിടം ലഭ്യമാക്കൽ | കെട്ടിടം/സ്ഥലം ആവശ്യമുള്ളത് (2 ഫിലിം സൊസൈറ്റികൾ) | 01 | 01 | – | – | – |

## 14–ാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി പദ്ധതിക്കാലത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ട് ആശയങ്ങൾ താഴെകൊടുക്കുന്നു.

1. വായനശാലകൾക്കും, ക്ലബ്ബുകൾക്കും, ഫിലിം സൊസൈറ്റികൾക്കും ഘട്ടംഘട്ടമായി സ്ഥലവും, കെട്ടിടവും ലഭ്യമാക്കൽ.

2. യോഗ, നൃത്തം, സംഗീതം, വാദ്യകല, ചിത്രരചനഎന്നിവയുടെ പരിശീലനത്തിന് സൗകര്യം ലഭ്യമാക്കൽ.

3. വള്ളുവനാട് കലാഗ്രാമം വേഗത്തിൽ പൂർത്തിയാക്കൽ

4. ക്ലബ്ബുകളിലെയും, ലൈബ്രറികളിലെയും സൗകര്യങ്ങൾ വിലയിരുത്താൻ മോണിറ്ററിങ്ങ് സംവിധാനം കൊണ്ടുവന്ന് ഗ്രേഡിങ്ങ് നിർണ്ണയിക്കൽ.

5. ഏകീകൃത കലാ-കായിക വാർഷിക കലണ്ടറിന് രൂപം നൽകൽ.

6. കലാമൂല്യവും, സാമൂഹ്യ പ്രസക്തിയുമുള്ള ചലചിത്രാസ്വാദനം വ്യാപകമാക്കുന്നതിനും സിനിമകളുടെയും, ഡോക്യുമെന്ററികളുടെയും പ്രദർശനത്തിന് മൾട്ടി ഫ്ളക്സ് തിയ്യേറ്റർ നിർമാണം.

7. ഫിലിം സൊസൈറ്റികൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവരുടെ സഹകരണത്തോടെ കലാപരിപാടികളും, ഫിലിം ഫെസ്റ്റും നടത്തൽ.

8. ചെമ്പംകുന്ന് സെന്ററിൽ നഗരസഭയുടെ സ്ഥലത്ത് പൊതുജനവായനശാലയും, സാംസ്കാരിക നിലയവും നിർമ്മിക്കൽ.

9. പി.കെ.കൃഷ്ണമേനോൻ ഗ്രന്ഥാലയും ഡിജിറ്റൽ സംവിധാനത്തോടെ ഗവേഷണ കേന്ദ്രമാക്കൽ.

10. നാടകോത്സവം, ചലച്ചിത്രോത്സവം, നാടൻ കലാമേള എന്നിവ സംഘടിപ്പിക്കൽ.

11. വായനശാലകൾ ഇന്റർനെറ്റ് സംവിധാനത്തോടെ റഫറൽ ഗ്രന്ഥാലയമാക്കൽ.

11. വാർഡുകളിൽ ബാലവേദിക്ക് രൂപം നൽകൽ.

12. നഗരസഭയിൽ ഈസ്റ്റ്, വെസ്റ്റ്, നോർത്ത്, സൗത്ത് മേഖലകളിൽ കളിസ്ഥലവും, നീന്തൽകുളങ്ങളും, സൈക്കിൾ ട്രാക്കം നിർമ്മിക്കൽ.

13. നെഹ്റു സ്റ്റേഡിയം നവീകരിക്കൽ.

14. വിവിധ കായിക അക്കാഡമികൾ സ്ഥാപിക്കൽ.

15. ബാസ്ക്കറ്റ് ബാൾ, വോളിബാൾ, ടെന്നീസ്, ഷട്ടിൽ, ടേബിൾ ടെന്നീസ് എന്നിവക്ക് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കൽ.

16. അഖിലേന്ത്യ മത്സരങ്ങൾ സംഘടിപ്പിക്കാൻ സൗകര്യത്തോടെയുള്ള സ്പോർട് കോംപ്ലക്സ് നിർമ്മാണം.

17. റജിസ്ട്രേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം.

18. എല്ലാ വാർഡുകളിലും സ്പോർട്സ് ക്ലബ്ബുകളും, സീനിയർ സിറ്റിസൺ ക്ലബ്ബുകളും ആരംഭിക്കൽ.

19. ഭിന്നശേഷിക്കാരുടെ കലാ-കായിക പരിപാടികൾ സംഘടിപ്പിക്കൽ.

20. കേരളോത്സവം വിപുലമായി സംഘടിപ്പിക്കൽ.

21. വിവിധങ്ങളായ കായിക കോച്ചിങ്ങ് ക്യാമ്പുകൾ സംഘടിപ്പിക്കൽ.

22. ക്ലബ്ബുകളെയും, വായനശാലകളെയും ഉൾപ്പെടുത്തി വാർഡുകളിൽ ഖര-ദ്രവ-ജൈവമാലിന്യ ശുചിത്വ ബോധവൽക്കരണവും, കർമ്മസേനയും രൂപീകരിക്കൽ.

23. യുവമിത്രക്ക് ഓഫീസ് ലഭ്യമാക്കൽ.

24. അവശത അനുഭവിക്കുന്ന കലാ-കായിക താരങ്ങൾക്ക് സംരക്ഷണം നൽകൽ.

25. മുൻകാലങ്ങളിലെ കലാ-കായിക രംഗത്തുള്ളവരെ ആദരിക്കൽ.

26. അയോധനകലകളുടെ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കൽ.

27. കലാരംഗത്തെ ചമയങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമാകുന്നതിന് സാംസ്കാരിക സംഘങ്ങൾക്ക് കീഴിൽ ചമയങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കൽ.

28. പരമ്പരാഗത കലകളായ കഥകളി, ഓട്ടംതുള്ളൽ, വാദ്യമേളം, കോൽക്കളി, ദഫ്മുട്ട് തുടങ്ങിയവക്ക് പ്രോത്സാഹനം നൽകൽ.

29. ആറാം വാർഡിൽ ചെമ്പംകുന്ന് സെന്ററിൽ നഗരസഭയുടെ സ്ഥലത്ത് പൊതുജനവായനശാലയും സാംസ്ക്കാരിക നിലയവും നിർമ്മിക്കൽ.

30. ഫിലിം സൊസൈറ്റികൾക്ക് പ്രോജക്റ്ററുകൾ നൽകൽ

31. ഗലീലിയോ സയൻസ് സെന്റർ ആധുനികവൽക്കരിക്കൽ.

32. മിനി ബിനാലെ സംഘടിപ്പിക്കൽ.

33. പ്രാദേശിക ചരിത്ര സെമിനാർ - വള്ളുവനാട് മ്യൂസിയം എന്നിവ സംഘടിപ്പിക്കൽ.

34. പ്രതിഭാ സംഗമം നടത്തൽ.

35. ഓണം-ക്രിസ്തുമസ്-ബക്രീദ് ആഘോഷങ്ങൾ സംഘടിപ്പിക്കൽ.

# 12 – കുടിവെള്ളം



ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ് കേരളം. ശക്തവും തീവ്രവുമായ മഴ ലഭിക്കുമ്പോഴും വർഷത്തിൽ വിവിധ കാലങ്ങളിൽ വരൾച്ചയുടെയും കുടിവെ ള്ള ക്ഷാമത്തിന്റെയും അനുഭവമാണ് നമുക്കുള്ളത്. ജില്ലയിലെ ഏറ്റവും കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങ ളിൽ ഒന്നാണ് പെരിന്തൽമണ്ണ. ഭൂഗർഭ ജലം ഏറ്റവുമധികം താഴ്ന്നു പോയ ഒരു പ്രദേശം കൂടിയാണ് പെരിന്തൽമണ്ണ. കടലിന്റെയും പുഴകളുടെയും സാന്നിധ്യം ഏറ്റവും കുറഞ്ഞ പ്രദേശവുമാണ് പെരിന്തൽമണ്ണ.

നഗരസഭയുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മുമ്പ് 36ഓളം കുടിവെള്ള വിതരണ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ടെങ്കിലും മിക്കവയും ഇന്ന് പ്രവർത്തനക്ഷമമല്ല. ശക്തികുറഞ്ഞ ജലസ്രോതസ്സാണ് ഇതിന് പ്രധാനകാരണം. വാട്ടർ അതോറിറ്റിയുടെ നഗര ശുദ്ധജല പദ്ധതിയാണ് നിലവിൽ നഗരസഭയുടെ കുടിവെള്ള പ്രശ്നപരിഹാരത്തിന് പ്രധാനഉപാധി. നഗര ശുദ്ധജല പദ്ധതിയുടെ വിതരണശേഷി പ്രതിദിനം 100 ലക്ഷം ലിറ്റർ എന്ന തോതിലാണെങ്കിലും ഇന്ന് വിതരണം ചെയ്യാൻ കഴിയുന്നത് 60 ലക്ഷം ലിറ്ററിനു താഴെ മാത്രമാണ്. ജലംസ്രോതസ്സിന്റെ ശക്തികുറവാണ് ഇതിനും കാരണം.

13-ാം പദ്ധതിക്കാലത്ത് നഗരസഭ പ്രത്യേക താൽപര്യമെടുത്ത് സർക്കാറിൽ നിന്നും കിഫ്ബിയിൽ നിന്നും നേടിയെടുത്ത അലിഘഡ്-രാമൻചാടി കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത് നഗരസഭ കൗൺസിലിന്റെ വലിയൊരു നേട്ടമാണ്. ഇത് പൂർണ്ണമായി നടപ്പാക്കുന്നതോടെ പെരിന്തൽമണ്ണ നഗരസഭയിലെ കുടിവെള്ള ക്ഷാമത്തിന് പൂർണ്ണ തോതിൽ പരിഹാരം ആവുന്നതാണ്.

## നിലവിലുള്ള പ്രശ്നങ്ങൾ

1. നഗര ശുദ്ധജല വിതരണം 2-3 ദിവസം കൂടുമ്പോൾ മാത്രം.
2. സ്രോതസ്സിൽ നിന്നും വിതരണ ശൃംഖലയിലേക്കുള്ള ദൂരം (7 കിലോമീറ്റർ) വിതരണ നഷ്ടം.
3. നിലവിലുള്ള പദ്ധതിയിൽ നിന്നുതന്നെ സമീപ ഗ്രാമ പഞ്ചായത്തുകളിലേക്കുള്ള വിതരണം.
4. സാങ്കേതിക തകരാറുകൾ സംഭവിക്കുമ്പോൾ ബദൽ മാർഗ്ഗമോ സ്രോതസ്സോ ഇല്ല.
5. കാലപ്പഴക്കംചെന്ന വിതരണ ശൃംഖല. വ്യാസം കുറഞ്ഞ പഴയ പൈപ്പുകൾ. വിതരണം ആവശ്യമായ മർദ്ദത്തിൽ നൽകാൻ കഴിയാത്ത അവസ്ഥ.
6. നിലവിൽ 20 കിലോമീറ്ററോളം ദൈർഘ്യത്തിലുള്ള പഴയ ആസ്ബറ്റോസ് പൈപ്പുകൾ-വേഗത്തിൽ പൊട്ടുന്നവ.
7. 50 വർഷം പഴക്കമുള്ള പമ്പിങ്ങ് മെയിൻ പ്രധാനപ്പെട്ട ഒരു സോണിലേക്ക്.
8. റോഡുകളുടെ വികസനം മൂലം അടിയിലകപ്പെട്ട പൈപ്പുകളുടെ അറ്റകുറ്റപ്പണി നിർവ്വഹിക്കാൻ കഴിയാത്തത്.
9. ശുദ്ധീകരണ ശാലയിലും ശുദ്ധജല പമ്പിങ്ങ് സ്റ്റേഷനിലുമുള്ള വോൾട്ടേജ് കുറവ്.

2011ലെ സെൻസസ് പ്രകാരം നഗരസഭയിലെ 30% ജനങ്ങളും ആശ്രയിക്കുന്നത് പൈപ്പ് ജലമാണ്. 50 % ജനങ്ങൾ കിണറുകളും (കുഴൽകിണർ ഉൾപ്പെടെ) പൈപ്പു ജലവും ഉപയോഗിക്കുന്നു. 10-15% ത്തിന് പൊതുകിണർ, അടുത്തുള്ള സ്വകാര്യ കിണർ, ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ എന്നിവയുമാണ് ആശ്രയിക്കുന്നത്. നഗരപ്രദേശത്തെ സെപ്റ്റിക് ടാങ്കുകളും കുഴികക്കൂസുകളും സമീപ ജലസ്രോതസ്സുകളെ മലിനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. നഗരത്തിലെ ഏതാണ്ട് 30 % കുടിവെള്ള സ്രോതസ്സുകും മലിനമാണ്. തുറന്ന കിണറുകളിലെയും കുഴൽകിണറുകളിലെയും ജലലഭ്യത വർദ്ധിപ്പിക്കാൻ കഴിയണം. നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളെ മുഴുവൻ സംരക്ഷിക്കണം. മഴവെള്ളത്തെ കുടിവെള്ളമായി ഉപയോഗപ്പെടുത്താൻ ശ്രമിക്കണം.

## നഗര ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം

നഗരസഭയുടെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് എൽ.ഐ.സിയുടെ സഹായത്തോടെ 2006ലാണ് പദ്ധതി ആരംഭിച്ചത്. ഇതിന്റെ പ്രധാനഘടകങ്ങൾ കട്ടുപ്പാറയിൽ സ്ഥിതിചെയ്യുന്ന

10 മീറ്റർ വ്യാസമുള്ള കിണർ, പമ്പ് ഹൗസ്, പമ്പ് സെറ്റ് (150 HP. V.T-2 Nos) , ട്രാൻസ്ഫോർമർ (500 KVA Indor) എന്നിവയും കട്ടുപ്പാറ മുതൽ ചെറുകരയിലുള്ള 19 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല, അതുവരെയുള്ള 600 MM Dia Cast Iron പമ്പിങ്ങ് മെയിൻ,

ശുദ്ധീകരണശാലയിലെ 150 എച്ച്.പി ശേഷിയുള്ള പമ്പ്സെറ്റുകൾ, പാതാക്കരയിലുള്ള 17 ലക്ഷം ശേഷിയുള്ള ഉപരിതല ടാങ്കും, അതിലേക്കുള്ള 400 MM Dia Cast Iron പമ്പിങ്ങ് മെയിനും, പാതാക്കരയിൽ നിന്നും കുളിർമലയിൽ സ്ഥാപിച്ചിട്ടുള്ള 16.60 ലക്ഷം ശേഷിയുള്ള ടാങ്കും അതിലേക്കുള്ള 300 MM Dia Ac പൈപ്പും വിതരണ ശൃംഖലയും ഉൾപ്പെട്ടതാണ്.

മേൽ പദ്ധതിയുടെ വിപുലീകരണത്തിനായി 2010ൽ UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി കട്ടുപ്പാറയിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുകയും കട്ടുപ്പാറയിലും ചെറുകര ശുദ്ധീകരണശാലയിലും നിലവിലുണ്ടായിരുന്ന പമ്പ് സെറ്റുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തു. കൂടാതെ പാതായ്ക്കര മുതൽ കുളിർമല ടാങ്ക് വരെയുള്ള 300 ആ എ.സി പൈപ്പുകൾ മാറ്റി പകരം 300 MM Di പൈപ്പ്, കുന്നപ്പള്ളി ഓഫീസ് കോമ്പൗണ്ടിൽ ഒരു ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ടാങ്കും അതിലേക്കുള്ള പമ്പ്സെറ്റ് പമ്പിങ്ങ് മെയിൻ (140 mm Pvc 125 mm Gi) എന്നിവയും 50 കിലോമീറ്ററോളം പുതിയവിതരണ ശൃംഖലയും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നഗരസഭ ഡെപ്പോസിറ്റ് പ്രവർത്തികളിലൂടെയും, വരൾച്ചാ ദുരിതാശ്വാസ പദ്ധതി KWA യുടെ നഗരശുദ്ധജലപദ്ധതി വിപുലീകരണം തുടങ്ങിയവയിൽ ഉൾപ്പെടുത്തി പല സമയങ്ങളിലായി ഏകദേശം 25 കിലോമീറ്ററോളം വിതരണ ശൃംഖലകളും സ്ഥാപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവർത്തി | ചെലവഴിച്ച തുക |
|---|---|---|
| 1. | കട്ടുപ്പാറയിൽ തടയണ | 1236-28 ലക്ഷം |
| 2. | തേക്കിൻകോട് ഉപരിതല ടാങ്ക് | 23.52 ലക്ഷം |
| 3. | പാതാക്കര മുതൽ കുളിർമല വരെ<br>300 mm AC ഗ്രാവിറ്റി മെയിൻ<br>കുന്നപ്പള്ളിയിൽ 1 ലക്ഷം ലിറ്റർ കപ്പാസിറ്റി ടാങ്ക് | 118.33 ലക്ഷം |
| 4. | റോഡ് നിർമ്മാണം | 20.61 ലക്ഷം |
| 5. | 2 എണ്ണം ഐ.ടി പമ്പ്സെറ്റ് 180 എച്ച്.പി | 47.87 ലക്ഷം |
| 6. | 6 എണ്ണം പമ്പ്സെറ്റ് 150 Hp ( 2 ), 20 Hp ( 2 ), 10 Hp ( 2 ) | |
| 7. | സോൺ 1, സോൺ 3 എന്നിവയിലേക്ക് പി.വി.സി/ജി.ഐ<br>പൈപ്പ് സ്ഥാപിക്കൽ. വിതരണത്തിന് | 46.47 ലക്ഷം |
| 8. | സോൺ 3, 4, 5 എന്നിവയിലേക്ക് പി.വി.സി/ജി.ഐ<br>പൈപ്പ് സ്ഥാപിക്കൽ | 41.03 ലക്ഷം |
| 9. | പി.വി.സി, ജി.എൽ പൈപ്പുകളുടെ വില | 76.61 ലക്ഷം |
| | ആകെ | 1610.72 ലക്ഷം |

## ദീർഘകാല നിർദ്ദേശങ്ങൾ

1. രാമൻചാടി–അലിഘഢ് കുടിവെള്ള പദ്ധതി പൂർണ്ണ തോതിൽ പ്രാവർത്തികമാക്കുക.
2. ക്യാമ്പസിന്റെ ഉയരം ഉപയോഗപ്പെടുത്തി ഗ്രാവിറ്റിയിൽ നഗരസഭയ്ക്കാവശ്യമായ വെള്ളം എത്തിക്കുക.
3. നിലവിലുള്ള കുന്നപ്പള്ളി ടാങ്കിനു സമീപം പുതിയ ടാങ്ക് നിർമ്മിക്കുക.
4. വിതരണ ശൃംഖല റോഡിന്റെ ഇരുവശവും ഏർപ്പെടുത്തുക.
5. ട്രീറ്റ്മെന്റ് പ്ലാന്റുകളും പമ്പ് ഹൗസുകളിലും പദ്ധതിക്കും ടഇഅഉഅ സിസ്റ്റം സ്ഥാപിക്കുക.
6. അറ്റകുറ്റപ്പണികൾക്കായി 24x7 സംവിധാനം ഏർപ്പെടുത്തുക.
7. 24x7 കുടിവെള്ള വിതരണം വിഭാവനം ചെയ്യുക.
8. വെള്ളത്തിന്റെ ഗുണനിലവാര നിരീക്ഷണത്തിനും ദുരുപയോഗ നിയന്ത്രണത്തിനും ജി.ഐ.എസ് നടപ്പാക്കുക.
9. എല്ലാതരം കുളങ്ങളും പൊതുകിണറുകളും വൃത്തിയാക്കി മാലിന്യമുക്തമാക്കി സംരക്ഷിക്കുക.
10. നഗരസഭയിലെ എല്ലാ കിണറുകളും റീചാർജ് ചെയ്യുക.
11. പരമാവധി മഴക്കുഴികൾ നിർമ്മിക്കുക. മഴക്കുഴി നിർമ്മാണം പ്രോത്സാഹിപ്പിക്കുക ( തൊഴിലുറപ്പ് പദ്ധതി വഴി)
12. മഴവെള്ള സംഭരണികൾ സ്ഥാപിക്കുക.
13. തോടു സംരക്ഷണം, തടയണ നിർമ്മാണം.
14. നഗരപ്രദേശത്തെ കുഴികക്കൂസുകൾ സെപ്റ്റിക് ടാങ്കുകളാക്കൽ, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ.
15. മിതജല ഉപഭോഗ നയം ആവിഷ്കരിച്ചു നടപ്പാക്കുക.
16. ജലസ്രോതസ്സുകളിലേക്കുള്ള മലിനജല നിർഗ്ഗമനം കർശനമായി തടയുക.
17. കോൽക്കാട്ടുക്കര കുടിവെള്ള പദ്ധതി

## 14-ാം പദ്ധതികാലത്ത് നടപ്പാക്കേണ്ടവ.

1. നഗര ശുദ്ധജല വിതരണശേഷി മുഴുവൻ സമയവും ലഭ്യമാകുന്ന വിധത്തിൽ 100 ലക്ഷം ലിറ്റർ (പ്രതിദിനം) ആയി വർദ്ധിപ്പിക്കൽ.
2. കട്ടുപ്പാറയിലെയും ചെറുകരയിലെയും റോവാട്ടർ, ക്ലിയർവാട്ടർ പമ്പ്സെറ്റുകൾ മാറ്റി സ്ഥാപിക്കൽ.
3. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ക്ലിയർ വാട്ടർ പമ്പ് ഹൗസിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ.
4. നിലവിലെ സോൺ 1ലേക്കുള്ള പമ്പ്സെറ്റ് മാറ്റി അധികം 20 ഌഘഉ വെള്ളം എത്തിക്കൽ.
5. ആസ്ബറ്റോസ് വിതരണ ശൃംഖലകൾ മാറ്റൽ.
6. പൊതുടാപ്പുകൾ നിർത്തലാക്കി കണക്ഷൻ എടുക്കാൻ അർഹരായവർക്ക് സബ്സിഡി അനുവദിക്കൽ
7. ശുദ്ധജല വിതരണ ശൃംഖല ഇപ്പോൾ ഇല്ലാത്ത സ്ഥലത്തേക്കുകൂടി വ്യാപിപ്പിക്കൽ.
8. ചെറുകിട ശുദ്ധജല വിതരണ പദ്ധതികളുടെ വിപുലീകരണം. സ്രോതസ്സ് ശക്തിപ്പെടുത്തൽ, മീറ്റർ സ്ഥാപിക്കൽ.
9. പുതിയ ചെറുകിട ശുദ്ധജല പദ്ധതികൾ ആവശ്യമുള്ളതും സ്രോതസ്സുള്ളതുമായ സ്ഥലങ്ങളിൽ ആരംഭിക്കൽ.
10. ജലത്തിന്റെ പുനരുപയോഗത്തിനാവശ്യമായ സംവിധാനങ്ങളും ബോധവൽക്കരണവും.
11. 6-ാം വാർഡ് ഐസ് പ്ലാന്റ് കോളനിയിൽ കുഴൽകിണർ നിർമ്മാണം.

# 13 – പാർപ്പിടം




ഏതൊരു വ്യക്തിയുടേയും സ്വപ്നമാണ് വീട് എന്നത്. കാലത്തിനനുസൃതമായി വീടിനെകുറിച്ചുള്ള സങ്കൽപ്പങ്ങളും വ്യത്യസ്ഥമാണ്. കേരളത്തിൽ 1990കൾക്ക് ശേഷം അണുകുടുംബ സങ്കൽപ്പം രൂപപ്പെട്ടത് വീടിനും ഭൂമിക്കും വേണ്ടിയുള്ള സമ്മർദ്ധം വർദ്ധിപ്പിച്ചു. കൂട്ടുകുടുംബത്തിൽ നിന്നും വിവാഹിതരായി ഒരു കുഞ്ഞ് ജനിക്കുന്നതോടെ മറ്റൊരു വീടുവെച്ച് താമസിക്കുക എന്ന സങ്കൽപ്പം ഈ കഴിഞ്ഞ കാലയളവിൽ കൂടുതൽ ശക്തിപ്പെട്ടു.

മറ്റു പല സംസ്ഥാനങ്ങളിലും കൂട്ടായി തൊട്ട് തൊട്ട് ഫ്ളാറ്റ് സമ്പ്രദായത്തിലും വീടുകൾ നിർമ്മിക്കുമ്പോൾ കേരളത്തിൽ വളർന്നുവന്നത് പുരയിട സമ്പ്രദായമാണ്. 10, 20, 80 സെന്റ് പുരയിടത്തിന്റെ നടുവിൽ വീടുവെച്ച് താമസിക്കുക എന്ന രീതിയും ഭൂമിയുടെ മേൽ സമ്മർദ്ധം വർദ്ധിപ്പിച്ചു.

ഇതിനുപുറമെ 1990കളിലെ ആഗോളവൽക്കരണം ശക്തിപ്പെട്ടതുവഴി ജനമനസുകളെ സ്വാദീനിച്ച ഉപഭോഗ സംസ്കാരം വീട് എന്ന സങ്കൽപ്പത്തെ തന്നെ മാറ്റി മറിച്ചു. പഴയകാലത്ത് ഒരു സാധാരണക്കാരും-ഇടത്തരക്കാരുമായവരുടെ വീടിന്റെ നിർമിതിക്ക് ഭാരിച്ച പണച്ചെലവുണ്ടായിരുന്നില്ല. ഒരു സ്ഥലത്ത് പല സ്ഥലങ്ങളിൽ നിന്നായി ശേഖരിച്ച കവുങ്ങ്-മുള-പാഴ്മരങ്ങൾ എന്നിവകൊണ്ട് തൂണുകളും മേൽപ്പുരയും പണിത് ഓലയോ പനമ്പട്ടയോ കൊണ്ട് കുടുംബത്തിന്റെയും-അയൽവാസികളുടേയും സഹായത്താൽ ചെറിയ കുടിലുകൾ ഒന്നോ രണ്ടോ ദിവസത്തിനകം ഉണ്ടാക്കിയെടുക്കും. ഇതിന് പ്രത്യകിച്ച് പണച്ചെലവ് ഉണ്ടായിരുന്നില്ല. ഇടത്തരക്കാരാവട്ടെ സ്വന്തം തൊടിയിലെ മണ്ണുകൊണ്ട് കട്ടയുണ്ടാക്കി അത് പടുത്ത് ചുമരുകളാക്കി അതിനുമേൽ മരംകൊണ്ട് കൊച്ചുവീടുകൾ പണിതു. കോൺക്രീറ്റ് വീടുകൾ അന്ന് പട്ടണത്തിലെ പ്രദാഭികളുടേത് മാത്രമായിരുന്നു.

എന്നാൽ 1990കൾക്കുശേഷം മേൽ പറഞ്ഞ മനോഭാവത്തിലെ മാറ്റം വീടിന്റെ നിർമ്മിതിയെ ചിലവേറിയതാക്കി. ഉപഭോഗ സംസ്കാരം മധ്യവർഗ്ഗത്തെ കീഴടക്കി. മധ്യവർഗ്ഗ ചിന്താഗതിയാവട്ടെ സാധാരണക്കാരനിലും പാവപ്പെട്ടവനിലും വരെ സ്വാധീനിച്ചു. വീടുകൾക്കുവേണ്ടിയുള്ള നെട്ടോട്ടം ഇതോടെ ആരംഭിച്ചു. ബാങ്കുകളിൽ നിന്നുള്ള വായ്പകളെടുത്ത് പലരും വീട് സ്വന്തമാക്കി. പലരും വായ്പയിൽ മുങ്ങി കടക്കെണിയിലുമായി.

ഇന്ന് ആധുനിക ആർക്കിടെക്ക് മോഡൽ എലവേഷനുകൾ വീട് നിർമ്മാണത്തെ

സ്വാധീനിച്ചിരിക്കുന്നു. വീടിന്റെ സൗകര്യത്തിലുപരി അതിന്റെ രൂപഭംഗിക്കായി മാറി. ഒറ്റയായ വീടുകളിൽ രൂപഭംഗിക്കു പ്രാധാന്യം നൽകി മുന്നേറുന്ന കാലത്താണ് നാം ഇപ്പോഴുള്ളത്.

എന്നാൽ താഴ്ന്ന ഇടത്തരക്കാരും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും, ദളിതരുമായ ഒരുകൂട്ടം ആളുകൾ-പാർശ്വവൽക്കരിക്കപ്പെട്ടവർ-ഈ ആർഭാടങ്ങളുടെ കുതിപ്പിലും സമൂഹത്തിൽ നിന്ന് പുറംതള്ളപ്പെട്ടവരായുണ്ട്. കേവലം 5 സെന്റ് പൈതൃക സ്വത്തായുണ്ടായിരുന്നവർ ഇവ വീതിക്കുന്നതോടെ ഒന്നും എടുക്കാനില്ലാതെ തെരുവിലേക്ക് തള്ളപ്പെടുന്നവരായി മാറുന്നു.

പൈതൃകമായി സ്ഥലമുണ്ടെങ്കിൽ തന്നെ കാലത്തിനനുസൃതമായി വീടുണ്ടാക്കാൻ കഴിയാത്തവർ, വീടുണ്ടെങ്കിലും പൂർണ്ണമായും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർ, ഇവർക്കായി പൊതുപദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്.

പെരിന്തൽമണ്ണ നഗരസഭയിൽ ജനകീയാസൂത്രണം ആരംഭിക്കുന്ന കാലത്ത് 70% ഓലമേഞ്ഞ വീടുകളായിരുന്നു. വീടില്ലാത്ത പാവപ്പെട്ടവർക്കായി നിർമ്മിച്ച രണ്ടു ലക്ഷം വീട് കോളനിയും പെരിന്തൽമണ്ണയിലുണ്ട്. അതുകൊണ്ട് 9, 10 പദ്ധതി കാലങ്ങളിലെ പ്രധാനലക്ഷ്യം എല്ലാ ഓല വീടുകളും ഓട് മേഞ്ഞ വീടുകളാക്കുക എന്നതായിരുന്നു. ഈ ലക്ഷ്യം നേടാനായി എന്നതിൽ അഭിമാനിക്കാം. 11, 12 പദ്ധതികളിലാണ് വീടില്ലാത്ത പുതിയ തലമുറ പ്രശ്നം നഗരസഭ പരിഹരിച്ചത്. വാംബെ, IHSDP-1, IHSDP-2, EMS ഭവനപദ്ധതി, സ്വപ്നഭവനം പദ്ധതി എന്നിവകൾ ഉൾപ്പെടുത്തി 2000ത്തിൽ അധികം വീടുകൾ ഈ ഘട്ടത്തിൽ നിർമ്മിക്കാനായി. വീടിന് സ്ഥലമില്ലാത്ത 150 പേർക്ക് 13-ാം പദ്ധതിയിൽ സ്ഥലം ലഭ്യമാക്കാനായി. 13-ാം പദ്ധതിക്കാലത്തിന്റെ അവസാന വർഷത്തിൽ 400 പേർക്ക് താമസിക്കാവുന്ന ഫ്ളാറ്റ് സമുച്ചയം നഗരസഭയിൽ നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്.

## പദ്ധതികളും – ഗുണഭോക്താക്കളും

| ക്രമ നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വാംബെ | 480 |
| 2 | IHSDP-1 | 801 |
| 3 | IHSDP-2 | 369 |
| 4 | EMS ഭവന പദ്ധതി | 170 |
| 5 | PMAY പദ്ധതി | 1220 |
| 6 | ലൈഫ് ഫ്ളാറ്റ് | 400 |
| | ആകെ | 3440 |

13-ാം പദ്ധതിയിലെ 200 പേർക്കുള്ള സ്നേഹ ഭവനം പദ്ധതിക്ക് 2 കോടി രൂപ ഹഡ്കോ വായ്പ കൊടുക്കുകയായിരുന്നു.

## പാർപ്പിട മേഖലയിലെ പ്രശ്നങ്ങൾ

1. താഴ്ന്ന ഇടത്തരം, സാമ്പത്തിക പിന്നോക്ക വിഭാഗം, എസ്.സി വിഭാഗം എന്നിവരിൽ 30 ശതമാനം ഇന്ന് വീടില്ലാത്തവരാകുന്നു.
2. വീടിനെപറ്റി ആധുനിക സങ്കൽപ്പം വീടുവെക്കാനുള്ള ചിലവ് വർദ്ധിപ്പിക്കുന്നു.
3. കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് ദിനംപ്രതി വില വർദ്ധിക്കുന്നു.
4. അണുകുടുംബ മനോഭാവം വിസ്ഫോടനകരമായി പെരുകുന്നു.
5. ബി.പി.എൽ വിഭാഗത്തിലെ 30%ത്തോളം വാസയോഗ്യമായ വീടുകളിലല്ല താമസിക്കുന്നത്.
6. ബി.പി.എൽ വിഭാഗത്തിലെ 20% പേർക്ക് സ്വന്തമായി ഭൂമിയില്ല.
7. എസ്.സി വിഭാഗത്തിലെ 50%ത്തിന് വാസയോഗ്യമായ വീടില്ല.
8. എസ്.സി വിഭാഗത്തിലെ 20%ത്തിന് സ്വന്തമായി ഭൂമിയില്ല.
9. നിലവിലെ വീടിന്റെ അറ്റകുറ്റ പണിക്ക് 20% ആളുകൾ വിഷമിക്കുന്നു.
10. പാർപ്പിട സമുച്ചയ സംവിധാനത്തിലേക്ക് മാറാനുള്ള വൈമനസ്യം.

## പദ്ധതി ആശയങ്ങൾ

1. 14-ാം പദ്ധതിക്കാലത്ത് വാടില്ലാത്ത എല്ലാവർക്കും വീട് നൽകൽ.
2. വാസയോഗ്യമായ വീടില്ലാത്ത എല്ലാവർക്കും പുതിയ വീട്.
3. വീടും-വീട് വെക്കാൻ ഭൂമിയുമില്ലാത്തവർക്ക് പാർപ്പിട സമുച്ചയം ഉൾപ്പെടെയുള്ള ആശ്രയ വില്ലേജ്.
4. എസ്.സി കോളനികളിൽ സമഗ്ര വീട് നവീകരണ പദ്ധതി.
5. വീട് നവീകരണത്തിന് ഇടത്തരക്കാർക്ക് കുറഞ്ഞ പലിശയിൽ വായ്പ.
6. വീടിന്റെ അറ്റകുറ്റപണികൾക്ക് പ്രയാസമനുഭവിക്കുന്നവർക്ക് സഹായം.

## 14 – പൊതുമരാമത്ത്, ഊർജ്ജം



നഗരസഭയായ ശേഷം കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ പൊതുമരാ മത്ത്-നിർമ്മാണ രംഗത്ത് വൻ മുന്നേറ്റ മുണ്ടാക്കാൻ നഗരസഭയിലായി. 1990ൽ നഗരസഭയായി ഉയർത്തുന്ന ഘട്ടത്തിൽ നിരവതി പ്രദേശങ്ങൾ തീർത്തും അവികസിതമായ സാഹച ര്യമാണുണ്ടായിരുന്നത്. പൊതുനിർ മ്മാണ പ്രവർത്തനങ്ങൾ വളരെ കുറവായിരുന്നു. മരാമത്ത് പ്രവർത്തി കളിൽ പ്രമുഖ സ്ഥാനം മുനിസിപ്പാ ലിറ്റിയുടെ ഉൾനാടൻ റോഡ് നിർമ്മാ ണത്തിലും-അവയുടെ അറ്റകുറ്റ പണിയിലുമാണ്.

ഒരു ജനതയുടെ പുരോഗതിയിലും വികസനത്തിലും സുപ്രധാനപങ്കാണ് റോഡിനുള്ളത്. ഒരു വ്യക്തിയേയും കുടുംബത്തേയും സമൂഹത്തിന്റെ വിശാലതയിലേക്കും ലോകത്തിന്റെ നെറുകയിലേക്കും കൈപിടിച്ചെത്തിക്കുന്നതും, സുഗമമായ അയാളുടെ ഗതാഗത മാർഗ്ഗമാണ്. പെരിന്തൽമണ്ണ നഗരസഭയിൽ ഓരോ വീടിനേയും ബന്ധിപ്പിക്കുന്ന അതിവിപുലമായ റോഡ് ശൃംഖല കഴിഞ്ഞ 20 വർഷത്തെ ജനകീയാസൂത്രണ പ്രവർത്തനഫലമായി രൂപപെട്ടിട്ടുണ്ട്.

പെരിന്തൽമണ്ണയിലെ ആദ്യകാല റോഡുകൾ മുഴുവൻ വെറും മൺറോഡുകൾ മാത്രമായിരുന്നു. പിന്നീടാണവ മെറ്റലിട്ട റോഡുകളാവുന്നത്. 1950ലാണ് ടാറിട്ട റോഡുകൾ

പ്രത്യക്ഷപ്പെടുന്നത്. പാതായ്ക്കര മനറോഡും, കോവിലകംപടി റോഡും കേരള സംസ്ഥാനം രൂപീകരിക്കുന്നതിനുമുമ്പുതന്നെ ഉള്ളവയാണ്. വിക്ടോറിയോ രാജ്ഞിയുടെ കിരീടധാരണത്തിന്റെ ജൂബിലിയാഘോഷത്തോടനുബന്ധിച്ചാണത്രെ ജൂബിലി റോഡ് നിർമ്മിക്കപ്പെട്ടത്. പിന്നീടതിനെജെ.എൻ.റോഡ് എന്ന് പുനർ നാമകരണം ചെയ്തു. പഞ്ചായത്ത് റോഡുകളുടെ നിർമ്മാണത്തിലും വികസനത്തിലും വിപ്ലവകരമായ തുടക്കം കുറിച്ചത് 1953ൽ അധികാരത്തിൽ വന്ന ശ്രീ.ഗോവിന്ദൻ നമ്പ്യാരുടെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ബോഡിന്റെ കാലത്താണ്. അതിനുശേഷം റോഡ് വികസനത്തിലെ വർദ്ധനവ് താഴെ കൊടുക്കുന്നു.

* 1953 മുതൽ 2006 വരെയുള്ള വിവിധ പഞ്ചായത്ത് ബോഡുകളുടെ ശ്രമഫലമായി നഗരസഭയിലുണ്ടായ ആകെ റോഡ്-96.351 കി.മീ
* ഇതിൽ 1997ൽ ജനകീയാസൂത്രണം ആരംഭിക്കുന്നതിനും മുമ്പ് ടാർ ചെയ്ത റോഡ്-96.351 കി.മീ
* 1997ൽ മെറ്റൽ ചെയ്ത റോഡ്-30.376 കി.മീ
* 1997ൽ മൺ റോഡ് ആയി കിടന്നിരുന്ന റോഡ് ഇവ 2007നു ശേഷം ടാറിംഗ് പൂർത്തിയാക്കി-51.783 കി.മീ
* 1997 മുതൽ 2017 വരെ ജനകീയാസൂത്രണ കാലയളവിൽ നിർമ്മിച്ച് ടാറിംഗ് / കോൺക്രീറ്റിംഗ് എന്നിവ പൂർത്തിയാക്കിയ റോഡുകൾ-348 കി.മീ
* 2017-22 വരെ നഗരസഭയിലെ 392 കി.മീ റോഡ് പ്രവർത്തി പൂർണ്ണമായ തോതിൽ നവീകരിച്ച് ഗതാഗത യോഗ്യമാക്കി.

ഇന്ന് നഗരസഭയിൽ നിർമിച്ച ആകെ റോഡ് 417 കി.മീ ഈ കണക്കുകളിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. നഗരത്തിന്റെ ചരിത്രമാരംഭമുതൽ 1997 വരെ ടാർ ചെയ്യാത്തവയടക്കം ആകെ നിർമിച്ച റോഡ് 96.5 കി.മീ ആയിരുന്നു. എന്നാൽ ജനകീയാസൂത്രണം തദ്ദേശഭരണം വഴി നടപ്പാക്കിയ കഴിഞ്ഞ 20 വർഷം കൊണ്ട് മാത്രം മുൻ കാലത്തേക്കാൾ നാലിരട്ടിയിൽ കൂടുതൽ റോഡ് പണിയാനായി എന്നാണ്. ഇത് ഒരു ചെറിയ കാര്യമല്ല. 20 വർഷം കൊണ്ട് റോഡ് നിർമ്മാണരംഗത്തുണ്ടായ അത്ഭുതപൂർവ്വമായ ഈ നേട്ടം പെരിന്തൽമണ്ണയുടെ സാമൂഹ്യ സാമ്പത്തിക-സാംസ്കാരിക രംഗത്ത് വൻ കുതിച്ചുചാട്ടത്തിനാണ് വഴി തുറന്നത്.

നൂറ് കണക്കിന് കി.മീറ്റർ റോഡുകൾക്കാശ്യമായ സ്ഥലം പൂർണ്ണമായും സൗജന്യമായാണ് നഗരസഭക്ക് ലഭിച്ചത്. ഏകദേശം 7 മീറ്റർ വീതിയിലുള്ള 348 കി.മീറ്റർ റോഡ് നിർമ്മിക്കാൻ 620 ഏക്കർ സ്ഥലം വേണ്ടിവരും. ഗവ.നിശ്ചയിച്ച മതിപ്പുവില കൂട്ടിയാൽ തന്നെ ഏതാണ്ട് 330 കോടി രൂപ വിലവരുന്ന ഭൂമിയാണ് ഗുണഭോക്തൃവിഹിതമായി നഗരസഭക്ക് ലഭിച്ചിട്ടുള്ളത് എന്ന് കാണാം. കഴിഞ്ഞ 4 പദ്ധതികളിലായി നഗരസഭക്ക് ലഭിച്ച പദ്ധതി വിഹിതത്തിന്റെ ഇരട്ടിയാണി തുക എന്ന് കണ്ടെത്താനുമാവും. സാമൂഹ്യ പുരോഗതിയിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള വികസനപ്രക്രിയ എത്ര കണ്ട് വിജയം കണ്ടു എന്നതിന് തെളിവാണിത്.

## പരിമിതികൾ – വെല്ലുവിളികൾ

നഗരസഭയിലെ റോഡുകളുടെ വീതിയും ഘടനയും കാലത്തിനനുസൃതമല്ല. 25 വർഷം മുമ്പ് ഒരു സൈക്കിൾ മാത്രം ഉപയോഗിച്ചിരുന്ന കുടുംബം ഇന്ന് കാറും-ബൈക്കുമുള്ളവരായി മാറി. എല്ലാവരും ഏതെങ്കിലും ഒരു വാഹനത്തിലാണ്. ഓട്ടോറിക്ഷയിലെങ്കിലും സഞ്ചരിക്കുന്നത് എന്ന സ്ഥിതി വന്നു. ആയതിനാൽ റോഡുകൾ കാലാനുസൃതമാക്കണം.

* റോഡിന് ഫലപ്രദമായ ഡ്രൈനേജ് സംവിധാനം ഇല്ലാത്ത പ്രതിസന്ധി നിലനിൽക്കുന്നു. ഇത് പരിഹരിക്കാനാവണം.
* മഴ കൂടുതലായി വെള്ളക്കെട്ട് നിൽക്കുന്ന പ്രദേശത്ത് പെട്ടെന്ന് റോഡുകൾ പൊട്ടിപൊളിക്കുന്നു. ഇത് പരിഹരിക്കാനും തക്കസമയത്ത് പാച്ച് വർക്ക് ചെയ്യാനും കഴിയുന്നില്ല.
* പാലം-കലുങ്ക്-തടയണ എന്നിവയുടെ അപര്യാപ്തത ഇപ്പോഴും നിലനിൽക്കുന്നു.

## പദ്ധതി നിർദ്ദേശങ്ങൾ

* എല്ലാ നഗരസഭ റോഡുകളും വീതി കൂട്ടുക പ്രധാനറോഡുകൾ 16, 10 മീറ്ററായും മറ്റു വാസമേഖലാ റോഡുകൾ 7 മീറ്ററായും വീതികൂട്ടുക.
* പട്ടണത്തിനെബന്ധിപ്പിക്കാൻ സഹായകരമായ ഒരാടംപാലം-മാനത്തുമംഗലം ബൈപാസ് യാഥാർത്ഥ്യമാക്കുക.
* അലങ്കാർ ഓഡിറ്റോറിയം-പാതായ്ക്കര ബൈപ്പാസ് യാഥാർത്ഥ്യമാക്കുക.
* പാതായ്ക്കര വില്ലേജ്പടി-പാതായ്ക്കര സ്കൂൾപടി ലിങ്ക് റോഡ് യാഥാർത്ഥ്യമാക്കുക.

## താഴെ പറയുന്ന നഗരത്തിലെ പ്രധാനറോഡുകൾ വീതികൂട്ടുക

1. ടൗൺ ഹാൾ റോഡ്
2. സംഗീത-വീനസ് ലോഡ്ജ്-അളയക്കാട്ടമ്പലം റോഡ്.
3. മാനത്തുമംഗലം-ചീരട്ടമണ്ണ റോഡ്
4. വിസ്മയ തിയ്യറ്റർ-ബൈപാസ് റോഡ്
5. കിടങ്ങ്-ഏണിപ്പാറ റോഡ്
6. ടൗൺഹാൾ-ബുഷറ കോർണർ-ബൈപാസ് റോഡ്
7. ബുഷറ കോർണർ- ഐ.എസ്.എസ് റോഡ്
8. കക്കൂത്ത് ബൈപ്പാസ്, മാട് റോഡ്

9. നമ്പ്യാറ ലക്ഷംവീട് റോഡ്
10. ദുബായ്പ്പടി-ലക്ഷംവീട് റോഡ്
11. മനഴി സ്റ്റാന്റ് സ്കൂൾപ്പടി റോഡ്
12. കാർഗിൽ-മനപ്പടി റോഡ്
13. പെയ്ൻ പാലിയേറ്റീവ്-പഞ്ചമസ്കൂൾ-തോട്ടക്കര റോഡ്
14. റോളക്സ് ഹോട്ടർ-ചേതനറോഡ്
15. ഫയർ സ്റ്റേഷൻ റോഡ്
16. തേക്കിൻക്കോട് റോഡ്
17. ജൂബിലിറോഡ്-വട്ടപ്പാറ-കളത്തിലക്കര-വളയംമൂച്ചി റോഡ്
18. ചോലോംകുന്ന്-എം.ഇ.എസ് സ്കൂൾ-വട്ടപ്പാറ റോഡ്
19. ഇ.എം.എസ് വിദ്യാഭ്യാസ കോംപ്ലക്സ് റോഡ്.
20. ലൈഫ് ഫ്ളാറ്റ് സമുച്ചയം റോഡ്
21. വിവിധ റോഡുകളുടെ പ്രവർത്തികൾ.

# ഊർജ്ജം



പെരിന്തൽമണ്ണ നഗരസഭ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായ നഗരസ ഭയാണ്. 1957ലാണ് പെരിന്തൽമണ്ണയിൽ വൈദ്യുതി എത്തുന്നത്. അതിനു മുമ്പേ റോഡുവക്കത്ത് കുരിശു രൂപത്തിലുള്ള പോസ്റ്റിനു മുകളിൽ നാലുഭാഗത്തും ഗ്ലാസും മുകൾഭാഗം തകരവും കൊണ്ടു ണ്ടാക്കിയ മണ്ണെണ്ണ വിളക്ക് തെരുവ് വിളക്കായി ഉപയോഗിച്ചിരുന്നു.

ആദ്യകാലത്ത് കോഴിക്കോട്, മാങ്കാവ് സബ്സ്റ്റേഷനിൽ നിന്നും പിന്നീട് ഷൊർണൂർ സബ്ബ് സ്റ്റേഷനിൽ നിന്നും വൈദ്യുതി ലഭിച്ചിരുന്നു. മലപ്പുറം സബ്ബ് സ്റ്റേഷൻ ആരംഭിച്ചതോടെ പെരിന്തൽമണ്ണ രണ്ട് സബ് സ്റ്റേഷന്റെയും പരിതിയിലായി തുടർന്ന് 1975ൽ പെരിന്തൽമണ്ണ 66 കെ.വി സബ്ബ് സ്റ്റേഷൻ സ്ഥാപിതമായത്.

| | | |
|---|---|---|
| 1 | നഗരസഭാ പ്രദേശത്തെ ആകെ ട്രാൻസ്ഫോർമർ | 191 എണ്ണം |
| 2. | ആകെ ഗാർഹിക കണക്ഷൻ | 13167 എണ്ണം |
| 3. | ആകെ വ്യാപാര കണക്ഷൻ | 5822 എണ്ണം |
| 4 | ആകെ വ്യാവസായിക കണക്ഷൻ | 250 എണ്ണം |
| 5 | ആകെ കാർഷിക കണക്ഷൻ | 370 എണ്ണം |
| 6 | കണക്ഷൻ അപേക്ഷകൾ | 20 എണ്ണം (പ്രതിദിനം) |
| 7 | പ്രതിദിന ഉപഭോഗം | 87723 യൂണിറ്റ് |

## ഉപഭോക്താക്കളുടെ വാർഷിക താരതമ്യം

| ഇനം | 1997 | 2017 |
|---|---|---|
| എ-ഗാർഹികം | 5888 | 12380 |
| ബി-വ്യാപാരം | 2249 | 8630 |
| സി-വ്യവസായികം | 99 | 102 |
| ഡി-കാർഷികം | 589 | 603 |
| ഇ-കണക്ഷൻ അപേക്ഷ | 219 | 2 |

## സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| വർഷം | എണ്ണം | പ്രതിമാസ ബിൽ |
|---|---|---|
| 1998ൽ | 838 | 17819 |
| 2017ൽ | 2630 | 236800 |
| 2022ൽ | 4850 | 4,50,000 |

## പ്രശ്നങ്ങൾ

* മിക്ക പ്രദേശങ്ങളിലും വോൾട്ടേജ് പ്രതിസന്ധി ഇന്നും നിലനിൽക്കുന്നു.
* സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് ഇല്ലാത്തത് ഉപയോഗിക്കാത്ത ഊർജ്ജത്തിനും നഗരസഭ പണം നൽകാൻ ഇടയാക്കും.
* വോൾട്ടേജ് കൂടുതൽ ആവശ്യമുള്ള ബൾബ്, ട്യൂബ്, സോഡിയം പേപ്പർലബ് എന്നിവയാണ് സ്ട്രീറ്റ് ലൈറ്റിൽ ഭൂരിഭാഗവും വീടുകളുടെ ഉപയോഗത്തിലും ഇത് നിലനിൽക്കുന്നു.
* ലൈനില്ലാത്ത ചുരുക്കം പ്രദേശങ്ങൾ നിലനിൽക്കുന്നു.
* വൈദ്യുത പോസ്റ്റുകളുടെ ക്രമമില്ലായ്മ ഗതാഗത തടസം സൃഷ്ടിക്കുന്നു.
* പരമ്പര്യതര ഊർജ്ജം സ്രോതസ്സുകളുടെ ഊർജ്ജ ഉൽപാദനം ഇല്ല.

## പ്രോജക്ട് ആശയങ്ങൾ

1. നഗരസഭയിൽ വിപുലമായ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കും.
2. വേണ്ടിടത്തേക്ക് ലൈൻ നീട്ടി വോൾട്ടേജ് ക്ഷാമം പരിഹരിക്കും
3. തെരുവു വിളക്കുകൾക്ക് റിലേയ് സിസ്റ്റം നടപ്പിലാക്കും
4. ഇപ്പോഴത്തെ ഡെയ്‌ലി മാർക്കറ്റിലുള്ള പഴകി ദ്രവിച്ച് അപകട സ്ഥിതിയിലുള്ള Conducter മാറ്റി ABC conducter സ്ഥാപിക്കുകയും പുതുതായി എൽ.ഇ.ഡി തെരുവ് വിളക്കുകൾ അവിടെ സ്ഥാപിക്കും

5. പാവപ്പെട്ട നിർധനരായവർക്കും എസ്.സി/എസ്.ടി കാർക്കും വീടുകൾ വയറിങ്ങ് ചെയ്യുന്നതിനും കണക്ഷനു ആവശ്യമായ സി.ഡി അടക്കുന്നതിനുധനസഹായം നൽകും
6. സ്ട്രീറ്റ് ലൈറ്റുകൾ മുഴുവനായും എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ ആക്കും.
7. തെരുവുവിളക്കുകൾക്ക് പ്രത്യേക ലൈൻ വലിച്ച് മീറ്റർ സ്ഥാപിച്ച് ഇലക്ട്രിസിറ്റി ബില്ല് നിയന്ത്രിക്കും.
8. പട്ടണത്തിലെ എല്ലാ പോസ്റ്റുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കും.
9. മാനത്ത്മംഗലം – പൊന്ന്യാകുർശി ബൈപ്പാസിൽ പുതിയ ഇലക്ട്രി ലൈനും തെരുവു വിളക്കുകളും സ്ഥാപിക്കൽ.

# 14 – പൊതുമരാമത്ത്, ഊർജ്ജം



## നിലവിലെ അവസ്ഥ

മലപ്പുറം ജില്ലയിൽ ദ്രുതഗതിയിൽ വളർന്നു കൊണ്ടിരിക്കുന്ന നഗരമാണ് പെരിന്തൽമണ്ണ. കരുത്തുറ്റ ചരിത്ര-സാംസ്കാരിക പൈതൃകമുള്ള നഗരം എന്ന നിലയിലും സമീപത്തെ ഗ്രാമങ്ങളട ങ്ങുന്ന സമീപപ്രദേശത്തിന്റെ താലൂക്ക് ആസ്ഥാനം, വാണിജ്യ-വ്യവസായകേന്ദ്രം എന്നീ നിലയിലും ഏറെ പ്രധാന്യം പട്ടണത്തിനുണ്ട്.

1960കളിൽ പന്ത്രണ്ടോളം കരിബസ്സുകളും ഇരുപത് ചവർലേറ്റ് കാറുകളും മാത്രമായിരുന്നു പെരിന്തൽമണ്ണയിലെ വാഹനങ്ങൾ. 1973–74 കാലത്താണ് ഓട്ടോറിക്ഷകൾ നഗരത്തിൽ എത്തുന്നത്. അന്ന് ഓട്ടോകളുടെ എണ്ണം കേവലം 25 ആയിരുന്നു. 1910 മുതൽ ബസ് സർവീസുള്ള പട്ടണമാണ് പെരിന്തൽമണ്ണ. അന്ന് ആദ്യത്തെ ബസ് സർവീസ് തുടങ്ങിയത് കെ.ഗോവിന്ദൻ തിരുമൽപ്പാടായിരുന്നു. അംബികാവിലാസം എന്ന പേരിലുള്ള ഈ സർവീസ് വർഷങ്ങളോളം സർവീസ് നടത്തി. പിന്നീട് പി.സി.ടി, എം.യു.എം.എസ്, ജാനകിറാം, മയിൽ വാഹനം എന്നീ ബസുകളും സർവീസ് നടത്തി തുടങ്ങി. 1953 തന്നെ 5 മുറികളോടുകൂടിയ ഒരു ബസ്റ്റാന്റ് നഗരത്തിൽ പണിതിരുന്നു. 1978ൽ ഇത് ജില്ലയിലെതന്നെ വലിയ ബസ്റ്റാന്റായി വികസിപ്പിച്ചു. 1927 മുതൽ നഗരത്തിലൂടെ റെയിൽവെ സംവിധാനം വന്നു. നഗരസഭക്ക് പുറത്ത് ചെറുകര, അങ്ങാടിപ്പുറം രണ്ടു സ്റ്റേഷനുകൾ സ്ഥാപിച്ചു. 1957ൽ കെ.എസ്.ആർ.ടി.സി പെരിന്തൽമണ്ണയിൽ പ്രവർത്തനമാരംഭിച്ച 1978ൽ ഇതിന് 18

ഷെഡ്യൂളുകൾ ആയി വികസിക്കുകയും സ്വന്തം കെട്ടിടം നിർമ്മിക്കുകയും ചെയ്തു.

ഗൾഫ് പ്രവാസം, സാമ്പത്തിക-വിദ്യാഭ്യാസ രംഗത്തുണ്ടായ പുതിയ ഉണർവ് എന്നിവ 1980നുശേഷം പട്ടണത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയിലേക്ക് നയിച്ചു. 1990ൽ നഗരസഭയായി പെരിന്തൽമണ്ണ. ഇതിനെതുടർന്ന നഗരവൽക്കരണത്തിന് ആക്കം കൂടി. ഇന്ന് 14500ഓളം വാണിജ്യ-വ്യവസായ കെട്ടിടങ്ങളും. 3500ഓളം വാണിജ്യ-വ്യവസായ സ്ഥാപനങ്ങളും, 11 സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും 31 പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളും 28 താലൂക്ക് കേന്ദ്രസർക്കാർ ഓഫീസുകളുമടങ്ങുന്ന 1.80 ലക്ഷം ജനങ്ങൾ അവരുടെ വിവിധ ആവശ്യങ്ങൾക്കായി ദൈനംദിനം എത്തിചേരുന്ന പട്ടണമായി പെരിന്തൽമണ്ണ മാറി.

ഒരു ദിവസം നഗരത്തിലെത്തുന്ന വാഹനങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായി.4410 ബസുകൾ 14310 ഓട്ടോകൾ 12870 ടാക്സികൾ എന്നീ പൊതുസർവീസുകൾക്കു പുറമെ ചരക്കു നീക്കത്തിനായി ആശ്രയിക്കുന്ന 1890 വാഹനങ്ങളും പട്ടണത്തിലുണ്ട്. ഇതിനുപുറമെ സ്വകാര്യ വാഹനങ്ങളുടെ എണ്ണത്തിൽ ഈ കാലയളവിൽ അഭൂതപൂർവ്വമായ മാറ്റങ്ങളുണ്ടായി.

## ഒരു ദിവസം രാവിലെ 7 മുതൽ വൈകുന്നേരം 10 മണിവരെ നഗരത്തിലെത്തുന്ന വാഹനങ്ങൾ

| Category | Number of Vehicle | | | | Total |
|---|---|---|---|---|---|
| | Ooty Road | CLT Road | PTB Road | MKD Road | |
| Auto/Goods Auto | 3240 | 4230 | 3780 | 3060 | 14310 |
| Bus (including KSRTC, School | 1800 | 0 | 990 | 1620 | 4410 |
| Bus | | | | | |
| Bike | 4768 | 6135 | 4032 | 3505 | 18440 |
| Car & Jeep | 3330 | 3690 | 2880 | 2790 | 12870 |
| Lorry | 270 | 360 | 270 | 180 | 1080 |
| Other | 270 | 180 | 270 | 90 | 810 |
| TOTAL | 13678 | 14595 | 12222 | 11245 | 51920 |

കഴിഞ്ഞ കാൽനൂറ്റാണ്ടിനുള്ളിൽ അഭുതപൂർവമായ വളർച്ചയാണ് നഗരത്തിനുണ്ടായത്. വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം, വാഹനങ്ങളുടെ എണ്ണം, വാഹനങ്ങളുടെ എണ്ണം പട്ടണത്തെ ആശ്രയിക്കുന്ന ജനങ്ങളുടെ എണ്ണം ഇവയിൽ പത്തിരട്ടിയിലേറെ വർദ്ധനവുണ്ടായി. എന്നാൽ ഈ വർദ്ധനവിന് ആനുപാതികമായി പൊതുപശ്ചാത്തല സൗകര്യങ്ങളിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന പോരായ്മ നിലനിൽക്കുന്നു.

## റോഡ് ശൃംഖല

നിലവിൽ പെരിന്തൽമണ്ണ പട്ടണത്തിൽ മോശമല്ലാത്ത രൂപത്തിൽ റോഡുകളുടെ ബന്ധിപ്പിക്കൽ സാധിച്ചിട്ടുണ്ട്. നഗരത്തിലൂടെ കടന്നുപോവുന്ന പ്രധാനറോഡുകൾ ഇവയാണ്.

1. കോഴിക്കോട് പാലക്കാട് റോഡ് (NH 966) (5.50 km)
2. പെരുംപിലാവ്, നിലമ്പൂർ റോഡ് (SH39)
3. ചെറുപ്പശേരി – പെരിന്തൽമണ്ണ റോഡ് SH53 (10.50 km)

ഈ റോഡുകൾ നിരവതി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പഴയകാലം മുതലെ ഉള്ള റോഡാണ്. ഇതിനു പുറമെ പഞ്ചായത്തായിരുന്ന കാലത്തും നഗരസഭയായതിനുശേഷവും പെരിന്തൽമണ്ണക്കാർ പൊതുവായി നടത്തിയ പരിശ്രമഫലമായി സംസ്ഥാനദേശീയ പ്രചോദനങ്ങളെ കൂട്ടിയിണക്കാവുന്ന നല്ലൊരു റോഡ് ശൃംഖല നഗരത്തിൽ രൂപപ്പെട്ടു. അവ താഴെ കൊടുക്കുന്നു.

1. ജെ.എൻ.റോഡ്
2. ഹൗസിംഗ് കോളനി റോഡ്
3. പാതായ്ക്കര പള്ളിപ്പടി-തണ്ണീർപന്തൽ റോഡ്
4. ഒലിങ്കര-വളയംമൂച്ചി റോഡ്
5. ടൗൺ–മാനത്തുമംഗലം ബൈപാസ്
6. മാനത്തുമംഗലം–പൊന്ന്യാകുർശി ബൈപ്പാസ്
7. ടൗൺ–ജൂബിലി റോഡ് ബൈപാസിലുള്ള നഗരത്തിന്റെ തെക്ക്-വടക്ക് (പെരുംവിലാവ്-നിലമ്പൂർ കിഴക്കുപടിഞ്ഞാറും (കോഴിക്കോട്-പാലക്കാട്) ഉൾചേർന്ന് ശക്തമായ കോറിഡോർ പട്ടണത്തിന്റെ മധ്യഭാഗത്ത് സന്ധിക്കുന്നു. മേൽപറഞ്ഞ ലിങ്ക് റോഡുകൾ നഗരത്തെ നാലു ചതുർഭുജമാക്കി വിഭജിക്കുന്നു. വിട്ടുപോയി ഇതിൽ ഒന്നാമത്തേത്, NH966 നെയും NH966 നെയും വീണ്ടും കൂട്ടിയിണക്കുന്നു. മൂന്നാമനായി പാതായ്ക്കര തണ്ണീർപന്തൽ റോഡ് പാലക്കാട്-ചെറുപ്പളശ്ശേരി റോഡിനേയും, നാലാമതായി ജൂബിലി റോഡ് പട്ടാമ്പി-കോഴിക്കോട് റോഡിനേയും കൂട്ടിയിണക്കുന്നുണ്ട്. ഇതുകൂടാതെ 100 ഓളം മുനിസിപ്പൽ റോഡുകൾ ഈ വലിയ റോഡ് ശൃംഖലകളുമായി കൂടിച്ചേർന്ന് ശക്തമായ ഒരു റോഡ് ശൃംഖല സൃഷ്ടിക്കാൻ കഴിഞ്ഞകാലത്ത് സാധിച്ചു.

## റോഡ് ലെങ്ങ്ത്ത് കണക്കുകൾ

| കാറ്റഗറി | നീളം.കെ.എം |
|---|---|
| എൻ.എച്ച് | 4.92 |
| എസ്.എച്ച് | 15.15 |
| മുനിസിപ്പൽ റോഡ് | 417 |
| ആകെ | 437 |

റോഡ് സാന്ദ്രത
12 കി.മീ Per sq km




Existing Road Network

## ബസ് ടെർമിനൽ – മറ്റു സൗകര്യങ്ങൾ

അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന പെരിന്തൽമണ്ണയുടെ ഭാവി മുന്നിൽ കണ്ടുകൊണ്ടാണ് നഗരസഭ നഗരത്തിന്റെ രണ്ടറ്റത്തായി രണ്ട് ബസ്റ്റാന്റുകൾ പണി തീർത്തത്. കേരളത്തിലെ 95% നഗരസഭകളുടെയും വലിയ വരുമാനമാർഗ്ഗം ബസ് സ്റ്റാന്റുകളിലൂടെയാണ്. പ്രതിദിനം 400 ബസ്സുകൾ, നാലും, അഞ്ചും, ആറും ട്രിപ്പുകളായി രണ്ടായിരത്തി മുന്നൂറിലധികം ട്രിപ്പുകൾ പെരിന്തൽമണ്ണയിൽ നിന്നും യാത്ര പുറപ്പെടുകയും ചെയ്യുന്നുണ്ട്. എന്നാൽ ആശുപത്രി നഗരമായ പെരിന്തൽമണ്ണയിൽ എത്തുന്ന യാത്രക്കാർക്ക് ഇപ്പോൾ വളരെ ദയനീയമായ അവസ്ഥയാണുള്ളത്. പെരിന്തൽമണ്ണയിലെ രണ്ട് ബസ്റ്റാന്റുകളും ഉപയോഗിക്കാതെ ടൗണിലെ പീടിക വരാന്തയിലും മറ്റുമായി രോഗികളും സ്ത്രീകളും, കുട്ടികളും ബസ് കാത്ത് നിൽക്കുന്ന കാഴ്ച നിത്യസംഭവമാണ്. യാത്രക്കാരായ ഇവർ പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കാൻ പോലും സൗകര്യം ഇല്ലാതെ പ്രയാസപ്പെടുകയാണ്. കേരളത്തിലെ മറ്റെല്ലാ നഗരസഭകളും അവർ നിർമ്മിക്കുന്ന ബസ്സ്റ്റാന്റുകളിൽ ബസ്സുകൾ യാത്ര അവസാനിപ്പിക്കുകയും, അവിടെനിന്ന് തന്നെ യാത്രപുറപ്പെടുന്ന രീതിയാണ് ഇപ്പോഴുള്ളത്. പെരിന്തൽമണ്ണയിലെ രാവിലെ 7 മുതൽ വൈകുന്നേരം 10 വരെ 382 സ്വകാര്യ ബസ്സുകൾ 2396 ട്രിപ്പുകൾ പെരിന്തൽമണ്ണയിൽ യാത്ര അവസാനിപ്പിക്കുകയും, 2396 ട്രിപ്പുകൾ പെരിന്തൽമണ്ണയിൽ നിന്ന് പുറപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ ധാരാളം കെ.എസ്.ആർ.ടി.സിയും മറ്റ് തമിഴ്നാട്, കർണാടക ബസ്സുകളും പെരിന്തൽമണ്ണയിൽ പോവുകയും ചെയ്യുന്നുണ്ട്.

പെരിന്തൽമണ്ണ ട്രാഫിക്ക് ജംഗ്ഷനിൽ പ്രതിദിനം സ്വകാര്യ, കെ.എസ്.ആർ.ടി.സി, സ്കൂൾബസുകൾ എന്നിങ്ങനെ4410 ട്രിപ്പുകൾ കടന്നുപോകുന്നുണ്ട്. മൊത്തമായി ട്രാഫിക്ക് ജംഗ്ഷനിൽ പ്രതിദിനം 51920 വാഹനങ്ങൾ കടന്ന്പോകുന്നുണ്ട്. കൂടാതെ പെരിന്തൽമണ്ണ പട്ടണത്തിൽ പ്രതിമാസം കാർ, ഓട്ടോ, ബൈക്ക് എന്നിങ്ങനെ1750 മുതൽ 200 പുതിയ വാഹനങ്ങൾ ടൗണിലേക്ക് വരുന്നുണ്ട്. ഒരുമാസം 2000 പുതിയ വാഹനങ്ങൾ ഇറങ്ങുമ്പോൾ ഒരുവർഷത്തിൽ 24000ത്തോളം അധികം വാഹനം ടൗണിൽ കൂടുമെന്ന് ഉറപ്പാണ്. അലിഗഢ് സർവ്വകലാശാല, എം.ഇ.എ എഞ്ചിനീയറിംഗ് കോളഏജ്, അൽഷിഫ, മൗലാന, എം.ഇ.എസ്, ഇ.എം.എസ് എന്നിങ്ങനെയുള്ള സ്ഥാപനങ്ങളുടെ വളർച്ചയുംകൂടി കണക്കിലെടുത്താൽ അടുത്ത ഒരു വർഷത്തിനകം ടൗണിലൂടെ പാസ്സ് ചെയ്യുന്ന വാഹനങ്ങളുടെ എണ്ണം ഒരു ലക്ഷം കവിയുമെന്നാണ് കണക്ക്കൂട്ടൽ. അതിനാൽ അടിയന്തിരമായി ടൗണിൽ പ്രവേശിക്കുന്ന ബസ്സുകൾക്കും നിയന്ത്രണംവെക്കുക എന്നത് മാത്രമാണ് പരിഹാരം. സ്വകാര്യ കരാറുകൾ, ബൈക്ക്, ഓട്ടോ എന്നിവക്ക് നിയന്ത്രണം കൊണ്ടുവരൽ പ്രായോഗികമല്ല.

നിലവിൽ നഗരത്തിൽ നഗരസഭയുടെ രണ്ട് ബസ്റ്റാന്റുകളാണ് ഉള്ളത്. ഒന്ന് പാലക്കാട് റോഡിലെ മനഴി ബൈപാസ് ബസ്റ്റാന്റ്. ടൗൺ സെന്ററിൽ സ്ഥിതി ചെയ്തിരുന്ന ബസ്റ്റാന്റ് പട്ടണത്തിലെ ട്രാഫിക്ക് കുരുക്കുകാരണം അവിടെനിന്നു മാറ്റാൻ നിർബന്ധിതമായി. പഴയ ബസ്റ്റാന്റ് നിലനിന്ന ഈ സ്ഥലത്ത് ഇന്ന് ആധുനിക രൂപത്തിൽ ഷോപ്പിംഗ് സെന്റർ നഗരസഭ നിർമ്മിച്ചിട്ടുണ്ട്. നഗരത്തിന്റെ തിരക്കിൽ നിന്നുമാറിയുള്ള മനഴി സ്റ്റാന്റിലും

ബൈപാസ് സ്റ്റാന്റിലും പൂർണ്ണമായും ബസുകൾ എത്തുകയെ ഒരു ബസ്റ്റാന്റ് എന്ന നിലയിൽ സമ്പൂർണ്ണമായി പ്രായോഗികമാക്കുകയോ ചെയ്തിട്ടില്ല. പൊതുജനങ്ങൾക്ക് ഏറെ സൗകര്യമുള്ള നഗരസഭയുടെ പുറകുവശത്തായി പഴയകാലം മുതലെ നിലനിൽക്കുന്ന ബസ്റ്റാന്റ് പ്രപ്പോസലിന് ആവശ്യമായ സ്ഥലം സമീപവാസികൾ സൗജന്യമായി നൽകിയിട്ടുണ്ട്. ഇവിടെ ബസ്റ്റാന്റ് പണിയുന്നതിന് നഗരസഭ ഒരുക്കങ്ങൾ നടത്തികൊണ്ടിരിക്കുകയാണ്. നഗരമധ്യത്തിൽ തന്നെയായി കെ.എസ്.ആർ.ടി.സി ബസ്റ്റാന്റും നിലനിൽക്കുന്നു.

നഗരത്തിൽ ഒരു ടൗൺഹാൾ നിലവിലുണ്ട്. നഗരത്തിന്റെ വളർച്ചക്ക് ആനുപാതികമായ ടൗൺഹാൾ ഇനിയും രൂപപ്പെടുത്തേണ്ടതുണ്ട്. നഗരസഭയുടെ ഉടമസ്ഥതയിൽ ഒരു മാർക്കറ്റ് കോംപ്ലക്സ് പ്രവർത്തിക്കുന്നുണ്ട്. 172 ഷോപ്പുകളുള്ള പ്രസ്തുത കോംപ്ലക്സിൽ മത്സ്യം, മാംസം, പലചരക്ക്, പച്ചക്കറി എന്നിവയുടെ വിപുലമായ വ്യാപാര ശൃംഖല പ്രവർത്തിക്കുന്നുണ്ട്. രണ്ട് ബസ്റ്റാന്റ് കോംപ്ലക്സുകളിലായി നിരവധി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 8 ടോയ്‌ലറ്റുള്ള ഒരു കംഫർട്ട് സ്റ്റേഷൻ, ഗ്യാസ് ക്രമിറ്റോറിയം, മാലിന്യസംസ്കരണ പ്ലാന്റ് എന്നിവയും പ്രവർത്തിക്കുന്നു.

ഓട്ടോ-ടാക്സി-ട്രക്ക് സ്റ്റാന്റുകൾ 30ഓളം ഇടങ്ങളിലുണ്ടെങ്കിലും എല്ലാം റോഡിന്റെ ഓരത്തായാണ് സ്ഥിതി ചെയ്യുന്നത്. പട്ടണത്തിൽ വർദ്ധിച്ച വരുന്ന തിരക്കിനാനുപാതികമായി നഗരത്തിലെ റോഡുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടേണ്ടതുണ്ട്. 2012ൽ നടന്ന ട്രാഫിക്ക് ട്രാൻസ്പോർട്ടേഷൻ സർവ്വെ ഇതു സെബന്ധിച്ച് ഏറെ വസ്തുതകൾ പുറത്തുകൊണ്ടുവന്നു.

Duration of parking (Source: Traffic & Transportation Survey 2012)

| Location | | < 15 min | 15-30 min | 30-1hr | 1.5hr-2hr | 2.5hr-4hr | 4.5hr-6hr | 6.5hr-10hr | over 10hr | Total |
|---|---|---|---|---|---|---|---|---|---|---|
| KSEB to CP Tower | No. of vehicles | 336 | 111 | 71 | 40 | 13 | 1 | 16 | 2 | 590 |
| | % parking | 56.95 | 18.81 | 12.03 | 6.78 | 2.20 | 0.17 | 2.71 | 0.34 | |
| J.N to Savitha Theatre | No. of vehicles | 340 | 102 | 52 | 39 | 39 | 7 | 12 | 0 | 591 |
| | % parking | 57.53 | 17.26 | 8.80 | 6.60 | 6.60 | 1.18 | 2.03 | 0.00 | |
| Main Jn. to KSEB | No. of vehicles | 513 | 49 | 49 | 11 | 12 | 3 | 7 | 0 | 644 |
| | % parking | 79.66 | 7.61 | 7.61 | 1.71 | 1.86 | 0.47 | 1.09 | 0.00 | |
| Manazhi Bus Stand | No. of vehicles | 262 | 39 | 26 | 14 | 7 | 1 | 7 | 5 | 361 |
| | % parking | 72.58 | 10.80 | 7.20 | 3.88 | 1.94 | 0.28 | 1.94 | 1.39 | |
| K R Bakery to Main Junction | No. of vehicles | 706 | 170 | 55 | 32 | 8 | 6 | 2 | 0 | 979 |
| | % parking | 72.11 | 17.36 | 5.62 | 3.27 | 0.82 | 0.61 | 0.20 | 0.00 | |
| Govt. Hospital to Fire Station | No. of vehicles | 434 | 55 | 40 | 24 | 17 | 7 | 19 | 0 | 596 |
| | % parking | 72.82 | 9.23 | 6.71 | 4.03 | 2.85 | 1.17 | 3.19 | 0.00 | |
| Traffic Junction to Sakthi Books | No. of vehicles | 112 | 30 | 29 | 13 | 18 | 9 | 5 | 0 | 216 |
| | % parking | 51.85 | 13.89 | 13.43 | 6.02 | 8.33 | 4.17 | 2.31 | 0.00 | |
| Bypass to K R Bakery | No. of vehicles | 305 | 44 | 30 | 3 | 6 | 1 | 3 | 0 | 392 |
| | % parking | 77.81 | 11.22 | 7.65 | 0.77 | 1.53 | 0.26 | 0.77 | 0.00 | |
| Savitha Theatre to Hitex complex | No. of vehicles | 176 | 57 | 32 | 26 | 7 | 5 | 5 | 0 | 308 |
| | % parking | 57.14 | 18.51 | 10.39 | 8.44 | 2.27 | 1.62 | 1.62 | 0.00 | |
| KSRTC to Govt. Hospital | No. of vehicles | 176 | 38 | 10 | 23 | 7 | 6 | 8 | 0 | 268 |
| | % parking | 65.67 | 14.18 | 3.73 | 8.58 | 2.61 | 2.24 | 2.99 | 0.00 | |
| Chamayam to KSRTC Stand | No. of vehicles | 443 | 112 | 49 | 27 | 25 | 6 | 23 | 0 | 685 |
| | % parking | 64.67 | 16.35 | 7.15 | 3.94 | 3.65 | 0.88 | 3.36 | 0.00 | |
| Sabrina to City Centre | No. of vehicles | 321 | 80 | 73 | 16 | 7 | 1 | 0 | 0 | 498 |
| | % parking | 64.46 | 16.06 | 14.66 | 3.21 | 1.41 | 0.20 | 0.00 | 0.00 | |

Speed and delay analysis (Source: Traffic & Transportation Survey 2012)

| Sl No | Stretch | Distance (km) | Journey Time (s) | Delay time (s) | Actual running time (s) | Speed | |
|---|---|---|---|---|---|---|---|
| | | | | | | Journey speed km/h | Running speed km/h |
| 1 | J.N junction to bypass junction | 0.7 | 67 | 0 | 67 | 31 | 31 |
| 2 | Bypass junction to main junction | 0.6 | 107 | 9 | 98 | 26 | 31 |
| 3 | Main junction to Hospital junction | 0.8 | 155 | 5 | 150 | 21 | 22 |
| 4 | Hospital junction to Manazhi stand | 1 | 88 | 0 | 88 | 47 | 47 |
| 5 | Poopalam to Al shifa bypass junction | 1.5 | 180 | 4 | 176 | 28.7 | 29.03 |
| 6 | Al shifa bypass junction to Housing colony junction | 1.1 | 125 | 2 | 123 | 41 | 42 |
| 7 | Housing colony junction to Main junction | 0.35 | 51 | 0.5 | 50.5 | 23 | 23.7 |
| 8 | Main junction to J.N junction | 1.1 | 129 | 2 | 127 | 34 | 34.3 |
| 9 | J.N junction to Pattambi cherplassery junction | 0.4 | 46 | 0 | 46 | 35 | 35 |
| 10 | Pattambi cherplassery junction to Pathaikkara | 1 | 103 | 0 | 103 | 34 | 34 |
| 11 | Pattambi cherplassery junction to Valayamoochi | 2.5 | 182 | 0 | 182 | 50 | 50 |
| 12 | J.N junction to J.N road junction | 1.83 | 213 | 0 | 213 | 31 | 31 |
| 13 | Housing colony road | 0.9 | 138 | 14 | 124 | 20 | 21 |

V/C Ratio of major road sections and outer cordon points (Source: Traffic & Transportation Survey 2012)

| Sl. No. | Road Links | Count Location | Capacity (PCU/hr) | Volume (PCU/hr) | V/C Ratio |
|---|---|---|---|---|---|
| 1 | J.N Road Jn. - Bypass Jn. | Presentation School | 3600 | 2,419.5 | 0.67 |
| 2 | Bypass jn. -Main jn. | Municipal Office | 1500 | 2,152.5 | 1.44 |
| 3 | Hospital Jn. – Manazhy | Govt. Hospital Jn | 1500 | 2,293.0 | 1.53 |
| 4 | Kunnappally - J.N road jn. | Pattambi Road | 1200 | 1,223.5 | 1.02 |
| 5 | Thanneer panthal - J.N road jn. | Thanneer panthal | 1200 | 1,198.5 | 1.00 |
| 6 | J.N road jn. - Main jn. | Near RDO | 1200 | 2,035.0 | 1.70 |
| 7 | Main jn - Housing colony jn. | Near KSEB | 1200 | 1,845.0 | 1.54 |
| 8 | Housing colony jn. – Ooty Bypass Jn. | Al shifa Jn | 1200 | 1,863.5 | 1.55 |
| 9 | J.N road | J.N road | 1200 | 795.5 | 0.66 |
| 10 | Sunni mahal - Bypass jn. | Sunni Mahal | 600 | 435.0 | 0.73 |
| 11 | Presentation Bypass | Tharayil Bus Stand | 1200 | 1,221.5 | 1.02 |
| 12 | Housing colony road | Housing colony road | 900 | 870.0 | 0.97 |
| 13 | Pathaikkara Pallipadi-Thanneerpanthal road | Pathaikkara | 600 | 453.5 | 0.76 |
| 14 | Outer Cordon Point | J.N jn. | 3600 | 2944.5 | 0.82 |
| 15 | Outer Cordon Point | Near EMS Hospital | 1500 | 999 | 0.67 |
| 16 | Outer Cordon Point | Kunnapally | 1200 | 987.5 | 0.82 |
| 17 | Outer Cordon Point | Balavadi | 1200 | 596.5 | 0.50 |
| 18 | Outer Cordon Point | Manathumangalam (near Tata Sky Motors) | 1200 | 913.5 | 0.76 |

Peak parking accumulation at different road sections (Source: Traffic & Transportation Survey 2012)

| Road section | Peak Parking Time | LMV | Two Wheeler | Auto | M. Truck/LCV | Goods Auto | Bus | Lorry/ Truck | Tanker | Others | Total |
|---|---|---|---|---|---|---|---|---|---|---|---|
| J.N - Savitha Theatre | 3:30 PM | 21 | 57 | 36 | 2 | 2 | 3 | 1 | 0 | 0 | 122 |
| Savitha Theatre - Hitex Complex | 11:00 AM | 9 | 4 | 7 | 0 | 0 | 19 | 2 | 0 | 0 | 41 |
| Bye pass jn - KR Bakery | 12:15 PM | 14 | 12 | 24 | 3 | 0 | 0 | 1 | 0 | 0 | 54 |
| KR Bakery - Main Junction | 11:00 AM | 26 | 43 | 37 | 1 | 0 | 0 | 0 | 0 | 0 | 107 |
| Chamayam - KSRTC Stand | 12:00 PM | 19 | 55 | 8 | 1 | 0 | 0 | 0 | 0 | 6 | 89 |
| KSRTC - Govt. Hospital jn. | 4:30 PM | 23 | 18 | 44 | 0 | 0 | 0 | 0 | 0 | 0 | 85 |
| Govt. Hospital jn. - Fire station | 12:00 PM | 25 | 28 | 16 | 2 | 0 | 0 | 2 | 0 | 0 | 73 |
| Near Manazhi bus stand | 5:00 PM | 2 | 7 | 14 | 7 | 2 | 3 | 1 | 7 | | 43 |
| Main jn. - Sakthi Books | 11:00 AM | 11 | 19 | 29 | 0 | 1 | 0 | 0 | 0 | 0 | 60 |
| Sabrina - City Centre | 4:45 PM | 39 | 9 | 4 | 18 | 1 | 0 | 0 | 0 | 0 | 71 |
| Main jn - KSEB | 12:15 PM | 7 | 24 | 44 | 11 | 11 | 0 | 0 | 0 | 0 | 97 |
| KSEB - CP Tower | 12:00 PM | 22 | 32 | 29 | 0 | 2 | 0 | 0 | 0 | 2 | 87 |

Pedestrian peak hour volumes (Source: Traffic & Transportation Survey 2012)

| Sl. No. | Location | Lateral movement | | Cross movement | |
|---|---|---|---|---|---|
| | | Morning | Evening | Morning | Evening |
| 1 | Perintalmanna Nursing Home | 668 | 1020 | 164 | 304 |
| 2 | J.N road Junctio | 264 | 228 | 160 | 192 |
| 3 | Presentation School | 368 | 392 | 532 | 424 |
| 4 | KR Bakery | 288 | 320 | 112 | 116 |
| 5 | By pass junction | 820 | 1152 | 308 | 528 |
| 6 | Municipal Office | 388 | 380 | 96 | 160 |
| 7 | KPM Arcade | 592 | 572 | 1240 | 936 |
| 8 | KSRTC | 1060 | 1420 | 380 | 492 |
| 9 | Hospital junction | 500 | 512 | 428 | 388 |
| 10 | Main junction (Ootty road) | 564 | 780 | 160 | 296 |
| 11 | Housing Colony road junction | 964 | 880 | 192 | 248 |
| 12 | Moulana Hospital | 1500 | 1780 | 260 | 448 |
| 13 | Al-Shifa (Main gate) | 300 | 420 | 240 | 324 |
| 14 | Al-Shifa (Bypass gate) | 36 | 76 | 140 | 140 |
| 15 | Near RDO office | 600 | 1060 | 560 | 248 |
| 16 | Main Junction (Calicut Road) | 724 | 988 | 760 | 912 |




Accident Details

## പ്രശ്നങ്ങൾ വെല്ലുവിളികൾ

പെരിന്തൽമണ്ണ നഗരത്തിന്റെ നഗരാസൂത്രണത്തിൽ നിലവിൽ നേരിടുന്ന സുപ്രധാനമായ പ്രശ്നങ്ങൾ താഴെകൊടുക്കുന്നു.

1. 8 പട്ടണത്തിലൂടെ കടന്നുപോകുന്ന ദേശീയ-സംസ്ഥാനപാതകളുടെ കാലാനുസൃതമായി വീതിയും-സൗകര്യങ്ങളും വർദ്ധിപ്പിക്കാനായില്ല.
2. പ്രധാനലിങ്ക് റോഡുകൾ മിക്കതും ഇടുങ്ങിയതാണ്.
3. ടൗൺ-മാനത്തുമംഗലം ബൈപാസിന്റെ വീതിക്കുറവ്.
4. പട്ടണത്തിന്റെ പ്രാന്ത പ്രദേശങ്ങളിലൂടെയുള്ള ബൈപാസുകളുടെ കുറവ്.
5. കൃത്യമായ ഇടത്ത് ഫലപ്രദമായി പ്രവർത്തിപ്പിക്കാനാവുന്ന ബസ്സ്റ്റാന്റിന്റെ കുറവ്.
6. വിനോദ സൗകര്യങ്ങളുടെ പോരായ്മ.
7. മതിയായ പാർക്കിംഗ് സൗകര്യങ്ങളില്ലാത്ത സ്ഥിതി.
8. കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കാൻ സൗകര്യപ്രദമായ നടപ്പാതകളുടെ കുറവ്.
9. ഓട്ടോ-ടാക്സി-ട്രക്ക് പാർക്കുകളുടെ അപര്യാപ്തത.
10. പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കാൻ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്ത സൗഹചര്യം.
11. സ്ത്രീകൾക്ക് വിശ്രമിക്കാനും താമസിക്കാനും പറ്റുന്ന ഇടങ്ങളുടെ കുറവ്.
12. മികച്ച ടൗൺഹാൾ ഇല്ലാത്ത പ്രശ്നം.
13. ദ്രവമാലിന്യ സംസ്കരണത്തിന് ആവശ്യമായ സൗകര്യങ്ങളുടെ കുറവ്.

## 14–ാം പദ്ധതിക്കാലത്തെ ദീർഘകാല പ്രൊജക്റ്റ് ആശയങ്ങൾ

1. എൻ.എച്ച് 966ൽ പ്രസന്റേഷൻ സ്കൂൾ മുതൽ ഗവൺമെന്റ് ഹോസ്പിറ്റൽ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് ഒരു നാലുവരി എലിവേറ്റഡ് കോറിഡോർ നിർമ്മിക്കുക.
2. എൻ.എച്ച് 966, മാനത്തുമംഗലം ബൈപ്പാസ് എന്നിവ 32 മീറ്റർ ആയി വിതീ കൂട്ടുക.
3. ഒരോടംപാലം ബൈപ്പാസ് പ്രസന്റേഷൻ ബൈപ്പാസുമായും തുടർന്ന് മാനത്തുമംഗലം ബൈപ്പാസുമായും 32 മീറ്റർ വീതിയിൽ ബന്ധിപ്പിച്ച് ദീർഘദൂര വാഹനങ്ങൾക്കു സുഗമമായ യാത്രാ സൗകര്യം ഉറപ്പുവരുത്തി നഗര മദ്ധ്യത്തിലെ ഗതാഗതകുരുക്ക് ഒഴിവാക്കുക.

4. പ്രസന്റേഷൻ ബൈപ്പാസ് 21 മീറ്റർ ആയി വീതി കൂട്ടുക.
5. സ്റ്റേറ്റ് ഹൈവേ 39, സ്റ്റേറ്റ് ഹൈവേ 53, ജൂബിലി റോഡ്, ഹൗസിംഗ് കോളനി റോഡ് എന്നിവ 21 മീറ്റർ ആയി വീതി കൂട്ടുക.
6. പ്രസന്റേഷൻ ബൈപ്പാസ് ജംഗ്ഷനിൽ നിന്നും ജൂബിലി റോഡിലേക്കും തുടർന്ന് പട്ടാമ്പി റോഡിലേക്കും 21 മീറ്റർ വീതിയിൽ ഉള്ള റോഡ്.
7. ചെർപ്പുളശ്ശേരി റോഡിൽ നിന്നും പാലക്കാട് റോഡിലേക്കും പട്ടാമ്പി റോഡിലേക്കും 21 മീറ്റർ വീതിയിൽ റോഡ്.
8. 16 മീറ്റർ, 10 മീറ്റർ വീതിയിൽ മറ്റു പ്രധാനറോഡുകളും 7 മീറ്റർ വീതിയിൽ താമസ മേഖലകളിലേക്കുള്ള റോഡുകളും വികസിപ്പിക്കുക.
9. പ്രസന്റേഷൻ ബൈപ്പാസ്, മെയിൻ ജംഗ്ഷൻ, ഹോസ്പിറ്റൽ ജംഗ്ഷൻ എന്നിവ സിഗ്നലുകൾ, സീബ്രാ ക്രോസ്സിംഗ്, ഹാന്റ് റെയിൽ മുതലായവയുടെ സഹായത്തോടുകൂടി പരിഷ്കരിക്കുക.
10. സ്കൂളുകൾ, ആശുപത്രികൾ, വാണിജ്യ കേന്ദ്രങ്ങൾ, ബസ്റ്റാന്റുകൾ എന്നിവിടങ്ങളിൽ കാൽനടയാത്രക്കാർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുക.
11. മാർക്കറ്റിനടുത്തായും മിനി സിവിൽ സ്റ്റേഷന് അടുത്തായും പാർക്കിംഗ് പ്ലാസകൾ നിർമ്മിക്കുക.

## നാഗരിക സൗകര്യങ്ങളുടെയും ഉത്പാദനമേഖലകളുടെയും അനുബന്ധ സൗകര്യങ്ങളുടെയും വികസനത്തി നായി താഴെ പറയുന്ന പദ്ധതികൾ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്നു.

1. നിലവിലെ മാർക്കറ്റ് ഒരു ബഹുനില ആധുനിക വാണിജ്യ കേന്ദ്രമായി പരിഷ്കരിച്ച് കാർഷിക ഉത്പന്നങ്ങൾ, മലഞ്ചരക്ക്, സ്റ്റേഷനറികൾ, പഴം പച്ചക്കറികൾ മുതലായവയ്ക്ക് വാണിജ്യ സൗകര്യവും വഴിയോരക്കച്ചവടക്കാർക്കുള്ള സൗകര്യവും, പാർക്കിംഗ് പ്ലാസയും നടപ്പിൽ വരുത്തുക.
2. പുതിയ മത്സ്യ മാർക്കറ്റ് കോംപ്ലക്സിലേക്ക് മത്സ്യ-മാംസ വിപണനകേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുക.

3. കാൽനടയാത്ര മാത്രം സാധ്യമാകുന്നരീതിയിൽ പ്രസന്റേഷൻ ബൈപ്പാസിനും പുതിയ സ്റ്റാന്റിനുമിടയിൽ ഒരു വാണിജ്യ തെരുവ് സ്ഥാപിക്കുകയും വഴിയോര കച്ചവടക്കാർക്ക് ഇവിടെ ഫീസ് അടിസ്ഥാനത്തിൽ സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.
4. നാശോന്മുഖമായിരിക്കുന്ന വാണിജ്യ കേന്ദ്രങ്ങൾക്കു വേണ്ടി പ്രത്യേക പദ്ധതികൾ രൂപപ്പെടുത്തുക.
5. പി.ടി.എം ഗവൺമെന്റ് കോളേജിലെ സ്ഥല സൗകര്യം വിനിയോഗിച്ച് ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുകയും, ഐ.ടി. മേഖലയിലെ കോഴ്സുകൾ ആരംഭിക്കുകയും ചെയ്യുക.
6. നഗരപ്രാന്തങ്ങളിൽ ലഭ്യമായ സ്ഥല സൗകര്യം വിനിയോഗിച്ച് ആരോഗ്യമേഖലയ്ക്കും വിദ്യാഭ്യാസ മേഖലയ്ക്കും ആവശ്യമായ സാമഗ്രികൾ നിർമ്മിക്കുന്നു. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
7. ചോലോംകുന്നിൽ ഒരു വെയർ ഹൗസും ഹോൾസെയിൽ കാർഷിക വിപണനകേന്ദ്രവും സ്ഥാപിക്കുക.
8. കളത്തിലക്കര മാലിന്യ സംസകരണ പ്ലാന്റിനു സമീപമുള്ള മുനിസിപ്പാലിറ്റി വക ഭൂമിയിൽ ഒരു ആധുനിക അറവു കേന്ദ്രം സ്ഥാപിക്കുക.
9. മാനത്ത്മംഗലം ബൈപ്പാസിനു സമീപം മിനി സ്റ്റേഡിയം, കുട്ടികളുടെ പാർക്ക് എന്നിവ സ്ഥാപിക്കുക.
10. നിലവിലെ ടൗൺ ഹാൾ ഒരു ഇൻഡോർ സ്റ്റേഡിയമായി പരിഷ്കരിക്കുക.
11. പി.ഡബ്ലി.യു.ഡി കോംപ്ലക്സ് പരിഷ്കരിച്ച് ബഹുനില സമുച്ചയമാക്കുകയും ഒരു പാർക്കിനുള്ള സ്ഥലം കണ്ടെത്തുകയും ചെയ്യുക.
12. തോടുകൾക്ക് സമീപത്ത് ജോഗിംഗ് ട്രാക്കുകൾ നിർമ്മിക്കുക.
13. കുളിർമലയിൽ ഒരു വിനോദ കേന്ദ്രം ഒരു ബയോപാർക്ക്, എക്സിബിഷൻ സെന്റർ, ഓപ്പൺ എയർ തിയേറ്റർ എന്നിവ നിർമ്മിക്കുക.
14. കേരള വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ 24:7 ജല ലഭ്യത ഉറപ്പുവരുത്തുന്ന രീതിയിൽ ജല വിതരണ സംവിധാനം പരിഷ്ക്കരിക്കുക.
15. നഗര കേന്ദ്രത്തിനും പ്രാന്തപ്രദേശത്തിനും ഘട്ടം ഘട്ടമായി മലിനജല സംസ്കരണ സൗകര്യം ഏർപ്പെടുത്തുക. തറയിൽ ബസ് സ്റ്റാന്റിന് എതിർവശത്ത് തോടിന് സമീപം മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുക.
16. മഴ വെള്ള ബഹിർഗമനത്തിനായി ഒരു സമഗ്ര പദ്ധതി ശാസ്ത്രീയ പഠനങ്ങളുടെ സഹായത്തോടെ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

17. ജൈവവും അജൈവവുമായ ഖര മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിക്കാനുള്ള പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടതാണ്.
18. ആരോഗ്യ രംഗത്തെ വികസനത്തിനു വേണ്ടി ഒരു "സ്പെഷൽ പോളിസി ഏരിയ" ഊട്ടി റോഡിനു സമീപത്തായി വിഭാവനം ചെയ്തിരിക്കുന്നു.
19. മുനിസിപ്പൽ ഓഫീസ് മെയിൻ ജംഗ്ഷനിൽ ഉള്ള ഹൈടെക് ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റി സ്ഥാപിക്കുകയും നിലവിലെ മുനിസിപ്പൽ ഓഫീസിന്റെ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ടൗൺ ഹാൾ നിർമ്മിക്കുകയും ചെയ്യുക.
20. കളത്തിലക്കര മാലിന്യ സംസ്കരണ പ്ലാന്റിനു 100 മീറ്റർ ചുറ്റളവിൽ ഒരു ബഫർ സോൺ.
21. പാരമ്പര്യേതര ഊർജ്ജം, ഗ്രീൻ ബിൽഡിംഗ്സ് മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കും.

## 14–ാം പഞ്ചവത്സര പദ്ധതി നിർദ്ദേശങ്ങൾ

1. ആധുനിക സൗകര്യങ്ങളോടെ ഹൈടെക് മാർക്കറ്റ് കോംപ്ലക്സ് പൂർത്തീകരണം.
2. പ്രധാനകേന്ദ്രങ്ങളിൽ തെരുവ് കച്ചവട സംവിധാനം.
3. കുളിർമല വികസനപദ്ധതി-ബയോപാർക്ക്
4. പ്രധാനമേഖലകളിൽ മിനിസ്റ്റേഡിയം
5. കുട്ടികളുടെ പാർക്ക്, വയോജനപാർക്ക്
6. ആധുനിക ടൗൺഹാൾ, പുതിയ ബസ്സ്റ്റാന്റ് നിർമ്മാണം
7. PWD കോമ്പൗണ്ടിൽസിവിൽസ്റ്റേഷൻ അനക്സ് (PWD)
8. ഔഷധാദ്യാനം
9. മാർക്കറ്റിൽ പാർക്കിങ്ങ് പ്ലാസ
10. നഗരസഭ അതിർത്തിവരെ ടൗൺ ബ്യൂട്ടിഫിക്കേഷൻ
11. ഫുട്പാത്ത്, നിർമ്മാണം, ജംഗ്ഷൻ നവീകരണം പ്രധാനജംഗ്ഷനുകളിൽ.
12. എല്ലാ വാർഡുകളിലും റസിഡൻസ് അസോസിയേഷനുകളുടെ രൂപീകരണം, നഗരസഭാതല അപെക്സ് ബോഡി രൂപീകരണം.
13. സ്ട്രീറ്റ് നഗർ നാമകരണം, നഗരസൗന്ദര്യവൽക്കരണം.

14. ഇതരസംസ്ഥാനതൊഴിലാളികൾക്ക് ഫ്ളാറ്റ്.
15. ടാക്സി സ്റ്റാന്റ് നവീകരണം, പ്രധാനജംഗ്ഷനുകൾക്ക് സമീപം ഷെൽട്ടർ കം റിട്ടയർമെന്റ് റൂം.
16. കോഴിക്കോട് റോഡ്-മാനത്ത്മംഗലം ബൈപ്പാസ് നവീകരണം-ബ്യൂട്ടിഫിക്കേഷൻ
17. മാനത്ത്മംഗലം-പൊന്ന്യാകുർശ്ശി ബൈപ്പാസ് നവീകരണം-ബ്യൂട്ടിഫിക്കേഷൻ
18. പ്രധാനകേന്ദ്രങ്ങളിൽ ആധുനിക കംഫർട്ട് സ്റ്റേഷൻ.
19. മാതൃകാ പാർപ്പിട വില്ലേജ്.
20. പരസ്യങ്ങൾക്ക് പ്രോട്ടോകോൾ, മാന്വൽ
21. ഓട്ടോ സ്റ്റാന്റുകളുടെ ക്രമീകരണം, നവീകരണം.
22. ടൗൺ ബസ് സർവ്വീസ്
23. ബസ് സ്റ്റേഷനുകളുടെ നിർമ്മാണം, നവീകരണം, ക്രമീകരണം.
24. പഴയ സ്ട്രീറ്റ് ലൈറ്റുകൾക്ക് പകരം സോളാർ സ്ട്രീറ്റ് ലൈറ്റ്
25. മനഴി ബസ്റ്റാന്റ്-പാതാക്കര സ്കൂൾപടി റോഡിലെ ആരോഗ്യവകുപ്പിന്റെ സ്ഥലത്ത് സ്റ്റുഡന്റ് ഫെസിലിറ്റേഷൻ സെന്റർ.
26. എരവിമംഗലത്ത് ആധുനിക സൗകര്യങ്ങളോടെ വള്ളുവനാട് കലാഗ്രാമം.
27. മൾട്ടിപ്ലാസ് തിയറ്റർ – ഇന്റോർ സ്റ്റേഡിയം.
28. സിമ്മിംഗ് പൂൾ – 7 മേഖലകൾ.
29. 7 മേഖലയിൽ ഗ്രൗണ്ട്.
30. വിനോദ പാർക്ക്


PROPOSAL FOR JUNCTION WIDENING AT BYE PASS JUNCTION
N
LOOSIYA TOWER
FAMOUS BAKERY
BAKERY
HIGHER SECONDARY SCHOOL
RASHEED BAKERY
OOTTY ROAD
ANNAPOORNA HOTEL
ENGLISH BAKERY
PANDI
THODU
KALYAN
THODU
KOZHIKKODE
PALAKKAD ROAD
NOT TO SCALE
MALAPPURAM SANITATION
VACANT LAND
THODU
HDFC BANK
AYISHA COMPLEX
JUBILEE ROAD
AYISHA COMPLEX COMPOUND

PROPOSAL FOR JUNCTION WIDENING AT BYE PASS JUNCTION



# ഉപസംഹാരം

14-ാം പദ്ധതികാലത്ത് പെരിന്തൽമണ്ണ നഗരത്തെ ദീർഘദൃഷ്ടിയോടെ വികസിപ്പിക്കുന്നതിനുള്ള സമഗ്രവും ക്രിയാത്മകവുമായ പദ്ധതിക്ക് ഉതകുന്ന വികസനതന്ത്രമാണ് ബഹുജനങ്ങളുടെ സഹകരണത്തോടെ നഗരസഭ തയ്യാറാക്കി സമർപ്പിക്കുന്നത്. ഇത് സമ്പൂർണ്ണമാക്കാനും വികസനരേഖയുടെ ചുവടുപിടിച്ചുള്ള തുടർപ്രവർത്തനങ്ങൾക്കും എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.